# മഖ്ബറകളെ

## മസ്ജിദുകളാക്കുന്നവർക്കൊരു താക്കീത്

[تحذير الساجد من اتخاذ القبور مساجد]

**[ Malayalam - മലയാളം - مليالم ]**


**മുഹമ്മദ് നാസ്വിറുദ്ധീൻ അൽബാനി**

**محمد ناصر الدين الألباني – رحمه الله**

വിവർത്തനം :

**സയ്യിദ് സഅ്ഫർ സ്വാദിഖ്**

**ترجمة : سيد سعفر صادق**



المكتب التعاوني للدعوة وتوعية الجاليات بالربوة

Islamic Propagation Office in Rabwah

P.O.Box 29465 RIYADH 11457 – TEL 4454900 – 4916065

FAX: 4970126 - E-Mail: rabwah@islamhouse.com

http://www.islamhouse.com

**1432 - 2011**

# ഉള്ളടക്കം


വിവർത്തക കുറിപ്പ് 3

രണ്ടാം പതിപ്പിന്റെ മുഖവുര 7

അധ്യായം:1
ഖബറിടങ്ങളെ പള്ളികളാക്കുന്നതിനെ വിരോധിക്കുന്ന ഹദീസുകൾ. 20

അധ്യായം:2
ഖബറിടങ്ങൾ പള്ളികളാക്കുക എന്നതിന്റെ ആശയം. 35

അധ്യായം:3
ഖബറിടങ്ങൾ പള്ളികളാക്കുന്നത് വൻപാപം 52

അധ്യായം:4
സംശയങ്ങളും മറുപടികളും 73

അധ്യായം:5
ഖബറിടങ്ങളെ പള്ളികളാക്കുന്നതിനെ വിരോധിച്ചതിലുള്ള യുക്തി 146

അധ്യായം:6
ഖബറുകളിന്മേൽ പടുത്തുയർത്തപ്പെട്ട പള്ളികളിലുള്ള നമസ്കാരം കറാഹത്ത് 178

അധ്യായം:7
ഈ വിധി മസ്ജിദുന്നബവി ഒഴിച്ച് മററു മുഴുവൻ പള്ളികൾക്കും ബാധകമാണ്. 196

അവലംബ കൃതികൾ 205

## വിവർത്തക കുറിപ്പ്

بسم الله الرحمن الرحيم

إن الحمد لله نحمده ونستعينه ونستغفره ونتوب إليه ونعوذ بالله من شرور أنفسنا ومن سيئات أعمالنا من يهده الله فلا مضل له ومن يضلل فلا هادي له وأشهد أن لا إله إلا الله وحده لا شريك له وأشهد أن محمدا عبده ورسوله.

ഇസ്ലാം സമ്പൂർണവും, അന്യൂനവുമായ മതമാണ്. മനുഷ്യ ജീവിതത്തിന്റെ നിഖില മേഖലകളിലേക്കും ഇസ്ലാമിക ശരീഅത്ത് വെളിച്ചം വീശുന്നുണ്ട്. ആരാധനകൾ മുഴുവനും പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിന് മാത്രം അർപ്പിക്കുകയെന്ന തത്വമാണ് ഇസ്ലാമിനെ ഇതര മത, തത്വശാസ്ത്രങ്ങളിൽ നിന്ന് പ്രധാനമായും വ്യതിരക്തമാക്കുന്നത്. പ്രപഞ്ചം മുഴുവനും മനുഷ്യന് ഉപയോഗിക്കാനും, ആസ്വദിക്കാനും സജ്ജമാക്കപ്പെട്ട രൂപത്തിലാണ് പടച്ച തമ്പുരാൻ സംവിധാനിച്ചിരിക്കുന്നത്. അതിന് പകരമായി ലോക സ്രഷ്ടാവ് മനുഷ്യരിൽ നിന്ന് ആവശ്യപ്പെടുന്ന ഒരേ ഒരു കാര്യം ആരാധനകൾ മുഴുവനും അവന്ന് മാത്രം നൽകുക. അത് മറ്റാർക്കും, ഒരു വ്യക്തിക്കും, ശക്തിക്കും നൽകാതിരിക്കുക എന്നതാണ്. അങ്ങിനെ ചെ

യ്യുന്നത് അവൻ ഇഷ്ടപ്പെടുന്നില്ല എന്ന് മാത്രമല്ല, ആരാധന മറ്റാർക്കെങ്കിലും സമർപ്പിക്കുകയാണെങ്കിൽ അത് അവൻ ഏറ്റവും വലിയ പാപമായി പരിഗണിക്കുന്നതായും അവന്റെ ഗ്രന്ഥത്തിലൂടെ മനുഷ്യരെ അറിയിക്കുന്നു. അത്കൊണ്ട് ഏറ്റവും വലിയ ആ പാപം നമ്മുടെ ജീവിതത്തിൽ ഒരിക്കലും വരാൻ പാടില്ല. അതിൽ നിന്ന് മുഴുവൻ മനുഷ്യരും മാറിനിൽക്കുകയും ആരാധനകളും നേർച്ച വഴിപാടുകളും അല്ലാഹുവിന് മാത്രം അർപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. പ്രവാചകൻ മുഹമ്മദ് നബി(ﷺ)യും സ്വഹാബികളും അങ്ങിനെയാണ് നമുക്ക് പഠിപ്പിച്ച് തന്നിട്ടുള്ളത്. മാത്രമല്ല, അത്തരം ശിർക്കിലേക്ക് എത്തിക്കുന്ന എല്ലാ മാർഗ്ഗങ്ങളും പ്രവാചകനിലൂടെ നമ്മെ അറിയിച്ചു കൊണ്ട് അല്ലാഹു അടച്ച് കളയുകയും ചെയ്തിട്ടുണ്ട്. അത്തരം മാർഗ്ഗങ്ങളിൽപെട്ട ഒരു കാര്യത്തെ ആസ്പദമാക്കിയാണ് മഹാനായ ഇമാം മുഹമ്മദ്ബ്നു നാസ്വിറുദ്ധീൻ അൽ–അൽബാനി ഈ ഗ്രന്ഥം രചിച്ചു കൊണ്ട് വിശദീകരിക്കുന്നത്. ഖബറുകൾ പള്ളികളായി പണിയുകയും, അവിടെ വെച്ച് അല്ലാഹു വിരോധിച്ച ശിർക്ക്പരമായ കാര്യങ്ങൾ യഥേഷ്ടം ചെയ്ത് കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു നാടാണല്ലോ നമ്മുടെ കേരളം. മുസ്ലിം പേര് വെച്ച, മുഹമ്മദ് നബി(ﷺ)യാണ് ഞങ്ങളുടെ പ്രവാചകൻ എന്ന് വാതോരാതെ ഉരുവിട്ട് കൊണ്ടിരിക്കുന്ന മുസ്ലിം സമുഹം ഇന്ന് ഖബറുകൾക്കും, ജാറങ്ങൾക്കും, മഖാമുകൾക്കും മുന്നിൽ വരിനിൽക്കുകയും, അവിടെ കാണിക്കകളും, നേർച്ചകളും, ആരാധനകളും സമർപ്പിക്കുകയും ചെയ്യുന്ന ദയനീയമായ കാഴ്ചയാണ് കണ്ട്

കൊണ്ടിരിക്കുന്നത്. അതിന് തെളിവുകൾ ഉണ്ടാക്കിക്കൊടുക്കുകയും,അതിലൂടെ തങ്ങളുടെ ഭൗതിക നേട്ടങ്ങൾ സമ്പാദിക്കുകയും ചെയ്യുന്ന പണ്ഡിത വേഷധാരികളെയും നമുക്കവിടെ കാണാൻ കഴിയുന്നു. ഇസ്ലാമിൽ ഖബറിനുള്ള സ്ഥാനം, അവിടെ പ്രവാചക (ﷺ)നെ അംഗീകരിക്കുന്ന ഒരു മുസ്ലിം എന്താണ് ചെയ്യാൻ പാടില്ലാത്തത്? തുടങ്ങിയ കാര്യങ്ങളാണ് വളരെയധികം വിജ്ഞാന പ്രദമായ ഈ ഗ്രന്ഥത്തിലൂടെ വിശദീകരിക്കുന്നത്. പ്രത്യേകിച്ച് നമ്മുടെ നാട്ടിലെ ഓരോ മുസ്ലിമും മനസ്സിരുത്തി വായിച്ചിരിക്കേണ്ട ഉത്തമ ഗ്രന്ഥങ്ങളിൽ ഒന്നാണിത്. അത് കൊണ്ടാണ് അബിയിൽ വിരചിതമായ ഈ ഗ്രന്ഥം ഭാഷാന്തരം ചെയ്യാൻ ഈ വിനീതൻ സന്നദ്ധനായത്. അറബിയിലുള്ള ഒരു കൃതി മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്യുമ്പോൾ ഉണ്ടാവുന്ന പോരായ്മകൾ ഈ രചനയിലും കാണാൻ സാധിച്ചേക്കും. പ്രത്യേകിച്ച് ശൈഖ് അൽബാനിയെ പോലെയുള്ള വിശ്വോത്തര പണ്ഡിതന്മാരുടെ കൃതികളാകുമ്പോൾ, അവരുടെ വാചകങ്ങളുടെ ശൈലിയും, ആശയങ്ങളും ഭാ ഷാന്തരം ചെയ്യുമ്പോൾ അനേകം അപാകതകളും, പോരായ്മകളും വന്നേക്കാം. അത് കൊണ്ട് തന്നെ വല്ലതും വായനക്കാരുടെ ശ്രദ്ധയിൽ പെടുകയാണെങ്കിൽ സഹോദരബുദ്ധ്യാ ഉണർത്തുമെന്ന് പ്രതീക്ഷിക്കട്ടെ. അത് പോലെ ഈ ഗ്രന്ഥത്തിൽ ഹദീസിന്റെ നിദാന ശാസ്ത്ര നിയമങ്ങൾ ഉൾകൊണ്ടിട്ടുള്ള വിശദമായ ചർച്ച ചില സ്ഥലങ്ങളിൽ അൽബാനി(رحمه الله) നടത്തുന്നുണ്ട്, അതിൽ പണ്ഡിതന്മാരല്ലാത്ത സാധാരണക്കാർക്ക് അഗ്രാഹ്യമായ ഭാഗങ്ങൾ നാം അറബിയി

ൽ തന്നെ അത് പരിഭാഷപ്പെടുത്താതെ കൊടുത്തിരിക്കുകയാണ്. ചില സ്ഥലങ്ങളിൽ അതിന്റെ ആശയങ്ങളാണ് നാം ചേർത്തിട്ടുള്ളത്. ഈ ഗ്രന്ഥം എഴുതുവാൻ അൽബാനി(ﷺ) അവലംബമാക്കിയിട്ടുള്ള ഗ്രന്ഥങ്ങളും ഇതിന്റെ അവസാന ഭാഗത്ത് അറബിയിൽ തന്നെ ചേർത്തിട്ടുണ്ട്.

അല്ലാഹു ഇത് ഒരു സൽകർമ്മമായി സ്വീകരിക്കുമാറാവട്ടെ. ഈ ഗ്രന്ഥം ഭാഷാന്തരം ചെയ്യാൻ എനിക്ക് പ്രേരണ നൽകിയ വ്യക്തികൾക്കും ഇത് പ്രസിദ്ധീകരിക്കാൻ സഹകരിച്ചവർക്കും അല്ലാഹു തക്കതായ പ്രതിഫലം നൽകുമാറാവട്ടെ. നിങ്ങളുടെ പ്രാർത്ഥനകളിൽ ഈയുള്ളവനെയും ഗ്രന്ഥകർത്താവിനെയും ഉൾപ്പെടുത്തുക. അല്ലാഹു നമ്മെ ഇരുലോകങ്ങളിലും രക്ഷിക്കുമാറാവട്ടെ. ആമീൻ.

<u>നിങ്ങളുടെ സഹോദരൻ</u>
സയ്യിദ് സഅ്ഫർ സ്വാദിഖ്,
ജിദ്ദ , സഊദി അറേബ്യ.

## രണ്ടാം പതിപ്പിന്റെ മുഖവുര:

بسم الله الرحمن الرحيم

إن الحمد لله نحمده ونستعينه ونستغفره ونتوب إليه ونعوذ بالله من شرور أنفسنا ومن سيئات أعمالنا من يهده الله فلا مضل له ومن يضلل فلا هادي له وأشهد أن لا إله إلا الله وحده لا شريك له وأشهد أن محمدا عبده ورسوله.

(يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللهِ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنْتُمْ مُسْلِمُونَ) (آل عمران :١٠٢)

‘സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷി ക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ് ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്.’

(يَاأَيُّهَا النَّاسُ اتَّقُوا رَبَّكُمْ الَّذِي خَلَقَكُمْ مِنْ نَفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً وَاتَّقُوا اللهِ الَّذِي تَتَسَاءَلُونَ بِهِ وَالْأَرْحَامَ إِنَّ اللهِ كَانَ عَلَيْكُمْ رَقِيبًا) (النساء:١)

‘മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽ നിന്ന് സൃ ഷ്ടിക്കുകയും, അതിൽ നിന്നുതന്നെ അതിന്റെ ഇണ യെയും സൃഷ്ടിക്കുകയും,അവർ ഇരുവരിൽ നിന്നു മായി ധാരാളം പുരുഷൻമാരെയും സ്ത്രീകളെയും

വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ.ഏതൊരു അല്ലാഹുവിന്റെ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചു കൊണ്ടിരിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷിക്കുക. കുടുംബബന്ധങ്ങളെയും (നിങ്ങൾ സൂക്ഷിക്കുക.) തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ചു കൊണ്ടിരിക്കുന്നവനാകുന്നു'.

(يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللهَ وَقُولُوا قَوْلاً سَدِيدًا) (يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَنْ يُطِعْ اللهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا) (سورة الأحزاب:٧٠-٧١)

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, ശരിയായ വാക്ക് പറയുകയും ചെയ്യുക. എങ്കിൽ അവൻ നിങ്ങൾക്ക് നിങ്ങളുടെ കർമ്മങ്ങൾ നന്നാക്കിത്തരികയും, നിങ്ങളുടെ പാപങ്ങൾ അവൻ പൊറുത്തുതരികയും ചെയ്യും. അല്ലാഹുവെയും അവന്റെ ദൂതനെയും ആർ അനുസരിക്കുന്നുവോ അവൻ മഹത്തായ വിജയം നേടിയിരിക്കുന്നു'.

**أما بعد:**

ഹിജ്റ: 1377ൽ (تحذير الساجد من اتخاذ القبور المساجد) 'മഖ്ബറകളെ മസ്ജിദുകളാക്കുന്നവർക്കൊരു താക്കീത്' എന്ന തലക്കെട്ടിൽ ഒരു പുസ്തകം പ്രസിദ്ധീകരിക്കുകയുണ്ടായി.

എന്റെയടുത്തുണ്ടായിരുന്ന പ്രസ്തുത പുസ്തകത്തിന്റെ കോപ്പിയിൽ ഇനിയും ആവശ്യമാണെന്ന്

തോന്നിയ മുഴുവൻ കാര്യങ്ങളും കുറിച്ചിടുകയും, അവയിൽ അനിവാര്യമാണെന്ന് തോന്നിയ കാര്യങ്ങൾ ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന പതിപ്പിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഈ പുസ്തകം പ്രസിദ്ധീകരിക്കുവാനായി പ്രസാധകർ എന്നോട് ആവശ്യപ്പെട്ടപ്പോൾ ഞാൻ ആവശ്യമായ കുറിപ്പുകൾ രേഖപ്പെടുത്തിയ കോപ്പി അന്വേഷിച്ചുവെങ്കിലും കണ്ടെത്തിയില്ല. എന്നിരുന്നാലും ഞാൻ മറ്റൊരു കോപ്പി സംഘടിപ്പിച്ച് കൊണ്ട് അതേ രൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ അനുവാദം നൽകി. അതിനെന്നെ പ്രേരിപ്പിച്ചത് 'മുഴുവനം കൈപിടിയിലൊതുക്കാൻ സാധിച്ചില്ലെങ്കിലും, കരഗതമാക്കിയത് ഒഴിവാക്കപ്പെടുകയില്ല' എന്ന ആപ്ത വാക്യമായിരുന്നു. അങ്ങിനെ പ്രസാധകർ പുസ്തകത്തിന്റെ ആദ്യ ജോലികളെല്ലാം പൂർത്തിയായിരിക്കെ എനിക്കെന്റെ പഴയ കോപ്പി അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലഭിക്കുകയും ഞാനത് ഉടനെ പ്രസാധകർക്ക് എത്തിക്കുകയും, അവർ അതനുസരിച്ച് ഈ പതിപ്പ് പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഈ പുസ്തക രചന നടത്തിയ വേളയിൽ പ്രത്യേകമായ ശൈലിയാണ് ഞാൻ സ്വീകരിച്ചിരുന്നത്. സാധാരണയായി എന്റെ രചനകളിലെല്ലാം ഞാൻ സ്വീകരിച്ചിരുന്ന ശൈലി ശക്തമായ തെളിവുകൾ നൽകി കാര്യം ജനങ്ങളെ മനസിലാക്കി കൊടുക്കുക എന്നതായിരുന്നു. എന്നാൽ നാം ആർക്കാണോ മറുപടി നൽകുന്നത് അവർക്ക് ഖുർആനും സുന്നത്തും

സലഫുസ്വാലിഹീങ്ങൾ മനസിലാക്കിയ പോലെ, നാല് മദ്ഹബീ ഇമാമുകളുടെയും, അവരെ നന്മയിൽ പിൻപറ്റിയവരുടെയും മാർഗമനുസരിച്ചുള്ള മറുപടി അവരിൽ ഒരു സ്വാധീനവും ചെലുത്തുന്നില്ലായെന്ന് എനിക്ക് ബോധ്യപ്പെട്ടു. ഈ നല്ല ശൈലിയിലൂടെ നാം ഉദ്ദേശിച്ചിരുന്നത് അവർ നമ്മോട് നല്ല രൂപത്തിൽ മറുപടി നൽകുമെന്നാണ്. പക്ഷേ, കാര്യം നേരെ വിപരീതമായിട്ടാണ് സംഭവിച്ചത്. ഖേദകരമെന്ന് പറയട്ടെ തെളിവുകൾ നിരത്തി കാര്യങ്ങൾ സ്ഥാപിക്കേണ്ടതിന് പകരം ചീത്ത വാക്കുകളും, തെറിയും, അതുപോലെ ഇല്ലാത്ത കാര്യങ്ങൾ കെട്ടിചമച്ചുമുള്ള മറുപടികളാണ് വന്ന് കൊണ്ടിരുന്നത്. അത്കൊണ്ട് തന്നെ ഇത്തരം കാര്യങ്ങളിൽ മൗനമവലംബിക്കുന്നത് ശരിയല്ലായെന്ന് നമുക്ക് തോന്നുന്നു. കാരണം അവരുടെ ഈ തരത്തിലുള്ള രചനകൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ച് നടക്കുകയാണ് അവർ. അത് കൊണ്ട്

(لِّيَهْلِكَ مَنْ هَلَكَ عَن بَيِّنَةٍ وَيَحْيَى مَنْ حَيَّ عَن بَيِّنَةٍ) (الأنفال:42)

'നശിച്ചവർ വ്യക്തമായ തെളിവ് കണ്ട് കൊണ്ട് നശിക്കുവാനും, ജീവിച്ചവർ വ്യക്തമായ തെളിവുകൾ കണ്ട് കൊണ്ട് ജീവിക്കുവാനും വേണ്ടി'(അൻഫാൽ:42) തന്നെ അവരുടെ പേരുകൾ സഹിതം ഉദ്ധരിച്ച് കൊണ്ട് അതിന് മറുപടി പറയൽ അനിവാര്യമാണ്.

എന്നാൽ അവരുടെ ശൈലിയിൽ അവർക്ക് മറുപടി നൽകുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. മറിച്ച് ഈ പുസ്തകത്തിൽ അവർക്ക് നേരിട്ടുള്ള മറുപടി

യാണ് ഉള്ളത്. ഇല്ലാത്ത കാര്യങ്ങൾ കച്ചകെട്ടി പറയുന്നവരോടും, എതിരാളികളുമായവരോട് സംസാരിക്കുമ്പോൾ ചിലപ്പോൾ ചില ശൈലികളിലും, അതുപോലെയുള്ള കാര്യങ്ങളിലും അൽപം കാഠിന്യം പുലർത്തേണ്ടി വരുന്നതാണ്. ചിലയാളുകൾ വിചാരിക്കും എന്തിനാണ് ഇങ്ങനെ കടുത്ത ഭാഷയിൽ അവരെ വിമർശിക്കുന്നത്, അവരെ അവരുടെ പാട്ടിന് വിട്ട് കൂടെയെന്ന്. അതുപോലെ, അവരെ അവരുടെ അജ്ഞതയിലും,വിവരക്കേടിലും ഒരു വിചാരണയും മറുപടിയും കൂടാതെ വെറുതെ വിടുകയും, അതിനെതിരെ മൗനമവലംബിക്കുകയും ചെയ്താൽ അത് ഖുർആൻ പറഞ്ഞതംഗീകരിക്കുകയും ചെയ്യില്ലേയെന്നാണ് അവർ ഊഹിക്കുന്നത്.

(وَإِذَا خَاطَبَهُمُ الْجَاهِلُونَ قَالُوا سَلَامًا) (سورة الفرقان:63)

'അവിവേകികൾ തങ്ങളോട് സംസാരിച്ചാൽ സമാധാനപരമായി മറുപടി നൽകുന്നവരാന്ന്' (ഫുർഖാൻ: 63).

എന്നാൽ അവരെയും, അവരെക്കൊണ്ട് വഴികേടിലാവുന്നവരെയും വഴികേടിൽ തന്നെ തുടർന്ന് പോകുവാൻ സഹായിക്കുകയാണ് ഇതിലൂടെ ചെയ്യുന്നതെന്ന കാര്യം അവർ വിസ്മരിക്കുകയോ, അല്ലെങ്കിൽ കരുതിക്കൂട്ടി വിസ്മരിപ്പിക്കുകയോ ചെയ്യുകയാണ്. അല്ലാഹു പറയുകയാണ്:

(وَتَعَاوَنُواْ عَلَى الْبرِّ وَالتَّقْوَى وَلاَ تَعَاوَنُواْ عَلَى الإِثْمِ وَالْعُدْوَانِ) (سورة المائدة:2)

'പാപത്തിലും അതിക്രമത്തിലും നിങ്ങളന്യോന്യം സഹായിക്കരുത്' (മാഇദ:2).

ഒരാൾ ഏതൊരു കാര്യത്തിലാണോ നിലകൊള്ളുന്നത് അതിനെതിരായ കാര്യം ഒരു മുസ്ലിമിൽ ആരോപിക്കുന്നതിനേക്കാളും വലിയ കുറ്റവും, ശത്രുതയും ഏതാണുള്ളത്. നാം മുകളിൽ സൂചിപ്പിച്ച വിഭാഗം അതിര് കവിഞ്ഞ കാര്യത്തിൽ അവർ സത്യത്തിന്റെ കൂടെയാണ് നിൽക്കുന്നതെങ്കിൽ അവർ ഇതിന് മറുപടി പറയുവാൻ ധൃതിപ്പെടുമായിരുന്നു. അവരുടെ അവസ്ഥയിതാണ്:

(ألا لا يجلهن أحد علينا فنجهل فوق جهل الجاهلين)

ആദ്യത്തെ രൂപത്തിൽ തന്നെ ഈ പുസ്തകം പുന:പ്രസിദ്ധീകരിക്കുകയാണെങ്കിൽ അതിന് പ്രത്യേകിച്ച് ഉപകാരമുണ്ടാവുമെന്ന് നാം വിചാരിക്കുന്നില്ല. അതുകൊണ്ട് തന്നെ ചില കാര്യങ്ങൾ അതിൽ നിന്ന് ഒഴിവാക്കുകയും, ചില കാര്യങ്ങൾ കൂട്ടി ചേർക്കുകയും, ചില കാര്യങ്ങൾ മാറ്റത്തിരുത്തലുകൾ വരുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. അതുകൊണ്ട് തന്നെ പുതിയ എഡിഷന് യോജിക്കുന്ന ചില ശൈലികളും വിജ്ഞാനത്തിന് പ്രാധാന്യം കുറയാത്ത രൂപത്തിൽ സ്വീകരിച്ചിട്ടുണ്ട്.

ഒന്നാമത്തെ എഡിഷനിന്റെ മുഖവുരയിൽ ഞാൻ പറഞ്ഞിരുന്നു, ഈ പുസ്തകത്തിന്റെ വിഷയം പ്രധാനമായും രണ്ട് കാര്യങ്ങളിൽ ഒതുങ്ങുന്നു:

**ഒന്ന്:** ഖബറിടത്തിൽ പള്ളികൾ ഉണ്ടാക്കുന്നതിന്റെ വിധി.

**രണ്ട്:** ഇങ്ങനെയുള്ള പള്ളികളിലെ നമസ്കാരത്തിന്റെ വിധി.

ഞാൻ ഈ വിഷയമാണ് വിശദീകരണത്തിനായി തിരഞ്ഞെടുത്തത്, കാരണം ചിലയാളുകൾ അറിവില്ലാതെ ഒരുപാട് കാര്യങ്ങൾ ഈ വിഷയത്തിൽ പറഞ്ഞിട്ടുണ്ട്. അധിക ജനങ്ങൾക്കും ഇതിനെ സംബന്ധിച്ച് യാതൊരു അറിവുമില്ല. അങ്ങിനെ അവരോടൊപ്പം മറ്റുള്ളവരും ചേരുകയാണ് ചെയ്തിരിക്കുന്നത്. പണ്ഡിതന്മാരുടെ –അല്ലാഹു ഉദ്ദേശിച്ചവരൊഴികെ– ഇതിനെതിരിലുള്ള മൗനം അവർക്ക് സഹായകമാവുകയും ചെയ്തു. സാധാരണക്കാരെ പേടിക്കുകയും, അവർക്കിടയിൽ തങ്ങൾക്കുള്ള സ്ഥാനം നഷ്ടപ്പെടുമെന്ന ഭയവുമാണ് പണ്ഡിതന്മാരെ ഇതിന് പ്രേരിപ്പിക്കുന്നത്. എന്നാൽ അല്ലാഹുവിന്റെ ഗൗരവമായ താക്കീത് അവർ മറന്ന് പോകുന്നു:

(إِنَّ الَّذِينَ يَكْتُمُونَ مَا أَنزَلْنَا مِنْ الْبَيِّنَاتِ وَالْهُدَى مِنْ بَعْدِ مَا بَيَّنَّاهُ لِلنَّاسِ فِي الْكِتَابِ أُوْلَئِكَ يَلْعَنُهُمْ اللَّهُ وَيَلْعَنُهُمْ اللاَّعِنُونَ) (سورة البقرة:159)

'നാമവതരിപ്പിച്ച തെളിവുകളും മാർഗദർശനവും വേദഗ്രന്ഥത്തിലൂടെ ജനങ്ങൾക്ക് നാം വിശദമാക്കികൊടുത്തതിനുശേഷം മറച്ചുവെക്കുന്നവരാരോ അവരെ അല്ലാഹു ശപിക്കുന്നതാണ്.ശപിക്കുന്നവരൊക്കെയും അവരെശപിക്കുന്നതാണ്' (അൽബഖറ:159)

( قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ كَتَمَ عِلْمًا أَلْجَمَهُ اللَّهُ يَوْمَ الْقِيَامَةِ بِلِجَامٍ مِنَ النَّارِ) (حديث حسن أخرجه ابن حبان في (صحيحه) رقم (٢٩٦) والحاكم (١٠٢/١) وصححه، ووافقه الذهبي).

പ്രവാചകൻ(ﷺ) പറയുകയുണ്ടായി: 'ആരെങ്കിലും ഒരു വിജ്ഞാനം മറച്ച് വെക്കുകയാണെങ്കിൽ അവസാന നാളിൽ നരകത്തിൽ നിന്നുള്ള ഒരു മൂക്കു കയറ് കൊണ്ട് അവനെ മൂക്ക് കയറിടുന്നതാണ്' (ഇബ്നു ഹിബ്ബാൻ).

ഇതിനെതിരെയുള്ള മൗനവും, അജ്ഞതയും കൊണ്ടുള്ള പ്രത്യാഘാതം അല്ലാഹു വിരോധിക്കുകയും, ശപിക്കുകയും ചെയ്ത കാര്യങ്ങൾ ജനങ്ങളിലധികവും ചെയ്യുന്നുവെന്നതാണ്. അത് നാം വഴിയെ വിശദീകരിക്കുന്നുണ്ട്. കാര്യം ഇവിടം കൊണ്ട് അവസാനിക്കുന്നില്ല, മറിച്ച് ഇങ്ങനെയുള്ള കാര്യങ്ങൾ കൊണ്ട് അല്ലാഹുവിലേക്ക് അവർ അടുക്കുകയും, അല്ലാഹുവിനെ ഇഷ്ടപ്പെടുകയും നന്മകൾ ചെയ്യുകയും ചെയ്യുന്നവർ പോലും ഭീമമായ ധനം ചിലവഴിച്ച് പള്ളി നിർമ്മിക്കുകയും, മരിക്കുന്ന വേളയിൽ ആ പള്ളിയിൽ മറമാടുവാനായി വസിയ്യത്ത് ചെയ്യുകയും ചെയ്യുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്!

ഇതിന് ഉദാഹരണമായി എനിക്ക് അറിയാവുന്ന ഒരു കാര്യം പറയട്ടെ, -അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ ഇത് അവസാന ഉദാഹരണമായിരിക്കട്ടെ

യെന്ന് നാം വിചാരിക്കുന്നു– ദിമശ്ഖിലെ പടിഞ്ഞാറ് ഭാഗത്ത് ബാഗ്ദാദിലെ റോഡിലെ ഒരു പള്ളി, അതിന്റെ പേര് (**مسجد بعيرا**) 'കഴുത പള്ളി' യെന്നാണ്. അതിൽ അതിന്റെ ഖബറും ഉണ്ട്. അവിടെ പ്രവർത്തിക്കുന്ന ഔഖാഫിന്റെയാളുകൾ ആദ്യം അവിടെ കഴുതയെ മറമാടുന്നത് വിലക്കിയിരുന്നുവെന്ന് നാം അറിയുകയുണ്ടായി. പിന്നെ വീണ്ടും അത് എങ്ങിനെ അവിടെ വന്നുവെന്നതിന്റെ യഥാർത്ഥ കാരണം നമുക്കറിയില്ല. അങ്ങിനെ ഒരു കഴുതയെ ആ പള്ളിയിൽ മറമാടിയെന്ന് മാത്രമല്ല, അതിന്റെ ഖിബ്‌ലയുടെ ഭാഗത്ത് തന്നെയാണ് ആ ഖബറുണ്ടാക്കിയതും! إنا لله وإنا إليه راجعون ഇത് പോലെയുള്ള തിന്മകൾ നീക്കം ചെയ്യുവാൻ അല്ലാഹുവിൽ സഹായം ചോദിക്കട്ടെ.

കുറച്ച് ദിവസങ്ങൾക്ക് മുമ്പ് ശാഫിഈയാക്കളിൽ പെട്ട ഒരു പണ്ഡിതൻ മരിക്കുകയും, അങ്ങിനെ അദ്ദേഹത്തെ ദിമശ്ഖിലെ ഒരു പഴയ പള്ളിയിൽ മറമാടുവാൻ ചിലയാളുകൾ തീരുമാനമെടുത്തപ്പോൾ അവിടെയുള്ള ഔഖാഫ് (മതകാര്യ മന്ത്രാലയം) അത് വിലക്കുകയുണ്ടായി. അതുകൊണ്ട് തന്നെ അദ്ദേഹത്തെ അവിടെ മറമാടുകയുണ്ടായില്ല. അത് വിലക്കിയ ഔഖാഫിനോട് നാം നന്ദി അറിയിക്കട്ടെ, അല്ലാഹുവിൽ നിന്ന് പ്രതിഫലം കാംക്ഷിച്ച് കൊണ്ട് പള്ളികളിൽ മറമാടുന്നതിനെതിരെ നിലകൊള്ളുവാൻ അല്ലാഹു അവർക്ക് തൗഫീഖ് നൽകുമാറാവട്ടെ. പള്ളിയിൽ മറമാടുന്നത് തടയുവാൻ പ്രേരിപ്പിക്കേണ്ടത് അല്ലാഹുവിന്റെ തൃപ്തിയും, നമ്മുടെ ശരീഅത്തി

നെ പിൻപറ്റുകയെന്ന കാര്യവുമായിരിക്കണം, അതല്ലാതെ രാഷ്ട്രീയമോ, സാമൂഹികമോ ആയ കാര്യങ്ങളാവരുത്.

പള്ളികളെ ബിദ്അത്തുകളിൽ നിന്നും, തിന്മകളിൽ നിന്നും ശുദ്ധീകരിക്കുന്ന കാര്യത്തിൽ ഇത് ഒരു നല്ല തുടക്കമാവട്ടെ, പ്രത്യേകിച്ച് ഔഖാഫ് മന്ത്രിയായ ശൈഖ് അൽബാഖൂരിക്ക് ഖബറിടങ്ങൾ പള്ളികളാക്കുന്ന തിന്മയെ വിപാടനം ചെയ്യുന്നതിൽ മാന്യമായ നിലപാടുണ്ട്. ഈ വിഷയത്തിൽ അദ്ദേഹം ചില കാര്യങ്ങൾ വിശദമാക്കുകയും ചെയ്തിട്ടുണ്ട്. അത് യോജിക്കുന്ന സ്ഥാനത്ത് നാം ഉദ്ധരിക്കുന്നതാണ്. അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ.

ഖേദകരമെന്ന് പറയട്ടെ സിറിയയിലെ അധിക പള്ളികളിലും ഖബറോ, ഒന്നിൽ കൂടുതൽ ഖബറുകളോ കാണാൻ കഴിയുന്നുവെന്നത് സങ്കടകരമായ യാഥാർത്ഥ്യമാണ്. ഇത് കാണുമ്പോൾ അല്ലാഹു അത് കൽപിച്ചിട്ടുണ്ടെന്നും, അത് ചെയ്യുന്നവരെ ശപിച്ചിട്ടില്ലായെന്നുമാണ് നമുക്ക് തോന്നിപ്പോവുക! അവിടെയുള്ള ഔഖാഫ് കരുതലോടെ നീങ്ങുകയും, പരിശ്രമിക്കുകയുമാണെങ്കിൽ പള്ളികളെ ഈ മ്ലേഛതകളിൽ നിന്ന് ശുദ്ധീകരിക്കുവാൻ സാധിക്കുന്നതാണ്.

സാധാരണക്കാരുടെ മനസ്സിൽ നിന്ന് പെട്ടെന്ന് അത് നീക്കം ചെയ്യുവാൻ സാധിക്കുകയില്ലായെന്നതിൽ ഞാൻ സംശയിക്കുന്നില്ല, മറിച്ച് ഉന്നതന്മാരായ പണ്ഡിതന്മാർ പറഞ്ഞത് പോലെ (ഇത് വഴിയെ നാം ഉദ്ധരിക്കുന്നതാണ്) ദീനുൽ ഇസ്ലാമിൽ ഖബറും പള്ളി

യും ഒരുമിക്കുകയില്ലായെന്ന സത്യമാണ് ആദ്യം ജന മനസ്സുകളിൽ ഉണ്ടാക്കേണ്ടത്, അതിന് ഈ സത്യം ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുക. ഖബറും പള്ളി യും ഒരുമിക്കുകയാണെങ്കിൽ അവിടെ ഉന്നതനായ അല്ലാഹുവിനുള്ള ആരാധനക്കും, കറകളഞ്ഞ തൗ ഹീദിനും എതിരായ കാര്യങ്ങൾ വരുന്നതാണ്. നിശ് കളങ്കമായ തൗഹീദ് സ്ഥാപിക്കുവാൻ വേണ്ടിയാണ് പള്ളികൾ നിർമ്മിച്ചിരിക്കുന്നത്. അതാണ് അല്ലാഹു പറയുന്നത്:

(وَأَنَّ الْمَسَاجِدَ لِلَّهِ فَلاَ تَدْعُوا مَعَ اللَّهِ أَحَدًا) (سورة الجن : ١٨)

'പള്ളികളെല്ലാം അല്ലാഹുവിനുള്ളതാണ്, അല്ലാഹു വിനോട് കൂടെ മറ്റാരെയും നിങ്ങൾ വിളിച്ച് പ്രാർ ത്ഥിക്കരുത്' (ജിന്ന്:18)

ഇത് ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കേ ണ്ടത് നിർബ്ബന്ധമാണ്, അതിൽ നിന്ന് ഒളിച്ചോടാൻ പാടില്ല. ഈ കർത്തവ്യമാണ് ഈ കൊച്ചു പുസ്തക ത്തിലൂടെ ഞാൻ ചെയ്യുന്നത്. ഇതിൽ ഞാൻ ഖബ റിടങ്ങളിൽ പള്ളിയുണ്ടാക്കാൻ പാടില്ലായെന്ന് വ്യ ക്തമാക്കുന്ന 'മുതവാതിറാ'യ ഹദീസുകളാണ് ക്രോ ഡീകരിച്ചിരിക്കുന്നത്, അതിനോട് തുടർച്ചയെന്നോ ണം മദ്ഹബിന്റെ ഇമാമുകളുടെ അവലംബ യോഗ്യ മായ അഭിപ്രായങ്ങളും കൊടുത്തിട്ടുണ്ട്. ഇതേ അവസരത്തിൽ തന്നെ സമുന്നതരായ പണ്ഡിതന്മാർ മുഴുവനും പ്രവാചകചര്യ പിൻപറ്റുവാനും, അതിലേ ക്ക് ജനങ്ങളെ ക്ഷണിക്കുവാനും, അതിന് എതിര് പ്രവർത്തിക്കുന്നവർക്ക് താക്കീത് നൽകുവാനും അ

ഹോരാത്രം പരിശ്രമിച്ചവരായിരുന്നുവെന്നത് പ്രത്യേ കം സ്മരിക്കപ്പെടേണ്ടതാണ്. പക്ഷേ, അല്ലാഹു പറ ഞ്ഞത് പോലെയാണ് കാര്യങ്ങൾ നടക്കുന്നത്.

(خَلَفَ مِنْ بَعْدِهِمْ خَلْفٌ أَضَاعُوا الصَّلاَةَ وَاتَّبَعُوا الشَّهَوَاتِ فَسَوْفَ يَلْقَوْنَ غَيًّا) (سورة مريم: ٥٩)

'എന്നിട്ട് അവർക്കുശേഷം അവരുടെ സ്ഥാനത്ത് ഒരു പിൻതലമുറ വന്നു. അവർ നമസ്കാരം പാഴാക്കുക യും തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്തു. തന്മൂ ലം ദുർമ്മാർഗത്തിന്റെ ഫലം അവർ കണ്ടെത്തുന്ന താണ്' (മർയം:59)

**ഈ പുസ്തകത്തിലെ അദ്ധ്യായങ്ങൾ താഴെ പറയുന്നവയാണ്:**

**അധ്യായം:1**

ഖബറിടങ്ങളെ പള്ളികളാക്കുന്നതിനെ വിരോധിക്കു ന്ന ഹദീസുകൾ.

**അധ്യായം:2**

ഖബറിടങ്ങൾ പള്ളികളാക്കുക എന്നതിന്റെ ആശയം.

**അധ്യായം:3**

ഖബറിടങ്ങൾ പള്ളികളാക്കുന്നത് വൻപാപം

**അധ്യായം:4**

സംശയങ്ങളും മറുപടികളും

**അധ്യായം:5**

ഖബറിടങ്ങളെ പള്ളികളാക്കുന്നതിനെ വിരോധിച്ചതി ലുള്ള യുക്തി

**അധ്യായം:6**

ഖബറുകളിന്മേൽ പടുത്തുയർത്തപ്പെട്ട പള്ളികളിലു ള്ള നമസ്കാരം കറാഹത്ത്

**അധ്യായം:7**

ഈ വിധി മസ്ജിദുന്നബവി ഒഴിച്ച് മററു മുഴുവൻ പള്ളികൾക്കും ബാധകമാണ്.

ഇതാണ് ഈ പുസ്തകത്തിലെ അദ്ധ്യായങ്ങ ൾ, ഇവയ്ക്ക് കീഴിൽ ഉപകാരപ്പെടുന്ന ഒരുപാട് ചെറിയ ഉപശീർഷകങ്ങളും കൊടുക്കുന്നുണ്ട് إن شاء الله ഇതിന് ഞാൻ പേര് നൽകിയിട്ടുള്ളത്:

[تحذير الساجد من اتخاذ القبورمساجد]

എന്നാണ്.

ഇത് മുസ്ലീംകൾക്ക് ഉപകാരപ്പെടുവാനായി ഉ ന്നതനായ അല്ലാഹുവിനോട് പ്രാർത്ഥിക്കട്ടെ. എന്നി ൽ നിന്ന് ഇതും, എന്റെ മുഴുവൻ സൽകർമ്മങ്ങളും അവൻ സ്വീകരിക്കുമാറാവട്ടെ. ഇത് പ്രസിദ്ധീകരിക്കു ന്നവർക്കും തക്കതായ പ്രതിഫലം നൽകുമാറാവട്ടെ.

ദിമശ്ഖ്, 23 ജമാദുൽ ഊലാ, 1392 ഹി:
മുഹമ്മദ് നാസ്വിറുദ്ധീൻ അൽ-അൽബാനി

## അധ്യായം: 1

# ഖബറിടങ്ങളെ പള്ളികളാക്കുന്നതിനെ വിരോധിക്കുന്ന ഹദീസുകൾ

1– ആയിശാ(﵂)യിൽ നിന്ന്: അവർ പറയുന്നു: പ്രവാചകൻ(ﷺ) വഫാത്തായ രോഗശയ്യയിൽ കിടന്ന് കൊണ്ട് പറയുകയുണ്ടായി:

( لَعَنَ اللَّهُ الْيَهُودَ وَالنَّصَارَى اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسْجِدًا قَالَتْ فَلَوْلاَ ذَلِكَ أَبْرِزَ قَبْرَهُ غَيْرَ أَنِّي أَخْشَى أَنْ يُتَّخَذَ مَسْجِدًا)

'ജൂത ക്രൈസ്തവരെ അല്ലാഹു ശപിക്കട്ടെ, അവർ അവരുടെ പ്രവാചകൻമാരുടെ ഖബറിടങ്ങളെ പള്ളികളാക്കിയിരിക്കുന്നു. ആയിശാ(﵂) പറയുന്നു: അത് ഭയപ്പെട്ടില്ലായിരുന്നെങ്കിൽ പ്രവാചക(ﷺ)ന്റെ ഖബറിനെ വെളിവാക്കുമായിരുന്നു[1]. അതിനെ പള്ളിയാക്കുമെന്ന് പേടിച്ചില്ലായിരുന്നെങ്കിൽ'[2]

[1] അതായത് പ്രവാചകൻ(ﷺ)യുടെ ഖബറിനെ മറയൊന്നും കൂടാതെ വീടിന് വെളിയിൽ മറമാടുമായിരുന്നു. അതാണതിന്റെ ഉദ്ദേശം. ഇപ്രകാരമാണ് ഫത്ഹുൽ ബാരിയിൽ ഉള്ളത്.

പാഠം: പ്രവാചകൻ(ﷺ)യെ വീട്ടിനുള്ളിൽ മറമാടുവാനുണ്ടായ കാരണം ആ യിശാ(﵂)യുടെ വാക്കുകളിൽ നിന്ന് വളരെ വ്യക്തമാണ്. അതായത് ആരെങ്കിലും ആ ഖബറിടത്തിൽ പള്ളിയുണ്ടാക്കുവാനുള്ള മുഴുവൻ

ആയിശാ(﵂) പറഞ്ഞത് പോലെ തന്നെ അവരുടെ പിതാവിൽ നിന്ന് ഇത്പോലെ വന്നിട്ടുണ്ട്. അത് ഇബ്നു സൻഞ്ചവൈഹി ഗ്വഫറയുടെ മൗല ഉമറിൽ നിന്നും ഉദ്ധരിക്കുന്നുണ്ട്.

---

സാധ്യതകളും തടയുകയാണ് ചെയ്തത്. അത്കൊണ്ട് തന്നെ നബി(ﷺ)യെ വീട്ടിൽ മറമാടിയിട്ടുണ്ടെന്ന് പറഞ്ഞ് തെളിവ് പിടിച്ച് കൊണ്ട് മറ്റാരെയും വീടുകളിൽ മറമാടുവാൻ പാടില്ല, കാരണമത് ഈ വിഷയത്തിലുള്ള അടിസ്ഥാന നിയമത്തിന് വിപരീതമാണ്. ഖബറടക്കുവാൻ പ്രത്യേകം തയ്യാറാക്കിയിട്ടുള്ള ശ്മശാനങ്ങളിൽ മറമാടലാണ് സുന്നത്ത്. ഇത്കൊണ്ട് തന്നെയാണ് (التفسير ٥٤٨ /ق٨٨) (الكواكب الدراري)ൽ ഇബ്നു ഉർവ്വ(﵁) പറയുന്നത്:

'വീട്ടിൽ മറമാടുന്നതിനേക്കാളും മുസ്ലീംകളെ മറമാടുന്ന സ്ഥലത്ത് മറമാടുന്നതാണ് ഇമാം അഹ്മദ് ഏറ്റവും ശ്രേഷ്ഠമായി കണ്ടിരുന്നത്. കാരണം അനന്തരാവകാശികൾക്ക് ബുദ്ധിമുട്ടില്ലാതിരിക്കുവാൻ ഏറ്റവും നല്ലത് അതാണ്. അതുപോലെ തന്നെ പരലോക ഭവനത്തിലേക്ക് യോജിക്കുന്നതും, അദ്ദേഹത്തിന് കൂടുതൽ പ്രാർത്ഥനയും കാരുണ്യവും കിട്ടുവാനും നല്ലത് അതാണ്. സ്വഹാബികളും താബിഉകളും അവർക്ക് ശേഷമുള്ളവരും മരുഭൂമിയിലായിരുന്നു മറമാടിയിരുന്നത്.

ഇനി ആരെങ്കിലും പ്രവാചക(ﷺ)നെയും, രണ്ട് കൂട്ടുകാരെയും മറമാടിയത് തെളിവ് പിടിക്കുകയാണെങ്കിൽ അതിന് ആയിശാ(﵂)യാണ് മറുപടി പറയുന്നത്. അതായത് പ്രവാചക(ﷺ)ന്റെ ഖബറിനെ പള്ളികളാക്കുമെന്ന് ഭയപ്പെട്ടത് കൊണ്ടാണ് വീട്ടിൽ മറമാടിയത് എന്ന്. കാരണം പ്രവാചകൻ(ﷺ) തന്റെ സ്വഹാബികളെ മറമാടിയിരുന്നത് ബഖീഇലായിരുന്നു. പ്രവാചകൻ(ﷺ)യുടെ പ്രവർത്തനത്തിനാണ് മറ്റുള്ളവരുടെ പ്രവർത്തനത്തേക്കാൾ മുൻഗണന നൽകേണ്ടത്. എന്നാൽ പ്രവാചകൻ(ﷺ)യുടെ സ്വഹാബികൾ അദ്ദേഹത്തിന് പ്രത്യേകത നൽകുവാൻ കാരണം 'പ്രവാചകൻമാർ എവിടെയാണോ മരണപ്പെടുന്നത് അവിടെ തന്നെ മറമാടണമെന്നത്' റിപ്പോർട്ട് ചെയ്തത് കൊണ്ടാണ്. ആളുകൾ അവിടേക്ക് വന്ന് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതിൽ നിന്ന് അവർക്ക് സുരക്ഷിതത്വവും, അതുപോലെ മറ്റുള്ളവരിൽ നിന്ന് പ്രവാചകനുള്ള പ്രത്യേകത പ്രകടിപ്പിക്കുന്നതും ഇതിലൂടെ പ്രകടമാകുന്നു.

(2) ബുഖാരി (3– 156, 198, 8–114), മുസ്ലിം (2–67), അബൂ അവാന (1–399)

പ്രവാചകൻ(ﷺ)യെ മറമാടുവാൻ വേണ്ടി അവർ ഒരുമിച്ച് കൂടിയപ്പോൾ ഒരാൾ പറഞ്ഞു: പ്രവാചകൻ(ﷺ) എവിടെയാണോ നമസ്കരിക്കുന്നത് അവിടെ നമുക്ക് അദ്ദേഹത്തെ മറമാടാം!. അപ്പോൾ അബൂബക്കർ(ﷺ) പറഞ്ഞു: അല്ലാഹുവിൽ അഭയം അദ്ദേഹത്തെ നാം ആരാധിക്കപ്പെടുന്ന ഒരു വിഗ്രഹമാക്കുകയോ?, ചിലർ പറഞ്ഞു: മുഹാജിറുകളിൽ പെട്ടവരെ നാം മറമാടിയത് പോലെ അദ്ദേഹത്തെ നമുക്ക് ബഖീഇൽ മറമാടാം. അപ്പോൾ അബൂബക്കർ(ﷺ) പറഞ്ഞു:പ്രവാചകൻ(ﷺ)യുടെ ഖബർ ബഖീഇലാക്കുന്നത് ഞങ്ങൾ വെറുക്കുന്നു. അങ്ങനെയാണെങ്കിൽ ജനങ്ങൾ അദ്ദേഹത്തെ കൊണ്ട് അഭയം തേടും അത് അല്ലാഹുവിന്റെ അവകാശത്തിൽ പെട്ടതാണ്. അല്ലാഹുവിന്റെ അവകാശമാണ് റസൂലുല്ലാ(ﷺ)യുടെ അവകാശത്തേക്കാൾ പരിഗണിക്കപ്പെടേണ്ടത്. പ്രവാചക(ﷺ)ന്റെ ഖബറിനെ നാം ബഖീഇലേക്ക് മാറ്റുകയാണെങ്കിൽ അല്ലാഹുവിന്റെ അവകാശം പാഴാകും. പ്രവാചക(ﷺ)നെ മറമാടിയിട്ട് വീണ്ടും മാറ്റി വേറൊരു സ്ഥലത്ത് മറമാടുകയെന്നത് പ്രവാചക(ﷺ)ന്റെ ഖബർ മാന്തലുമാവും. അപ്പോൾ അവർ ചോദിച്ചു: അബൂബക്കർ(ﷺ) താങ്കൾ എന്താണ് അഭിപ്രായപ്പെടുന്നത്? അദ്ദേഹം പറഞ്ഞു: പ്രവാചകൻ(ﷺ) പറയുന്നതായി ഞാൻ കേട്ടു:‘എവിടെ നിന്നാണോ ആത്മാവിനെ പിടിക്കുന്നത് അവിടെ തന്നെ മറമാടപ്പെടാതെ ഒരു നബിയുടെയും ആത്മാവിനെ അല്ലാഹു പിടിച്ചിട്ടില്ല’ (അതായത് എവിടെയാണോ പ്രവാചകന്മാർ മരിക്കുന്നത് അവരെ അവിടെ തന്നെയാണ് മറമാടേണ്ടത്

എന്നർത്ഥം. വിവ:) അവർ പറഞ്ഞു: അല്ലാഹു തന്നെയാണ് സത്യം! നീ തൃപ്തിപ്പെട്ടവരിൽ ഉൾപ്പെട്ടവർ തന്നെയാണ്. അങ്ങിനെ അവർ പ്രവാചകൻ(ﷺ) കിടന്നിരുന്ന വിരിപ്പിന് ചുറ്റും വരവരക്കുകയുണ്ടായി. അങ്ങിനെ അലി(رضي الله عنه)യും, അബ്ബാസും(رضي الله عنه), ഫദ്‌ലും(رضي الله عنه) പ്രവാചക(ﷺ)ന്റെ വീട്ടുകാരും പ്രവാചക(ﷺ)നെ അവിടെ നിന്നും മാറ്റുകയും ചെയ്തു. പ്രവാചക(ﷺ)ന്റെ വിരിപ്പ് എവിടെയായിരുന്നുവോ അവിടെ ജനങ്ങൾ ഖബർ കുഴിക്കുകയും ചെയ്തു.[3]

**2–**

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: قَاتَلَ اللَّهُ الْيَهُودَ اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسَاجِدَ )

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന് പ്രവാചകൻ(ﷺ) പറയുകയുണ്ടായി:‘ജൂതന്മാരെ അല്ലാഹു നശിപ്പിക്കട്ടെ, അവർ അവരുടെ പ്രവാചകന്മാരുടെ ഖബറിടങ്ങളെ ആരാധനാലയങ്ങളാക്കിയിരിക്കുന്നു’[4].

**3, 4–** ആയിശാ(رضي الله عنها)യിൽ നിന്ന് വീണ്ടും.

عن عَائِشَةُ وَابْنُ عَبَّاسٍ أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ حِينَ نَزَلَ بِهِ جَعَلَ يُلْقِي خَمِيصَةً لَهُ عَلَى وَجْهِهِ فَإِذَا اغْتَمَّ كَشَفَهَا عَنْ وَجْهِهِ وَهُوَ

---

[3] ഇബ്നു കഥീർ പറഞ്ഞു: ഇത് മുൻഖതിഅ് ആണ്. കാരണം ഗ്വഫ്റയുടെ മൗലയായ ഉമർ ദുർബ്ബലനാണ് അതോടൊപ്പം അബൂബക്കർ (رضي الله عنه)വിന്റെ കാലത്ത് ജീവിച്ചിട്ടുമില്ല. ഇപ്രകാരമാണ് സുയൂതി തന്റെ (الجامع الكبير) എന്ന ഗ്രന്ഥത്തിൽ (3–147–1–2) പറഞ്ഞിട്ടുള്ളത്.

[4] ബുഖാരി (2/ 422) മുസ്ലിം, അബൂഅവാന, അബൂദാവൂദ്, അഹ്മദ്.

يَقُولُ لَعْنَةُ اللَّهِ عَلَى الْيَهُودِ وَالنَّصَارَى اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسَاجِدَ) تَقُولُ عَائِشَةُ يُحَذِّرُ مِثْلَ الَّذِي صَنَعُوا )

ആയിശ(ﷺ)വിൽ നിന്നും, ഇബ്നു അബ്ബാസ്(ﷺ)വിൽ

നിന്നും: പ്രവാചകൻ(ﷺ)ക്ക് മരണം ആസന്നമായ വേളയിൽ ധരിച്ചിരുന്ന വസ്ത്രം മുഖത്തിട്ടിരുന്നു. വളരെയധികം പ്രയാസം നേരിടുന്ന സന്ദർഭത്തിൽ മുഖം വെളിവാക്കുകയും എന്നിട്ട് ഇങ്ങനെ പറയുകയും ചെയ്തിരുന്നു.'ജൂതക്രൈസ്തവരിൽ അല്ലാഹുവിന്റെ ശാപമുണ്ടാവട്ടെ, അവർ അവരുടെ പ്രവാചകന്മാരുടെ ഖബറിടങ്ങളെ ആരാധനാലയങ്ങളാക്കിയിരിക്കുന്നു' ആയിശാ(ﷺ) പറയുന്നു: 'ജൂതക്രൈസ്തവർ ചെയ്തത് പോലെയുള്ള പ്രവർത്തനത്തെ തൊട്ട് താക്കീത് ചെയ്യുകയാണ് പ്രവാചകൻ'[5]

ഹാഫിള് ഇബ്നു ഹജർ(ﷺ) പറയുന്നു: 'ഈ രോഗത്തിൽ താൻ മരിക്കുമെന്ന് പ്രവാചകൻ(ﷺ) മനസിലാക്കിയിരുന്നു. മുൻകഴിഞ്ഞ സമൂഹം ചെയ്തത് പോലെ തന്റെ ഖബറിനെ മഹത്വപ്പെടുത്തുന്നതിൽ അതിര് കവിയുന്നത് പ്രവാചകൻ(ﷺ) ഭയപ്പെട്ടിരുന്നു. അതുകൊണ്ട് തന്നെ അതുപോലെ ചെയ്യുന്നവരെ ആക്ഷേപിക്കുവാനായി അങ്ങിനെചെയ്ത ജൂതക്രൈസ്തവരെ പ്രവാചകൻ(ﷺ) ശപിക്കുകയും ചെയ്തു.'

---

[5] ബുഖാരി (1/422) മുസ്ലിം (2/57)

അൽബാനി(ﷺ) പറയുന്നു: അതായത് ഈ സമൂദായത്തിൽ അങ്ങിനെ ചെയ്യുന്നവരെ സംബന്ധിച്ച് ഭയപ്പെടുകയുണ്ടായി. ആറാമതായി വരുന്ന ഹദീസിൽ ഈ കാര്യം ഒന്നുകൂടി വ്യക്തമാവുന്നതാണ്. അത് കൊണ്ട് ശ്രദ്ധിക്കുക.

**5–** ആയിശാ(ﷺ)പറയുന്നു:

( عَنْ عَائِشَةَ رَضِي اللَّه عَنْهَا قَالَتْ: لَمَّا اشْتَكَى النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ ذَكَرَتْ بَعْضُ نِسَائِهِ كَنِيسَةً رَأَيْنَهَا بِأَرْضِ الْحَبَشَةِ يُقَالُ لَهَا مَارِيَةُ وَكَانَتْ أُمُّ سَلَمَةَ وَأُمُّ حَبِيبَةَ رَضِي اللَّه عَنْهما أَتَتَا أَرْضَ الْحَبَشَةِ فَذَكَرَتَا مِنْ حُسْنِهَا وَتَصَاوِيرَ فِيهَا فَرَفَعَ رَأْسَهُ فَقَالَ أُولَئِكِ إِذَا مَاتَ مِنْهُمُ الرَّجُلُ الصَّالِحُ بَنَوْا عَلَى قَبْرِهِ مَسْجِدًا ثُمَّ صَوَّرُوا فِيهِ تِلْكَ الصُّورَةَ أُولَئِكِ شِرَارُ الْخَلْقِ عِنْدَ اللَّهِ (يوم القيامة))

ആയിശാ(ﷺ)യിൽ നിന്ന്, അവർ പറഞ്ഞു: പ്രവാചകൻ(ﷺ) രോഗിയായി കിടന്നിരുന്ന വേളയിൽ തിരുമേനി(ﷺ)യുടെ ഭാര്യമാർ അബ്സീനിയ്യയിൽ ദർശിച്ച കനീസകളെ സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി. അവരുടെ പേര് മാരിയ്യ: എന്നായിരുന്നു. ഉമ്മുസലമയും, ഉമ്മുഹബീബയും അബ്സീനിയ്യയിൽ പോയിരുന്നു. അങ്ങിനെ അവർ കനീസകളുടെ രൂപവും ഭംഗിയും വിശദീകരിച്ച് കൊണ്ടിരുന്നു. ആ സമയം പ്രവാചകൻ(ﷺ) തന്റെ ശിരസ്സുയർത്തി പറഞ്ഞു: 'അവരിൽ പെട്ട സദ്വൃത്തർ ആരെങ്കിലും മരിക്കുകയാണെങ്കിൽ അവരുടെ ഖബറിടത്തിൽ അവർ പള്ളിയുണ്ടാക്കിയിരുന്നു. പിന്നീട് അതിന്റെ രൂപം അവർ ഉ

ണ്ടാക്കുകയും ചെയ്യുമായിരുന്നു.(അവസാന നാളിൽ) അല്ലാഹുവിന്റടുത്ത് സൃഷ്ടികളിൽ ഏറ്റവും മോശപ്പെട്ടവർ അവരാകുന്നു'[6]

ഹാഫിള് ഇബ്നു റജബ്(ﷺ) പറയുന്നു: (ക്രൈസ്തവർ ചെയ്തത് പോലെ സ്വാലിഹീങ്ങളുടെ ഖബറിടങ്ങളിൽ പള്ളിയുണ്ടാക്കുന്നതും, അവരുടെ രൂപമുണ്ടാക്കുന്നതും നിഷിദ്ധമാണെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു.മേൽ പറഞ്ഞ രണ്ട് കാര്യങ്ങളിൽ ഏതെങ്കിലുമൊന്ന് ചെയ്യുന്നതും നിഷിദ്ധമാണ്. മനുഷ്യരുടെ രൂപം വരക്കുന്നതും ഉണ്ടാക്കുന്നതും ഹറാമാണ്, അതുപോലെ ഖബറുകൾ കെട്ടി ഉയർത്തി പള്ളികളുണ്ടാക്കുന്നതും ഹറാമാണ്. വേറെയും തെളിവുകളിൽ ഇത് നിഷിദ്ധമാണെന്ന് വ്യക്തമാക്കുന്നുണ്ട്. അതിൽ ചിലത് നാം വഴിയെ ഉദ്ധരിക്കുന്നതാണ്. ഉമ്മുസലമയും, ഉമ്മു ഹബീബയും പറഞ്ഞ രൂപം കനീസയുടെ ചുമരുകളിലും മറ്റും ഉണ്ടായിരുന്നതായിരുന്നു. അതിന് നിഴൽ ഉണ്ടായിരുന്നില്ല. പ്രവാചകന്മാരുടെയും സ്വാലിഹീങ്ങളുടെയും പോലെയുള്ളവരുടെ രൂപങ്ങൾ വരക്കുന്നതും ഉണ്ടാക്കുന്നതും അതിൽ നിന്ന് ബർക്കത്ത് തേടുവാനാണ്.എന്നാൽ അങ്ങിനെയുള്ള രൂപങ്ങൾ കൊണ്ട് ശുപാർശ തേടുന്നത് ഇസ്ലാമിൽ നിഷിദ്ധമാണ്. അത് വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽ പെട്ടതാണ്. അങ്ങിനെയുള്ള ആളുകളെപ്പറ്റിയാണ് പ്രവാചകൻ(ﷺ) പറഞ്ഞത്: പരലോകത്ത് അല്ലാഹുവിന്റെയടുത്ത് സൃഷ്ടികളിൽ ഏറ്റവും നി

[6] ബുഖാരി (1 / 416, 422) മുസ്ലിം (3 / 66)

ന്ദ്യരായവർ അവരായിരിക്കും. രൂപങ്ങൾ ഉണ്ടാക്കുന്ന ത് അവയിലേക്ക് നോക്കി അവ പ്രതിനിധാനം ചെയ്യുന്നവരെ പിൻപറ്റുവാനാണെങ്കിലും,അല്ലെങ്കിൽ അവരെ പരിശുദ്ധപ്പെടുത്തുവാനാണെങ്കിലും, അതുമല്ലെങ്കിൽ ആരാധിക്കപ്പെടുവാനാണെങ്കിലും നിഷിദ്ധമാണ്. അത് വൻ പാപങ്ങളിൽ പെട്ടതുമാണ്. അത് ചെയ്യുന്നവർക്ക് പരലോകത്ത് കഠിന ശിക്ഷയുണ്ട്. അല്ലാഹുവിനല്ലാതെ മറ്റാർക്കും ചെയ്യുവാൻ കഴിയാത്ത കാര്യത്തിൽ ഇങ്ങനെ ചെയ്യുന്നവൻ അക്രമം പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അല്ലാഹു ഉന്നതനാണ്, അവനെപോലെ യാതൊന്നും തന്നെയില്ല. അവന്റെ ദാത്തിലോ, വിശേഷണത്തിലോ, പ്രവർത്തനത്തിലോ തുല്യമായി യാതൊന്നും തന്നെയില്ല.) ഇത് പറഞ്ഞത്: (مجلد ٢/ ٦٥/٨٢) (الكواكب الدراري) എന്ന ഗ്രന്ഥത്തിലാണ്.

അൽബാനി(ﷺ) പറയുന്നു: കൈ കൊണ്ട് വരക്കുന്നതും, ക്യാമറകൾ ഉപയോഗിച്ച് കൊണ്ട് എടുക്കുന്ന ഫോട്ടോകളും തമ്മിൽ ഇതിൽ വ്യത്യാസമില്ല. പിന്നെ വ്യത്യാസമുള്ളത് പണ്ട് കാലത്ത് രൂപങ്ങൾ ഉണ്ടാക്കിയാൽ ഉണ്ടാക്കിയ സ്ഥലത്ത് തന്നെ നിൽക്കുന്നു, എന്നാൽ ഇന്നത്തെ കാലത്ത് അത് അങ്ങോട്ടുമിങ്ങോട്ടും ചലിപ്പിക്കുവാൻ സാധിക്കുന്നുവെന്ന വ്യത്യാസം മാത്രമെയുള്ളു. ഇത് ഞാൻ എന്റെ آداب) (الزفاف എന്ന പുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്.

**6–** ജുൻദുബ് ഇബ്നു അൽബജലി(ﷺ) പറയുന്നു: അദ്ദേഹം നബി(ﷺ) മരിക്കുന്നതിന്റെ അഞ്ച് ദിവസം മുമ്പ് പ്രവാചക(ﷺ)നിൽ നിന്ന് കേൾക്കുകയുണ്ടായി:

(قد كان لي فيكم إخوة وأصدقاء، وإِنِّي أَبْرَأُ إِلَى اللَّهِ أَنْ يَكُونَ لِي فِيكُمْ خَلِيلٌ، فَإِنَّ اللَّهَ تَعَالَى قَدِ اتَّخَذَنِي خَلِيلاً كَمَا اتَّخَذَ إِبْرَاهِيمَ خَلِيلاً وَلَوْ كُنْتُ مُتَّخِذًا مِنْ أُمَّتِي خَلِيلاً لاتَّخَذْتُ أَبَا بَكْرٍ خَلِيلاً أَلاَ وَإِنَّ مَنْ كَانَ قَبْلَكُمْ كَانُوا يَتَّخِذُونَ قُبُورَ أَنْبِيَائِهِمْ وَصَالِحِيهِمْ مَسَاجِدَ أَلاَ فَلاَ تَتَّخِذُوا الْقُبُورَ مَسَاجِدَ إِنِّي أَنْهَاكُمْ عَنْ ذَلِكَ )

'നിങ്ങളിൽ എനിക്ക് സഹോദരങ്ങളും, കൂട്ടുകാരുമുണ്ടായിരുന്നു, എന്നാൽ നിങ്ങളിൽ നിന്ന് എനിക്ക് ഉറ്റ സ്നേഹിതൻ ഉണ്ടാകുന്നതിൽ നിന്നും ഞാൻ അല്ലാഹുവിനോട് നിരപരാധിത്വം ബോധിപ്പിക്കുന്നു. ഇബ്രാഹിം നബി(ﷺ)യെ ഖലീലാക്കിയത് പോലെ തീർച്ചയായും ഉന്നതനായ അല്ലാഹു എന്നെ ഖലീൽ (ഉറ്റമിത്രം) ആക്കിയിരിക്കുന്നു. എന്റെ സമൂഹത്തിൽ നിന്ന് ആരെയെങ്കിലും ഞാൻ ഖലീലാക്കുമായിരുന്നെങ്കിൽ അബൂബക്കറി(ﷺ)നെ ഖലീലാക്കുമായിരുന്നു. അറിയുക,നിങ്ങളുടെ മുൻ സമൂഹം അവരുടെ പ്രവാചകന്മാരുടെയും സദ്വൃത്തരുടെയും ഖബറുകളെ ആരാധനാലയങ്ങളാക്കുകയുണ്ടായി, അറിയുക, നിങ്ങൾ ഖബറിടങ്ങളെ ആരാധനാലയങ്ങളാക്കാതിരിക്കുക,ഞാൻ അത് വിലക്കുന്നു'[7]

[7] മുസ്ലിം (2 / 67–68 ) അബൂ അവാന, ത്വബറാനി

**7–** ഹാരിസുന്നജ്റാനി(ﷺ) പറയുന്നു: നബി(ﷺ) മരിക്കുന്നതിന് അഞ്ച് ദിവസം മുമ്പ് ഞാൻ ഇങ്ങനെ കേൾക്കുകയുണ്ടായി:

( أَلاَ وَإِنَّ مَنْ كَانَ قَبْلَكُمْ كَانُوا يَتَّخِذُونَ قُبُورَ أَنْبِيَائِهِمْ وَصَالِحِيهِمْ مَسَاجِدَ أَلاَ فَلاَ تَتَّخِذُوا الْقُبُورَ مَسَاجِدَ إِنِّي أَنْهَاكُمْ عَنْ ذَلِكَ )

'അറിയുക, നിങ്ങളുടെ മുൻ സമൂഹം അവരുടെ പ്രവാചകന്മാരുടെയും സദ്വൃത്തരുടെയും ഖബറുകളെ ആരാധനാലയങ്ങളാക്കുകയുണ്ടായി, അറിയുക, നിങ്ങൾ ഖബറിടങ്ങളെ ആരാധനാലയങ്ങളാക്കാതിരിക്കുക, ഞാൻ അത് വിലക്കുന്നു'[8]

**8–** ഉസാമത്ബ്നു സൈദ്(ﷺ)പറയുന്നു: പ്രവാചകൻ (ﷺ) വഫാതായ രോഗശയ്യയിൽ കിടന്ന് കൊണ്ട് പറയുകയുണ്ടായി:

(أَدْخِلْ عَلَيَّ أَصْحَابِي فَدَخَلُوا عَلَيْهِ وَهُوَ مُتَقَنِّعٌ بِبُرْدٍ لَهُ مَعَافِرِيٍّ (فَكَشَفَ الْقِنَاعَ) فقَالَ لَعَنَ اللَّهُ الْيَهُودَ (وَالنَّصَارَى) اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسَاجِدَ )

'എന്നെ എന്റെ അനുചരന്മാരുടെ അടുത്തേക്ക് പ്രവേശിപ്പിക്കുക, അങ്ങിനെ അദ്ദേഹത്തെ അവരിലേക്ക് പ്രവേശിപ്പിച്ചു, മഗാഫിർ[9] ഗോത്രക്കാർ ഉണ്ടാക്കിയ ഒരു തട്ടം കൊണ്ട് മുഖത്തിന്റെ അധിക ഭാഗവും മറച്ചിരുന്നു. അങ്ങിനെ ആ തട്ടം നീക്കി പറയുകയുണ്ടാ

---

[8] ഇബ്നു അബീ ശൈബ (ق٢/٨٣/٢وط٢م٣٧٦) ഉദ്ധരിച്ചത്, ഇതിന്റെ സനദ് മുസ്ലിമിന്റെ നിബന്ധനയോടെ സ്വഹീഹാണ്.

[9] യമനിലെ ഒരു ഗോത്രത്തിന്റെ പേരാണ് മഗാഫിർ എന്നത്.

യി: ജൂത(ക്രൈസ്തവ)രെ അല്ലാഹു ശപിച്ചിരിക്കുന്നു. അവർ അവരുടെ പ്രവാചകന്മാരുടെ ഖബറിടത്തെ പള്ളികളാക്കിയിരിക്കുന്നു'[10]

**9–** അബൂഉബൈദ് ഇബ്നുൽ ജർറാഅ്(ﷺ)പറയുന്നു: പ്രവാചകൻ(ﷺ) അവസാനമായി സംസാരിച്ചത് ഇതാണ്:

( أَخْرِجُوا يَهُودَ أَهْلِ الْحِجَازِ وَأَهْلِ نَجْرَانَ مِنْ جَزِيرَةِ الْعَرَبِ وَاعْلَمُوا أَنَّ شِرَارَ النَّاسِ الَّذِينَ اتَّخَذُوا (وفي رواية: يتخذون) قُبُورَ أَنْبِيَائِهِمْ مَسَاجِدَ )

'ഹിജാസിൽ നിന്നും, നജ്റാനിൽ നിന്നും ജൂതന്മാരെ നിങ്ങൾ പുറത്താക്കുക, അറിയുക, ജനങ്ങളിൽ ഏറ്റവും നിന്ദ്യരായ ആളുകൾ അവരുടെ പ്രവാചകന്മാരുടെ ഖബറിടങ്ങളെ പള്ളികളാക്കിയ(മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെയാണുള്ളത്: പള്ളികളാക്കുന്ന)[11] വരാണ്'[12]

**10–** സൈദ്ബ്നു ഥാബിത്(ﷺ)പറയുന്നു:

---

[10] ത്വയാലിസി തന്റെ മുസ്നദിൽ (2/113) അഹ്മദ് (5/204).ശൗകാനി(ﷺ)നെയിലുൽ ഔത്വാറിൽ ഇതിന്റെ സനദ് ജയ്യിദ് ആണെന്ന് പറഞ്ഞിട്ടുണ്ട്.

[11] രണ്ട് റിപ്പോർട്ടുകളും തമ്മിൽ പ്രകടമായ വ്യത്യാസങ്ങളുണ്ട്. ഒന്നാമത്തെ റിപ്പോർട്ട് പ്രകാരം മുൻകഴിഞ്ഞ സമൂഹത്തെ സംബന്ധിച്ചാണ് പറയുന്നത്. അവർ ജൂത ക്രൈസ്തവരാണ്. എന്നാൽ രണ്ടാമത്തെ റിപ്പോർട്ടിൽ ഈ സമുദായത്തിൽ ഇങ്ങനെ ചെയ്യുന്ന സമുദായം ഉണ്ടാകുമെന്നാണ് പറയുന്നത്. അതാണ് 6, 7, 12 എന്നീ ഹദീസുകൾ വ്യക്തമാക്കുന്നത്.

[12] അഹ്മദ്(1691,1694),ത്വഹാവി തന്റെ مشكل الأثارൽ ഉദ്ധരിച്ചതാണ്. അബൂയഹ്ലായും ഇബ്നു അസാകിറും സ്വഹീഹായ സനദോടുകൂടി ഉദ്ധരിച്ചത്.

(أن رسول الله صَلَّى اللَّه عَلَيْهِ وَسَلَّمَ قال: لَعَنَ اللَّهُ (وفي رواية: قاتل الله) الْيَهُودَ اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسَاجِدَ )

റസൂലുല്ലാഹി(ﷺ) പറഞ്ഞു: ജൂതന്മാരെ അല്ലാഹു ശപിച്ചിരിക്കുന്നു, (മറ്റൊരു റിപ്പോർട്ടിൽ അല്ലാഹു അവരെ നശിപ്പിക്കട്ടെയെന്നാണ്) അവർ അവരുടെ പ്രവാചകന്മാരുടെ ഖബറിടങ്ങളെ പള്ളികളാക്കിയിരിക്കുന്നു'[13]

11– അബൂഹുറൈറ(رضي الله عنه) പറയുന്നു:

(قال النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ اللَّهُمَّ لاَ تَجْعَلْ قَبْرِي وَثَنًا لَعَنَ اللَّهُ قَوْمًا اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسَاجِدَ )

നബി(ﷺ) പറയുന്നു: 'അല്ലാഹുവെ എന്റെ ഖബറിനെ നീ ഒരു വിഗ്രഹമാക്കല്ലേ[14], ഒരു സമൂഹത്തെ അല്ലാ

---

[13] അഹ്മദ് (5/184,186) ഈ ഹദീസിന്റെ സനദിൽ ചില അഭിപ്രായ വ്യത്യാസങ്ങളുണ്ട്. എന്നാൽ അൽബാനി പറയുന്നത് മുൻകഴിഞ്ഞ ഹദീസുകൾ കാരണം ഈ ഹദീസ് സ്വഹീഹ് ആണെന്നാണ്.

[14] ഇബ്നു അബ്ദുൽ ബിർറ് പറയുന്നത്: وثن എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് വിഗ്രഹമാണ്. അദ്ദേഹം പറയുന്നു: നമസ്കരിക്കുകയും ആരാധിക്കപ്പെടുകയും ചെയ്യുന്ന ഒരു വിഗ്രമാക്കി എന്റെ ഖബറിനെ നീ മാറ്റരുത്. അങ്ങിനെ ചെയ്യുന്നവരോട് അല്ലാഹു കഠിനമായി കോപിക്കുന്നതാണ്. മുൻ സമൂഹങ്ങൾ ചെയ്ത ചീത്ത പ്രവർത്തനങ്ങളെ സംബന്ധിച്ച് പ്രവാചകൻ(ﷺ) തന്റെ സ്വഹാബികളെയും സമൂഹത്തെ മുഴുവനും താക്കീത് ചെയ്യുകയാണ്. മുൻ സമൂഹം അവരുടെ പ്രവാചകന്മാരുടെ ഖബറിടത്തിലേക്ക് നമസ്കരിക്കുകയും, അങ്ങിനെ അതിനെ അവർ ഖിബ്‌ലയും, പള്ളിയുമാക്കുകയും ചെയ്തു. വിഗ്രഹാരാധകർ വിഗ്രഹങ്ങൾക്ക് മുന്നിൽ സുജൂദുകളും ആരാധനകളും സമർപ്പിക്കുകയും, അതിനെ മഹത്വപ്പെടുത്തുകയും ചെയ്യുന്നത് പോലെ. ഇത് വലിയ ശിർക്കാണ്.അത്കൊണ്ട് തന്നെ അല്ലാഹുവിന്റെ കോപവും, ദേഷ്യവും അങ്ങിനെയുള്ളവരിൽ ഉണ്ടായിരിക്കുമെന്ന് പ്രവാചകൻ(ﷺ) ഉണർത്തുകയാണ്. പ്രവാചകൻ(ﷺ) അത് ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. കാരണം മുൻ സമൂഹത്തിന്റെ വഴിയിലൂടെ എന്റെ സമൂഹവും സഞ്ചരിക്കുമെന്ന ഭയം പ്രവാചകനുണ്ടായിരുന്നു. വേദക്കാരോടും, അവിശ്വാസിക

ഹു ശപിച്ചിരിക്കുന്നു, അവർ അവരുടെ പ്രവാചക ന്മാരുടെ ഖബറിടങ്ങളെ പള്ളികളാക്കിയിരിക്കുന്നു'[15]

**12–** അബ്ദുല്ലാഹ് ഇബ്നു മസ്ഊദ്(ﷺ) പറയുന്നു: ഞാൻ പ്രവാചകൻ(ﷺ)യിൽനിന്ന് കേൾക്കുകയുണ്ടായി:

( إِنَّ مِنْ شِرَارِ النَّاسِ مَنْ تُدْرِكُهُ السَّاعَةُ وَهُمْ أَحْيَاءٌ وَمَنْ يَتَّخِذُ الْقُبُورَ مَسَاجِدَ )

'ജനങ്ങളിൽ ഏറ്റവും മോശപ്പെട്ടവർ, അന്ത്യനാൾ സംഭവിക്കുമ്പോൾ ജീവിച്ചിരിക്കുന്നവരാണ്, അതു പോലെ ഖബറിടങ്ങളെ പള്ളികളാക്കുന്നവരുമാണ്'[16]

**13–** അലിയ്യുബ്നു അബൂത്വാലിബ്(ﷺ) പറയുന്നു:

لقيني العباس فقال : يا علي انطلق بنا إلى النبي صلى الله عليه وسلم فإن كان لنا من الأمر شيء وإلا أوصى بنا الناس فدخلنا

---

ളോടും എതിരാവുന്നത് പ്രവാചകൻ(ﷺ) വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. തന്റെ സമുദായം അവരെ പിൻപറ്റുമോയെന്ന് പോലും പ്രവാചകൻ(ﷺ) ഭയപ്പെട്ടിരുന്നു. അതുകൊണ്ടാണ് പ്രവാചകൻ(ﷺ) ഇങ്ങനെ പറഞ്ഞത്: 'നിങ്ങൾ പൂർവ്വിക സമൂഹങ്ങളെ ചെരിപ്പിന്റെ കാര്യത്തിൽ പോലും അനു കരിക്കുന്നതാണ്,അവരിൽ ആരെങ്കിലും ഒരു ഉടുമ്പിന്റെ മാളത്തിൽ പ്രവേശിച്ചാൽ നിങ്ങൾ അതിലും പ്രവേശിക്കുന്നതാണ്'. ഫത്ഹുൽ ബാരി.

[15] അഹ്മദ് (നമ്പർ: 7352) ഇബ്നു സഅദ്, അബൂയഅ്ല, അബൂ നുഐം എന്നിവൽ സ്വഹീഹായ സനദോട് കൂടി ഉദ്ധരിച്ചത്. വേറെയും പണ്ഡിതന്മാർ ഉദ്ധരിച്ച സ്വഹീഹായ ഹദീസാണ് ഇത്.

[16] ഇബ്നു ഖുസൈമ തന്റെ സ്വഹീഹിൽ(1 / 92 /2). ഉദ്ധരിച്ച ഹദീസ്. ഇബ്നു ഹിബ്ബാൻ, ഇബ്നു അബീ ശൈബ. അഹ്മദ്. ത്വബ്റാനി എന്നിവരും ഉദ്ധരിച്ചതാണിത്. എല്ലാം കൂട്ടിയോജിപ്പിച്ചാൽ ഈ ഹദീസ് സ്വഹീഹാണ്. ഈ ഹദീസിന്റെ ആദ്യഭാഗം ഇമാം ബുഖാരി തന്റെ സ്വഹീഹ് ബുഖാരിയിൽ തഅ്ലീഖായി കൊടുത്തതാണ്.

عليه وهو مغمى عليه فرفع رأسه فقال: لعن الله اليهود اتخذوا قبور الأنبياء مساجد " . زاد في رواية : " ثم قالها الثالثة " فلما رأينا ما به خرجنا ولم نسأله عن شئ)

അബ്ബാസ്(ﷺ) എന്നെ കണ്ടുമുട്ടിയപ്പോൾ പറയുകയുണ്ടായി: 'അലിയെ; നബി(ﷺ)യുടെ അടുത്തേക്ക് ഞങ്ങളോടൊപ്പം വരിക. നമുക്ക് എന്തെങ്കിലും ഉപകാരം ഉണ്ടാകും, അല്ലെങ്കിൽ ജനങ്ങൾക്ക് വല്ല ഉപദേശമെങ്കിലും നൽകിയേക്കാം. അങ്ങിനെ ഞങ്ങൾ പ്രവാചകന്നരികിൽ പ്രവേശിച്ചു. അദ്ദേഹത്തിന് ബോധം തിരിച്ചു കിട്ടിയപ്പോൾ തല ഉയർത്തി പറയുകയുണ്ടായി: ജൂതന്മാരെ അല്ലാഹു ശപിച്ചിരിക്കുന്നു.അവർ അവരുടെ പ്രവാചകന്മാരുടെ ഖബറിടങ്ങളെ പള്ളികളാക്കിയിരിക്കുന്നു.' മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെ കൂടി അധികമായി ഉണ്ട്: 'പിന്നെ അദ്ദേഹം മൂന്ന് പ്രാവശ്യമത് പറഞ്ഞു' അങ്ങിനെ പ്രവാചക(ﷺ)ന്റെ അവസ്ഥ കണ്ടപ്പോൾ ഞങ്ങൾ അവിടെ നിന്നും തിരിച്ച് പോന്നു. വേറെയൊന്നും ഞങ്ങൾ ചോദിച്ചില്ല'[17]

14– വിശ്വാസികളായ മാതാക്കളിൽ നിന്നും:

عن أمهات المؤمنين أن أصحاب رسول الله صلى الله عليه وسلم قالوا: كيف نبني قبر رسول الله صلى الله عليه وسلم ؟ أنجعله مسجدا ؟ فقال

(17) ഇബ്നു സഅ്ദ് (4 / 28), ഇബ്നു അസാകിർ (12 / 172/2). അൽബാനി പറയുന്നു: ഇതിന്റെ സനദ് ഹസനാണ്.

أبو بكر الصديق: سمعت رسول الله صلى الله عليه وسلم يقول : لعن الله اليهود والنصارى اتخذوا قبور أنبيائهم مساجد)

'പ്രവാചകൻ(ﷺ)യുടെ സ്വഹാബികൾ ചോദിക്കുകയുണ്ടായി: നാം എങ്ങനെയാണ് റസൂലുല്ലാഹ്(ﷺ)യുടെ ഖബർ ഉണ്ടാക്കുക. അത് നാം പള്ളിയാക്കുമോ? അപ്പോൾ അബൂബക്കർ(ﷺ) പറയുകയുണ്ടായി: റസൂലുല്ലാഹ്(ﷺ) പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി: 'ജൂതക്രൈസ്തവരെ അല്ലാഹു ശപിച്ചിരിക്കുന്നു. അവർ അവരുടെ പ്രവാചകന്മാരുടെ ഖബറിടങ്ങളെ പള്ളികളാക്കിയിരിക്കുന്നു'[18]

[18] ഇബ്നു സൻഞ്ചവൈഹി (فضائل الصديق)ൽ ഉദ്ധരിച്ചത്. അത് الجامع الكبير ൽ കാണാം. (3 / 147 /1)

<u>അധ്യായം :2</u>

## ഖബറിടങ്ങൾ
## പള്ളികളാക്കുക എന്നതിന്റെ ആശയം.

മുൻ അധ്യായത്തിൽ ഉദ്ധരിച്ച ഹദീസുകളിൽ നിന്നും ഖബറിടങ്ങൾ പള്ളികളാക്കുന്നതിന്റെ അപകടവും, അങ്ങനെ ചെയ്യുന്നവർക്ക് അല്ലാഹു നൽകുന്ന കഠിനമായ താക്കീതും നാം മനസിലാക്കുകയുണ്ടായി. അതുകൊണ്ട് തന്നെ പള്ളികളാക്കുകയെന്നതിന്റെ ആശയം നാം മനസിലാക്കേണ്ടതുണ്ട്. ഞാൻ (അൽബാനി)പറയുന്നു: പള്ളികളാക്കുകയെന്നതിൽ നിന്നും നാല് കാര്യങ്ങളാണ് മനസിലാകുന്നത്.

1– ഖബറിടങ്ങളിൽ നമസ്കരിക്കുക, അതായത് സുജൂദ് ചെയ്യുകയെന്ന ആശയത്തിൽ.

2– ഖബറിലേക്ക് തിരിഞ്ഞ് സുജൂദ് ചെയ്യുക, അതിലേക്ക് തിരിഞ്ഞ് നമസ്കരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക.

3– ഖബറിലേക്ക് തിരിഞ്ഞ് നമസ്കരിക്കുകയെന്ന ഉദ്ദേശത്താൽ അതിന്മേൽ പള്ളി നിർമ്മിക്കുക.

ഈ ആശയങ്ങളെല്ലാം പണ്ഡിതന്മാർ പറഞ്ഞതായി കാണാവുന്നതാണ്. ഇതിനെല്ലാം തെളിവായി കൊണ്ട് പ്രവാചകൻ(ﷺ)യിൽ നിന്ന് വ്യക്തമായി തെളിവുകളും വന്നിട്ടുണ്ട്.

**ഒന്നാമത്തെ ആശയം:** ഇബ്നു ഹജർ അൽ ഹൈതമി(ﷺ)തന്റെ الزواجر ൽ (1/121)ൽ പറഞ്ഞിട്ടുണ്ട്.

ഖബറുകൾ പള്ളികളാക്കുക എന്നതിന്റെ ആശയം:'ഖബറിന്മേൽ നമസ്കരിക്കുകയോ,അതിലേക്ക് നമസ്കരിക്കുകയോ ചെയ്യുന്നതാണ്.'

ഈ ആശയം അദ്ദേഹം വ്യക്തമായി പറഞ്ഞതാണ്. നേരത്തെ പറഞ്ഞത് രണ്ട് ആശയത്തിനും ഉപയോഗിക്കും. അതിൽ ഒന്നാണ് ഖബറിന്മേൽ നമസ്കരിക്കുകയെന്നത്.

സ്വൻഹാനി(ﷺ) തന്റെ سبل السلام (1 / 214) ൽ പറയുന്നു:'ഖബറിടം പള്ളികളാക്കുകയെന്ന് പറയുന്നത് ഖബറിന്മേൽ നമസ്കരിക്കുകയോ, അല്ലെങ്കിൽ അതിലേക്ക് നമസ്കരിക്കുകയോ ചെയ്യുകയെന്ന് പറയുന്നതിനേക്കാൾ ആശയം ഉൾകൊള്ളുന്നതാണ്.'

അൽബാനി(ﷺ) പറയുന്നു: അതായത് രണ്ട് ആശയവും അതുൾകൊള്ളുന്നു. അതുപോലെ മൂന്നാമത്തെ ആശയവും അദ്ദേഹം ഉദ്ദേശിച്ചിരിക്കാമെന്ന് അനുമാനിക്കാം. അതാണ് ഇമാം ശാഫിഈ(ﷺ) മനസിലാക്കിയത്.

ഒന്നാമത്തെ ആശയത്തിന് ഒരുപാട് ഹദീസുകൾ തെളിവാണ്.

**ഒന്ന്**: അബൂസഈദുൽ ഖുദ്‌രി(ﷺ)വിൽ നിന്ന്:

" أن رسول الله صلى الله عليه وسلم نهى أن يبنى على القبور أو يقعد عليها أو يصلى عليها "

'പ്രവാചകൻ(ﷺ) ഖബറിന്മേൽ കെട്ടിടമുണ്ടാക്കുന്നതും, അതിന്മേൽ ഇരിക്കുന്നതും, അതിന്മേൽ നമസ്കരിക്കുന്നതും വിരോധിച്ചിരിക്കുന്നു'[19]

**രണ്ട്**: പ്രവാചകൻ(ﷺ) പറയുന്നു:

" لا تصلوا إلى قبر ولا تصلوا على قبر "

'നിങ്ങൾ ഖബറിലേക്ക് നമസ്കരിക്കരുത്, നിങ്ങൾ ഖബറിന്മേൽ നമസ്കരിക്കരുത്'[20]

**മൂന്ന്**: അനസ്(ﷺ)പറയുന്നു:

" أن النبي صلى الله عليه وسلم نهى عن الصلاة إلى القبور "

---

[19] അബൂയഹ്‌ല തന്റെ മുസ്നദിൽ (ق 66 /2) ഇതിന്റെ സനദ് സ്വഹീഹാണ്. ഹൈസമി (3 / 61)ൽ ഇതിന്റെ സനദിലെ ആളുകളെല്ലാം സ്വീകാര്യയോഗ്യരാണെന്ന് പറഞ്ഞിട്ടുമുണ്ട്.

[20] ത്വബ്റാനി മുഅ്ജമുൽ കബീറിൽ (3/145/2) ഉദ്ധരിച്ചത്. ചിലയാളുകൾ ഈ ഹദീസ് ദുർബ്ബലമാക്കിയിട്ടുണ്ട്. എന്നാൽ മറ്റൊരു സനദിലൂടെ ത്വബറാനി ഇബ്നു അബ്ബാസിൽ നിന്നും ഉദ്ധരിച്ചുണ്ട്. അത് ഇമാം ബുഖാരി തന്റെ التاريخ الصغير ൽ ഉദ്ധരിച്ചിട്ടുമുണ്ട്. ആയതിനാൽ അൽബാനി പറയുന്നത് ഈ ഹദീസ് സ്വഹീഹാണെന്നാണ്.

'ഖബറിലേക്ക് തിരിഞ്ഞ് നമസ്കരിക്കുന്നത് പ്രവാചകൻ(ﷺ) വിരോധിച്ചിരിക്കുന്നു'[21]

**നാല്:** അംറ്ബ്നു ദീനാറി(ﷺ)ൽ നിന്ന്, അദ്ദേഹത്തോട് ഒരാൾ ഖബറുകൾക്കിടയിലുള്ള നമസ്കാരത്തെ സംബന്ധിച്ചു ചോദിക്കുകയുണ്ടായി: അപ്പോൾ അദ്ദേഹം പറഞ്ഞു:

( ذكر لي أن النبي صلى الله عليه وسلم قال : " كانت بنو إسرائيل اتخذوا قبور أنبيائهم مساجد فعلنهم الله تعالى)

'തീർച്ചയായും നബി(ﷺ) പറയുകയുണ്ടായി: ബനൂ ഇസ്റാഈല്യർ അവരുടെ പ്രവാചകൻമാരുടെ ഖബറിടങ്ങളെ പള്ളികളാക്കി, അതിനാൽ അല്ലാഹു അവരെ ശപിക്കുകയും ചെയ്തു'[22]

എന്നാൽ **രണ്ടാമത്തെ ആശയം:** മനാവി(ﷺ) فيض القدير ൽ പറയുന്നു: മുൻ കഴിഞ്ഞ മൂന്നാമത്തെ ഹദീസിനെ വിശദീകരിച്ച് കൊണ്ട് പറയുന്നു:

'അതായത്, അവരുടെ നിരർത്ഥകമായ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അവർ ഖബറിനെ ഖിബ്‌ലയുടെ ഭാഗത്താക്കി. അത് തന്നെയാണ് അതിനെ പള്ളികളാക്കുകയെന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.[23] അങ്ങനെയാണെങ്കിലും അതിലേക്ക് തന്നെ

---

[21] ഇബ്നു ഹിബ്ബാൻ (343)

[22] അബ്ദുർറസാഖ് (1591) ഇത് മുർസലാണ്, സനദ് സ്വഹീഹുമാണ്.

[23] ഖബറുകളിന്മേലോ, അല്ലെങ്കിൽ അതിലേക്കോ ഉള്ള സുജൂദ് തന്നെയാണ് അതിനെ പള്ളികളാക്കുകയെന്നതിന്റെ ഉദ്ദേശം, ഖബറിന്മേൽ

യാണ് സുജൂദ് ചെയ്യുന്നത്. ഇതിൽ ഖബറുകളെ ആദരിക്കു ന്നതിൽ അതിര് കവിഞ്ഞത് കൊണ്ടാണ് അങ്ങിനെ ചെയ്യുന്നവർക്ക് ശാപം ലഭിക്കുവാൻ കാരണം. ക്വാളി (ബൈളാവി) പറയുന്നു: ജൂതന്മാർ പ്രവാചകന്മാരെ മഹത്വവൽക്കരിക്കുന്നതിൽ അതിര് കവിഞ്ഞപ്പോൾ അവരുടെ ഖബറുകളുടെ മുന്നിൽ സുജൂദ് ചെയ്യുവാനും, അതിനെ ഖിബ്‌ലയാക്കുവാനും, നമസ്കാരം പോലെയുള്ള ആരാധനകളിൽ അതിലേക്ക് തിരിയുകയും, ഖബറുകളെ ഒരു വിഗ്രഹത്തെപ്പോലെയാക്കിയപ്പോൾ അല്ലാഹു അവരെ ശപിക്കുകയും ചെയ്തു. ഇത്പോലെ ചെയ്യുന്നതിൽ നിന്ന് മുസ്ലീംകളെ വിലക്കുകയും, അവരെ അതിൽ നിന്ന് വിരോധിക്കുകയും ചെയ്തു...'

അൽബാനി(ﷺ) പറയുന്നു: ഈ ആശയെത്ത വിരോധിച്ച് കൊണ്ടുള്ള വ്യക്തമായ ഹദീസുകൾ നമുക്ക് കാണാവുന്നതാണ്. പ്രവാചകൻ(ﷺ) പറയുകയുണ്ടായി:

( لاَ تَجْلِسُوا عَلَى الْقُبُورِ وَلاَ تُصَلُّوا إِلَيْهَا )

'നിങ്ങൾ ഖബറിന്മേൽ ഇരിക്കരുത്, അതിലേക്ക് നമസ്കരിക്കുകയും ചെയ്യരുത്'[24]

المرقاة (2/372)ൽ ശൈഖ് അലിയ്യുൽ ഖാരി(ﷺ) വിരോധത്തിനുള്ള കാരണം പറയുന്നു: 'അതിര് കവി

പള്ളികളുണ്ടാക്കി അതിലേക്ക് സുജൂദ് ചെയ്യുന്നത് പോലെ തന്നെ. ഇത് ഇന്ന് സംഭവിക്കുന്ന കാര്യങ്ങളാണ് .

[24] മുസ്ലിം (3 / 62), അബൂദാവൂദ് (1 / 71)

ഞ്ഞ ആദരവ് ആരാധനയുടെ പരിധിയിൽ എത്തിയിരിക്കുന്നു, ഖബറിനോ, അല്ലെങ്കിൽ അതിൽ കിടക്കുന്ന വ്യക്തിക്കോ ആണ് യഥാർത്ഥത്തിൽ ഈ ആരാധ്യത നൽകുന്നെതെങ്കിൽ അതിര് കവിഞ്ഞ ആദരവ് നൽകുന്ന വ്യക്തി അവിശ്വാസിയായിരിക്കും. ഇനി ഖബറിനോ, അതിലുള്ള വ്യക്തിക്കോ ആരാധ്യത നൽകുന്ന ഖബറിലേക്ക് പോകുന്നത് വെറുക്കപ്പെട്ട കാര്യമാണ്. ഇവിടെ മക്റൂഹ് എന്നത് നിഷിദ്ധത്തെയാണ് കുറിക്കുന്നത്. ഇത്പോലെ തന്നെയാണ് മക്കാ നിവാസികൾ പരീക്ഷിക്കപ്പെട്ട കാര്യമായ ഖിബ്ലക്കഭിമുഖമായി ജനാസ വെച്ച് കൊണ്ട് അതിലേക്ക് മുന്നിടുന്നതും ഇതിന്റെ ആശയത്തിൽ പെടുന്നതാണ്'

അൽബാനി(ﷺ) പറയുന്നു: അതായത് ഫർള് നമസ്കാരങ്ങളിലും അവർ ജനാസ മുന്നിൽ വെച്ച് കൊണ്ട് നമസ്കരിക്കും, ശേഷം ജനാസ നമസ്കാരവും നിർവ്വഹിക്കും. ഇത് പൊതു പരീക്ഷണമായി മാറി അത് ശാമിലേക്കും, അനാളൂലിലും മറ്റും വ്യാപിച്ചിരിക്കുന്നു. അതുപോലെ ബാഹിറയിൽ മുങ്ങി മരിച്ച ഒരു കൂട്ടമാളുകളുടെ ജനാസകൾക്കരികിൽ വെച്ച് കൊണ്ട് അണിയണിയായി നിന്ന് സുജൂദ് ചെയ്യുന്ന മ്ലേഛമായ ഒരു ഫോട്ടോ നാം ഒരു മാസമായി കാണാൻ ഇടയായി.

ഈ സന്ദർഭത്തിൽ പ്രവാചകൻ(ﷺ)യുടെ ചര്യയെ പരിശോധിക്കുമ്പോൾ അധിക സന്ദർഭങ്ങളിലും മയ്യിത്ത് നമസ്കാരം നബി(ﷺ) നിർവ്വഹിച്ചിരുന്നത് പള്ളിക്ക് പുറത്തായിരുന്നുവെന്ന് കാണാവുന്നതാണ്.

അതിന് കാരണം അലിയ്യുൽഖാരി ഉണർത്തിയ പോലെയുള്ള വിരോധിക്കപ്പെട്ട കാര്യം വരുമെന്ന് ഭയപ്പെട്ടത് കൊണ്ടായിരിക്കാം.

മുകളിൽ ഉദ്ധരിച്ച ഹദീസ് പോലെ ഥാബിത് അൽ ബനാനി അനസ്(ﷺ) വിൽ നിന്ന് പറയുന്നു:

(كنت أصلي قريبا من قبر فرآني عمر بن الخطاب فقال : القبر القبر . فرفعت بصري إلى السماء وأنا أحسبه يقول : القمر!)

'ഞാൻ ഖബറിന് അടുത്ത് ഒരിക്കൽ നമസ്കരിച്ചപ്പോൾ ഉമറുബ്നുൽ ഖത്വാബ് എന്നെ കണ്ടു, അപ്പോൾ അദ്ദേഹം പറഞ്ഞു: ഖബർ, ഖബർ എന്ന് വിളിച്ച് പറഞ്ഞു. ഞാൻ ആകാശത്തേക്ക് നോക്കി, ഞാൻ വിചാരിച്ചത് അദ്ദേഹം 'ഖമർ' (ചന്ദ്രൻ) എന്നാണ് പറഞ്ഞത് എന്ന്'[25]

**മൂന്നാമത്തെ ആശയം:** ഇമാം ബുഖാരി(ﷺ) ഒന്നാമത്തെ ഹദീസിന് നിർവ്വചനം നൽകി കൊണ്ട് പറയുന്നു: 'ഖബറുകളിന്മേൽ പള്ളികൾ ഉണ്ടാക്കുന്നത് മക്റൂഹാണെന്ന് (നിഷിദ്ധം) സൂചിപ്പിക്കുന്ന അധ്യായം'

ഇതിലൂടെ സൂചിപ്പിക്കുന്നത് ഖബർ പള്ളിയാക്കുന്നത് വിരോധിക്കപ്പെട്ടതാണെങ്കിൽ ഖബറിന്മേൽ പള്ളിയുണ്ടാക്കുന്നതും വിരോധിക്കപ്പെട്ട കാര്യമാണെന്ന് നിർബ്ബന്ധമായും വരുന്നു. ഈ കാര്യം വള

---

[25] അബുൽ ഹസൻ അദ്ദയ്നോരി (جزء فيه مجالس من أمالي أبي الحسن القزويني) -(ق١/٣)ൽ സ്വഹീഹായ സനദോടു കൂടി ഉദ്ധരിച്ചത്.

രെ വ്യക്തമാണ്. കുറച്ച് മുമ്പ് നാം ഉദ്ധരിച്ച മനാവി (ﷺ)യുടെ ഉദ്ധരണിയിലും ഇത് വ്യക്തമാണ്. ഹാഫിള് ഇബ്നുൽ ഹജർ(ﷺ) ഈ ഹദീസിനെ വിശദീകരിച്ച് കൊണ്ട് പറയുന്നു:

((അൽകിർമാനി പറയുന്നു:'ഹദീസിൽ നിന്നും മനസിലാകുന്നത് ഖബർ പള്ളിയാക്കുന്നത് വിരോധിച്ചിരിക്കുന്നുവെന്നാണ്, എന്നാൽ അധ്യായത്തിന് നൽകിയ നിർവ്വചനത്തിൽ ഖബറിന്മേൽ പള്ളിയുണ്ടാക്കുന്നതാണ് തടയപ്പെട്ടത് എന്നാണ്. രണ്ട് വിശദീകരണത്തിൽ നിന്നും മനസിലാകുന്നത് ഭിന്നാശയങ്ങളാണ്. എന്നാൽ അതിനുള്ള മറുപടി: രണ്ടിൽ നിന്നും മനസിലാകുന്ന ആശയങ്ങൾ ഭിന്നമാണെങ്കിലും രണ്ടും പരസ്പരം പൂരകങ്ങളാണ്. (ഒരു കാര്യം ചെയ്താൽ രണ്ടാമത്തെ കാര്യവും വരുമെന്നർത്ഥം).))

ഈ ആശയമാണ് മഹതിയായ ആയിശാ(ﷺ) ഉദ്ധരിക്കുന്ന ഒന്നാമത്തെ ഹദീസിലെ അവസാന ഭാഗം:

(فَلَوْلاَ ذَكَ أَبرزَ قَبْرَهُ غَيْرَ أَنِّي أَخْشَى أَنْ يُتَّخَذَ مَسْجِدًا)

ആയിശാ(ﷺ) പറയുന്നു: അതില്ലായിരുന്നെങ്കിൽ പ്രവാചക(ﷺ)ന്റെ ഖബറിനെ വെളിവാക്കുമായിരുന്നു. അതിനെ പള്ളിയാക്കുമെന്ന് പേടിച്ചില്ലായിരുന്നെങ്കിൽ'

ഖബറുകളിൽ എടുപ്പുകളുണ്ടാക്കി പള്ളികളാക്കുകയെന്ന കാരണത്താൽ ജൂതക്രൈസ്തവർ അല്ലാഹുവിന്റെ ശാപത്തിനിരയായി എന്ന കാരണം ഇല്ലായിരുന്നെങ്കിൽ നബി(ﷺ)യുടെ ഖബറിനെ ഒഴിഞ്ഞ

സ്ഥലത്ത് പ്രകടമായിതന്നെ മറമാടുമായിരുന്നു. പക്ഷേ, സ്വഹാബികൾക്ക് ശേഷം ആരെങ്കിലും ആ ഖബറിന്മേൽ പള്ളിയുണ്ടാക്കുകയും,അങ്ങിനെ ആ ശാപത്തിൽ അവരും ഉൾകൊള്ളുമെന്ന് ഭയപ്പെട്ടതിനാൽ അവർ വീട്ടിൽ തന്നെ പ്രവാചക(ﷺ)നെ മറമാടുകയാണ് ചെയ്തത്.

ഇതിന് ഉപോൽബലകമായി ഇബ്നു സഅ്ദ് (ؒ) (2/241)ൽ സ്വഹീഹായ സനദോടു കൂടി ഹസനുൽ ബസരി(ؒ)യിൽ നിന്നും ഉദ്ധരിക്കുന്നു:

( ائتمروا أن يدفنوه صلى الله عليه وسلم في المسجد فقال عائشة : إن رسول الله صلى الله عليه وسلم كان واضعا رأسه في حجري إذ قال : قاتل الله أقواما اتخذوا قبور أنبيائهم مساجد)

'അവർ പ്രവാചകൻ(ﷺ)യെ പള്ളിയിൽ മറമാടുവാൻ കൂടിയാലോചന നടത്തി, അപ്പോൾ ആയിശാ(ؓ) പറയുകയുണ്ടായി: 'പ്രവാചകൻ(ﷺ) തന്റെ മടിയിൽ കിടന്ന് തലയുയർത്തിക്കൊണ്ട് പറഞ്ഞു: 'പ്രവാചകന്മാരുടെ ഖബറുകളെ പള്ളികളാക്കിയവരെ അല്ലാഹു നശിപ്പിക്കട്ടെ.'

അങ്ങിനെ അവർ പ്രവാചകൻ(ﷺ) മരണപ്പെട്ട ആയിശാ(ؓ)യുടെ വീട്ടിൽ മറമാടുവാൻ തീരുമാനിക്കുകയുണ്ടായി.

അൽബാനി(ﷺ)പറയുന്നു: ഈ റിപ്പോർട്ടിൽ നിന്നും–ഇത് മുർസലാണ്–രണ്ട് കാര്യങ്ങൾ മനസിലാക്കുവാനുണ്ട്:

**ഒന്ന്:** ആയിശാ(ﷺ) മേൽ പറയപ്പെട്ട പ്രവാചക(ﷺ)ന്റെ വചനത്തിൽ നിന്നും മനസിലാക്കിയത് പള്ളിയിലേക്ക് ഖബർ പ്രവേശിപ്പിക്കുന്നത് ഖബറുകളെ പള്ളികളാക്കുന്നതിന് തുല്ല്യമാണെന്നാണ്. എങ്കിൽ ഖബറിന്മേൽ ഉണ്ടാക്കിയ പള്ളികൾ ഈ വിരോധത്തിൽ എന്തായാലും ഉൾപ്പെടുകയില്ലേ.

**രണ്ട്:** പ്രവാചകൻ(ﷺ)യുടെ സ്വഹാബികൾ ഈ അഭിപ്രായത്തെ അംഗീകരിക്കുകയും, അതുകൊണ്ട് തന്നെ ആയിശാ(ﷺ)യുടെ അഭിപ്രായത്തിലേക്ക് മടങ്ങി വീട്ടിൽ നബി(ﷺ)യെ മറമാടുകയും ചെയ്തു.

ഇതെല്ലാം സൂചിപ്പിക്കുന്നത് ഖബറിന്മേൽ പള്ളിയുണ്ടാക്കുന്നതും, പള്ളിയിലേക്ക് ഖബർ കൂട്ടി ചേർക്കുന്നതും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. എല്ലാം ഹറാമാണ്.കാരണം രണ്ടിന്റെയും പരിണിതി ഒന്ന് തന്നെയാണ്. അത്കൊണ്ടാണ് ഹാഫിള് അൽ ഇറാഖി(ﷺ) ഇങ്ങനെ പറഞ്ഞത്: ആരെങ്കിലും ഖബറടക്കണമെന്ന് ഉദ്ദേശത്തോടെ പള്ളി നിർമ്മിക്കുകയാണെങ്കിൽ പ്രസ്തുത ശാപത്തിൽ പെടുന്നതാണ്. മാത്രമല്ല, പള്ളിയിൽ മറമാടുന്നത് ഹറാമുമാണ്. ഇനി ആരെങ്കിലും എന്നെ പള്ളിയിൽ മറമാടണമെന്ന് നിബന്ധന വെക്കുകയാണെങ്കിൽ ആ നിബന്ധന ശരി

യാവുകയില്ല. പള്ളി നിർമ്മിച്ചതിന്റെ ഉദ്ദേശത്തിന് വിപരീതമായത് കൊണ്ട് തന്നെ.[26]

അൽബാനി(ﷺ) പറയുന്നു: നാം ഇത് വരെ പറഞ്ഞതിൽ നിന്നും, ഇനി പറയുവാൻ പോകുന്നതിൽ നിന്നും ഇസ്ലാം ദീനിൽ ഖബറും പള്ളിയും ഒരിക്കലും ഒരുമിക്കുകയില്ലായെന്ന് വ്യക്തമാണ്.

നാം മുകളിൽ അഞ്ചാമതായി ഉദ്ധരിച്ച ഹദീസ് ഇതിന് വ്യക്തമായ തെളിവാണ്. അതിന്റെ പദങ്ങൾ ഇങ്ങനെയാണ്:

(( أُولَئِكِ قوم إِذَا كان فيهم الرَّجُلُ الصَّالِحُ بَنَـوْا عَلَى قَـبْرِهِ ... أُولَـئِكِ شِرَارُ الْخَلْقِ ...))

'അവരിൽ പെട്ട സദ്വൃത്തരായ ആരെങ്കിലും മരിക്കുകയാണെങ്കിൽ അവരുടെ ഖബറിടത്തിൽ അവർ പള്ളിയുണ്ടാക്കിയിരുന്നു.... സൃഷ്ടികളിൽ ഏറ്റവും മോശപ്പെട്ടവർ അവരാകുന്നു. ...'

പ്രവാചകന്മാരുടെയും സ്വാലിഹീങ്ങളുടെയും ഖബറുകളിൽ പള്ളി നിർമ്മിക്കുകയെന്നത് വിരോധിക്കപ്പെട്ടതാണെന്നതിന് ഈ ഹദീസ് വ്യക്തമായ തെളിവാണ്. അല്ലാഹുവിന്റെയടുത്ത് ഏറ്റവും മോശപ്പെട്ട സൃഷ്ടികളാകുവാൻ കാരണം ഇതിൽ വ്യക്തമാക്കിയിരിക്കുന്നു.

ജാബിർ(ﷺ)വിന്റെ ഹദീസ് ഇത് ഒന്നു കൂടി ബലപ്പെടുത്തുന്നു:

---

(26) ഇത് അൽമനാവി (الفيض القدير) (5/274) ൽ ഉദ്ധരിക്കുകയും, അംഗീകരിക്കുകയും ചെയ്തിരിക്കുന്നു.

( نَهَى رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنْ يُجَصَّصَ الْقَبْرُ وَأَنْ يُقْعَدَ عَلَيْهِ وَأَنْ يُبْنَى عَلَيْهِ )

'ഖബറുകൾ കുമ്മായം പൂശുന്നതും, അതിന്മേൽ ഇരിക്കുന്നതും, അതിന്മേൽ എടുപ്പുകൾ എടുക്കുന്നതും

റസൂലുല്ലാഹി വിരോധിച്ചിരിക്കുന്നു'[27]

പൊതുവെ ഖബറിന്മേൽ പള്ളികളുണ്ടാക്കുന്നതും, അതിന്മേൽ ഖുബ്ബയുണ്ടാക്കുന്നതും ഈ നിരോധത്തിൽ ഉൾപ്പെടുന്നതാണ്.

ഖബറുകൾ പള്ളികളായി സ്വീകരിക്കുകയെന്നതിൽ നിന്നും വ്യക്തമാവുന്നത് ഈ ആശയവും ശരിയാണെന്നാണ്. വേറെയും തെളിവുകൾ ഇത് സ്ഥാപിക്കുന്നുണ്ട്.

---

[27] മുസ്ലിം (3/62) ഇബ്നു അബൂ ശൈബ, തിർമിദി, അഹ്മദ് സ്വഹീഹാക്കിയ ഹദീസ്. ഇവിടെ ഉസൂലിയായ ചർച്ചയുണ്ട്, അത് പരിഭാഷപ്പെടുത്താതെ അറബിയിൽ തന്നെ കൊടുക്കുന്നു.

واعلم ان حديث جابر هذا في النهي عن البناء على القبر حديث صحيح لا يرتاب في ذلك ذو علم بطرق التصحيح والتضعيف فلا تغتر باعلال الكوثري له في " مقالاته " ( ص ١٥٩ ) بان " فيه عنعنة أبي الزبير " فإن ابن الزبير قد صرح بالتحديث عند مسلم وكذا احمد وما أعتقد أن هذا يخفى على الكوثري ولكن يفعل ذلك عمدا شأن أهل الأهواء قديما وحديثا يضعفون الأحاديث الصحيحة إذا كانت عليهم ويصححون الأحاديث الضعيفة إذا كانت لهم والكوثري هذا مشهور بذلك عند أهل العلم وقد بينت شيئا من هذا في " الأحاديث الضعيفة والموضوعة وأثرها السئ في الأمة " ( الأحاديث ٢٣ و ٢٤ و ٢٥ ) فليراجع من شاء التأكد مما نقول ويأتيك مثال آخر في هذا الكتابويؤيد صحة الحديث أنا أبا الزبير لم يتفرد به بل تبعه سليمان بن موسى عند أحمد وغيره ولما صححه الترمذي قال : " وقد روي من غير وجه عن جابر " وتابعه أيضا أبو نضرة عند ابن النجار في " ذيل تاريخ بغداد (١٠/٢٠١/١) وله شاهد عن أم سلمة عند أحمد وآخر عند أبي سعيد كما في " الكواكب الدراري " ( ق ٨٦٨٧ تفسير ٥٤٨)

ഖബറിന്മേൽ നിർമ്മിക്കപ്പെട്ട പള്ളികളിൽ നമസ്കരിക്കുന്നതും വിരോധിക്കപ്പെട്ടതാണെന്ന് ഹദീസുകളിൽ നിന്ന് മനസിലാവുന്നു. കാരണം ഖബറിന്മേൽ പള്ളി നിർമ്മിക്കുന്നത് തന്നെ വിരോധിക്കപ്പെട്ടുവെങ്കിൽ അതിൽ നമസ്കരിക്കുന്നത് നിർബ്ബന്ധമായും വിരോധിക്കപ്പെട്ടത് തന്നെയാണ്. ഒരു മാർഗത്തെ വിരോധിക്കപ്പെട്ടുവെങ്കിൽ ആ മാർഗത്തിന്റെ ഉദ്ദേശവും, അതിലേക്ക് എത്തിക്കപ്പെടുന്ന കാര്യങ്ങളും നിർബ്ബന്ധമായും വിരോധിക്കപ്പെട്ടതായിരിക്കും. അതിന് ഉദാഹരണം: അല്ലാഹു മദ്യം വിൽക്കുന്നത് നിഷിദ്ധമാക്കിയെങ്കിൽ അത് കുടിക്കുന്നതും നിഷിദ്ധമായിരിക്കുമെന്നത് അതിൽ വരുന്നുണ്ട്. ഇത് ആർക്കും അജ്ഞാതമായ കാര്യമല്ല. എങ്കിൽ ഈ കാര്യം ഒന്നുകൂടി വ്യക്തമാണ്.

ഖബറിന്മേൽ പള്ളികൾ നിർമ്മിക്കുന്നത് വിരോധിക്കുന്നത് വെറും പള്ളിയായത് കൊണ്ടല്ല, അങ്ങാടികളിലും, വീടുകളിലും പള്ളികൾ ഉണ്ടാക്കുന്നത് വെറും പള്ളിയുണ്ടാക്കുകയെന്ന ലക്ഷ്യത്തിനല്ല, മറിച്ച് അവിടങ്ങളിൽ നമസ്കാരം നടക്കുവാനാണ് പള്ളികൾ ഉണ്ടാക്കുന്നത് എന്നത് വളരെ വ്യക്തമായ കാര്യമാണ്. താഴെവരുന്ന ഉദാഹരണം ഇത് വ്യക്തമാക്കുന്നു: ഒരാളും താമസിക്കാത്ത, നമസ്കരിക്കുവാൻ ആളില്ലാത്ത സ്ഥലത്ത് ഒരാൾ പള്ളിയുണ്ടാക്കിയാൽ അത് നിർമ്മിച്ച വ്യക്തിക്ക് പ്രതിഫലം ലഭിക്കുകയില്ല. എന്റെ(അൽബാനി) അഭിപ്രായത്തിൽ അവന് കുറ്റക്കാരനാണ്. കാരണം അവർ യാതൊരു ആവശ്യ വുമില്ലാതെ സമ്പത്ത് പാഴാക്കി കളഞ്ഞിരിക്കുകയാണ്. ഒരു കാര്യത്തെ അതിന്റെ യഥാർത്ഥ സ്ഥാന

ത്തല്ലാതെ വെച്ചിരിക്കുകയാണ് അവൻ ചെയ്തിരിക്കുന്നത്.

അല്ലാഹു പള്ളികൾ നിർമ്മിക്കുവാൻ പറഞ്ഞിരിക്കുന്നത് നമസ്കാരം നിലനിർത്തുവാനാണ്. അതിന് വേണ്ടിയാണ് പള്ളികൾ നിർമ്മിക്കേണ്ടത്. അത് കൊണ്ട് തന്നെ ഖബറിന്മേൽ പള്ളികൾ ഉണ്ടാക്കുവാൻ പാടില്ലായെന്ന് പറയുമ്പോൾ അതിൽ നമസ്കരിക്കുവാനും പാടില്ലായെന്ന് വരുന്നു. കാരണം അതിന് വേണ്ടിയാണല്ലോ പള്ളി നിർമ്മിക്കുന്നത്. إن شاء الله ഇതിൽ ബുദ്ധിയുള്ള ഒരാൾക്കും തന്നെ സംശയമുണ്ടാവുകയില്ല.

മുകളിലെ മൂന്ന് ആശയങ്ങളും പ്രബലമായത് തന്നെയാണ്. ഇതാണ് ഇമാം ശാഫിഈ(ﷺ)യുടെ അഭിപ്രായം.

**പറഞ്ഞതിന്റെ ചുരുക്കം:** മുകളിൽ നാം ഉദ്ധരിച്ച ഹദീസുകളിൽ നിന്ന് മൂന്ന് ആശയങ്ങളും ഉൾകൊണ്ടിട്ടുണ്ട്. ഇത് അല്ലാഹു പ്രവാചകന്(ﷺ) നൽകിയ ജവാമിഉൽ കലിമയി(കുറഞ്ഞ പദങ്ങളിൽ കൂടുതൽ ആശയം ഉൾകൊള്ളുക)ൽ പെട്ടതാണ്. ഇത് ഇമാം ശാ ഫിഈ(ﷺ) തന്റെ 'അൽഉമ്മ്' (1/246) ൽ വിവരിച്ചിട്ടുണ്ട്. അത് താഴെ കൊടുക്കുന്നു:

'ഖബറിന്മേൽ പള്ളിയുണ്ടാക്കുന്നത് ഞാൻ വെറുക്കുന്നു. അതുപോലെ ഖബറുകൾ ഭൂമിയുടെ അതേ നിരപ്പിലാക്കുന്നതും, അതിന്മേൽ നമസ്കരി

ക്കുന്നതും, അതുപോലെ ഖബറുകൾ ഉയർത്തി അതിലേക്ക് നമസ്കരിക്കുന്നതും ഞാൻ വെറുക്കുന്നു. ആരെങ്കിലും അതിലേക്ക് നമസ്കരിച്ചാൽ അത് മതിയാവുന്നതാണ്, എന്നാൽ അവൻ ചീത്ത പ്രവർത്തനമാണ് ചെയ്തത്. ഇമാം മാലിക്(ﷺ) നമ്മളോട് അറിയിച്ചുതരുകയുണ്ടായി: പ്രവാചകൻ(ﷺ) പറഞ്ഞു: 'ജൂതക്രൈസ്തവരെ അല്ലാഹു നശിപ്പിക്കട്ടെ, അവർ അവരുടെ പ്രവാചകന്മാരുടെ ഖബറിടങ്ങളെ പള്ളികളാക്കിയിരിക്കുന്നു.' പ്രവാചക(ﷺ)ന്റെ സുന്നത്തിലും, സ്വഹാബികളുടെ അഥറുകളിലും അതുള്ളത് കൊണ്ട് ഞാനും ഇത് വെറുക്കുന്നു. കാരണം പ്രവാചകൻ(ﷺ) മുസ്ലീംകളിൽ ആരെങ്കിലും തന്റെ ഖബറിനെ പള്ളിയാക്കുന്നത് വെറുത്തിരുന്നു. الله أعلم പ്രവാചകൻ(ﷺ)ക്ക് ശേഷം വരുന്നവരിൽ നിന്നും ഈ ഫിത്നയോ, വഴികേടോ ഉണ്ടാവില്ലായെന്ന് പ്രവാചകൻ(ﷺ) പറഞ്ഞില്ല.'

നാം വിശദീകരിച്ച മൂന്ന് ആശയങ്ങളും ഈ ഹദീസുകളിൽ ഉൾകൊള്ളുന്നുണ്ട് എന്നാണ് ഇദ്ദേഹത്തിന്റെ വാക്കുകൾ വ്യക്തമാക്കുന്നത്. ഇതെല്ലാം ഹദീസുകളിൽ നിന്ന് മൊത്തത്തിൽ അത് വ്യക്തമാവുന്നുണ്ടെന്നതിന് വ്യക്തമായ തെളിവാണ്. അപ്രകാരം തന്നെ ശൈഖ് അലിയുൽഖാരി(റ) ചില ഹനഫീ പണ്ഡിതന്മാരിൽ നിന്നും തന്റെ مرقاة المفاتيح شرح مشكاة المصابيح) (1 / 456) ൽ പറയുന്നുണ്ട്.

(അവരെ ശപിക്കുവാനുള്ള കാരണം: ഒന്നുകിൽ പ്രവാചകന്മാരെ മഹത്വപ്പെടുത്തുവാനായി അവർ അവരുടെ ഖബറിടങ്ങളിൽ സുജൂദ് ചെയ്തിരുന്നു, അത് വ്യക്തമായ ശിർക്കാണ്, അല്ലെങ്കിൽ അവർ പ്രവാചകന്മാരെ മറമാടപ്പെട്ട സ്ഥലങ്ങളിൽ അല്ലാഹുവിന് വേണ്ടി അവർ നമസ്കരിച്ചിരുന്നു, അവരുടെ ഖബറുകളിന്മേൽ അവർ സുജൂദ് ചെയ്തിരുന്നു, അല്ലാഹുവിനുള്ള ആരാധനയായ നമസ്കാര വേളയിൽ പ്രവാ ചകന്മാരോടുള്ള ആദരവ് അതിര് കവിഞ്ഞതിനാൽ അവർ ആ ഖബറുകളിലേക്ക് തിരിഞ്ഞിരുന്നു, ഇത് ഗോപ്യമായ ശിർക്കാണ്. കാരണം അല്ലാഹു അനുവദിക്കാത്ത രൂപത്തിൽ സൃഷ്ടികളെ മഹത്വവൽക്കരിച്ചത് കൊണ്ട് തന്നെ അത് ഗോപ്യമായ ശിർക്കിൽ പെടുന്നതാണ്. ജൂതന്മാരുടെ ചര്യയായത് കൊണ്ടോ, അല്ലെങ്കിൽ ഗോപ്യമായ ശിർക്ക് ഉൾ കൊള്ളുന്നത് കൊണ്ടോ നബി(ﷺ) തന്റെ സമുദായത്തെ ഇതിനെ തൊട്ട് വിലക്കിയിരിക്കുന്നു. ഇപ്രകാരമാണ് നമ്മുടെ നേതാക്കന്മാരായ ചില പണ്ഡിതന്മാർ ഇതിനെ വിശദീകരിച്ചിരിക്കുന്നത്.ഇതിനെ ഒന്നുകൂടി ബലപ്പെടുത്തുകയാണ് 'അവർ ചെയ്തതിനെതിരെ താക്കീത് ചെയ്തിരിക്കുന്നു' എന്ന റിപ്പോർട്ട്.

ഞാൻ (അൽബാനി) പറയുന്നു: അദ്ദേഹം ഒന്നാമതായി സൂചിപ്പിച്ച കാരണം പ്രവാചകന്മാരോടുള്ള ആദരവ് കാരണത്താൽ അവർ അവരുടെ ഖബറിടങ്ങളിൽ സുജൂദ് ചെയ്തുവെന്നാണ്. ഇത് ജൂത ക്രൈസ്തവർ ചെയ്തിരുന്നു, പക്ഷേ, ഇത് പ്രകടമായി പ്രവാചകൻ(ﷺ)യുടെ 'അവർ അവരുടെ പ്രവാച

കൻമാരുടെ ഖബറിടങ്ങൾ പള്ളികളാക്കിയെന്ന്' വാക്കുകളിൽ ഇല്ല, എന്നാൽ അവർ മുകളിലെ ആശയമായ മറമാടപ്പെട്ട പ്രവാചകന്മാരോടുള്ള ആദരവിനാൽ അവർ ഖബറുകളെ പള്ളികളാക്കിയെന്ന് വ്യക്തമായി മനസിലാകുന്നതാണ്. ഇത് തന്നെയാണ് ശൈഖ് അൽഖാരി(ﷺ) പറഞ്ഞത് പോലെ ജൂതന്മാരെയും –മറ്റുള്ളവരെയും– പ്രകടമായ ശിർക്കിലേക്ക് എത്തിക്കുന്നത് എന്ന കാര്യം.

**അധ്യായം: 3**

## ഖബറിടങ്ങൾ പള്ളികളാക്കുന്നത് വൻപാപം

ഖബറിടങ്ങൾ പള്ളികളാക്കുകയെന്നതിന്റെ ആശയം നാം മുകളിൽ വിവരിച്ച ഹദീസുകളിൽ നിന്നും മനസിലാക്കി. ഇനി ഈ വിഷയത്തിൽ പണ്ഡിതന്മാർ എന്ത് പറഞ്ഞുവെന്ന് മനസിലാക്കി കൊണ്ട് ഖബറുകൾ പള്ളികളാക്കുന്നതിന്റെ വിധിയെന്താണെന്ന് മനസിലാക്കുന്നത് നന്നായിരിക്കും. ഞാൻ (അൽബാനി) പറയുന്നു:

മുകളിൽ വ്യക്തമാക്കിയ ഹദീസുകളുടെ അടിസ്ഥാനത്തിൽ ചിന്തിക്കുന്ന ഓരോ വ്യക്തിക്കും മനസിലാകുന്നത് ഖബറുകൾ പള്ളികളാക്കുന്നത് ഹറാമാണെന്ന് വ്യക്തമാവുമെന്നതിൽ യാതൊരു സംശയവുമില്ല. മാത്രമല്ല, വൻപാപങ്ങളിൽ പെട്ട വലിയ പാപ വുമാണത്. കാരണം അങ്ങനെ ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ ശാപമുണ്ടെന്ന് വന്നിരിക്കുന്നു. അതു പോലെ അങ്ങിനെ ചെയ്യുന്നവരെ വിശേഷിപ്പിച്ചിരി ക്കുന്നത് അല്ലാഹുവിന്റെ അടുത്ത് അവർ ഏറ്റവും മോശപ്പെട്ട സൃഷ്ടികളാണെന്നാണ്. വൻപാപങ്ങ

ൾ ചെയ്യു ന്നവർക്കല്ലാതെ ഒരിക്കലും ഇങ്ങനെയുള്ള അവസ്ഥ യുണ്ടാവില്ല.

**മദ്ഹബീ പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ:**

ഖബറിടങ്ങൾ പള്ളികളാക്കുന്നത് നിഷിദ്ധമാണെന്നതിൽ നാല് മദ്ഹബും യോജിച്ചിരിക്കുന്നു. ഓരോ മദ്ഹബിന്റെയും അഭിപ്രായങ്ങൾ താഴെ കൊടുക്കട്ടെ.

**1-ശാഫിഈ മദ്അബ്:**

ശാഫിഈ മദ്ഹബിലെ അഭിപ്രായം അത് വൻ പാപമാണെന്നാണ്.

കർമ്മശാസ്ത്ര പണ്ഡിതനായ ഇബ്നുൽ ഹജർ അൽ ഹൈതമി(ﷺ) തന്റെ (الزواجر عن اقتراف الكبائر) (1/120)ൽ പറയുന്നു: 93, 94, 95, 96, 97, 98 എന്നീ വൻ പാപങ്ങൾ താഴെ പറയുന്നതാണ്. ഖബറുകൾ പള്ളികളാക്കുന്നതും, ഖബറിന്മേൽ വിളക്ക് കത്തിക്കുന്നതും, അത് വിഗ്രഹമാക്കുന്നതും, അതിനെ ത്വവാഫ് ചെയ്യുന്നതും, അത് തൊട്ട്മുത്തുന്നതും, അതിലേക്ക് നമസ്കരിക്കുന്നതുമാണത്.

തുടർന്ന് മുകളിൽ ഉദ്ധരിച്ചതും അല്ലാത്തതുമായ ചില ഹദീസുകൾ ഉദ്ധരിച്ചിരിക്കുന്നു. പിന്നെ (ص ١١١)ൽ പറയുന്നു:

ശ്രദ്ധിക്കുക: ഈ ആറ് കാര്യങ്ങളും വൻപാപങ്ങളാണെന്ന് ശാഫിഈ മദ്ഹബിലെ മറ്റുചില പ

ണ്ഡിതന്മാരും പറഞ്ഞിട്ടുണ്ട്. അതിനവരെ പ്രേരിപ്പിച്ച ത് നാം ഉദ്ധരിച്ച ഹദീസുകളാണ്. അതിൽ ഖബറുക ൾ പള്ളികളാക്കുന്നതിന്റെ രൂപം വളരെ വ്യക്തമാണ്. കാരണം തങ്ങളുടെ പ്രവാചകന്മാരുടെ ഖബറുകളെ പള്ളികളാക്കിയവരെ അല്ലാഹു ശപിച്ചിരിക്കുന്നു. അ തുപോലെ അവസാന നാളിൽ അല്ലാഹുവിന്റെയടു ത്ത് സൃഷ്ടികളിൽ ഏറ്റവും നിന്ദ്യരായവർ ഇങ്ങനെ യുള്ളവരാകുന്നു.'അവർ ചെയ്തതിനെ താക്കീത് ചെ യ്യുന്നു' എന്ന വചനത്തിലുള്ളത് പോലെ ഇതിൽ ന മുക്കും താക്കീതുണ്ട്. അതായത് അവർ ചെയ്തത് പോലെ പ്രവാചകൻ(ﷺ) തന്റെ സമുദായവും അത് ചെയ്യുന്നതിനെതിരെ താക്കീത് ചെയ്യുന്നു. പ്രവാചക (ﷺ)ന്റെ താക്കീത് ശ്രദ്ധിക്കാതെ അങ്ങിനെ ചെയ്യുന്നു വെങ്കിൽ അവരും ശപിക്കപ്പെട്ടവരാകും. ഇക്കാരണ ത്താലാണ് നമ്മുടെ പണ്ഡിതന്മാർ പ്രവാചകന്മാരുടെ യോ, ഔലിയാക്കളുടെയോ ഖബറുകളിലേക്ക് ബർ ക്കത്തിനോ, ആദരവിനോ വേണ്ടി നമസ്കരിക്കുന്നത് ഹറാമാക്കിയത്. അതുപോലെ തന്നെയാണ് ബർക്ക ത്തിനോ, ആദരവിനോ വേണ്ടി ഖബറുകളിന്മേൽ ന മസ്കരിക്കുന്നതും. മുകളിൽ ഉദ്ധരിക്കപ്പെട്ട ഹദീസു കളിൽ നിന്ന് മനസിലാക്കിയത് പോലെ ഇക്കാരണ ത്താൽ ഇത് വൻ പാപത്തിൽ പെട്ടതാകുന്നു. ഹമ്പലീ മദ്ഹബിലെ ചില പണ്ഡിതന്മാർ പറയുന്നു:

'ഖബറിൽ നിന്ന് ബർക്കത്ത് ആഗ്രഹിച്ച് കൊ ണ്ട് അവിടെ നമസ്കരിക്കുവാൻ ഉദ്ദേശിക്കുന്നത് അ ല്ലാഹുവിനോടും, അവന്റെ പ്രവാചക(ﷺ)നോടും എ

തിരാവലും, മതത്തിൽ ബിദ്അത്ത് ഉണ്ടാക്കലുമാണ ത്, അല്ലാഹു ഇത് ഒരിക്കലും അനുവദിച്ചിട്ടില്ല. അത് വിരോധിക്കപ്പെട്ടതാണെന്നതിൽ പണ്ഡിതന്മാരുടെ ഇ ജ്മാഅ് ഉണ്ട് താനും. കാരണം ഖബറിനടുത്തുള്ള ന മസ്കാരവും, അത് പള്ളിയാക്കുന്നതും, അതിന്മേൽ എടുപ്പുണ്ടാക്കുന്നതും നിഷിദ്ധത്തിൽ ഏറ്റവും വലി യതും, ശിർക്കിലേക്കെത്തിക്കുന്ന കാരണവുമാകുന്നു. കറാഹത്താണെന്ന് പറഞ്ഞതിൽ നിന്ന് അത് നിഷി ദ്ധമല്ലായെന്നും വരുമെന്ന് കരുതരുത്. കാരണം ഖബ റുകളെ പള്ളികളാക്കുന്നവരെ ശപിച്ചിട്ടുണ്ട് എന്ന് ന ബി(ﷺ)യിൽ നിന്ന് മുതവാതിറായി വന്നതിനെ പണ് ഡിതന്മാർ അനുവദിച്ചുവെന്ന് വിചാരിക്കരുത്. അത് തകർക്കൽ നിർബ്ബന്ധമാണ്, അതു പോലെ ഖബറുക ളിന്മേൽ ഉണ്ടാക്കിയിട്ടുള്ള ഖുബ്ബകളും പൊളിച്ച് കള യണം. അവ മസ്ജിദുൽ ളിറാറിനേക്കാൾ അപകടം നിറഞ്ഞതാണ്,കാരണം പ്രവാചക(ﷺ)നെ ധിക്കരിക്കു കയെന്ന അടിത്തറയിലാണ് അവ പടുത്തുയർത്തി യിട്ടുള്ളത്. പ്രവാചകൻ (ﷺ) അതിനെ വിലക്കുകയും, ഉയർന്ന് നിൽക്കുന്ന ഖബറുകളെ തട്ടി നിരപ്പാക്കുവാ ൻ കൽപിക്കുകയും ചെയ്തിട്ടുണ്ട്. ഖബറിന്മേൽ വ ല്ല തിരികളോ, വിളക്കുകളോ ഉണ്ടെങ്കിൽ അത് നീ ക്കം ചെയ്യൽ നിർബ്ബന്ധമാണ്. അത് വഖ്ഫ് ചെയ്യു വാനോ, അതിന് നേർച്ചയാക്കുവാനോ പാടില്ല. അവ സാനിച്ചു'

ഇതെല്ലാം ഫഖീഹായ ഇബ്നു ഹജർ ഹൈ തമിയുടെ വാക്കുകളാണ്, ആലൂസി ഇതിനെ തന്റെ (روح المعاني)ൽ (٣١/٥) അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇത് മതത്തിൽ അദ്ദേഹത്തിന്റെ പാണ്ഡിത്യവും, തെളിവിന്റെ അടിസ്ഥാനത്തിൽ മനസിലാക്കിയതിനുള്ള തെളിവുമാണ്. ഹമ്പലികളിൽ നിന്നും ഉദ്ധരിച്ച ഉദ്ധരണിയിലെ 'കറാഹത്ത് കൊണ്ട് മറ്റുള്ളതും ഉദ്ദേശിക്കാമല്ലോ'എന്ന് പറയാറുണ്ട്, നേരത്തെ നാം ഇമാം ശാഫി(ﷺ)യുടേതായി ഉദ്ദരിച്ചതായ'ഖബറുകൾ പള്ളികളാക്കുന്നത് ഞാൻ വെറുക്കുന്നു...' എന്ന ഉദ്ധരണിയായിരിക്കും ഒരുപക്ഷേ, ഇത് കൊണ്ട് അവർ ഉദ്ദേശിക്കുന്നത്.

ശാഫിഈ മദ്ഹബിനെ പിൻപറ്റുന്നവർ ഈ ആശയത്തിലാണ്. അതാണ് (التهذيب) എന്ന കിതാബിലും, അതിന്റെ വിശദീകരണമായ(المجموع)ലും ഉള്ളത്. എന്നാൽ വിചിത്രമെന്ന് പറയട്ടെ ചിലയാളുകൾ മുൻകഴിഞ്ഞ ഹദീസുകളിൽ നിന്നും അവർക്കനുസരിച്ച് തെളിവ് പിടിക്കുകയാണ് ചെയ്യുന്നത്, എന്നാൽ അത് വിരോധിക്കപ്പെട്ടതും, അങ്ങിനെ ചെയ്യുന്നവർ ശപിക്കപ്പെട്ടവരുമാണ്. അവർ 'കറാഹത്ത്' എന്ന പദം ഉപയോഗിച്ചിട്ടുള്ളത് 'ഹറാം' എന്നത് സൂചിപ്പിക്കുവാനാണ്, പക്ഷേ, ചിലയാളുകൾ അതിന് تنزيه (ആധുനിക സാങ്കേതിക ഭാഷയിലുള്ള അർത്ഥം– അതായത് വെറും വെറുക്കപ്പെട്ട ഒരു കാര്യമെന്ന അർത്ഥം, വിവ:),ന്റെ അർത്ഥമാണ് നൽകുന്നത്. 'കറാഹത്ത്' എന്നതിന് അവർ ഉദ്ദേശിക്കുന്ന ആശയവും,

നിഷിദ്ധമാണെന്ന് സൂചിപ്പിക്കുന്ന ഹദീസിന്റെ ആശയവും എങ്ങിനെ യോജിപ്പിക്കും?

ഞാൻ പറയുന്നു: ഇമാം ശാഫിഈ(ﷺ)യുടെ വാക്കുകളിൽ മാത്രമല്ല 'കറാഹത്ത്' എന്ന പദത്തിന് ഹറാം എന്ന് പറയുന്നത്, മറിച്ച് അതിന്റെ മതപരമായ അർത്ഥം ഖുർആൻ തന്നെ ഉപയോഗിക്കുന്നുണ്ട്. ശാഫിഈ ഇമാമിൽ ഖുർആനിന്റെ ശൈലി സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നതിൽ സംശയമില്ല. അതിന് തെളിവാണ് ഈ പ്രയോഗം. ഇമാം ശഫിഈ(ﷺ)യുടെ വാചകങ്ങളിൽ ഖുർആൻ ഉപയോഗിച്ച പദം വരുകയാണെങ്കിൽ അതേ ആശയം തന്നെയാണ് നാമും ഉപയോഗിക്കേണ്ടത്, മറിച്ച് പിൻകാലക്കാരായ ആളുകൾ ഉപയോഗിക്കുന്ന സാങ്കേതിക അർത്ഥമല്ല. അല്ലാഹു പറയുന്നു:

(وَكَرَّهَ إِلَيْكُمُ الْكُفْرَ وَالْفُسُوقَ وَالْعِصْيَانَ) (سورة الحجرات : ٧)

'അവിശ്വാസവും അധർമ്മവും അനുസരണക്കേടും നിങ്ങൾക്കവൻ അനിഷ്ടകര (നിഷിദ്ധ) മാക്കുകയും ചെയ്തിരിക്കുന്നു' (ഹുജുറാത്ത്:7)

ആയത്തിൽ പറഞ്ഞ കാര്യങ്ങളെല്ലാം ഹറാമാണ്. ഈ അർത്ഥം തന്നെയാണ് -الله أعلم- ഇമാം ശാഫി(ﷺ) ഈ 'ഞാൻ വെറുക്കുന്നു' എന്ന أكره എന്നതിന് ഉദ്ദേശിക്കുന്നത്. അതിന് ശേഷം ശാഫിഈ(ﷺ) പറയുന്നത് ഇതിനെ ഒന്നുകൂടി ബലപ്പെടുത്തുന്ന കാര്യമാണ്. 'അവൻ നമസ്കരിച്ചാൽ അവനത് മതി, പ

ക്ഷേ, അവൻ ചീത്ത പ്രവർത്തനമാണ് ചെയ്തത്'. ചീത്ത പ്രവർത്തിച്ചുവെന്നത് കൊണ്ട് അർത്ഥമാക്കുന്നത് അവൻ തെറ്റ് ചെയ്തു അഥവാ ഹറാമായ കാര്യം ചെയ്തുവെന്നാണ്. ഈ ആശയം തന്നെയാണ് ഖുർആനിന്റെ ശൈലിയിൽ നിന്ന് മനസിലാക്കുവാൻ കഴിയുന്നത്. സൂറത്തുൽ ഇസ്രാഅ്ൽ സന്താനങ്ങളെ വധിക്കൽ, വ്യഭിചാരം, ആത്മഹത്യ ചെയ്യൽ എന്നിവരെ പ്രതിപാധിച്ചതിന് ശേഷം പറയുന്നു:

(كُلُّ ذَلِكَ كَانَ سَيِّئُهُ عِنْدَ رَبِّكَ مَكْرُوهًا) (سورة الإسراء : ٣٨)

'അവയിൽ (മേൽപ്പറഞ്ഞ കാര്യങ്ങളിൽ) നിന്നെല്ലാം ദുഷിച്ചത് നിന്റെ രക്ഷിതാവിങ്കൽ വെറുക്കപ്പെട്ടതാ (നിഷിദ്ധമാ)കുന്നു' (ഇസ്രാഅ്:38). അതായത് ഹറാമാണ് എന്നർത്ഥം.

ഈ അർത്ഥമാണ് ഇമാം ശാഫിഈ(ﷺ) 'കറാഹത്താണ്' എന്ന് പറഞ്ഞതിൽ നിന്നും ഉദ്ദേശിക്കുന്നതും, ഈ വിഷയത്തിൽ മദ്ഹബിന്റെ വീക്ഷണവും, അതുപോലെ വിരോധിക്കപ്പെട്ടതിന്റെ അടിസ്ഥാനം നിഷിദ്ധമാണ് എന്നതും വ്യക്തമാക്കുന്നത്. ഈ ആശയമല്ല, മറിച്ച് മറ്റു വല്ലതുമാണ് ഉദ്ദേശിക്കുന്നത് എങ്കിൽ അതിന് വേറെ രേഖ ആവശ്യമാണ്. ഇത് ഇമാം ശാഫിഈ(റ) തന്നെ തന്റെ (جماع العلم) (ص ١٢٥) ലും, الرسالة (ص ٣٤٣) ലും വ്യക്തമാക്കിയിട്ടുണ്ട്.

മുകളിൽ ഉദ്ധരിച്ചതും അല്ലാത്തതുമായ ഹദീസുകളുടെ അടിസ്ഥാനത്തിൽ ഈ വിഷയം പഠിച്ച

എല്ലാവരും തന്നെ ഹറാമാണെന്നാണ് വിധി പറഞ്ഞിട്ടുള്ളത്. അതല്ലാതെ മറ്റു വിധി പറയുവാൻ ഈ വിഷയത്തിൽ വേറെ തെളിവില്ലായെന്ന് മനസിലാക്കിയവരാണ് എല്ലാവരും. മുകളിൽ നാം ഉദ്ധരിച്ചതും ഉദ്ധരിക്കാത്തതുമായ തെളിവിന്റെ അടിസ്ഥാനത്തിൽ ഞാൻ ഖണ്ഡിതമായി പറയുന്ന ഈ വിഷയത്തിൽ ശാഫിഈ മദ്ഹബിന്റെ അഭിപ്രായം ഹറാം തന്നെ എന്നതാണ്. പ്രത്യേകിച്ച് 'ജൂത ക്രൈസ്തവരെ അല്ലാഹു ശപിച്ചിരിക്കുന്നു, അവർ അവരുടെ പ്രവാചകന്മാരുടെ ഖബറിടങ്ങളെ പള്ളികളാക്കിയിരിക്കുന്നു' എന്ന ഹദീസ് ഉദ്ധരിച്ചതിന് ശേഷം പറഞ്ഞതിനാൽ. ആയതിനാൽ തന്നെ നാം മുകളിൽ ഉദ്ധരിച്ച ഹഫിള് അൽ ഇറാഖി -ഇദ്ദേഹം ശാഫിഈ മദ്അബുകാരനാണ്- ഇത് ഹറാമാണ് എന്ന് പറഞ്ഞതിൽ യാതൊരു അസാംഗത്യവുമില്ല. الله أعلم

വ്യഭിചാരത്തിലുള്ള തന്റെ മകളുമായി വിവാഹ ബന്ധത്തിലേർപ്പെടൽ അനുവദനീയമാണെന്ന് ഇമാം ശാഫിഈ(ﷺ) പറഞ്ഞിട്ടുണ്ടെന്ന് വാദിക്കുന്നവർക്ക് തെറ്റ് പറ്റിയിരിക്കുന്നുവെന്ന് നാം പറയുവാൻ കാരണമിതാണ്. അവരതിന് തെളിവായി പറയുന്നത് അദ്ദേഹം അത് 'കറാഹത്താ'യി പറഞ്ഞുവെന്നതാണ്. 'കറാഹത്ത്' എന്നത് تنزيه വേണ്ടിയുള്ളതാണെങ്കിൽ അത് അനുവദനീയത്തെ നിഷേധിക്കുന്നില്ല, ഇബ്നുൽ ഖയ്യിം (٤٨-٤٧/١) (إعلام الموقعين)ൽ പറയുന്നു:

((വ്യഭിചാരത്തിൽ ഉണ്ടായ മകളുമായി വിവാഹ ബന്ധത്തിലേർപ്പെടുന്നത് ഇമാം ശാഫിഈ(ﷺ) കറാഹത്താക്കിയിട്ടുണ്ട്. അത് അനുവദനീയമാണെന്നോ, ജാഇസാണെന്നോ അദ്ദേഹം ഒരിക്കലും പറഞ്ഞിട്ടില്ല. മതത്തിൽ അദ്ദേഹം കറാഹത്ത് എന്ന് പറഞ്ഞാൽ അതുകൊണ്ടദ്ദേഹം ഉദ്ദേശിക്കുന്നത് ഹറാം എന്നാണ്, അതാണ് നാം മനസിലാക്കേണ്ടത്, അദ്ദേഹത്തിന്റെ മഹത്വത്തിനും, നേതൃത്വത്തിനും, സ്ഥാനത്തിനും യോജിക്കുന്നതും ഇത് തന്നെ. അദ്ദേഹം കറാഹത്ത് എന്ന പദമാണ് ഉപയോഗിച്ചത്, കാരണം ഹറാമായ കാര്യം അല്ലാഹുവും അവന്റെ പ്രവാചക(ﷺ)നും വെറുക്കുന്നു. അല്ലാഹു ഹറാമാക്കിയ കാര്യങ്ങൾ പറഞ്ഞതിന് ശേഷം അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക:

(وَقَضَى رَبُّكَ أَلاَّ تَعْبُدُوا إِلاَّ إِيَّاهُ ... ) (سورة الإسراء : ٢٣)

'തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു....'(ഇസ്രാഅ്: 23) മുതൽ

(وَلاَ تَقْتُلُوا النَّفْسَ الَّتِي حَرَّمَ اللَّهُ إِلاَّ بِالْحَقِّ...) (سورة الإسراء : ٣٣)

'അല്ലാഹു പവിത്രത നൽകിയിട്ടുള്ള ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിക്കരുത്...'(ഇസ്രാഅ്:33) വരെയുള്ള ആയത്തുകളിലും,

(وَلاَ تَقْفُ مَا لَيْسَ لَكَ بِهِ عِلْمٌ ...) (سورة الإسراء : ٣٦)

'നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്...'(ഇസ്രാഅ്:36) ആയത്തിന്റെ അവസാനം വരെ, പിന്നീട് അല്ലാഹു പറയുന്നു:

(كُلُّ ذَلِكَ كَانَ سَيِّئُهُ عِنْدَ رَبِّكَ مَكْرُوهًا) (سورة الإسراء : ٣٨)

'അവയിൽ (മേൽപ്പറഞ്ഞ കാര്യങ്ങളിൽ) നിന്നെല്ലാം ദുഷിച്ചത് നിന്റെ രക്ഷിതാവിങ്കൽ വെറുക്കപ്പെട്ടതാ (നിഷിദ്ധമാ)കുന്നു' (ഇസ്രാഅ്:38).

സ്വഹീഹിൽ നമുക്ക് കാണാം: 'അവൻ ഇങ്ങിനെ പറഞ്ഞിട്ടുണ്ട്, ഇവൻ ഇങ്ങനെ പറഞ്ഞിട്ടുണ്ട് എന്നിങ്ങനെ പറയുന്നതും, അധികമായി ആവശ്യമില്ലാതെയുള്ള ചോദ്യവും, സമ്പത്ത് പാഴാക്കി കളയുന്നതും അല്ലാഹു നിങ്ങൾക്ക് വിരോധിച്ചിരിക്കുന്നു.' സലഫുസ്സ്വാലിഹീങ്ങൾ 'കറാഹത്ത്' എന്ന പദം ഖുർ ആനും തിരുസുന്നത്തും എന്തിനാണോ പ്രയോഗിച്ചത് അതിനാണ് പ്രയോഗിച്ചിരുന്നത്. എന്നാൽ ആധുനികരായ ആളുകൾ അതിന് സാങ്കേതികമായി ഹറാമല്ലാത്ത അർത്ഥമാണ് നൽകിയിട്ടുള്ളത്. അതായത് അത് ഉപേക്ഷിക്കലാണ് അത് ചെയ്യുന്നതിനേക്കാൾ നല്ലത് എന്നർത്ഥം. എന്നാൽ ചിലയാളുകൾ സലഫുകളുടെ വാചകങ്ങളെ ആധുനിക സാങ്കേതിക അർത്ഥത്തിലാണ് വ്യാഖ്യാനിച്ചത്, അത്കൊണ്ട് തന്നെ അവർക്കതിൽ തെറ്റു പറ്റുകയും ചെയ്തു. അല്ലാഹുവിന്റെയും അവന്റെ പ്രവാചക(ﷺ)ന്റെയും വാക്കുകളിലുള്ള 'കറാഹത്തി'ന് ആധുനിക സാങ്കേ

തിക അർത്ഥം നൽകിയവർ ഏറ്റവും ചീത്തയായ തെറ്റിലാണ് അകപ്പെട്ടിരിക്കുന്നത്.!))

അറബികളിൽ അറിയപ്പെട്ട പ്രത്യേകമായ ആശയത്തെ സൂചിപ്പിക്കുന്ന അറബി പദങ്ങൾക്ക് ആധുനികമായി നൽകപ്പെട്ട സാങ്കേതിക ആശയങ്ങൾ നൽകുന്നതിനെ അറിവുള്ളവർ കരുതിയിരിക്കേണ്ടത് അനിവാര്യമാണ്.കാരണം ഖുർആൻ ഇറങ്ങിയത് അറബികളുടെ ഭാഷയിലാണ്, അത്കൊണ്ട് തന്നെ അതിന്റെ പദങ്ങളുടെയും, വാചകങ്ങളുടെയും ആശയം മനസിലാക്കേണ്ടത് ഖുർആൻ ആരിലേക്കാണോ ഇറങ്ങിയത് അവർ എങ്ങിനെയാണോ മനസിലാക്കിയത് അപ്രകാരമാണ് മനസിലാക്കേണ്ടത്. ആധുനികർ കണ്ട്പിടിച്ചിട്ടുള്ള സാങ്കേതിക അർത്ഥങ്ങൾ നൽകി അതിനെ വ്യാഖ്യാനിക്കൽ അനുവദനീയമല്ല. അങ്ങിനെയെങ്കിൽ മുഫസ്സിരീങ്ങൾ തെറ്റിലും പിഴവിലും അകപ്പെടുകയും, അവൻ അറിയാതെ അല്ലാഹുവിലും പ്രവാചക(ﷺ)നിലും കളവ് ആരോപിക്കലുമാവുകയും ചെയ്യുന്നതാണ്. ഞാൻ ഇതിന് 'കറാഹത്ത്' എന്ന പദം ഉപയോഗിച്ച് ഉദാഹരണം നൽകുകയും ചെയ്തു.

മറ്റൊരു ഉദാഹരണം ശ്രദ്ധിക്കുക: 'സുന്നത്ത്' എന്ന പദം. സാധാരണയായി ഉപയോഗിച്ച് കൊണ്ടിരിക്കുന്ന ഭാഷയിൽ അതിന് പ്രവാചകൻ(ﷺ)യുടെ നിർബ്ബന്ധവും ഐച്ഛികവുമായ മുഴുവൻ ചര്യകൾ എന്നാണ് ഉദ്ദേശിക്കുന്നത്. എന്നാൽ സാങ്കേതികമായി ഈ പദം ഉപയോഗിക്കുന്നത് പ്രവാചകൻ(ﷺ) ഐച്ഛി

കമായി ചെയ്യുവാൻ പറഞ്ഞിട്ടുള്ള കാര്യമാണ്. പ്രവാചകൻ(ﷺ)യിൽ നിന്ന് വന്നിട്ടുള്ള ഹദീസുകളിൽ 'സുന്നത്ത്' എന്ന പദത്തിന് ഈ സാങ്കേതിക അർത്ഥം നൽകുവാൻ പാടില്ല. പ്രവാചകൻ(ﷺ) പറയുന്നു:

"... وعليكم بسنتي ..."

'...നിങ്ങൾ എന്റെ സുന്നത്തിനെ മുറുകെ പിടിക്കണം ... '

പ്രവാചകൻ(ﷺ) പറയുന്നു:

"... فمن رغب عن سنتي فليس مني"

'... ആരാണോ എന്റെ സുന്നത്തിനെ വെറുക്കുന്നത് അവൻ എന്നിൽ പെട്ടവനല്ല'

ഇവിടെ സുന്നത്തിന് സാങ്കേതിക അർത്ഥം നൽകുവാൻ പാടില്ല.

എന്നാൽ ആധുനികരായ ചില പണ്ഡിതന്മാർ ഇതുപോലെയുള്ള ഹദീസുകളിലെ സുന്നത്ത് എന്ന പദത്തിന് സാങ്കേതിക അർത്ഥം നൽകിയിട്ടുണ്ട്. അവർ പറയാറുണ്ട്:

"من ترك سنتي لم تنله شفاعتي"

'ആരെങ്കിലും എന്റെ സുന്നത്തിനെ ഉപേക്ഷിക്കുകയാണെങ്കിൽ അവന് എന്റെ ശുപാർശ ലഭിക്കുകയില്ല' ഇത് ഉദ്ധരിക്കുന്നവർ രണ്ട് അബദ്ധത്തിലാണ് അകപ്പെട്ടിരിക്കുന്നത്.

**ഒന്ന്:** ഈ ഹദീസ് പ്രവാചകൻ(ﷺ)യിലേക്ക് അവർ ചേർത്ത് പറഞ്ഞിരിക്കുന്നു, എന്നാൽ, അറിഞ്ഞേടെ

ത്തോളം ഈ ഹദീസിന് യാതൊരു അടിസ്ഥാനവുമില്ല.

**രണ്ട്:**ഇവിടെ പറഞ്ഞ 'സുന്നത്തി'ന് മതപരമായ അർത്ഥത്തിലുള്ള അജ്ഞത കാരണം സാങ്കേതിക അർത്ഥമാണ് ഇവർ നൽകിയിട്ടുള്ളത്.ഇങ്ങനെയുള്ള അറിവില്ലായ്മ കാരണമാണ് ജനങ്ങളിൽ അധികവും തെറ്റിലകപ്പെടുന്നത്.

ഇത്കൊണ്ട് തന്നെയാണ് ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ(ﷺ)യും, അദ്ദേഹത്തിന്റെ ശിഷ്യൻ ഇബ്നുൽ ഖയ്യിമും(ﷺ) ഈ കാര്യം അധികമായി ജനങ്ങളെ ഉണർത്തിയത്. മതപരമായ പദങ്ങളുടെ ആശയങ്ങളെ വിശദീകരിക്കുവാൻ മടങ്ങേണ്ടത് ഭാഷയിലേക്കാണ്, അതല്ലാതെ നാട്ടാചാരങ്ങളിലേക്കല്ല മടങ്ങേണ്ടത് എന്ന്. ഈ ആശയത്തിനാണ് യഥാർത്ഥത്തിൽ അടിത്തറയുള്ളത്, ഇന്ന് അതിന് "الدراسة التاريخية للألفاظ" എന്നാണ് പറയുക.

ഈജിപ്തിലെ مجمع اللغة العربية യുടെ പ്രധാനപ്പെട്ട ലക്ഷ്യത്തിൽ പെട്ടതാണ് അറബി ഭാഷക്ക് ചരിത്രപരമായ ഒരു നിഘണ്ടു ഉണ്ടാക്കുകയെന്നതും, ചില പദങ്ങളുടെ ചരിത്രവും, അതിന്റെ പ്രയോഗത്തിലെ ആശയങ്ങൾക്ക് വന്നിട്ടുള്ള മാറ്റത്തെയും അതിസൂക്ഷ്മമായ ഗവേഷണം നടത്തുകയെന്നതും. ഈ കാര്യം مجمع اللغة العربية യുടെ നിയമങ്ങളിൽ 1955 ലെ 434–ാം നമ്പർ നിയമത്തിലെ രണ്ടാം ഖണ്ഡികയിലെ രണ്ടാം വിഷയത്തിൽ കാണാവുന്നതാണ്. (انظر "مجلة

(٥ ص ٨ ج "المجتمع إത് മജല്ലത്തുൽ മജ്മഅ്ൽ കാണാം. ഈ മഹത്തായ കാര്യം ഇവർ മുസ്ലീം അറബികൾക്ക് സമർപ്പിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. കാരണം മക്കക്കാർക്കാണ് മക്കയുടെ കുന്നുകളെയും, മലകളെയും പറ്റി കൂടുതൽ അറിയുക, വീട്ടുടമസ്ഥനാണ് അതിലുള്ളതിനെ സംബന്ധിച്ച് കൂടുതൽ വിവരമുണ്ടാവുക.അത്കൊണ്ട് തന്നെ പാശ്ചാത്യരുടെ കുതന്ത്രങ്ങളിൽ നിന്നും,ആധുനികരുടെ ഫിത്നകളിൽ നിന്നും ഈ ദൗത്യത്തിന് രക്ഷപ്പെടുവാൻ സാധിച്ചേക്കാം.

**<u>2- ഹനഫീ മദ്ഹബിൽ കറാഹത്ത് നിഷിദ്ധത്തെ കുറിക്കുന്നു.</u>**

ഹനഫീ മദ്ഹബുകാർ മതപരമായ ആശയമാണ് പറഞ്ഞിട്ടുള്ളത്. അബൂഹനീഫ(ﷺ)യുടെ ശിഷ്യൻ മുഹമ്മദ് തന്റെ (٤٥ ص) (آثار)ൽ പറയുന്നു:

(ഖബറിൽ(കുഴിച്ചപ്പോൾ)നിന്ന് എടുത്ത(മണ്ണ്)ല്ലാതെ യാതൊന്നും അതിലേക്ക് കൂട്ടിചേർക്കാൻ പാടുണ്ടെന്ന് നമുക്ക് അഭിപ്രായമില്ല, അത് കുമ്മായമിടുന്നതോ, മണ്ണ്കൊണ്ട് തേക്കുന്നതോ,അല്ലെങ്കിൽ അതിന്റടുത്ത് പള്ളിയുണ്ടാക്കുന്നതോ നാം വെറുക്കുന്നു).

ഹനഫികളടുത്ത് കറാഹത്ത് എന്ന പദം ഉപയോഗിക്കുന്നത് ഹറാമിന്നാണ് എന്നത് അവർക്കിടയിൽ അറിയപ്പെട്ട കാര്യമാണ്. ഈ വിഷയത്തിൽ ഹറാം എന്ന് തന്നെ വളരെ വ്യക്തമായി ഹനഫി മദ്ഹ

ബുകാരനായ ഇബ്നുൽ മലിക് വ്യക്തമാക്കിയിട്ടുമു ണ്ട്. അത് വഴിയെ വരും.

## 3- മാലികി മദ്ഹബിലും നിഷിദ്ധം തന്നെ:

ഇമാം ഖുർത്വുബി(ﷺ) തന്റെ തഫ്സീറി (10/38) ൽ അഞ്ചാമത്തെ ഹദീസ് ഉദ്ധരിച്ചതിന് ശേഷം പറ യുന്നു:

(നമ്മുടെ പണ്ഡിതന്മാർ പറഞ്ഞിരിക്കുന്നു: 'പ ണ്ഡിതന്മാരുടെയും, പ്രവാചകന്മാരുടെയും ഖബറു കൾ പള്ളികളാക്കുന്നത് മുസ്ലീംകൾക്ക് നിഷിദ്ധമാകു ന്നു)

## 4- ഹമ്പലി മദ്ഹബിലും നിഷിദ്ധം തന്നെ.

(شرح المنتهى) എന്ന ഗ്രന്ഥത്തിൽ (٣٥٣/١)ലും, മറ്റു ഗ്രന്ഥങ്ങളിലും കാണാവുന്നത് പോലെ ഹമ്പലി മദ് ഹബിലും ഇത് നിഷിദ്ധം തന്നെയാണ്. മാത്രമല്ല ഖ ബറിന്മേൽ പടുത്തുയർത്തപ്പെട്ട പള്ളികളിലുള്ള നമ സ്കാരം നിഷ്ഫലമാണെന്നും, അത് പൊളിച്ച് കളയ ൽ നിർബ്ബന്ധമാണെന്നും വളരെ വ്യക്തമായി പറയു കയും ചെയ്തിരിക്കുന്നു. ഇബ്നുൽ ഖയ്യിം (٢٢/٣) زاد المعاد ൽ തബൂക്ക് യുദ്ധം ഉൾകൊള്ളുന്ന പാഠവും, ഫിഖ്ഹും വിശദീകരിക്കുന്നതിനിടയിൽ, നബി(ﷺ) യോട് നമസ്കരിക്കരുതെന്ന് അല്ലാഹു വിലക്കിയ മ സ്ജിദുൽളിറാറിനെ എങ്ങനെയാണ് പൊളിക്കുക യും, അഗ്നിക്കിരയാക്കുകയും ചെയ്തത് എന്ന് വിശ ദീകരിച്ചതിന് ശേഷം പറയുന്നു:

(അല്ലാഹുവിനെയും, അവന്റെ പ്രവാചക(ﷺ)നെയും ധിക്കരിക്കുന്ന സ്ഥലങ്ങൾ അഗ്നിക്കിരയാക്കലും, പൊളിച്ച് കളയലും അതിൽ പെട്ടതാണ്, റസൂലുല്ലാഹ്(ﷺ) മസ്ജിദുളിറാർ അഗ്നിക്കിരയാക്കിയത് പോലെ. വിശ്വാസികൾക്കിടയിൽ കുഴപ്പമുണ്ടാക്കുവാനും, ഭിന്നിപ്പുണ്ടാക്കുവാനും, കപട വിശ്വാസികൾക്കുള്ള സങ്കേതമായും നിർമ്മിച്ച പള്ളിയായതിനാൽ തന്നെ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുകയും,നമസ്കാരം നടക്കുകയും ചെയ്തിട്ട് കൂടി മസ്ജിദു ളിറാർ പള്ളി പൊളിച്ച് കളയുവാൻ പ്രവാചകൻ(ﷺ) കൽപിച്ചു. ആയതിനാൽ തന്നെ ഇങ്ങനെയുള്ള സ്ഥലങ്ങൾ പൊളിക്കുകയും, അഗ്നിക്കിരയാക്കുകയും ചെയ്യുകയോ, അല്ലെങ്കിൽ അങ്ങിനെയുള്ള കാര്യങ്ങൾ അവിടുന്ന് ഇല്ലായ്മ ചെയ്യുകയും, അത് ഏതൊരു ലക്ഷ്യത്തിനാണോ ഉണ്ടാക്കിയത് അത് അവിടെ നിന്നും നീക്കം ചെയ്യുകയും ചെയ്യേണ്ടത് അവിടുത്തെ ഇമാമിന്[28] നിർബന്ധമാണ്. മസ്ജിദു ളിറാറിന്റെ കാര്യം ഇങ്ങനെയാണെങ്കിൽ ശിർക്കിന്റെ സങ്കേതങ്ങളും, ഖബറുകളിൽ കിടക്കുന്നവരെ അല്ലാഹുവിന്റെ കൂടെയുള്ള പങ്കാളികളാക്കി അവരെ വിളിച്ച് പ്രാർത്ഥിക്കുകയും, അവിടെ ആരാധനാകർമ്മങ്ങൾ നടത്തുകയും ചെയ്യുന്ന കേന്ദ്രങ്ങൾ തകർക്കൽ ഒന്നുകൂടി നി

---

(28) അൽബാനി(ﷺ) പറയുന്നു: ഇതിൽ നിന്നും മനസിലാകുന്നത് തകർക്കേണ്ടതും, പൊളിച്ച് കളയേണ്ടതും മറ്റും ഇസ്ലാമിക രാഷ്ട്രമാണെങ്കിൽ അവിടുത്തെ ഇമാമോ, അതല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്നവരോ ആണെന്നാണ്. അതല്ലാത്തവർ ചെയ്താൽ മുസ്ലീംകൾക്കിടയിൽ തന്നെ കുഴപ്പങ്ങളും മറ്റും വ്യാപിക്കുകയും, ഏതൊരു നന്മയാണോ ഉദ്ദേശിക്കുന്നത് ആ നന്മയേക്കാൾ വലിയ കുഴപ്പങ്ങൾ ഉണ്ടാകുകയും ചെയ്യും. അത്കൊണ്ട് ഇമാമിന് മാത്രമെ അത് ചെയ്യുവാൻ പാടുള്ളൂ.

ർബ്ബന്ധമായി വരുന്നു. അതുപോലെ തന്നെ തെമ്മാടിത്തര ങ്ങളും, മ്ലേഛതകളും നടമാടുന്ന സ്ഥലങ്ങളും, ബാറുകളും, കള്ള് ഷാപ്പുകളും, തിന്മകളിലേക്ക് നയിക്കുന്ന സ്ഥലങ്ങളെയും ഇങ്ങനെ ചെയ്യേണ്ടതാണ്. മദ്യ വിൽപന നടത്തിയിരുന്ന ഒരു ഗ്രാമത്തെ മുഴുവനായും ഉമറുബ്നൽ ഖത്വാബ്(ﷺ) അഗ്നിക്കിരയാക്കുകയുണ്ടായി.റുവൈശിദ് അസ്സഖഫിയു ടെ[29] മദ്യ ഷാപ്പ് അഗ്നിക്കിരിയാക്കി. അദ്ദേഹത്തെ ഫുവൈസിഖ് (പാപി) എന്ന് പേര് വിളിക്കുകയും ചെയ്തു. പ്രജകളുടെ ആഗമനം തടഞ്ഞിരുന്ന സഅദിന്റെ കൊട്ടാരവും[30] അഗ്നിക്കിരയാക്കി. ജുമുഅ: ക്കും ജമാഅത്ത് നമസ്കാരത്തിനും പങ്കെടുക്കാത്തവരുടെ വീടുകൾ പ്രവാചകൻ(ﷺ) അഗ്നിക്കിരയാക്കുവാൻ ഉദ്ദേശിച്ചു, പക്ഷേ, അത് നിർബ്ബന്ധമല്ലാത്ത സ്ത്രീകളും കുട്ടികളും അവിടെ ഉണ്ടായത് കൊണ്ട് പ്രവാചകൻ(ﷺ) അങ്ങനെ ചെയ്തില്ല.[31]

---

(29) അദ്ദൂലാബി (١٨٩/١) (الكنى) ൽ ഇബ്രാഹീമിബ്നു അബ്ദുർറഹ്മാൻബ്നു ഔഫി(ﷺ)ൽ നിന്ന് ഉദ്ദരിക്കുന്നു: റുവൈശിദുസ്സഖഫിയുടെ വീട് ഉമർ(ﷺ)അഗ്നിക്കിരയാക്കി, അങ്ങനെ അത് തീ കട്ടയെപോലെയോ, അല്ലെങ്കിൽ അഗ്നി പർവ്വതത്തിൽ നിന്ന് വരുന്ന തീ പോലെയോ ആയിത്തീർന്നു. ഞങ്ങളുടെ അയൽവാസി മദ്യം വിറ്റിരുന്നു. ഇതിന്റെ സനദ് സ്വഹീഹാണ്. അബ്ദുർറസാഖ് സ്വഫിയ്യാബിന്ത് അബൂഉബൈദി(ﷺ)ൽ നിന്ന് ഉദ്ധരിക്കുന്നു, അത് (الجامع الكبير- ١/٢٠٤/٣)ൽ കാണാവുന്നതാണ്. അതുപോലെ അബൂഉബൈദ് (ص ١٠٣) (الأموال) ൽ ഇബ്നുഉമറി(ﷺ)ൽ നിന്നും ഉദ്ധരിക്കുന്നു. ഇതിന്റെയും സനദ് സ്വഹീഹാണ്.

(30) അതായത് കൊട്ടാരത്തിന്റെ വാതിൽ. (الكواكب الدراري)യിൽ നിന്ന് അബ്ദുല്ലാഹിബ്നു മുബാറക് (١/١٧٩) (الزهد)ൽ ഈ സംഭവം ഉദ്ധരിച്ചിട്ടുണ്ട്. അഹ്മദ് 390–ാം നമ്പറായും ഉദ്ധരിച്ചിട്ടുണ്ട്.

(31) അബൂഹുറൈറ(ﷺ) ഉദ്ധരിക്കുന്ന മുത്തഫഖുൻ അലൈഹിയായ ഹദീസാണിത്.

അതിൽപെട്ടതാണ് പുണ്യത്തിനും, അല്ലാഹുവിലേക്ക് അടുക്കുവാനുമല്ലാതെ ഒരു കാര്യവും വഖ്ഫ് ചെയ്യുവാൻ പാടില്ല. ഖബറുകളിന്മേൽ പള്ളികളുണ്ടാക്കുവാനും വഖ്ഫ് ചെയ്യാൻ പാടില്ല. അത്കൊണ്ട് ഖബറിന്മേൽ പള്ളികളുണ്ടാക്കിയാൽ ആ പള്ളി പൊളിച്ച് കളയണം, അതുപോലെ പള്ളിയിൽ ഖബറുണ്ടാക്കുകയാണെങ്കിൽ ആ ഖബർ അവിടെ നിന്ന് മാറ്റുകയും ചെയ്യേണ്ടതുണ്ടെന്ന് ഇമാം അഹ്മദ്(ﷺ) വ്യക്തമായി പറയുകയും ചെയ്തിട്ടുണ്ട്. ഇസ്ലാമിൽ ഖബറും പള്ളിയും ഒരിക്കലും യോജിക്കുകയില്ല. ഏതൊരു കാര്യമാണോ അവസാനം വന്നത് അത് അവിടെ നിന്നും നീക്കം ചെയ്യണം, ആദ്യം ഏതാണോ ഉണ്ടായിരുന്നത് അത് അവിടെ നിലനിർത്തണം. രണ്ടും ഒരുമിച്ചാണ് ഉണ്ടാക്കിയതെങ്കിൽ അത് അനുവദനീയവുമല്ല. ഇത് വഖ്ഫ് ചെയ്യുവാനോ, അതിൽ നമസ്കരിക്കുവാനോ പാടില്ല, അത് ശരിയാവുകയുമില്ല. കാരണം പ്രവാചകൻ(ﷺ) അത് വിരോധിക്കുകയും, ഖബറുകളെ പള്ളികളാക്കുന്നവരെയും, അതിന്മേൽ വിളക്ക് കത്തിക്കുന്നവരെയും ശപിക്കുകയും ചെയ്തിരിക്കുന്നു. ഇതാണ് അല്ലാഹുവും, അവന്റെ റസൂലും, നബി(ﷺ)യും കൊണ്ട് വന്ന ഇസ്ലാം മതം. എന്നാൽ ഇപ്പോൾ ജനങ്ങൾക്കിടയിൽ ഈ സംഗതിയാണ് അപരിചിതമായിരിക്കുന്നത്!)

നാല് മദ്ഹബുകളുടെയും പണ്ഡിതന്മാരുടെ അഭിപ്രായം നാം മുകളിൽ ഉദ്ധരിച്ചതിനനുസരിച്ച് നമുക്ക് വ്യക്തമാവുന്നത് ഖബറിടം പള്ളികളാക്കുന്നത് നിഷിദ്ധമാണെന്നാണ്. പണ്ഡിതന്മാരുടെ ഇജ്മാഉം

ഈ വിഷയത്തിൽ ഉണ്ട്, ആ ഇജ്മാഅ്നെ കുറിച്ചും, അവർ എന്തിനെ കുറിച്ചാണ് യോജിച്ചതെന്നും, അവരുടെ ഭിന്നാഭിപ്രായങ്ങൾ എന്തെല്ലാമാണെന്നതിനെ കുറിച്ചും ഏറ്റവും കൂടുതൽ അറിയുന്ന പണ്ഡിതന്മാർ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ പ്രധാനിയാണ് ശൈഖുൽ ഇസ്ലാം ഇബ്നു തീമിയ്യ: (ﷺ) അദ്ദേഹത്തോട് ചോദിക്കുകയുണ്ടായി:

(ഖബറുകളുള്ള പള്ളിയിൽ ജനങ്ങൾ ജമാഅത്തിനും ജുമുഅക്കും ഒരുമിച്ച് കൂടുന്നു അവിടെയുള്ള നമസ്കാരം ശരിയാകുമോ? ഖബർ വസ്ത്രം കൊണ്ട് മൂടുകയോ, അതല്ലെങ്കിൽ ചുമരോ, വല്ല മറയോ ഉപയോഗിച്ച് മറക്കുകയോ ചെയ്താൽ അവിടെ നമസ്കരിക്കുവാൻ പാടുണ്ടോ?

അല്ലാഹുവിനാണ് സർവ്വ സ്തുതിയും, ഖബറിന്മേൽ പള്ളി നിർമ്മിക്കുവാൻ പാടില്ലായെന്നതിൽ മദ്ഹബിന്റെ പണ്ഡിതന്മാർ യോജിച്ചിരിക്കുന്നു. കാരണം പ്രവാചകൻ(ﷺ) പറയുന്നു:'നിങ്ങളുടെ മുൻഗാമികൾ ഖബറുകളെ പള്ളികളാക്കിയിരുന്നു, അത്കൊണ്ട് നിങ്ങൾ ഖബറുകൾ പള്ളികളാക്കുവാൻ പാടില്ല, ഞാൻ അത് നിങ്ങൾക്ക് വിലക്കുന്നു.' പള്ളികളിൽ മയ്യിത്തിനെ മറമാടുവാൻ പാടില്ല. മറമാടുന്നതിന് മുമ്പ് തന്നെ പള്ളിയുണ്ടായിരുന്നെങ്കിൽ ഖബർ മാറ്റണം, ഖബർ പുതുതാണെങ്കിൽ അത് അവിടെ നിന്നും മാറ്റണം. ഖബറിന് മുകളിലാണ് പള്ളിയെങ്കിൽ ഒന്നുകിൽ പള്ളി അവിടെ നിന്ന് മാറ്റണം, അല്ലെങ്കിൽ ഖബർ അവിടെ നിന്നും മാറ്റണം. ഖബറുള്ള പള്ളികളിൽ ഫർളോ സുന്നത്തോ ആയ ഒരു നമസ്കാര

വും പാടില്ല. തീർച്ചയായും അത് വിരോധിച്ചിരിക്കുന്നു) ഫതാവ: (1 / 107, 2 /192)

ഈജിപ്തിലെ ദാറുൽ ഇഫ്താ ഇബ്നുതീമിയ്യ (ﷺ)യുടെ ഫതാവാ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പള്ളിയിൽ മറമാടുവാൻ പാടില്ലായെന്ന ഫത്വ ഞാൻ ഉദ്ധരിക്കുകയും ചെയ്തു. ആരെങ്കിലും ഉദ്ദേശിക്കുകയാണെങ്കിൽ പരിശോധിക്കട്ടെ. (ج١١ ص ٥٠١-٥٠٣) [32]

ഇബ്നു തീമിയ്യ:(ﷺ) (ص ٥٢) (الإختيارات العلمية)ൽ പറയുന്നു:

(ഖബറിന്മേൽ വിളക്ക് കത്തിക്കുന്നതും, അതിന്മേൽ പള്ളിയുണ്ടാക്കുന്നതും, ഖബറുകൾക്കിടയിൽ പള്ളിയുണ്ടാക്കുന്നതും നിഷിദ്ധമാണ്. അത് നീക്കം ചെയ്യേണ്ടതാണ്. അറിയപ്പെട്ട പണ്ഡിതന്മാർക്കിടയിൽ അതിൽ ഭിന്നാഭിപ്രായമുള്ളതായി എനിക്കറിയില്ല).

ഇത് ഇബ്നു ഉർവ്വ അൽ ഹമ്പലി(ﷺ) തന്റെ (١/٢٤٤/٢) (الكواكب الدراري)ൽ ഉദ്ധരിക്കുകയും, അതിന്റെ അംഗീകരിക്കുകയും ചെയ്തിരിക്കുന്നു.

ഖബറിന്മേൽ പള്ളികൾ ഉണ്ടാക്കുന്നത് നിഷിദ്ധമാണെന്ന് ഹദീസുകൾ സൂചിപ്പിക്കുന്നതിൽ പണ്ഡിതന്മാർ മുഴുവനും യോജിച്ചതായി നമുക്ക് കാണാവുന്നതാണ്.അത്കൊണ്ട് ഇതിനെ ധിക്കരിക്കുന്ന മുസ്ലീംകളെ നാം താക്കീത് ചെയ്യുന്നു. താഴെ പറയു

---

[32] അതേ പ്രസിദ്ധീകരണത്തിൽ ഖബറിന്മേൽ പള്ളികൾ നിർമ്മിക്കാൻ പാടില്ലായെന്ന് സ്ഥാപിച്ച് കൊണ്ടുള്ള മറ്റൊരു ലേഖനവും ഉണ്ട്. (مجلد سنة ١٩٣٠ ص ٣٥٩-٣٦٤)

ന്ന ആയത്തിൽ അവർ ഉൾകൊള്ളുമോയെന്ന് നാം ഭയപ്പെടുകയും ചെയ്യുന്നു.

(وَمَنْ يُشَاقِقِ الرَّسُولَ مِنْ بَعْدِ مَا تَبَيَّنَ لَهُ الْهُدَى وَيَتَّبِعْ غَيْرَ سَبِيلِ الْمُؤْمِنِينَ نُوَلِّهِ مَا تَوَلَّى وَنُصْلِهِ جَهَنَّمَ وَسَاءَتْ مَصِيرًا) (النساء: ١١٥)

'തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും, സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!' (നിസാഅ്:115).

വീണ്ടും അല്ലാഹു പറയുന്നു:

(إِنَّ فِي ذَلِكَ لَذِكْرَى لِمَنْ كَانَ لَهُ قَلْبٌ أَوْ أَلْقَى السَّمْعَ وَهُوَ شَهِيدٌ) (ق:٣٧)

'ഹൃദയമുള്ളവനായിരിക്കുകയോ, മനസ്സാന്നിധ്യത്തോടെ ചെവികൊടുത്ത് കേൾക്കുകയോ ചെയ്തവന്ന് തീർച്ചയായും അതിൽ ഒരു ഉൽബോധനമുണ്ട്' (ഖാഫ്:37).

അധ്യായം: 4

## സംശയങ്ങളും മറുപടികളും

ഖബറിടങ്ങൾ പള്ളികളാക്കുന്നത് മതപരമായി ഹറാമാണെങ്കിൽ ഒരുപാട് തെളിവുകളും, ന്യായങ്ങളും ഇതിനെതിരായി വന്നിട്ടുണ്ടല്ലോയെന്ന് വാദിക്കുവാൻ സാധ്യതയുണ്ട്. അതിന്റെ വിശദീകരണം താഴെ കൊടുക്കുന്നു:

**ഒന്ന്: സൂറത്തുൽ ഖഹ്ഫിൽ അല്ലാഹു പറയുന്നു:**

(قَالَ الَّذِينَ غَلَبُوا عَلَى أَمْرِهِمْ لَنَتَّخِذَنَّ عَلَيْهِمْ مَسْجِدًا) (الكهف: ٢١)

'അവരുടെ കാര്യത്തിൽ പ്രാബല്യം നേടിയവർ പറഞ്ഞു: നമുക്ക് അവരുടെ മേൽ ഒരു പള്ളി നിർമിക്കുക തന്നെ ചെയ്യാം' (അൽ കഹ്ഫ്: 21).

**ആയത്തിൽ നിന്നുള്ള തെളിവ്:** ഇങ്ങനെ പറഞ്ഞത് ക്രൈസ്തവരായിരുന്നുവെന്ന് നമുക്ക് തഫ്സീറിൽ നിന്ന് മനസിലാക്കാനാവും. ഖബറിടങ്ങൾ

പള്ളികളാക്കാൻ അവരുടെ ശരീഅത്തിൽ അനുവാദ മുണ്ടായിരുന്നുവെന്ന് മനസിലാക്കാം. മുൻകഴിഞ്ഞവ രുടെ ശരീഅത്ത് അല്ലാഹു ഖുർആനിൽ പറഞ്ഞാൽ നമുക്കും ശരീഅത്തായിരിക്കുമല്ലൊ. ഈ ആയത്തി ൽ അതിന് മറുപടിയായി ഒന്നും തന്നെ വന്നിട്ടുമില്ല. ഇത് ഖബർ പള്ളിയാക്കുവാനുള്ള തെളിവല്ലേ?

**രണ്ട്: പ്രവാചകൻ(ﷺ)യുടെ ഖബർ മസ്ജിദുന്നബ വിയിലാണ്,** അത് അനുവദനീയമായ കാര്യമല്ലാ യെങ്കിൽ അദ്ദേഹത്തെ അവിടെ മറമാടുകയില്ലായി രുന്നു.

**മൂന്ന്:** പ്രവാചകൻ(ﷺ) അറിയിച്ചത് പ്രകാരം എഴുപത് പ്രവാചകന്മാരുടെ ഖബറുകളുള്ള പള്ളിയിൽ നബി (ﷺ) നമസ്കരിക്കുകയുണ്ടായി.

**നാല്:** ചില ഗ്രന്ഥങ്ങളിൽ കാണുന്നത് പ്രകാരം ഇസ് മാഈലി(ﷺ)ന്റെയും മറ്റും ഖബറുകൾ മസ്ജിദുൽ ഹറാമിന്റെ ഹിജ്റ് ഇസ്മാഈലിൽ ഉണ്ട്. നമസ്കരി ക്കുന്നവന് ഏറ്റവും കൂടുതൽ പ്രതിഫലം ലഭിക്കുന്ന പള്ളിയായ മസ്ജിദുൽ ഹറമിലാണല്ലോ ഇതുള്ളത്?

**അഞ്ച്:** നബി(ﷺ)യുടെ കാലഘട്ടത്തിൽ അബൂബ സ്വീർ(رضي الله عنه)വിന്റെ ഖബറിന്മേൽ അബൂജന്ദൽ(رضي الله عنه) പള്ളി യുണ്ടാക്കിയല്ലോ? ഇത് ഇബ്നുഅബ്ദുൽ ബിർറ് ത ന്റെ (الاستيعاب) ൽ ഉദ്ധരിച്ചിട്ടുമുണ്ടല്ലോ?

**ആറ്:** ഖബറിടങ്ങൾ പള്ളികളാക്കുന്നത് വിരോധിച്ചി രുന്നത് അവിടെ ഫിത്നയും (ശിർക്ക് പോലെയുള്ള

കാര്യങ്ങൾ) മറ്റും ഉണ്ടാകുമെന്ന് പേടിച്ചാണ്.സത്യവിശ്വാസികളുടെ ഹൃദയത്തിൽ തൗഹീദ് രൂഢമൂലമായപ്പോൾ അത് ഇല്ലാതായി, അങ്ങിനെ വിരോധം ഒഴിവാകുകയും ചെയ്തുവെന്ന് ചിലർ വാദിച്ചേക്കാം.

ഈ കാര്യങ്ങളും, അതുപോലെ ഹറാമാണെന്ന കാര്യവും എങ്ങിനെ യോജിപ്പിക്കാം?

ഇതിനുള്ള മറുപടി പറയട്ടെ, ഉന്നതനായ അല്ലാഹുവിനോട് സഹായം ചോദിച്ച് തുടങ്ങട്ടേ.

**ഒന്നാമത്തെ സംശയത്തിനുള്ള മറുപടി:**

ഇതിനുള്ള മറുപടി മൂന്ന് രൂപത്തിലാണ്.

**ഒന്ന്:** യഥാർത്ഥത്തിൽ علم الأصولൽ അറിയപ്പെട്ടതും, അംഗീകരിക്കപ്പെട്ടതുമായ ഒരു തത്വമാണ് നമ്മുടെ മുൻഗാമികളുടെ ശരീഅത്ത് നമുക്ക് ശരീഅത്താവുകയില്ല. അതിന് ധാരാളം തെളിവുകളുണ്ട്. അതിൽ പെട്ടതാണ് പ്രവാചകൻ(ﷺ)യുടെ താഴെ വരുന്ന വചനം:

( أُعْطِيتُ خَمْسًا لَمْ يُعْطَهُنَّ أَحَدٌ مِنَ الْأَنْبِيَاءِ قَبْلِي ... (فذكرها، وآخرها) وَكَانَ النَّبِيُّ يُبْعَثُ إِلَى قَوْمِهِ خَاصَّةً، وَبُعِثْتُ إِلَى النَّاسِ كَافَّةً)

'എന്റെ മുമ്പുള്ള ഒരു പ്രവാചകന്മാർക്കും നൽകാത്ത അഞ്ച് കാര്യങ്ങൾ അല്ലാഹു എനിക്ക് നൽകിയിരിക്കുന്നു... (അതിൽ അവസാനമായി പറയുന്നു) പ്രവാചകന്മാർ അവരുടെ സമൂഹത്തിലേക്ക് മാത്രമായിട്ടായിരുന്നു നിയോഗിക്കപ്പെട്ടിരിക്കുന്നത്. ഞാൻ മുഴു

വൻ ജനങ്ങളിലേക്കും നിയോഗിക്കപ്പെട്ട പ്രവാചക നാകുന്നു'[33]

ഇത്രമാത്രം വ്യക്തമായിരിക്കെ മുകളിൽ ഉദ്ധരിച്ച ആയത്തിൽ നിന്നും ഖബറിടങ്ങളെ പള്ളികളാക്കാൻ അനുവാദമുണ്ടെങ്കിൽ പോലും അത് നമ്മുടെ മുമ്പേ കഴിഞ്ഞ് പോയവരുടെ ശരീഅത്താകുന്നു.!

**രണ്ട്:** 'മുൻ സമൂഹങ്ങളുടെ ശരീഅത്ത് നമുക്കും ശരീഅത്താണെന്ന്' പറയുന്നവർ ശ്രദ്ധിക്കേണ്ടത് ഇത് ഒരു നിബന്ധനയോടെയാണ്. ആതായത് ആ കാര്യത്തെ നിഷേധിക്കുന്ന തെളിവുകൾ നമ്മുടെ ശരീഅത്തിൽ വന്നാൽ അത് സ്വീകരിക്കുവാൻ പാടില്ലായെന്നർത്ഥം. എന്നാൽ ഇവിടെ ഈ നിബന്ധന പൂർത്തിയായിട്ടില്ല. കാരണം ഖബറിടങ്ങളെ പള്ളികളാക്കുന്നത് വിരോധിക്കുന്ന ഒരുപാട് ഹദീസുകൾ വന്നിട്ടുണ്ട്. അത് നാം മുകളിൽ ഉദ്ധരിക്കുകയും ചെയ്തു. അത്കൊണ്ട് തന്നെ ആ ആയത്തിൽ സൂചിപ്പിക്കുന്ന കാര്യം നമുക്കുള്ള ശരീഅത്തല്ല.

**മൂന്ന്:** ആയത്തിൽ സൂചിപ്പിക്കുന്ന കാര്യം അവർക്കുള്ള ശരീഅത്താണെന്നത് നമുക്ക് സ്വീകരിക്കുവാൻ സാധ്യമല്ല. കാരണം ആയത്തിൽ പറയുന്നത് ജനങ്ങളിൽ നിന്ന് ഒരു വിഭാഗം അങ്ങിനെ ചെയ്തിരുന്നുവെന്നാണ്.

---

[33] ബുഖാരിയും, മുസ്ലിമും ഉദ്ധരിച്ചത്. അത് അൽബാനി (إرواء الغليل) (رقم٢٨٥) ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(قَالَ الَّذِينَ غَلَبُوا عَلَى أَمْرِهِمْ لَنَتَّخِذَنَّ عَلَيْهِمْ مَسْجِدًا) (الكهف: ٢١)
'അവരുടെ കാര്യത്തിൽ പ്രാബല്യം നേടിയവർ പറഞ്ഞു: നമുക്ക് അവരുടെ മേൽ ഒരു പള്ളി നിർമിക്കുക തന്നെ ചെയ്യാം' (അൽ കഅ്ഫ്: 21).

ഇവർ സത്യവിശ്വാസികളായിരുന്നുവെന്നതിന് അതിൽ തെളിവില്ല. അവരിലേക്ക് നിയോഗിതരായ പ്രവാചകനിൽ വിശ്വസിച്ച വിശ്വാസികളും, സ്വാലീഹീങ്ങളുമായിരുന്നു എന്നതിനും യാതൊരു തെളിവുമില്ല, മറിച്ച് നേരെ എതിരാണ് മനസിലാകുന്നത്. ഫത്ഹുൽ ബാരിയിൽ(فتح الباري في شرح البخاري " ( ٦٥/٢٨٠) ഇബ്നു റജബിന്റെ " الكواكب الدراري " ( ٥٨ ) من യിൽ താഴെ വരുന്ന ഹദീസിനെ വിശദീകരിക്കുന്ന ഒരു ഉദ്ധരണി നമുക്ക് കാണാവുന്നതാണ്.

( لَعَنَ اللَّهُ الْيَهُودَ اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَساجِد)
'ജൂതന്മരെ അല്ലാഹു ശപിച്ചിരിക്കുന്നു, അവർ അവരുടെ പ്രവാചകൻമാരുടെ ഖബറിടങ്ങളെ പള്ളികളാക്കിയിരിക്കുന്നു'

(ഈ ഹദീസ് സൂചിപ്പിക്കുന്ന അതേ കാര്യം ഖുർആനും വ്യക്തമാക്കുന്നുണ്ട്. ഗുഹാവാസികളുടെ ചരിത്രം വിശദീകരിക്കുന്ന കൂട്ടത്തിൽ പറയുന്നു:

(قَالَ الَّذِينَ غَلَبُوا عَلَى أَمْرِهِمْ لَنَتَّخِذَنَّ عَلَيْهِمْ مَسْجِدًا) (الكهف: ٢١)
'അവരുടെ കാര്യത്തിൽ പ്രാബല്യം നേടിയവർ പറഞ്ഞു: നമുക്ക് അവരുടെ മേൽ ഒരു പള്ളി നിർമിക്കുക തന്നെ ചെയ്യാം' (അൽ കഅ്ഫ്: 21).

അവരുടെ കാര്യങ്ങളിൽ അതിര് കവിഞ്ഞവർ ഖബറുകളിന്മേൽ പള്ളികളുണ്ടാക്കി. അതിൽ നിന്ന് മനസിലാകുന്നത് ദേഹേഛകളെ പിൻപറ്റുകയും, കാര്യങ്ങളിൽ അതിര് കവിയുകയും, തെമ്മാടികളുമായിരുന്നവരാണ് അത് ചെയ്തിരുന്നതെന്നാണ്, അതല്ലാതെ അവരിലേക്ക് നിയോഗിച്ച പ്രവാചകന് അല്ലാഹു ഇറക്കിയതിൽ സഹായിക്കുകയും, അറിവുള്ളവരുമല്ല അങ്ങിനെ ചെയ്തിരുന്നത്).

അശ്ശൈഖ് അലിയ്യുബ്നു ഉർവ്വ തന്റെ (مختصر الكواكب (٢/٢٠٧/١٠)ൽ പറയുന്നു.അത് ഇബ്നു കഥീർ(ﷺ) തന്റെ തഫ്സീറിലും (٧٨/٣) ലും കൊടുത്തിട്ടുണ്ട്.

'അങ്ങിനെ(പള്ളിയുണ്ടാക്കാം) എന്ന് പറഞ്ഞവരെ സംബന്ധിച്ച് രണ്ട് അഭിപ്രായം ഇബ്നു ജരീർ (ﷺ) നൽകുന്നുണ്ട്.[34]

**ഒന്ന്:** അവരിൽ പെട്ട മുസ്ലീംകളായിരുന്നു അവർ.

**രണ്ട്:** അവരിലെ മുശ്രിക്കുകളായിരുന്നു അവർ.

അല്ലാഹുവാണ് കൂടുതൽ അറിവുള്ളവൻ. അവരുടെ മേൽ പള്ളിയുണ്ടാക്കാമെന്ന് പറഞ്ഞവരാണ് ആ വാക്കുകളുടെയും, അത് നടപ്പിലാക്കുന്നതിന്റെയും ആളുകൾ എന്നാണ് പ്രകടമാകുന്നത്. പക്ഷേ, അവർ വാഴ്ത്തപ്പെടേണ്ടവരാണോ, അല്ല ആക്ഷേപി

---

[34] ഞാൻ പറയുന്നു: ഇബ്നുൽ ജൗസി തന്റെ (١٢٣/٥) (زاد المسير)ൽ എടുത്ത് കൊടുത്തിട്ടുണ്ട്. പക്ഷേ, അദ്ദേഹത്തിന്റെ പതിവനുസരിച്ച് ഒരു അഭിപ്രായത്തെയും പ്രബലമാണെന്ന് പറഞ്ഞിട്ടില്ല.

ക്കപ്പെടേണ്ടവരാണോ? അതിൽ അഭിപ്രായ വ്യത്യാസമുണ്ട്. കാരണം നബി(ﷺ) പറയുന്നു:

( لَعَنَ اللَّهُ الْيَهُودَ وَالنَّصَارَى اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسْجِدًا)

'ജൂത ക്രൈസ്തവരെ അല്ലാഹു ശപിക്കട്ടെ, അവർ അവരുടെ പ്രവാചകന്മാരുടെ ഖബറിടങ്ങളെ പള്ളികളാക്കിയിരിക്കുന്നു'.അവർ ചെയ്തതിനെതിരെ താക്കീത് ചെയ്യുകയാണ്. ഉമറുബ്നൽ ഖത്വാബ്(رضي الله عنه)ൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്, അദ്ദേഹത്തിന്റെ കാലത്ത് ഇറാഖിൽ 'ദാനിയലി'ന്റെ ഖബറാണെന്ന് പറയപ്പെടുന്നത് കണ്ടെത്തിയപ്പോൾ അത് ജനങ്ങളിൽ നിന്ന് മറച്ച് കളയുവാൻ അദ്ദേഹം കൽപിക്കുകയുണ്ടായി.അതിനോട് കൂടെ ലഭിച്ച ഏടുകളും മറ്റു സാധനങ്ങളും അവിടെ തന്നെ മൂടികളയുവാനും കൽപിക്കുകയുണ്ടായി.

ഇത് മനസിലാക്കി കഴിഞ്ഞാൽ ആയത്തിൽ നിന്ന് ഒരു തരത്തിലും ഖബറടിങ്ങൾ പള്ളികളാക്കുവാൻ തെളിവ് പിടിക്കുവാൻ പാടില്ല. പണ്ഡിതനായ ആലൂസി(رحمه الله) തന്റെ (روح المعاني- ٣١/٥)ൽ പറയുന്നു:

(ആയത്തിൽ നിന്ന് പണ്ഡിതന്മാരുടെയും മഹാന്മാരുടെയും മറ്റും ഖബറുകളിൽ എടുപ്പുകളുണ്ടാക്കൽ അനുവദനീയമാണെന്നും, അതിലേക്ക് നമസ്കരിക്കൽ അനുവദനീയമാണെന്നതിനും ചിലർ തെളിവ് പിടിക്കുന്നുണ്ട്. ബൈളാവിക്ക് ഹാശിയ്യ: തയ്യാറാക്കിയ ശിഹാബുൽ ഖഫാജി ഇങ്ങനെ പറഞ്ഞയാളാണ്. എന്നാൽ ഇത് നിരർത്ഥകവും, അടി

സ്ഥാനരഹിതവുമാണ്, മ്ലേഛവും, നിലവാരം കുറഞ്ഞതുമായ അഭിപ്രായമാണ്. ഇങ്ങനെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്നാണ് പറയുന്നത് ...)

പിന്നീട് മുൻ കഴിഞ്ഞ ചില ഹദീസുകൾ അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. തുടർന്ന് ഹൈതമി(ﷺ) തന്റെ (الزواجر)ൽ പറഞ്ഞ കാര്യത്തെ അംഗീകരിച്ച് കൊണ്ട് അതും അവിടെ ചേർക്കുന്നുണ്ട്. അത് ഞാൻ മുകളിൽ ഉദ്ധരിച്ചിട്ടുമുണ്ട്.പിന്നീട് അദ്ദേഹത്തിൽ നിന്ന് അത് തന്റെ ( شرح المنهاج)ൽ എടുത്തുദ്ധരിക്കുന്നു. അതിങ്ങനെയാണ്:

(ഈജിപ്തിലെ ശ്മശാനങ്ങളിലുള്ള കെട്ടിടങ്ങൾ പൊളിച്ച് കളയുവാൻ ഒരു വിഭാഗം മതവിധി നൽകിയിട്ടുണ്ട്. ഇമാം ശാഫിഈ(ﷺ)യുടെ ഖബറിന് മുകളിൽ ചില രാജാക്കന്മാർ നിർമ്മിച്ച ഖുബ്ബ വരെ അതിൽ പെടുന്നതാണ്. കുഴപ്പങ്ങളും ഫിത്നയും ഭയപ്പെടുന്നില്ലായെങ്കിൽ എല്ലാവർക്കും അവ പൊളിച്ച് കളയാവുന്നതാണ്. ഇബ്നു അർറഫ്അ:(ﷺ) തന്റെ الصلح ൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇമാമുകൾക്ക് അത് പ്രത്യേകം കടമയാകുന്നു.

തുടർന്ന് ഇമാം ആലൂസി(ﷺ) പറയുന്നു:

(അങ്ങിനെ പറയാൻ പാടില്ല, തീർച്ചയായും ആയത്തിൽ പറയുന്നത് നമ്മുടെ മുൻഗാമികളുടെ ശരീഅത്തിനെ സംബന്ധിച്ചാണ്, അങ്ങിനെ അത് കൊണ്ട് തെളിവ് പിടിച്ചിട്ടുമുണ്ട്. പ്രവാചകൻ(ﷺ)യി

ൽ നിന്ന് താഴെ പറയുന്ന രൂപത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.(35)

"من نام عن صلاة أو نسيها"

'ആരെങ്കിലും നമസ്കാരത്തെ തൊട്ട് ഉറങ്ങിപോവുകയോ,അല്ലെങ്കിൽ മറന്ന് പോവുകയോ ചെയ്താൽ' ഹദീസ്. പിന്നീട് അല്ലാഹുവിന്റെ ഈ വചനം പാരായണം ചെയ്യുകയുണ്ടായി:

(وَأَقِمْ الصَّلاَةَ لِذِكْرِي) (سورة طه: ١٤)

'എന്നെ ഓർക്കുവാനായി നീ നമസ്കാരം നില നിർത്തുക' (ത്വാഹാ: 14). ഇത് മൂസാനബി(ﷺ)യോട് പറയുന്നതാണ്. ഈ ആയത്തിന്റെ അവതരണ സന്ദർഭമാണ് തെളിവായി ഉദ്ധരിക്കുന്നത്. അതുപോലെ അബൂയൂസുഫ് സ്ത്രീക്കും പുരുഷനുമിടയിൽ പ്രതികാരം ചെയ്യാം എന്നതിന് (وكتبنا عليهم) എന്നത് തെളിവായി സ്വീകരിക്കുന്നു. الكرخي എന്ന പണ്ഡിതൻ സ്വതന്ത്രൻ അടിമ, മുസ്‌ലിം, ഇസ്ലാമിക ഗവൺമെന്റിന് കീഴിൽ ജീവിക്കുന്ന അവിശ്വാസി(36) തുടങ്ങിയവർക്കിടയി

(35) ഞാൻ പറയുന്നു: ഈ ഹദീസ് ബുഖാരിയും, മുസ്‌ലിമും ഉദ്ധരിച്ചതാണ്. അത്കൊണ്ട് തന്നെ 'റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്' എന്ന് പറയുവാൻ പറ്റില്ല, കാരണം ഹദീസിന്റെ നിദാന ശാസ്ത്ര നിയമ പ്രകാരം അങ്ങിനെ പറഞ്ഞാൽ (روي) അതിന് വല്ല ദുർബ്ബലതയുമുണ്ടെന്ന് വരും. അത് ഞാൻ എന്റെ (صلاة التراويح)എന്ന പുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്. ശ്രദ്ധിക്കുക. മാത്രമല്ല, ഈ ഹദീസ് (صحيح إبي داود) ലും അതുപോലെ (الإرواء) ലും ഉദ്ധരിച്ചിട്ടുണ്ട്.

(36) ഞാൻ പറയുന്നു: മുസ്ലിമിനും, ഇസ്ലാമിക ഗവൺമെന്റിന് കീഴിൽ താമസിക്കുന്ന അവിശ്വാസിക്കുമിടയിൽ പ്രതികാരം നടപ്പിലാക്കുവാൻ

ൽ പ്രതികാരം നടപ്പിലാക്കാം എന്നും തെളിവ് പിടിച്ചിട്ടുണ്ട്. ബനൂ ഇസ്രായീല്യരെ സംബന്ധിച്ച് ഇറങ്ങിയ ഈ ആയത്തും, അല്ലാത്തതുമായ ആയത്തുകളിൽ പറയുന്ന പോലെയുള്ള കാര്യങ്ങൾ നമുക്കുമുള്ള ശരീഅത്താണ് എന്നതാണ് നമ്മുടെ മദ്ഹബ്, പക്ഷേ, നിരുപാധികം ശരീഅത്താവില്ല.മറിച്ച് അല്ലാഹു ആ കാര്യത്തെ നമുക്ക് നിരോധിക്കുവാൻ പാടില്ല. അല്ലാഹുവിന്റെ റസൂലിന്റെ നിരോധം അല്ലാഹുവിന്റെ നിരോധം പോലെ തന്നെയാണ്.[37]

ഖബറിടങ്ങൾ പള്ളികളാക്കുന്നവരെ പ്രവാചകൻ(ﷺ) ശപിക്കുന്നത് നീ മനസിലാക്കുകയുണ്ടായി, ആയതിനാൽ തന്നെ അത് മുൻകഴിഞ്ഞ സമൂഹത്തിലെ ശരീഅത്തിലും വിരോധിക്കപ്പെട്ടതായിരുന്നു, തങ്ങളുടെ പ്രവാചകന്മാരുടെ ഖബറിടങ്ങളെ പള്ളികളാക്കിയ ജൂതക്രൈസ്തവരെ ശപിച്ചിട്ടുണ്ടെന്ന് വ്യക്തമായിരിക്കെ എങ്ങിനെയാണ് മുൻകഴിഞ്ഞ സമൂഹ ശരീഅത്തിൽ ഖബറിടങ്ങൾ പള്ളികളാക്കുവാൻ അനുവാദം നൽകപ്പെടുക. നേരത്തെ പണ്ഡിതന്മാർ തെളിവു പിടിച്ചതും നാം ഉദ്ധരിച്ചതുമായ ആയത്ത് പോലെയല്ല ഇതിലുള്ള ആയത്ത്. ഒരു കൂട്ടം ആളുകൾ അങ്ങിനെ ചെയ്യും എന്ന് തീരുമാനിച്ചു എന്നല്ലാതെ മറ്റൊന്നും തന്നെ അതിൽ നിന്ന് ലഭ്യമല്ല.അവരെ

---

അനുവദനീയമല്ല, കാരണം പ്രവാചകൻ(ﷺ) പറയുന്നു: 'ഒരു അവിശ്വാസി കാരണത്താൽ ഒരു മുസ്ലിം വധിക്കപ്പെടുവാൻ പാടില്ല' ബുഖാരി.

(37) കാരണം പ്രവാചകൻ(ﷺ) പറയുന്നു: 'അല്ലാഹുവിന്റെ റസൂൽ നിഷിദ്ധമാക്കിയ കാര്യം അല്ലാഹു നിഷിദ്ധമാക്കിയപോലെയാണ്' സ്വഹീഹായ ഹദീസ്. മിശ്കാത്തിൽ അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്.

അതിൽ പുകഴ്ത്തുകയോ, അവരെ പിൻപറ്റുവാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയോ അതിൽ ചെയ്യുന്നില്ല. അവർ പാപസുരക്ഷിതരാണെന്ന് സ്ഥാപിക്കപ്പെടാത്തത്വരെ അവർ ചെയ്യുമെന്ന് തീരുമാനിച്ച കാര്യം ഉത്തമമാണെന്ന് സ്ഥാപിക്കാവതല്ല.

അവരുടെ പ്രവർത്തനങ്ങൾക്ക് നേരിയ അംഗീകാരം നൽകുന്നവർ പറയുന്നത് ഖതാദയിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടത് പോലെ അവരിലെ നേതാക്കന്മാരും പ്രമാണിമാരുമായിരുന്ന അവർ എന്നാണ്.

**ഇത് പറയുന്നവരോട് പറയുക:** ഒന്നാമത്തെ വിഭാഗം ഖബറിടങ്ങൾ പള്ളികളാക്കുവാൻ പാടില്ലായെന്ന് അറിയുന്ന വിശ്വാസികളായിരുന്നു. അവർ ആ ഗുഹാമുഖത്ത് എടുപ്പുണ്ടാക്കി അത് അടച്ച് കളയുവാനും, ഗുഹയിലുള്ള ജനാസകൾക്ക് നേരെ ജനങ്ങളിൽ നിന്നുണ്ടാകുന്ന ഉപദ്രവങ്ങൾ തടയുവാനും തീരുമാനിച്ചു എന്നാൽ നേതാക്കന്മാർ അവരിൽ നിന്ന് അത് സ്വീകരിച്ചില്ല. അവരോട് അങ്ങേയറ്റം കോപിക്കുകയും പള്ളിയാക്കുമെന്ന് തീരുമാനിക്കുകയും ചെയ്തു.

ഈ കാര്യം അംഗീകരിക്കാത്ത രണ്ടാമത്തെ വിഭാഗക്കാരെ സംബന്ധിച്ച് നല്ലത് വിചാരിക്കുകയാണെങ്കിൽ അവരോട് പറയുക: അവിടെ പള്ളിയുണ്ടാക്കാം എന്ന് അവർ പറഞ്ഞത് വിരോധിക്കപ്പെട്ട രൂപത്തിൽ ഖബറിടത്തിൽ പള്ളിയുണ്ടാക്കുന്നതിനെ സംബന്ധിച്ചോ, അങ്ങിനെ ചെയ്യുന്നവരെ ശപിക്കപ്പെട്ട രൂപത്തിലോ അല്ല, മറിച്ച് അതിന്റെയടുത്ത്, അ

വരുടെ ഗുഹയുടെ സമീപത്ത് പള്ളിയുണ്ടാക്കുവാനാണ്. സുദ്ധി, വഹബ് എന്നിവരിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന ചരിത്രത്തിൽ വ്യക്തമായി വന്നിരിക്കുന്നത് സമീപത്ത് എന്നാണ്. ഇങ്ങനെ പള്ളിയുണ്ടാക്കുന്നത് വിരോധിക്കപ്പെട്ടതല്ല. ഗുഹയുടെ അടുത്ത് പള്ളിയുണ്ടാക്കുന്നത് മസ്ജിദുന്നബവിയുടെ അടുത്ത് പ്രവാചകൻ(ﷺ)യുടെ ഖബർ ഉള്ളത് പോലെയാണ്. അപ്പോൾ അവരുടെ വാക്കുകൾ (لنتخذن عليهم) നമുക്ക് അവരുടെ മേൽ സ്വീകരിക്കാം' എന്നതാണെങ്കിൽ അടുത്ത വിഭാഗം പറയുന്നത് (ابنوا عليهم) 'അവരുടെ മേൽ കെട്ടിടം നിർമ്മിക്കാം' എന്നായിരിക്കും.

നീ ഉദ്ദേശിക്കുകയാണെങ്കിൽ നിനക്ക് പറയാം: ഗുഹയുണ്ടായിരുന്ന മലമുകളിൽ അവർ കെട്ടിടം നിർമ്മിച്ചു എന്ന്. അവിടെയുണ്ടായിരുന്ന രാജാവ് ഗുഹാവാസികളെ ഗുഹയിൽ തന്നെ ഉപേക്ഷിക്കുകയും, ആ ഗുഹ ഒരു പള്ളിയാക്കുകയും ചെയ്തുവെന്ന് മുജാഹിദിൽ നിന്നും ഒരു രിവായത്തുണ്ട്.ഒരു അവ്യക്തതയുമില്ലാതെ വാചകത്തിന്റെ പ്രകടമായ രൂപത്തിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത് ഇതാണ്. ഗുഹാവാസികൾ അവരുടെ ഉറക്കത്തിൽ നിന്നും ഉണർന്നതിന് ശേഷം മരിച്ചുവെന്ന് അഭിപ്രായപ്പെടുകയാണെങ്കിൽ ഇങ്ങനെ വ്യാഖ്യാനിക്കേണ്ടി വരും, അതല്ല, ഗുഹാവാസികൾ ആദ്യം ഉറങ്ങിയ പോ

ലെ വീണ്ടും ഉറങ്ങി എന്ന് വ്യാഖ്യാനിക്കുകയാണെങ്കിൽ ഇങ്ങനെ ചെയ്യേണ്ട ആവശ്യവുമില്ല.[38]

ചുരുക്കി പറയുകയാണെങ്കിൽ വ്യക്തമായ തെളിവുകളും, ശരിയായ രൂപത്തിലുള്ള പ്രമാണങ്ങളും വ്യക്തമായതിനാൽ മുകളിൽ ഉദ്ധരിച്ച ആയത്തിൽ നിന്ന് തെളിവ് പിടിച്ച് ശപിക്കപ്പെട്ട കാര്യം ചെയ്യുന്നത് അൽപബുദ്ധിയുള്ളവർക്ക് പോലും യോജിച്ചതല്ല. അത് വളരെ വ്യക്തമായ വഴികേടാണ്. ഇന്ന് ജാറങ്ങളിലും ഖബറിടങ്ങളിലും ജനങ്ങൾ ചെയ്ത് കൂട്ടുന്ന ഖബറുകൾ കെട്ടി ഉയർത്തുക, അത് ക്വുബ്ബായമിടുക, അവിടെ വിളക്കുകൾ കത്തിക്കുക, അതിലേക്ക് നമസ്കരിക്കുക, അതിനെ ത്വവാഫ് ചെയ്യുക, അവ തൊട്ട് മുത്തുക, പ്രത്യേക സമയങ്ങളിൽ അവിടെ ഒരുമിച്ച് കൂടുക പോലെയുള്ള മുഴുവൻ തോന്നി വാസങ്ങളെയും ന്യായീകരിക്കുകയും, അതിന് തെളിവുണ്ടാക്കി കൊടുക്കുന്നവരെയും ഞാൻ കണ്ടിട്ടുണ്ട്. അതിനെല്ലാം തെളിവ് പിടിക്കുന്നതും ഈ ആയത്ത് ദുർവ്യാഖ്യാനം ചെയ്ത് കൊണ്ടാണ്. എല്ലാ വർഷവും അവിടെ ഉൽസവങ്ങൾ നടക്കുകയും ചെയ്യുന്നവെന്ന് നമുക്ക് ചില കഥകളിലും, വാർത്തകളിലും കാണാൻ കഴിയുന്നു. ഇതെല്ലാം തന്നെ അല്ലാഹുവി

---

[38] (ഇത് സൂചിപ്പിക്കുന്നത് ഹസനിൽ നിന്ന് ഉദ്ധരിക്കുന്നത്: 'ഗുഹാവാസികൾ ഉണർന്നാൽ അവർക്ക് നമസ്കരിക്കുവാൻ വേണ്ടി ഒരു പള്ളിയുണ്ടാക്കുകയെന്നാണ്' ആലൂസി പറയുന്നു: 'ചിലയാളുകൾ പറയുന്നത് അവർ മരിച്ചിട്ടില്ല, മറിച്ച് ആദ്യം അവർ ഉറങ്ങിയത് പോലെ വീണ്ടും ഉറങ്ങുകയാണ് എന്നാണ്. ഇങ്ങനെകൂടി പറയപ്പെട്ടിട്ടുണ്ട്: അവർ മഹ്ദി ഇമാം വരുന്നത്വരെ മരിക്കുകയില്ല, മഹ്ദിയുടെ സഹായികളുടെ കൂടെയായിരിക്കും അവർ. എന്നാൽ എന്റെ (അൽബാനിയുടെ) അടുത്ത് ഇതെല്ലാം കെട്ടുകഥകളാണ്.)

നോടും, അവന്റെ പ്രവാചകനോടുമുള്ള എതിരാവലാണ്, അതോടൊപ്പം അല്ലാഹു അനുവാദം നൽകാത്ത കാര്യമായ മതത്തിൽ ബിദ്അത്തുകളുണ്ടാക്കലുമാണ്.

ഭൂമിയിൽ ഏറ്റവും ശ്രേഷ്ഠതയുള്ള ഖബറായ പ്രവാചകൻ(ﷺ)യുടെ ഖബറിനെ സ്വഹാബികൾ എന്താണ് ചെയ്തത് എന്ന് മനസിലാക്കിയാൽ തന്നെ ഒരാൾക്ക് യാഥാർത്ഥ്യം മനസിലാക്കുവാൻ സാധിക്കും. അത് പോലെ പ്രവാചക(ﷺ)ന്റെ ഖബർ സന്ദർശിക്കുന്നതും, അവിടെ സലാം പറയുന്നതും എങ്ങിനെയാണെന്ന് മനസിലാക്കുവാൻ സ്വഹാബികളുടെ മാർഗം പിൻപറ്റിയാൽ മതി. അങ്ങിനെ അവിടെ എന്താണ് നടക്കുന്നതെന്നും, നമ്മുടെ നാട്ടിൽ എന്താണ് നടക്കുന്നതെന്നും വ്യക്തമായി മനസിലാക്കുക. സന്മാർഗം നൽകുന്നത് അല്ലാഹു മാത്രമാണ്).

ഞാൻ(അൽബാനി) പറയുന്നു: ഖബറിടം പള്ളിയാക്കൽ അനുവദിക്കപ്പെട്ടതാണെന്നതിന് സൂചിപ്പിക്കപ്പെട്ട ആയത്ത് തെളിവാക്കുക മാത്രമല്ല, ഖബറിടം പള്ളികളാക്കുന്നത് പുണ്യകർമ്മമാണെന്ന് വരെ ചില ആധുനികർ[39] വാദിക്കുന്നു. പക്ഷേ, അങ്ങിനെ

(39) അവരിൽപെട്ടവനാണ് ശൈഖ് അബുൽഫൈള് അഹ്മദ് അസ്സ്വിദ്ദീഖ് അൽഗിമാരി, തന്റെ ഗ്രന്ഥമായ (إحياء المقبور من أدلة استحباب بناء المساجد والقباب على القبور) ൽ വിശദീകരിക്കുന്നു. ഈ നൂറ്റാണ്ടിൽ മുസ്ലീംകൾ ഇത്ര മാത്രം പരീക്ഷിക്കപ്പെട്ട ഒരു ഗ്രന്ഥവും ഇല്ല തന്നെ. ഈ പുസ്തകത്തെ സംബന്ധിച്ച് അൽബാനി നൽകുന്ന വിശദീകരണം അറബിമൂലത്തിൽ തന്നെ കൊടുക്കുന്നു:

هو الشيخ أبو الفيض أحمد الصديق الغماري في كتابه المسمى " إحياء المقبور من أدلة استحباب بناء المساجد والقباب على القبور "وهذا الكتاب من أغرب ما ابتلى به المسلمون في هذا العصر وأبعد ما يكون عن البحث العلمي

ചെയ്യുന്നവർ മതത്തിൽ പുത്തനാചാരങ്ങൾ ഉണ്ടാക്കിയ മുബ്തദിഉകളാണ്, അവരുടെ വാദവും അതിനുള്ള മറുപടിയും നാം നൽകുകയും ചെയ്തു. അങ്ങിനെ വാദിക്കുന്നവർ പറയുന്നത് ഇപ്രകാരമാണ്:

(ഈ ആയത്തിലുള്ള തെളിവ് :'അവരുടെ മേൽ നാം പള്ളിയുണ്ടാക്കും' എന്ന് ആയത്തിൽ പറഞ്ഞതിനെ അല്ലാഹു അംഗീകരിക്കുകയാണ്, അതിനെ എതിർത്തിട്ടില്ല).!

ഇങ്ങനെ തെളിവ് പിടിക്കുന്നത് നിരർത്ഥകമാണ്, ഈ വാദത്തിനുള്ള മറുപടി രണ്ട് രൂപത്തിലാണ്:

**ഒന്ന്:** അവർ മുസ്ലിംകളും, സ്വാലിഹീങ്ങളും, അവരുടെ പ്രവാചക(ﷺ)ന്റെ ശരീഅത്ത് മുറുകെ പിടിക്കുന്നവരുമാണെന്ന് സ്ഥാപിക്കാത്തത് വരെ അവർ പറഞ്ഞതിനെ എതിർത്തില്ലായെന്നതിനാൽ അത് അംഗീകരിച്ചുവെന്ന് പറയാനാവില്ല. ആയത്തിൽ അവർ സ്വാലിഹീങ്ങളാണെന്നതിന് യാതൊരു സൂചന

---

النزيه فان المؤلف يدعي ترك التقليد والعمل بالحديث الشريف فقد التقيت به منذ بضعة أشهر في المكتبة الظاهرية وظهر لي من الحديث الذي جرى بيني وبينه أنه على معرفة بعلوم الحديث وأنه يدعو للاجتهاد ويحارب التقليد محاربة لا هوادة فيها وله ذلك بعض المؤلفات كما قال لي ولكن الجلسة كانت قصيرة لم تمكني من أن أعرف اتجاهه في العقيدة وإن كنت شعرت من بعض فقرات حديثه انه خلفي صوفي ثم تأكد من ذلك بعد أن قرأت له هذا الكتاب وغيره حيث تبين لي أن يحارب أهل التوحيد ويخالفهم في عقيدتهم مخالفة شديدة ويقول البدعة الحسنة وينتصر للمبتدعة ولم يستفد من دعواه الاحتهاد إلا الانتصار للاهواء وأهلها ما يفعل مجتهدوا الشيعة تماما وإن شئت دليلا على ما أقول فحسبك برهانا على ذلك هذا الكتاب "... المقبور" فإن قبر كل الأحاديث المتواترة في تحريم البناء المساجد على القبور الذي قال به الأئمة الفحول بلا خلاف يعرف بينهم فهو والحق يقال : جرئ ولكن في محاربة الحق كيف لا وهو يرد كل ما ذكرناه من الأحاديث واتفاق الأئمة دون أي حجة اللّٰهُمَّ إلا اتباع المتشابه من النصوص كآية الكهف هذه شانه في ذلك شأن المبتدعة في در النصوص المحكمات بالمتشابه نعوذ بالله من الخذلان وسيأتيك من كلامه بعض الأمثلة الأخرى على ما ذكرنا والله المستعان.

യുമില്ല. മറിച്ച് അങ്ങിനെ ആയിരുന്നില്ലായെന്നാണ് സൂചന നൽകുന്നത്. അവർ അവിശ്വാസികളും, തെമ്മാടികളുമായിരുന്നുവെന്നാണ് ഇബ്നു റജബി(ﷺ)ന്റെയും, ഇബ്നുകഥീറി(ﷺ)ന്റെയും മുൻകഴിഞ്ഞ ഉദ്ധരണികളിൽ നിന്നും വ്യക്തമാവുന്നത്. ആയതിനാൽ തന്നെ അവർക്ക് മറുപടി നൽകിയിട്ടില്ലായെന്നത് അവരെ അംഗീകരിച്ചുവെന്നതിന് തെളിവല്ല. മറിച്ച് അതിനെ നിഷേധിക്കുകയാണ് ചെയ്യുന്നത്. കാരണം അവിശ്വാസികളുടെയും, തെമ്മാടികളുടെയും വാചകങ്ങൾ പറയുന്നത് തന്നെ അവക്കുള്ള മറുപടിയും, നിഷേധവുമാണ്. അതിനെതിരെ മൗനം അവലംബിക്കുന്നത് അതിനെ അംഗീകരിക്കലല്ലായെന്നത് ആർക്കും അറിയാത്ത കാര്യമല്ല. ഇതിനെ ഒന്നുകൂടി വ്യക്തമാക്കുന്നതാണ് രണ്ടാമത്തെ മറുപടി.

**രണ്ട്:** പറയപ്പെട്ട രൂപത്തിൽ ആയത്തിൽ നിന്ന് തെളിവ് പിടിക്കുന്നത് ആധുനികരും പൗരാണികരുമായവരിൽ പെട്ട തന്നിഷ്ടം പിൻപറ്റുന്നവരുടെ മാർഗം അവലംബിക്കുന്നവരുടെ സ്വഭാവത്തിൽ പെട്ടതാണ്. മതമായി അവർക്ക് ഖുർആൻ മാത്രം മതി, അവർ പ്രവാചക സുന്നത്തിന് യാതൊരു വിലയും കൽപിക്കുന്നില്ല. എന്നാൽ അഹ്ലു സ്സുന്നത്തി വൽ ഹദീസിന്റെ ആളുകൾ രണ്ട് വഹ്യിലും വിശ്വസിക്കുന്നവരാണ്. പ്രവാചക(ﷺ)ന്റെ താഴെ വരുന്ന പ്രസിദ്ധമായ സ്വഹീഹായ ഹദീസിൽ വിശ്വസിക്കുന്നവരാണ്:

"ألا إني أوتيت القرآن ومثله معه"

'അറിയുക, എനിക്ക് ഖുർആനം, അതുപോലെ വേറെയൊന്നം നൽകപ്പെട്ടിരിക്കുന്ന' വേറെ ഒരു റിപ്പോർട്ടിൽ ഉള്ളത് ഇപ്രകാരമാണ്:

" ألا إن ما حرم رسول الله مثل ما حرم الله "

'അറിയുക, റസൂലുല്ലാഹ് ഹറാമാക്കിയത്, അല്ലാഹു ഹറാമാക്കിയത് പോലെയാണ്'

ആയത്തിൽ നിന്ന് അവർ തെളിവ് പിടിച്ചത് പ്രകടമായി നിരർത്ഥകതയാണ്. കാരണം അതിൽ പറഞ്ഞതിനെ എതിർക്കുന്നത് സുന്നത്തിൽ വളരെ വ്യക്തമായി വന്നിരിക്കുന്നു. അത് മുകളിൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹു അങ്ങിനെ ചെയ്യുന്നവരെ അവന്റെ പ്രവാചക(ﷺ)ന്റെ നാവിലൂടെ ശപിച്ചിരിക്കെ പിന്നെയെങ്ങിനെ അതിനെ അല്ലാഹു അംഗീകരിച്ചുവെന്നും, അതിനെ എതിർത്തില്ലായെന്നും പറയാനാകും. ഇതിനെക്കാൾ വ്യക്തവും പ്രകടവുമായ മറുപടി വേറെ ഏതാണുള്ളത്?!

മുൻകഴിഞ്ഞ ഹദീസുകൾക്ക് വിരുദ്ധമായി ആയത്തിൽ നിന്ന് തെളിവ് പിടിക്കുന്നത് സുലൈമാൻ(ﷺ)മിന്ന് കീഴൊതുങ്ങിയ ജിന്നുകളെ സംബന്ധിച്ച് അല്ലാഹു പറഞ്ഞതിൽ നിന്നും രൂപങ്ങളും വിഗ്രഹങ്ങളും ഉണ്ടാക്കൽ അനുവദിക്കപ്പെട്ടതാണെന്ന് തെളിവ് പിടിക്കുന്നത് പോലെയുള്ള ഒരു കാര്യമാണ്.

(يَعْمَلُونَ لَهُ مَا يَشَاءُ مِنْ مَحَارِيبَ وَتَمَاثِيلَ وَجِفَانٍ كَالْجَوَابِ وَقُدُورٍ رَاسِيَاتٍ) (سورة سبأ: ١٣)

'അദ്ദേഹത്തിന് വേണ്ടി ഉന്നത സൗധങ്ങൾ, ശിൽപങ്ങൾ, വലിയ ജലസംഭരണിപോലെയുള്ള തളികകൾ, നിലത്ത് ഉറപ്പിച്ച് നിർത്തിയിട്ടുള്ള പാചക പാത്രങ്ങൾ എന്നിങ്ങനെ അദ്ദേഹം ഉദ്ദേശിക്കുന്നതെന്തും അവർ (ജിന്നുകൾ) നിർമിച്ചിരുന്നു.' (സബഅ്: 13)

ഇതിൽ നിന്ന് രൂപങ്ങളുണ്ടാക്കുന്നതും, വിഗ്രഹങ്ങൾ ഉണ്ടാക്കുന്നതും നിഷിദ്ധമാക്കുന്ന വ്യക്തമായ സ്വഹീഹായ ഹദീസുകൾക്ക് വിപരീതമായി തെളിവ് പിടിക്കുന്നു. പ്രവാചകൻ(ﷺ)യുടെ ഹദീസുകളിൽ വിശ്വസിക്കുന്ന ഒരു മുസ്ലിം അത് ചെയ്യില്ല.

സൂറത്ത് കഹ്ഫിൽ നിന്ന് തെളിവ് പിടിക്കുന്നതായ ഒന്നാമത്തെ സംശയവും, അതിനുള്ള വ്യക്തമായ മറുപടിയും ഇവിടെ അവസാനിക്കുകയാണ്.

**<u>രണ്ടാമത്തെ സംശയത്തിന് മറുപടി:</u>**

ഇന്ന് കാണുന്നത് പോലെ പ്രവാചകൻ(ﷺ)യുടെ ഖബർ മദീന പള്ളിയിലാണ്, ഖബർ പള്ളിയാക്കുന്നത് നിഷിദ്ധമായിരുന്നുവെങ്കിൽ അദ്ദേഹത്തെ അവിടെ മറമാടില്ലായിരുന്നുവല്ലോ?

മറുപടി: ഇന്ന് കാണുന്നത് പോലെ ആയിരുന്നില്ല സ്വഹാബാക്കളുടെ കാലത്ത്. പ്രവാചകൻ(ﷺ) മരിച്ചപ്പോൾ സ്വഹാബാക്കൾ അദ്ദേഹത്തെ പള്ളിയുടെ അടുത്തുള്ള അദ്ദേഹത്തിന്റെ വീട്ടിലാണ് മറമാടിയത്. അങ്ങിനെ പള്ളിയേയും, വീടിനെയും വേർതിരിക്കുന്ന ചുമരുകളും, അതിന് വാതിലുകളും ഉണ്ടായിരുന്നു. പ്രവാചകൻ(ﷺ) തന്റെ വീട്ടിൽ നിന്നായിരു

ന്നു പള്ളിയിലേക്ക് വന്നിരുന്നത്. ഇതെല്ലാം പണ്ഡിത ന്മാർക്കിടയിൽ വ്യക്തമായും അറിയപ്പെട്ടതും, അഭി പ്രായ വ്യത്യാസവുമില്ലാത്ത കാര്യവുമാണ്. പ്രവാച കൻ(ﷺ)യുടെ ഖബറിടത്തെ അവർക്ക് ശേഷം ആർ ക്കും പള്ളിയാക്കാൻ സാധിക്കാത്ത രൂപത്തിൽ സ്വ ഹാബികൾ അദ്ദേഹത്തെ റൂമിലാണ് മറമാടിയത്. ഇ ത് ആയിശാ(ﷺ)യുടെ ഹദീസുകളിൽ വ്യക്തമായും, നാം മുകളിൽ സൂചിപ്പിച്ചതുമാണ്.

പക്ഷേ, നിർഭാഗ്യകരമെന്ന് പറയട്ടെ അവർ വിചാരിക്കാത്തതാണ് അവർക്ക് ശേഷം സംഭവിച്ചത്. വലീദ്ബ്നു അബ്ദുൽ മലിക് ഹിജ്റ: 88ൽ മസ്ജിദു ന്നബവി പൊളിക്കുവാനും, പ്രവാചകൻ(ﷺ)യുടെ ഭാ ര്യമാരുടെ വീടുകൾ പള്ളിയിലേക്ക് ചേർക്കുവാനും കൽപിക്കുകയുണ്ടായി. അങ്ങിനെ ആയിശാ(ﷺ)യുടെ വീടും പള്ളിക്കുള്ളിൽ വന്നു. അങ്ങിനെയാണ് ഖബർ പള്ളിയിലേക്ക് വരുന്നത്.[40]

എന്നാൽ ചിലയാളുകൾ വിചാരിച്ചിരിക്കുന്നത് സ്വഹാബികളുടെ കാലത്താണ് ഖബർ പള്ളിയിലേ ക്ക് കൂട്ടി ചേർത്തത് എന്ന്. ഈ ധാരണ തെറ്റാണ് ആ സമയത്ത് മദീനയിൽ ഒരു സ്വഹാബിയും ഉണ്ടാ യിരുന്നില്ല.

പണ്ഡിതനായ അൽ ഹാഫിള് മുഹമ്മദ് ബ്നു അബ്ദുൽ ഹാദി(ﷺ) (ص:١٣٦) (الصارم المنكي)ൽ പറയുന്നു:

---

[40] ഇബ്നു ജരീരിന്റെ താരീഖിൽ (5/ 222- 223) ഇബ്നുകഥീറിന്റെ താരീ ഖ്: (9 / 74-75)

(മദീനയിലുണ്ടായിരുന്ന സ്വഹാബികൾ മുഴുവനും മരണപ്പെട്ടതിന് ശേഷം വലീദ്ബ്നു അബ്ദുൽ മലികിന്റെ ഖിലാഫത്തിലാണ് റൂമുകളെല്ലാം പള്ളിയിലേക്ക് കൂട്ടി ചേർക്കപ്പെട്ടത്. സ്വഹാബികളിൽ നിന്ന് അവസാനമായി മരണപ്പെട്ടത് ജാബിറുബ്നു അബ്ദുല്ലാഹ്(ﷺ) ആയിരുന്നു. അബ്ദുൽ മലികിന്റെ ഖിലാഫത്തിലായിരുന്നു അദ്ദേഹം മരണപ്പെട്ടത്. അദ്ദേഹം 78ൽ ആണ് മരണപ്പെട്ടത്. വലീദ് ഭരണം ഏറ്റെടുത്തത് 86 ലാണ്. അദ്ദേഹം മരണപ്പെട്ടത് 96 ലാണ്. ഇതിനിടയിലാണ് മസ്ജിദുന്നബവിയുടെ വിപുലീകരണവും, റൂമുകൾ പള്ളിയിലേക്ക് കൂട്ടി ചേർക്കലും നടന്നത്).[41]

---

(41) ഞാൻ(അൽബാനി) പറയുന്നു: വിശദമായി അൽബാനി ഹദീസിന്റെ നിദാന ശാസ്ത്രമനുസരിച്ച് പലയാളുകൾക്കും മറുപടി നൽകുന്നുണ്ട്. അത് വിവർത്തനം ചെയ്താൽ സാധാരണക്കാർക്ക് മനസിലാക്കുവാൻ പ്രയാസമുണ്ടാകും. അത് പണ്ഡിതന്മാർക്കുള്ള മറുപടിയായതിനാൽ അത് അങ്ങിനെ തന്നെ അറബിയിൽ കൊടുക്കുകയാണ് താഴെ:

قلت وإنما لم يسم الحافظ ابن عبدالهادي السنة التي وقع فيها ذلك لأنها لم ترد في رواية ثابتة على طريقة المحدثين وما نقلناه عن ابن جرير هو من رواية الواقدي وهو متهم ورواية ابن شبة الآتية في كلام الحافظ ابن عبد الهادي مدارها على مجاهيل وهم عن مجهول كما هو ظاهر فلا حجة في شئ من ذلك وإنما العمدة على اتفاق المؤرخين على أن إدخال الحجرة إلى المسجد كان في ولاية الوليد وهذا القدر كاف في إثبات أن ذلك كان بعد موت الصحابة الذين كانوا في المدينة حسبما بينه الحافظ لكن يعكر عليه ما رواه أبو عبدالله الرازي في مشيخته (٢١٨/١) عن محمد بن الربيع الحيزري : " توفي سهل بن سعد بالمدينة هو ابن مائة سنة وكانت وفاته سنة إحدى وتسعين وهو آخر من مات بالمدينة من أصحاب النبي صلى الله عليه وسلم . لكن الجيزري هذا لم اعرفه ثم هو معضل وقد ذكر مثله الحافظ بن حجر في " الإصابة " ( ٢ / ٨٧ ) عن الزهري من قوله فهو معضل أيضا أو مرسل ثم عقبه بقوله " : وقيل قبل ذلك وزعم ابن أبي داود أنه مات بالإسكندرية " وجزم في " التقريب " أنه مات سنة ٨٨ فالله أعلم وخلاصة القول أنه ليس لدينا نص تقوم به الحجة على أن أحدا من الصحابة كان في عهد عملية التغيير هذه فمن ادعى خلاف ذلك فعليه الدليل فما جاء في شريح مسلم (١٣١٤/٥) " أن ذلك كان في عهد الصحابة لعل مستنده تلك الرواية المعضلة أو المرسلة وبمثلها لا تقوم حجة على أنها أخص من الدعوى فإنها لو صحت إنما تثبت وجود واحد من الصحابة حينذاك لا ( الصحابة)

وأما قول بعض من كتب في هذه المسألة بغير علم: فمسجد النبي صلى الله عليه وسلم منذ وسعه عثمان رضي الله عنه وأدخل في المسجد ما لم يكن منه فصارت القبور الثلاثة محاطة بالمسجد لم ينكر أحد من السلف ذلك

فمن جهالاتهم التي لا حدود لها ولا أريد أن أقول : إنها من افتراءاتهم فإن أحدا من العلماء لم يقل إن إدخال القبور الثلاثة كان في عهد عثمان رضي الله عنه بل اتفقوا على أن ذلك كان في عهد الوليد بن عبد الملك كما سبق أي بعد عثمان بنحو نصف قرن ولكنهم يهرفون بما لا يعرفون ذلك لأن عثمان رضي الله عنه فعل خلاف ما نسبوا إليه فإنه لما وسع المسجد النبوي الشريف احترز من الوقوع في مخالفة الأحاديث المشار إليها فلم يوسع المسجد من جهة الحجرات ولم يدخلها فيه وهذا عين ما صنعه سلفه عمر بن الخطاب رضي الله عنه جميعا بل أشار هذا إلى أن التوسيع من الجهة المشار إليها فيه المحذور المذكور في الأحاديث المتقدمة كما سيأتي ذلك عنه قريبا

وأما قولهم : " ولم ينكر أحد من السلف ذلك" فنقول : وما أدراكم بذلك ؟ فإن من أصعب الأشياء على العقلاء إثبات نفي شئ يمكن أن يقع ولم يعلم كما هو معروف عند العلماء لأن ذلك يستلزم الإستقراء التام والإحاطة بكل ما جرى وما قيل حول الحادثة التي يتعلق بها الأمر المراد نفيه عنها وأنى لمثل هذا البعض المشار إليه أن يفعلوا ذلك لو استطاعوا ولو أنهم راجعوا بعض الكتب لهذه المسألة لما وقعوا في تلك الجهالة الفاضحة ولو جدوا ما يحملهم على أن لا ينكروا ما لم يحيطوا بعلمه فقد قال الحافظ ابن كثير في تاريخه ( ٧٥ ج ٩ ) بعد أن ساق قصة إدخال القبر النبوي في المسجد:

ويحكي أن سعيد بن المسيب أنكر إدخال حجرة عائشة في المسجد كأنه خشي أن يتخذ القبر مسجدا وأنا لا يهمني كثيرا صحة هذه الرواية أو عدم صحتها لأننا لا نبني عليها حكما شرعيا لكن الظن بسعيد بن المسيب وغيره من العلماء الذين أدركوا ذلك التغيير أنهم أنكروا ذلك أشد الإنكار لمنافاته تلك الأحاديث المتقدمة منافاة بينة وخاصة منها رواية عائشة التي تقول: " فلولا ذاك أبرز قبره غير أنه خشي أن يتخذ مسجدا" فما خشي الصحابة رضي الله عنهم قد وقع مع الأسف الشديد بإدخال القبر في المسجد إذ لا فارق بين أن يكونوا دفنوه صلى الله عليه وسلم حين مات في المسجد وحاشاهم عن ذلك وبين ما فعله الذين بعدهم من إدخال قبره في المسجد بتوسيعه فالمحذور حاصل على كل حال كما تقدم عن الحافظ العراقي وشيخ الإسلام ابن تيمية ويؤيد هذا الظن أن سعيد بن المسيب أحد رواة الحديث الثاني كما سبق فهل اللائق بمن يعترف بعلمه وفضله وجرأته في الحق أن يظن به أنه أنكر على من خالف الحديث الذي هو رواته أم أن ينسب إليه عدم إنكاره ذلك كما زعم هؤلاء المشار إليهم حين قالوا " لم ينكر أحد من السلف ذلك"

والحقيقة أن قولهم هذا يتضمن طعنا ظاهرا لو كانوا يعلمون في جميع السلف لأن إدخال القبر إلى المسجد منكر ظاهر عند كل من علم بتلك الأحاديث المتقدمة وبمعانيها ومن المحال أن ننسب إلى جميع السلف جهلهم بذلك فهم أو على الأقل بعضهم يعلم ذلك يقينا وإذا كان الأمر كذلك فلا بد من القول بأنهم أنكروا ذلك ولو لم نقف فيه على نص لأن التاريخ لم يحفظ لنا كل ما وقع فكيف يقال : إنهم لم ينكروا ذلك ؟ اللَّهُمَّ غفرا ومن جهالتهم قولهم عطفا على قولهم السابق : وكذا مسجد بني أمته دخل المسلمون دمشق من الصحابة وغيرهم والقبر ضمن المسجد لمن ينكر أحد ذلك" إن منطق هؤلاء عجيب غريب إنهم ليتوهمون أن كل ما يشاهدونه الآن في مسجد بني أمية كان موجودا في عهد منشئه الأول الوليد بن عبد الملك ن فهل يقول بهذا عاقل ؟ كلا لا يقول ذلك غير هؤلاء ونحن نقطع ببطلان قولهم وأن أحدا من الصحابة والتابعين لم ير قبرا ظاهرا في مسجد بني أمية أو

(അബൂസൈദ് ഉമറുബ്നു ശബത് അന്നുമൈരി തന്റെ (كتاب أخبار المدينة)ൽ തന്റെ ശൈഖുമാരിൽ നിന്നും റസൂലുല്ലാഹ്(ﷺ)യുടെ പട്ടണമായ മദീനയെ സംബന്ധിച്ച് പറയുന്നു: ഉമറുബ്നു അബ്ദുൽ അസീസ് വലീദിന്റെ പകരക്കാരനായ സന്ദർഭത്തിൽ ഹിജ്റ 91 ൽ പള്ളി പൊളിച്ച് കൊത്തുപണികളുള്ള കല്ലുകൾ കൊണ്ട് നിർമ്മിക്കുകയും, അതിന്റെ മേൽക്കൂര തേക്ക് കൊണ്ടും, അതിന്റെ കൊത്തു പണികൾ സ്വർണം പൂശിയതാക്കുകയും ചെയ്തു. അങ്ങിനെ പ്ര

---

غيره بل غاية ما جاء فيه بعض الروايات عن زيد بن أرقم بن واقد أنهم في أثناء العمليات وجدوا مغارة فيها صندوق فيه سفط ( وعاء كامل ) وفي السفط رأس يحي بن زكريا عليهما السلام مكتوب عليه : هذا رأي يحي عليه السلام فأمر به الوليد فرد إلى المكان وقال : اجعلوا العمود الذي فوقه مغيرا من الأعمدة فجعل عليه عمود مسبك بسفط الرأس . رواه أبو الحسن الربعي في فضائل الشام ( ٣٣ ) ومن طريقه ابن عساكر في تاريخه ( ج ٢ ق ٩ / ١٠ ) وإسناده ضعيف جدا فيه إبراهيم بن هشام الغساني كذبه أبو حاتم وأبو زرعة وقال الذهبي " متروك " . ومع هذا فإننا نقطع أنه لم يكن في المسجد صورة قبر حتى أواخر القرن الثاني لما أخرجه الربعي وبن عساكر عن الوليد بن مسلم أنه سئل أين بلغك رأس يحى بن زكريا ؟ قال : بلغني أنه ثم وأشار بيده إلى العمود المسفط الرابع من الركن الشرقي فهذا يدل على أنه لم يكن هناك قبر في عهد الوليد بن مسلم وقد توفي سنة أربع وتسعين ومائة

وأما كون ذلك الرأس هو رأس يحى عليه السلام فلا يمكن أن إثباته ولذلك اختلف المؤرخون اختلافا كثيرا وجمهورهم على أن رأس يحي عليه السلام مدفون في مسجد حلب ليس في مسجد دمشق كما حققه شيخنا في الإجازة العلامة محمد راغب الطباخ في بحث له نشره في مجلة المجمع العلمي العربي بدمشق ( ج ١ ص ٤١ ١٤٨٢ ) تحت عنوان " رأس يحي ورأس زكريا " فليراجعه من شاء

ونحن لا يهمنا من الوجهة الشرعية ثبوت هذا أو ذاك سواء عندنا أكان الرأس الكريم في هذا المسجد أو ذاك بل لو تقينا عدم وجوده في كل من المسجدين فوجود صورة القبر فيهما كاف في المخالفة لأن أحكام الشريعة المطهرة إنما تبنى عل الظاهر لا الباطن كما هو معروف وسيأتي ما يشهد لهذا من كلام بعض العلماء وأشد ما تكون المخالفة إذا كان القبر في قبلة المسجد كما هو الحال في مسجد حلب ولا منكر لذلك من علمائها

واعلم أنه لا يجدي في رفع المخالفة أن القبر في المسجد ضمن مقصورة كما زعم مؤلفوا الرسالة لأنه على كل حال ظاهر ومقصود من العامة وأشباههم من الخاصة بما لا يقصد به إلا الله تعالى من التوجه إليه والاستغاثة به من دون الله تبارك وتعالى فظهور القبر هو سبب المحذور كما سيأتي عن النووي رحمه الله

وخلاصة الكلام أن قول من أشرنا إليهم أن قبر يحي عليه السلام كان ضمن المسجد الأموي منذ دخل دمشق الصحابة وغيرهم لم ينكر ذلك أحد منهم إن هو إلا محض اختلاق.

വാചക പത്നിമാരുടെ വീടുകൾ പൊളിക്കുകയും, പള്ളിയിലേക്ക് കൂട്ടി ചേർക്കുകയും ചെയ്തു. അങ്ങിനെ പ്രവാചക(ﷺ)ന്റെ ഖബർ പള്ളിയിലാവുകയും ചെയ്തു).

മദീനയിൽ ഒരു സ്വഹാബിയും ജീവിച്ചിരിക്കാത്ത കാലത്താണ് പ്രവാചകൻ(ﷺ)യുടെ ഖബർ പള്ളിയിലേക്ക് കൂട്ടിചേർത്തതെന്ന് നമുക്ക് വ്യക്തമായി, പ്രവാചകനെ സ്വഹാബികൾ റൂമിൽ മറമാടിയപ്പോഴുണ്ടായിരുന്ന ഉദ്ദേശത്തിന് നേരെ വിപരീതമായിട്ടാണ് കാര്യങ്ങൾ സംഭവിച്ചത്. അത്കൊണ്ട് സ്വഹാബികൾക്ക് ശേഷം സംഭവിച്ച കാര്യങ്ങൾ ഉയർത്തിപിടിച്ച് തെളിവ് പിടിക്കുന്നത് ഒരു മുസ്ലിമിനും അനുവദനീയമല്ല. കാരണം അത് സ്വഹീഹായ ഹദീസുകൾക്കും, സ്വഹാബികൾ മനസിലാക്കിയതിനും, പണ്ഡിതന്മാർ വ്യക്തമാക്കിയതിനും നേരെ വിപരീതമാണ്, അത് നാം മുകളിൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉമർ(ﷺ)വും, ഉഥ്മാൻ(ﷺ)വും പള്ളി വികസിപ്പിച്ചപ്പോഴും ചെയ്യാത്ത കാര്യമാണത്, അവർ ഒരിക്കലും പ്രവാചക(ﷺ)ന്റെ ഖബറിനെ പള്ളിയിലേക്ക് കൂട്ടി ചേർത്തിട്ടില്ല.

ഈ കാരണങ്ങൾ കൊണ്ട് തന്നെ വലീദ്ബ്നു അബ്ദുൽ മലികി(ﷺ)ന് തെറ്റ് പറ്റിയെന്ന് നാം ഉറപ്പിച്ച് പറയുന്നു, അല്ലാഹു അദ്ദേഹത്തിന് വിട്ട്വീഴ്ച നൽകുമാറാവട്ടെ. മസ്ജിദുന്നബവി വികസിപ്പിക്കൽ അദ്ദേഹത്തിന് അനിവാര്യമായിരുന്നെങ്കിൽ പ്രവാചക(ﷺ)ന്റെ പരിശുദ്ധമായി വീടും, ഖബറും ഉൾകൊള്ളാത്ത ഭാഗങ്ങളിലേക്കായിരുന്നു അദ്ദേഹം പള്ളി വിക

സിപ്പിക്കേണ്ടിയിരുന്നത്. ഉമർ(ﷺ)വിന്റെ കാലത്ത് പള്ളി വികസിപ്പിക്കേണ്ടി വന്ന സന്ദർഭത്തിൽ അദ്ദേഹം അത് വ്യക്തമാക്കുകയും ചെയ്ത കാര്യമാണ്. അദ്ദേഹം പ്രവാചക(ﷺ)ന്റെ റൂമുകളുള്ള ഭാഗങ്ങളിലേക്ക് വികസിപ്പിക്കാതെ മറ്റുള്ള ഭാഗങ്ങളിലേക്കായിരുന്നു വികസിപ്പിച്ചിരുന്നത്. മത്രമല്ല, അദ്ദേഹം ഇങ്ങനെ കൂടി പറയുകയുണ്ടായി: (إنه لا سبيل إليها)അങ്ങിനെ ചെയ്യുവാൻ (പ്രവാചകന്റെ വീട് പള്ളിയിലേക്ക് കൂട്ടുവാൻ) നമുക്ക് ഒരു മാർഗവുമില്ല'[42] മഹാനായ ഉമർ(ﷺ) വീടുകൾ പൊളിച്ച് പള്ളിയിലേക്ക് ചേർക്കുന്നതിനെതിരെ ദീർഘ ദൃഷ്ടിയോടെ താക്കീത് ചെയ്യുന്നു.

മുകളിൽ നാം ഉദ്ധരിച്ച ഹദീസുകൾക്കും, ഖുലഫാഉർറാശിദുകളുടെ ചര്യക്കും വിപരീതമായി ചെയ്തവർ പ്രവാചകൻ(ﷺ)യുടെ ഖബറിനെ വിശുദ്ധ പള്ളിയിലേക്ക് കൂട്ടിചേർത്തപ്പോഴും അവിടെ ഇസ്ലാമിനെതിരായ കാര്യങ്ങൾ ചെയ്യാതിരിക്കുവാനും, അത് കുറച്ച് കൊണ്ടുവരാനും അവർക്ക് കഴിയുന്ന കാര്യ

---

(42) ഇബ്നു സഅദിന്റെ ത്വബഖാത്ത് (4 \ 21) ഇബ്നു അസാകിറിന്റെ താരീഖ് ദിമശ്ഖ് (8 \ 478 \ 2)

انظر " طبقات ابن سعد " ( ٤ / ٢١ ) و " تاريخ دمشق " لا بن عساكر ( ٨ / ٤٧٨ / ٢ ) وقال السيوطي في " الجامع الكبير " ( ٣ / ٢٧٢ / ٢) وسنده صحيح إلا أن سالما أبا النضر لم يدرك عمر، و " وفاء الوفاء " للسمهودي (٣٤٣/١) و " المشاهدات المعصومية عند قبر خير البرية " للعلامة محمد سلطان العصومي رحمه الله تعالى ( ص ٤٣ ) وهو مؤلف رسالة هداية السلطان 'إلى بلاد اليابان " التي ادعى أحد الدكاترة أنها ليست له وإنما لبعض إخواننا مع أنني تناولتها منه هدية مطبوعة حين زرته في مكة في حجتي الأولى سنة ١٣٦٨ هـ

ങ്ങൾ അവർ ചെയ്തിരുന്നു. ഇമാം നവവി(ﷺ) شرح) (١٤/٥) ( مسلم പറയുന്നത് ശ്രദ്ധിക്കുക:

(മുസ്ലീംകൾ അധികരിച്ചപ്പോൾ സ്വഹാബികളും,[43] താബിഉകളും പള്ളി വികസിപ്പിക്കുവാൻ നിർബ്ബന്ധിതരായി. അങ്ങിനെ പള്ളി വികസനം വിശ്വാസികളുടെ മാതാക്കളുടെ വീടുകളിലേക്ക് വരെ എത്തുകയുണ്ടായി. അങ്ങിനെയുള്ള വീടുകളിൽ പെട്ടതായിരുന്നു പ്രവാചകൻ(ﷺ)യെയും, അദ്ദേഹത്തിന്റെ രണ്ട് കൂട്ടുകാരായ അബൂബക്കർ(ﷺ) ഉമർ(ﷺ) എന്നിവരെ മറമാടപ്പെട്ട ആയിശാ(ﷺ)യുടെ വീടും. അങ്ങിനെ ഖബറുകൾ പള്ളിയിൽ കാണാതിരിക്കുവാനായി അവർ അതിന് ചുറ്റും ഉയരത്തിൽ വൃത്താകൃതിയിൽ ചുമർ നിർമ്മിക്കുകയുണ്ടായി.[44] പൊതു ജന

---

(43) സ്വഹാബികളിലേക്ക് ഇത് ചേർത്തിപറയുന്നത് ശരിയല്ല,കാരണം അത് സ്ഥിരപ്പെട്ടതല്ല, അത് നാം മുകളിൽ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

(44) ഹലബിലും, ദമസ്കസിലും ബനൂഉമയ്യാ പള്ളിയിലുള്ള യഹ്യാ(ﷺ) ന്റെ ഖബർ ഇന്ന് കാണുന്നത് പോലെ ജനലിലൂടെയോ, ഇരുമ്പിന്റെ മറകൾക്കുള്ളിലൂടെയോ, വാതിലുകൾക്കിടയിലൂടെയോ ഖബറുകൾ കാണുകയാണെങ്കിൽ പോലും അത് വിരോധിക്കപ്പെട്ടതാണെന്നതിന് ഇതിൽ വ്യക്തമായ തെളിവുണ്ട്. അങ്ങിനെ മറക്കുള്ളിലാണ് ഖബറെങ്കിൽ വിരോധത്തിൽ നിന്ന് ഒഴിവാണെന്ന് പറയുവാൻ കഴിയില്ല. ഇത്കൊണ്ടാണ് പള്ളിയുടെ ഖിബ്ലക്ക് നേരെയായി ഖബറുകളുള്ള പള്ളിയി ലെ നമസ്കാരം അനുവദനീയമല്ലായെന്ന് ഇമാം അഹ്മദ് വ്യക്തമായി പറയുവാൻ കാരണം. അത് ഖബറിനും പള്ളിക്കിടയിലും വേർതിരിക്കു ന്ന ചുമരുകൾക്കും, മറകൾക്കിടയിലും വേറെ ഒരു മറയുണ്ടായിരുന്നാലും ശരി. ഇതിനെ സംബന്ധിച്ച് വഴിയെ കൂടുതൽ വിശദീകരണം വരുന്നതാണ്. പിന്നെ പള്ളിയുടെ ഉള്ളിൽ ഖിബ്ലക്ക് അഭിമുഖമായുള്ള ഖബറിന്റെയും, പള്ളിയുടെ യും സ്ഥിതി പറയേണ്ടതുണ്ടോ? എന്നാൽ ചിലർ പറയുന്നത് മനസിലാക്കുക:

(പ്രവാചകൻ(ﷺ)യുടെ പള്ളി, അതുപോലെ ബനൂഉമയ്യാ പള്ളി എന്നിവ പോലെ ഖബറുകളുള്ള പള്ളിയിലുള്ള നമസ്കാരം ഖബറിസ്ഥാ

നിലുള്ള നമസ്കാരമാണെന്ന് പറയാവതല്ല. കാരണം ഖബർ പള്ളിയിൽ നിന്ന് വേറിട്ട് പ്രത്യേകമായി തനിയെ ഒരു റൂമിലാണ് ഉള്ളത്. പിന്നെ അവിടെ ന മസ്കരിക്കുന്നതിന് എന്താണ് തടസ്സമുള്ളത്.)

എന്നാൽ ഈ വാദം മതത്തിലുള്ള അറിവിൽ നിന്നോ, പാണ്ഡിത്യ ത്തിൽ നിന്നോ ഉൽഭവിച്ചതല്ല. കാരണം ഉമവി പള്ളിയിലെ ഖബർ ഇപ്പോ ഴും കാണുന്ന രൂപത്തിൽ തന്നെയാണ് ഉള്ളത്, പിന്നെ അതിന്റെ നിരോധം എങ്ങിനെ നീങ്ങും. മാത്രമല്ല ജനങ്ങൾ ആ ഖബറിനെ ഉദ്ദേശിച്ച് കൊണ്ട് പോവുകയും, അവിടെ വെച്ച് പ്രാർത്ഥിക്കുകയും, അല്ലാഹു വല്ലാത്തവരോട് അവിടെ വെച്ച് ഇസ്തിഗാഥ നടത്തുകയും ചെയ്യുക പേലെയുള്ള അല്ലാഹു ഇഷ്ടപ്പെടാത്ത കാര്യങ്ങൾ അവിടെ നടക്കുന്നുണ്ട്. ഇസ്ലാമിക ശരീഅ ത്തിന്റെ ദാതാവും യുക്തിമാനുമായ അല്ലാഹു ഖബറിടം പള്ളിയാക്കരുതെന്ന് വിലക്കുവാൻ കാരണം ഇന്ന് ഖബറിട ങ്ങളിൽ ജനങ്ങൾ ചെയ്യുന്നത് പോലെയുള്ള വിരോധിച്ച കാര്യങ്ങൾ ഉണ്ടാകുന്ന മാർഗങ്ങളെ തടയുവാനായിരുന്നു. ഇതിന്റെ വിശദീകരണം വഴിയെ വരുന്നതാണ്. ഖബറിന്റെയടുത്ത് ഇങ്ങനെയുള്ള വിരോധിച്ച കാര്യങ്ങൾ ചെയ്യുന്ന സന്ദർഭത്തിൽ ചെറിയ റൂമുകൾക്കുള്ളിൽ ഖബറി നെ പ്രത്യേകം തിരിച്ചത് കൊണ്ട് എന്ത് കാര്യം?!

ഖബറിനെ മാർബിളുകളും, ടെയിൽസുകളും പതിച്ച് കൊണ്ടുള്ള ചെ റിയ ചുമരുകളാൽ വലയം ചെയ്യുന്നത് പോലും ജനങ്ങളെ കൊണ്ട് അല്ലാ ഹുവിനെയും,അവന്റെ പ്രവാചക(ﷺ)നെയും ധിക്കരിപ്പിക്കുവാനും, ഇന്ന് കാണുകയും, അറിയപ്പെടുകയും ചെയ്യുന്നത്പോലെ ആ ഖബ റിനുള്ളിൽ കിടക്കുന്ന വ്യക്തിയെ ഒരിക്കലും മതം അനുവദിക്കാത്ത രൂപത്തിൽ മഹത്വവൽക്കരിക്കുവാനുള്ള മറ്റൊരു മാർഗം ജനങ്ങൾക്ക് ഒരുക്കികൊടുക്കുകയുമാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള ചിലതിലേക്ക് നാം മുകളിൽ സൂചന നൽകിയിട്ടുണ്ട്.

ജനങ്ങൾ നമസ്കരിക്കുമ്പോൾ ഉദ്ദേശത്തോടെയോ, അല്ലാതെയോ അ തിലേക്ക് മുന്നിടുന്നത് തന്നെ അത് വിരോധിക്കപ്പെട്ടതാണെന്നതിന് മതി യായ തെളിവല്ലേ, എന്നാൽ ഇതിനെതിരിൽ തെളിവ് പിടിക്കുന്നവർ ഇങ്ങ നെ വാദിച്ചേക്കാം: നമസ്കരിക്കുന്നവർക്കിടയിലും, ഖബറിനിടയിലും ഖ ബറിന്റെ ജനലുകളും, വാതിലുകളും, കോപ്പറിന്റെ വലകളും കൊണ്ടുള്ള മറയില്ലേ, പിന്നെ യെന്താണ് അതിലേക്ക് മുന്നിടുന്നത് കൊണ്ടുള്ള കുഴപ്പം. അങ്ങിനെയുള്ളവരോട് നാം പറയുന്നു: ഇങ്ങനെയുള്ള മറ മതിയായിരുന്നെങ്കിൽ ഒരിക്കലും നബി(ﷺ)യുടെ ഖബർ ഉയർന്ന വൃത്താ കൃതിയിലു ള്ള ചുമർ കൊണ്ട് വലയം ചെയ്യില്ലായിരുന്നു, അത്കൊണ്ട് മാത്രം മതിയാക്കിയില്ല, മറിച്ച് ഖബറിലേക്ക് മുന്നിടുന്നതിനെ തടയുന്ന രൂപത്തിൽ അതിനെ മറക്കുന്ന തരത്തിൽ രണ്ട് ചുമരുകൾ കൂടി വീണ്ടും നിർമ്മിക്കുകയുണ്ടായി. ഇബ്നു ജരീരിൽ നിന്നും സ്വഹീഹായി ഉദ്ധരിക്ക പ്പെടുന്നു: അദ്ദേഹം പറഞ്ഞു: ഞാൻ അത്വാഅ്നോട് ചോദിച്ചു: ഖബറുക ൾക്കിടയിൽ നമസ്കരിക്കുന്നത് നീ വെറുക്കുന്നുവോ? അല്ലെങ്കിൽ ഖബറുള്ള പള്ളിയിൽ നമസ്കരിക്കുന്നത് താങ്കൾ വെറുക്കുന്നുവോ? അപ്പോൾ അദ്ദേഹം പറഞ്ഞു: അതെ, ഞാൻ വെറുക്കുന്നു.ഖബറിടത്തിൽ നമസ്കരിക്കുന്നതിനെ അദ്ദേഹം വിരോധിച്ചിരുന്നു' (അബ്ദുർറസാഖ് തന്റെ

ങ്ങൾ അതിലേക്ക് നമസ്കരിക്കാതിരിക്കുവാനും, വിരോധിക്കപ്പെട്ട കാര്യങ്ങൾ ചെയ്യാതിരിക്കുവാനും, ആരും ഖബറിലേക്ക് മുന്നിടാതിരിക്കുവാനും വേണ്ടി പിന്നീട് അവർ ഖബറിന്റെ വടക്ക് ഭാഗത്ത് രണ്ട് ചുമരുകൾ ചെരിച്ച് പരസ്പരം ബന്ധിപ്പിക്കുന്ന രീതിയിൽ നിർമ്മിക്കുകയുണ്ടായി.).

ഹാഫിൾബ്നു റജബ്(ﷺ) (الفتح) ൽ ഖുർത്വുബിയിൽ നിന്ന് ഇതുപോലുള്ള ഒരു ഉദ്ധരണി റിപ്പോർട്ട്

---

മുസ്വന്നഫിൽ (1/404/1579) മഹാനായ താബിഈ (അത്വാഅ്ബ്നു അബൂറബാഅ്) ഖബറിനും, പള്ളി ക്കുമിടയിലുള്ള ചുമരിനെ വിടവായി പരിഗണിച്ചില്ല, അത് പള്ളിക്ക് പുറത്തായിരുന്നിട്ട് കൂടി. പിന്നെയെങ്ങിനെയാണ് ജനലുകളും,കമ്പി വലകളും ഖബറിനെയും, പള്ളിയേയും വേർതിരിക്കുക?!

ഇങ്ങനെ വിവരമില്ലാതെയും, തെറ്റായ രൂപത്തിലും എഴുതിവിടുന്ന എഴുത്തുകാർക്ക് ഇങ്ങനെയുള്ള വാദം എങ്ങിനെയാണ് തൃപ്തി വരുത്തുന്നത്. തെളിവിന്റെ അടിസ്ഥാനത്തിൽ പറഞ്ഞതിനെ അറിവില്ലാതെ എങ്ങിനെ അവർ എതിർക്കും?

എന്നാൽ പരിശുദ്ധ മസ്ജിദുന്നബവിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ അവിടെ നമസ്കരിക്കുന്നതിന് യാതൊരു കറാഹത്തുമില്ല. അതിനെ സംബന്ധിച്ച് ഏഴാമത്തെ അധ്യായത്തിൽ വിശദമായി പ്രതിപാതിക്കുന്നുണ്ട്. إن شاء الله ഞാനെന്റെ മാന്യരായ വായനക്കാരെ ഒരു കാര്യം ഉണർത്തട്ടെ, ഇങ്ങനെയുള്ള എഴുത്തുകാർ അവരുടെ മുകളിൽ നാം ഉദ്ധരിച്ച വാക്കുകളിൽ നിന്ന് സ്വയം തന്നെ സമ്മതിക്കുന്ന ഒരു കാര്യമുണ്ട്, അത് ചെറിയ ചുമരുകളാൽ വേർതിരിക്കപ്പെടാത്ത ഖബറുകളുള്ള പള്ളിയിലുള്ള നമസ്കാരം കാറാഹത്താണെന്ന് അവർ തന്നെ സമ്മതിക്കുന്നു. കാരണം അവരുടെ വാദപ്രകാരം ബനൂഉമയ്യാ പള്ളിയിൽ എന്ത്കൊണ്ടാണോ അവർ നമസ്കരിക്കുവാൻ അനുവദനീയമാക്കിയത് ആ കാര്യം (അതായത് ചെറിയ ചുമരുകളാൽ ഖബറിനെ വലയം ചെയ്യുന്നത്) ഇല്ലാത്തത് കൊണ്ട് തന്നെ. ഇവർ മനസിലാക്കിയ ഈ കാര്യം ജനങ്ങളോട് അവർ തുറന്ന് പറയുമോ? അതല്ല, നാം മുകളിൽ ഉദ്ധരിച്ച ഹദീസുകൾക്ക് പ്രകടമായി തന്നെ എതിരാവുമെന്നത് കൊണ്ടാണോ അവരെ ഇങ്ങനെ പറയുന്നതിലേക്ക് നിർബ്ബന്ധിപ്പിച്ചത്. ബുദ്ധിയുള്ള ഒരുത്തനെയും ഹദീസുകൾക്കനുസരിച്ച് പ്രവർത്തിക്കുവാൻ അവർ സമ്മതിക്കുകയും ചെയ്യുന്നില്ല.

ചെയ്യുന്നുണ്ട്. അത് (١/٩١/٦٥) (الكواكب)ലും നമുക്ക് കാണാം. ഇത് തന്നെ ഇബ്നുതീമിയ്യ: (ﷺ) തന്റെ (الجواب الباهر) (ق ٩/٢) പറഞ്ഞിട്ടുണ്ട്:

(പള്ളിയിലേക്ക് റൂമുകൾ കൂട്ടിചേർത്തപ്പോൾ അതിന്റെ വാതിൽ അടക്കുകയുണ്ടായി. പ്രവാചകൻ (ﷺ)യുടെ വീടിനെ ഒരു ഉൽസവ കേന്ദ്രമാക്കുന്നതിൽ നിന്നും, അദ്ദേഹത്തിന്റെ ഖബറിനെ ഒരു വിഗ്രഹമാക്കുന്നതിൽ നിന്നും സംരക്ഷണത്തിനായി അതിന് ചുറ്റും വേറെ ഒരു ചുമരും നിർമ്മിക്കുകയുണ്ടായി).

ഞാൻ(അൽബാനി) പറയുന്നു: സങ്കടകരമെന്ന് പറയട്ടെ ഉയർന്ന് നിൽക്കുന്ന പച്ച നിറത്തിലുള്ള ഖുബ്ബയടക്കമുള്ള കെട്ടിടം – അത് നീക്കിയിട്ടില്ലെങ്കിൽ– ഒരുപാട് നൂറ്റാണ്ടുകൾക്ക് മുമ്പ് നിർമ്മിച്ചതാണ്. അങ്ങിനെ പരിശുദ്ധമാക്കപ്പെട്ട ഖബർ പിച്ചള കൊണ്ടും കൊത്തു പണികളാലുള്ള മറയാലും വലയം ചെയ്തിട്ടുണ്ട്. എന്നാൽ ഇതൊന്നും തന്നെ ആ ഖബറിന്റെ ഉടമയായ റസൂലുല്ലാഹ്(ﷺ) തൃപ്തിപ്പെടാത്ത കാര്യമാണ്.

മാത്രമല്ല ഞാൻ 1368 ൽ മസ്ജിദുന്നബവി സന്ദർശിച്ച വേളയിൽ പ്രവാചക(ﷺ)ന് സലാം പറയുകയും ചെയ്ത സന്ദർഭത്തിൽ ഖബറിന്റെ വടക്ക് ഭാഗത്ത് ചെറിയ ഒരു മിഹ്റാബും, പള്ളിയുടെ പ്രതലത്തിൽ നിന്ന് അൽപം ഉയർന്ന ഒരു സ്ഥലവും ഞാൻ കാണുകയുണ്ടായി. ആ സ്ഥലം സൂചിപ്പിക്കുന്നത് ഖബറിന് പിന്നിൽ നമസ്കരിക്കുവാനുള്ള പ്രത്യേക

സ്ഥലമാണെന്നാണ്! അപ്പോൾ ഞാൻ അൽഭുതപ്പെ ടുകയുണ്ടായി എങ്ങിനെയാണ് തൗഹീദി ഭരണകാല ഘട്ടത്തിൽ ഇങ്ങനെയുള്ള വിഗ്രഹാരാധനക്ക് തുല്ല്യ മായ കാര്യം പ്രകടമായി അവിടെ നിലനിൽക്കുന്നത്.

പക്ഷേ, ഇങ്ങനെ എനിക്ക് കാണുവാൻ സാധി ച്ചുവെങ്കിലും അവിടെ ആരും നമസ്കരിക്കുന്നതായി ഞാൻ കണ്ടില്ല, കാരണം പരിശുദ്ധമായ ഖബറിൻ്റടു ത്ത് വന്ന് കൊണ്ട് ഇസ്ലാമിന്ന് വിരുദ്ധമായി പ്രവർ ത്തിക്കുന്ന ജനങ്ങളെ തടയുവാനായി അവിടെ നിയ മിച്ച ശക്തമായ കാവൽ കാരണം അവിടെ ഒന്നും ത ന്നെ ചെയ്യുവാൻ സാധ്യമല്ല. ഇതിന് സഊദി ഭരണ കൂടത്തിനുള്ള നന്ദി നാം അറിയിക്കട്ടെ. എന്നാൽ ഇ ത് മാത്രം മതിയാവില്ല, അത് കൊണ്ട് വിരോധിച്ച കാര്യങ്ങൾ ഇല്ലാതാവില്ല. ഈ കാര്യം മൂന്ന് വർഷ മായി ഞാൻ എന്റെ أحكام الجنائز وبدعها എന്ന ഗ്രന്ഥ ത്തിൽ പറയുകയും ചെയ്തിട്ടുണ്ട്.

(മുൻ കാലങ്ങളിൽ മസ്ജിദുന്നബവി ഏത് രൂ പത്തിലായിരുന്നുവോ അതേ രൂപത്തിലാക്കുകയെന്ന ത് അനിവാര്യമാണ്, അത് മസ്ജിദുന്നബവിയും ക ബ്റും ചുമരുകളാൽ വേർപ്പെടുത്തുകയാണ് ചെയ്യേ ണ്ടത്. അങ്ങിനെ ആ പള്ളിയുടെ നിർമ്മാതാവായ പ്രവാചകൻ(ﷺ) തൃപ്തിപ്പെടാത്ത ഒന്നും തന്നെ പള്ളി യിലേക്ക് പ്രവേശിക്കുന്നവൻ അവിടെ കാണാതിരി ക്കുവാനായി ആ ചുമർ വടക്കിൽ നിന്നും തെക്ക് വ രെ നീണ്ട് കിടക്കുന്നതായിരിക്കണം. ഇത് സഊദി ഭ രണ കൂടത്തിന്റെ നിർബ്ബന്ധ ബാധ്യതയായിട്ടാണ്

ഞാൻ വിശ്വസിക്കുന്നത്. കാരണം സഊദി ഭരണ കൂടം യാഥാർത്ഥ്യമായും തൗഹീദിന്റെ അടിസ്ഥാന ത്തിലാണ് സ്ഥാപിതമായിട്ടുള്ളത്. അടുത്ത് തന്നെ മ സ്ജിദുന്നബവി പുതുക്കി പണിയുമെന്ന് നാം കേൾ ക്കുകയുണ്ടായി, ആ സന്ദർഭത്തിൽ നമ്മുടെ അഭിപ്രാ യം അവർ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കട്ടെ. പടി ഞ്ഞാറും മറ്റു ഭാഗങ്ങളിലും വിശാലമാക്കിയേക്കാം. ഈ അഭിപ്രായം സ്വീകരിക്കുകയാണെങ്കിൽ ആ ചെ റിയ പോരായ്മ ഇല്ലാതാക്കുവാനും, മസ്ജിദുന്നബവി വിശാലമാക്കുവാനും സാധിക്കും. ഈ കാര്യം സഊ ദി ഭരണകൂടത്തിന്റെ കൈകളാൽ തന്നെ അല്ലാഹു യാഥാർത്ഥ്യമാക്കട്ടെ. സഊദി ഭരണ കൂടത്തേക്കാൾ അർഹരായി അതിന് മറ്റാരാണുള്ളത്?)

**മൂന്നാമത്തെ സംശയത്തിനുള്ള മറുപടി:**

മൂന്നാമത്തെ സംശയം: എഴുപത് നബിമാരു ടെ ഖബറുകളുള്ള പള്ളിയായ മസ്ജിദുൽ ഖൈഫി ൽ നബി(ﷺ) നമസ്കരിക്കുകയുണ്ടായി!

**മറുപടി:**

പ്രവാചകൻ(ﷺ) ഈ പള്ളിയിൽ നമസ്കരിച്ചി ട്ടുണ്ട് എന്നതിൽ നമുക്ക് യാതൊരു സംശയവുമില്ല, എന്നാൽ ആ പള്ളിയിൽ എഴുപത് പ്രവാചകന്മാരെ മറമാടിയിട്ടുണ്ട് എന്നതിന് യാതൊരു തെളിവുമില്ല. അത് നാം രണ്ട് രൂപത്തിൽ വിശദീകരിക്കുന്നു:

**ഒന്ന്:** സൂചിപ്പിക്കപ്പെട്ട ഹദീസിന്റെ പ്രബലത നമുക്ക് സ്വീകാര്യമല്ല, കാരണം സ്വഹീഹായ ഹദീ

സുകളെ ക്രോഡീകരിച്ച ഒരാളും തന്നെ ആ ഹദീസ് റിപ്പോർട്ട് ചെയ്തിട്ടില്ല. അതുപോലെ ഹദീസ് ലോകത്ത് അറിയപ്പെട്ട പൗരാണികരായ ഒരാളും തന്നെ അതിനെ സ്വഹീഹാക്കുകയോ, സ്ഥിരപ്പെടുത്തുകയോ ചെയ്തിട്ടില്ല. അതിന്റെ സനദി(ഹദീസ് റിപ്പോർട്ട് ചെയ്തവരുടെ പരമ്പരയി)ൽ വിചിത്രമായ കാര്യങ്ങൾ ഉദ്ധരിക്കുന്നവരുണ്ട്. ആയതിനാൽ തന്നെ ആ ഹദീസിനെ സ്ഥിരീകരിക്കുവാൻ സാധ്യമല്ല.

ത്വബ്റാനി(ﷺ) (معجم الكبير - ٣/٢٠٤/٢)ൽ പറയുന്നു:

حدثنا عبدان بن أحمد نا عيسى بن شاذان نا أبـو همـام الدلال نـا إبراهيم بن طمهان عن منصور عن مجاهد عـن ابـن عمـر مرفـوعا بلفظ" : في مسجد الخيف قبر سبعين نبيا"

നമ്മോട് അബ്ദാനുബ്നു അഹ്മദും,അദ്ദേഹത്തോട് ഈസാബ്നു ശാദാനും,അദ്ദേഹത്തോട് അബൂഹമ്മാമ് അദ്ദലാലും, അദ്ദേഹത്തോട് ഇബ്രാഹീം ഇബ്നു ത്വഹ്മാനും, അദ്ദേഹത്തോട് മനസൂറും, അദ്ദേഹം മുജാഹിദിൽ നിന്ന്, അദ്ദേഹം ഇബ്നു ഉമറിൽ നിന്ന് മർഫൂആയി ഉദ്ധരിക്കുന്നു: (താഴെ വരുന്ന പദങ്ങളോടെ): 'മസ്ജിദുൽ ഖൈഫിൽ എഴുപത് നബിമാരുടെ ഖബറുണ്ട്'

അൽ ഹൈഥമി(ﷺ) തന്റെ (المجمع - ٣/٢٩٨) ഇങ്ങനെ ഉദ്ധരിക്കുന്നു:

'...എഴുപത് നബിമാരുടെ ഖബറുണ്ട്' എന്നിട്ട് പറഞ്ഞു: 'ബസ്സാർ ഉദ്ധരിച്ചിട്ടുണ്ട്, അതിന്റെ ആളുകളെല്ലാം വിശ്വാസയോഗ്യരാണ്'.

ഹദീസ് റിപ്പോർട്ട് ചെയ്യുന്നതിൽ അദ്ദേഹത്തിൽ നിന്നുള്ള ന്യൂനതയാണ് ഇത്. ഇത് ത്വബ്റാനിയും ഉദ്ധരിച്ചിട്ടുണ്ട്. അത് നീ കാണുകയും ചെയ്തു.

ഞാൻ(അൽബാനി) പറയുന്നു: ത്വബ്റാനി(ﷺ) ഉദ്ധരിച്ച സനദിലെ ആളുകൾ അബ്ദുൽബ്നു അഹ്മദ് ഒഴിച്ചുള്ള മുഴുവനാളുകളും വിശ്വസ്ഥരാണ്. അദ്ദേഹം ത്വബ്റാനി(ﷺ) തന്റെ (المعجم الصغير- ص ١٣٦)ൽ പറഞ്ഞത് പോലെ الأهوازي ആണ്. അദ്ദേഹത്തിന്റെ ചരിത്രം ഞാൻ കണ്ടിട്ടില്ല. (المعجم الصغير- ص ١٣٦)ലും മറ്റു ഗ്രന്ഥങ്ങളിലും പറഞ്ഞത് പ്രകാരം ത്വബ്റാനി(ﷺ)യുടെ ശൈഖുമാരിൽ പെട്ട അബ്ദുൽബ്നു മുഹമ്മദ് അൽ മറൂസി(ﷺ) അല്ല മുകളിൽ സൂചിപ്പിക്കപ്പെട്ട വ്യക്തി. ഇദ്ദേഹം വിശ്വസ്ഥനും, ഹാഫിളുമാണ്. അദ്ദേഹത്തിന്റെ ചരിത്രം (تاريخ بغداد - ١٣٥/١١)ൽ കാണാവുന്നതാണ്. അതുപോലെ (تذكرة الحفاظ- ٢٣٠/٢)ലും മറ്റും കാണാവുന്നതാണ്.

പക്ഷേ, ഇതിന്റെയെല്ലാം സനദുകളിൽ ഈ സാഇബ്നു ശാദാനെ പോലെ വിചിത്രമായത് ഉദ്ധരിക്കുന്ന വ്യക്തികളുണ്ട്. ഇദ്ദേഹത്തെ സംബന്ധിച്ച് ഇ

ബ്നു ഹിബ്ബാൻ (الثقات) ൽ പറഞ്ഞത് ( يغرب) 'വിചിത്ര മായത് ഉദ്ധരിക്കാറുണ്ട്' എന്നാണ്.

ഇബ്രാഹീം ഇബ്നു ത്വഹ്മാനിനെ സംബന്ധിച്ച് ഇബ്നു അമ്മാർ അൽ മൂസ്വിലി പറഞ്ഞത് ضعيف) (الحديث مضطرب الحديث 'ദുർബലമായ ഹദീസുകളും, മു ൾത്വരിബായ ഹദീസുകളും ഉദ്ധരിക്കുന്നവനാണ്' എ ന്നാണ്.

ഇബ്നു അമ്മാറിന്റെയടുത്ത് തള്ളപ്പെട്ടവനാ ണെങ്കിലും അദ്ദേഹത്തെ സംബന്ധിച്ചുള്ള പൊതു അഭിപ്രായം ഇതാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് ഇ ബ്നു ത്വഹ്മാനിന്റെ ഹദീസിന് എന്തോ പോരായ്മ യുണ്ടെന്നാണ്. അതിന് ഒന്നുകൂടി ബലം നൽകുകയാ ണ് ഇബ്നു ഹിബ്ബാൻ (ثقات أتباع التابعين- ١٠/٢)ൽ പറയു ന്ന കാര്യം:

(അദ്ദേഹത്തിന്റെ കാര്യം സംശയാത്മകമാണ്, വിശ്വസ്ഥരിൽ അദ്ദേഹം ഉൾപ്പെടും, അതുപോലെ ദു ർബലരിലും അദ്ദേഹം ഉൾപ്പെടുന്നുണ്ട്. വിശ്വാസ യോഗ്യമായ ഹദീസുകളാണെന്ന് തോന്നിപ്പിക്കുന്ന നേരായ (വിചിത്രമായി തോന്നാത്തത്) ഹദീസുകൾ അദ്ദേഹം റിപ്പോർട്ട് ചെയ്യാറുണ്ട്. വിശ്വാസ യോഗ്യ രിൽ നിന്നും മുഹ്ളലായ കാര്യങ്ങൾ ഉദ്ധരി ക്കുന്നതിൽ അദ്ദേഹം ഒറ്റപ്പെട്ടിരിക്കുന്നു, അതിനെ സംബന്ധിച്ച് നാം നമ്മുടെ കിതാബായ (الفصل بين النقلة) ൽ അല്ലാഹു നമുക്ക് അവസരം നൽകുകയാണെങ്കി

ൽ വിശദീകരിക്കുന്നുണ്ട്. അപ്രകാരം തന്നെ(الثقـات) ൽ പ്രവേശിക്കുന്നവരുടെ കാര്യങ്ങളെല്ലാം (توقف) നിർത്തി വെച്ചിരിക്കുകയാണ്)

അതുകൊണ്ടാണ് ഹാഫിള് ഇബ്നു ഹജറുൽ അസ്ഖലാനി(ﷺ) തന്റെ (التقريب)ൽ അദ്ദേഹത്തെ സംബന്ധിച്ച് (ثقة يغرب) എന്ന് പറയുവാൻ കാരണം.

അദ്ദേഹത്തിന്റെ ശൈഖ് മൻസൂർ- അദ്ദേഹം ഇബ്നുൽ മുഅ്തമിർ ആണ്- വിശ്വാസയോഗ്യനാണ്.അദ്ദേഹത്തിൽ നിന്ന് ഇബ്നു ത്വഹ്മാൻ(ﷺ) വേറെ ഒരു ഹദീസ് അദ്ദേഹത്തിന്റെ (مشـيخة-٢/٢٤٤)ൽ[45] ഉദ്ധരിച്ചിട്ടുണ്ട്. എന്നാൽ അത് അദ്ദേഹത്തിന്റെ വിചിത്രമായ ഹദീസാണ്, അല്ലെങ്കിൽ ഇബ്നു ശാദാനി(ﷺ)ന്റെ[46] വിചിത്രമായ ഹദീസുകളിൽ ഒന്നാണ്.

---

(45) ദിമശ്ഖിലെ ളാഹിരിയ്യാ ലൈബ്രറിയിലെ കയ്യെഴുത്ത് കോപിയാണ് ഇത്.

(46) ഹദീസ് നിദാന ശാസ്ത്ര ചർച്ചയായത് കൊണ്ട് അറബി മാത്രമെ നൽകുന്നുള്ളൂ.

ثم رأيته قد توبع فقد وقفت على إسناد البزار للحديث في " زوائده " ( ص ١٢٣ مصورة المكتب الإسلامي ) فإذا هو يقول: حدثنا إبراهيم عن المستمر العروقي ثنا محمد ثنا إبراهيم بن طهمان به وقال البزار "تفرد به إبراهيم عن منصور ولا نعلمه عن ابن عمر باحسن من هذا إسنادا " . وهذه متابعة لا بأس بها العروقي بالقاف صدوق يغرب كما في التقريب " . فالعهدة في الحديث على ابن طهمان وجرى الهيثمي على ظاهر إسناده فقال في " زوائد البزار " : " قلت : هو إسناد صحيح " . ولعل قوله السابق " ورجاله ثقات " أدق لما ذكرنا من الغرابة ذلك لأن مثل هذه الكلمة لا تقتضي الصحة كما لا يخفى على من مارس هذه الصناعة لأن عدالة الر واة وثقتهم شرط واحد من شروط الصحة الكثيرة بل إن العالم لا يلجأ إلى هذه الكلمة معرضا عن التصريح بالصحة إلا لأنه يعلم أن في السند مع ثقة رجاله علة تمنع من القول بصحته أو على الأقل لم يعلم تحقق الشروط الأخرى فيه فلذلك لم يصرح بصحته وهذه مسألة مهمة

രണ്ടിൽ ഒരാൾ ഹദീസിൽ മാറ്റ തിരുത്തൽ വരുത്തിയെന്ന് ഞാൻ ഭയപ്പെടുന്നു. അവർ (صلى) (നമസ്കരിച്ചു) എന്നതിന് പകരം (قُبر) (മറമാടപ്പെട്ടു) എന്നാണ് പറഞ്ഞത്. 'നമസ്കരിച്ചു' എന്ന പദമാണ് ഹദീസുകളിൽ അറിയപ്പെട്ടത്. അത് ത്വബ്റാനി(ﷺ) (الكبير - ٣/١٥٥/١) ൽ മർഫൂആയി ഇബ്നു അബ്ബാസി(ﷺ) ൽ നിന്ന്, സഈദ്ബ്നു ജുബൈറും(ﷺ), അദ്ദേഹത്തിൽ നിന്ന് വിശ്വാസ യോഗ്യരായ വ്യക്തികളിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്:

(മസ്ജിദുൽ ഖൈഫിൽ എഴുപത് നബിമാർ നമസ്കരിച്ചിട്ടുണ്ട് . . . ) ഹദീസ്.

അപ്രകാരം തന്നെ ത്വബ്റാനി(ﷺ) തന്റെ (الأوسط - ٢/١١٩/١ - زوائده)ലും,[47] അദ്ദേഹത്തിൽ നിന്ന് അൽ മുഖദ്ദസി(ﷺ) തന്റെ (المختارة - ٢/٢٤٩)ലും, المخلص തന്റെ (الثالث

طالما غفل عنها المبتدئون في هذا العلم الشريف وغيرهم ولذلك نبهت عليها في مقدمة " تمام المنة على فقه السنة للسيد سابق"

هذا ولو كنت متحتجا بما ليس صوابا عندي لا حتججت على تصحيح بعض المعاصرين المقلدين للحديث بأن السيوطي ضعفه بالرمز إليه بالضعف في " الجامع الصغير " وقع ذلك في النسخة المطبوعة بمطبعة بولاق بمصر وفي النسخة التي عليها شرح المناوي وفي نسخة خطية في المكتبة الظاهرية ( ٣٣٢٩ عام ) وغيرها ولكن لا أثق برموز ( الجامع الصغير ) لأسباب ذكرتها في المقدمة المذكورة آنفا ثم في مقدمته كتابي " صحيح الجامع الغير وزياداته " و " وضعيف الجامع الصغير وزياداته " ( وقد تم طبعهما في المكتب الإسلامي ولكن على الرغم من ذلك فالتضعيف وارد عليهم لأنهم لا تحقيق عندهم بل هم مقلدون في كل شئ باعترافهم فغالب الظن أنهم يعتدون بتلك الرموز وعليه فالتضعيف المذكور حجة عليهم إن أنصفوا"

[47] ളാഹരിയ ലൈബ്രറിയിലെ കയ്യെഴുത്ത് കോപി, അതിന്റെ ആദ്യഭാഗം നഷ്ടപ്പെട്ടിട്ടുണ്ട്, അവസാന ഭാഗം ലഭ്യമാണ്. എന്നാൽ മക്കയിലെ ഹറം ലൈബ്രറിയിൽ ഇതിന്റെ പരിപൂർണമായ ഒരു പ്രതിയുണ്ട്.

(١/٧٠ - السادس من المخلصيات)ലും അബൂമുഹമ്മദ്ബ്നു ശൈബാനൽ അദ്ൽ(ﷺ) തന്റെ (الزوائد- ٢/٢٢٢/٢)ലും ഉദ്ധരിച്ചിട്ടുണ്ട്. മുൻദിരി(ﷺ) (١١٦/٢)ൽ പറയുന്നു:

(ത്വബ്റാനി അൽ ഔസത്വിൽ ഉദ്ധരിച്ചിട്ടുണ്ട്, അതിന്റെ സനദ് ഹസനാണ്).

ഈ ഹദീസ് എന്റെയടുത്ത് (അൽബാനി) ഹസനാണെന്നതിൽ സംശയമില്ല.ഇബ്നു അബ്ബാസി(ﷺ)ൽ നിന്ന് മറ്റൊരു സനദിലൂടെ ഈ ഹദീസ് റിപ്പോർട്ട് ചെയ്യുന്നതായി ഞാൻ കണ്ടെത്തിയിട്ടുണ്ട്. അത് അൽ അസ്റഖി (ص٣٥) (أخبار مكة)ൽ ഇബ്നു അബ്ബാസി(ﷺ)ൽ മൗഖൂഫ് ആയി ഉദ്ധരിച്ചിട്ടുണ്ട്. അതിന്റെ സനദ് തെളിവ് പിടിക്കുവാൻ പറ്റിയതാണ്. അത് ഞാൻ എന്റെ ഗ്രന്ഥമായ (حجة الوداع)ൽ വിവരിച്ചിട്ടുണ്ട്. (ഈ ഗ്രന്ഥം ഇപ്പോഴും പൂർത്തിയായിട്ടില്ല.)

പിന്നെ അൽ അസ്റഖി (ص ٣٨)ൽ മുഹമ്മദ്ബ്നു ഇഷാഖി(ﷺ)ലൂടെ റിപ്പോർട്ട് ചെയ്യുന്നു. എനിക്ക് സംശയമില്ലാത്ത ഒരാൾ എന്നോട് പറഞ്ഞു, അദ്ദേഹം അബ്ദുല്ലാഇബ്നു അബ്ബാസി(ﷺ)ൽ നിന്ന് മൗഖൂഫ് ആയി റിപ്പോർട്ട് ചെയ്യുന്നു. ഇതാണ് ഈ ഹദീസിൽ അറിയപ്പെട്ടത്. والله أعلم

ഇത് വരെ വിശദീകരിച്ചതിന്റെ ചുരുക്കം: മേൽ സൂചിപ്പിക്കപ്പെട്ട ഹദീസ് ദുർബ്ബലമാണ്. ഇനി ഹദീ

സ് സ്വഹീഹാണെന്ന് വെക്കുകയാണെങ്കിൽ തന്നെ അതിനുള്ള മറുപടി താഴെ വിവരിക്കുന്നു.

**രണ്ട്:** മസ്ജിദുൽ ഖൈഫിൽ ഖബറുകൾ പ്രകടമാണെന്ന് ഹദീസിൽ പറഞ്ഞിട്ടില്ല. അൽ അസ്റഖി തന്റെ (٤١٠-٤٠٦) تاريخ مكة ൽ ഒരുപാട് അധ്യായത്തിൽ മസ്ജിദുൽ ഖൈഫിനെ സംബന്ധിച്ച് വിശദീകരിക്കുന്നുണ്ട്, അതിൽ മസ്ജിദുൽ ഖൈഫിൽ പ്രകടമായ ഖബർ ഉണ്ടെന്ന് പറഞ്ഞിട്ടില്ല. ഇസ്ലാമിക ശരീഅത്തിൽ നിയമങ്ങൾ വിധിക്കപ്പെടുക (ظاهر) പ്രകടമായതിന്റെ അടിസ്ഥാനത്തിലാണെന്നത് അറിയപ്പെട്ട കാര്യമാണ്. എന്നാൽ പറയപ്പെട്ട പള്ളിയിൽ പ്രത്യക്ഷത്തിൽ ഒരു ഖബറുമില്ല. അത്കൊണ്ട് ആ പള്ളിയിൽ നമസ്കരിക്കുന്നതിന് യാതൊരു തടസ്സവുമില്ല. കാരണം ഖബർ തേഞ്ഞ് മാഞ്ഞ് പോയിട്ടുണ്ട്, എവിടെയാണെന്ന് കൃത്യമായി ആർക്കുമത് അറിയില്ല. അത്കൊണ്ട് തന്നെ ദുർബ്ബലമാണെന്ന് നീ മനസിലാക്കിയ വാർത്തയുടെ അടിസ്ഥാനത്തിലല്ലാതെ ആ പള്ളി കാണുന്ന ആരുടെയും മനസിലേക്ക് അവിടെ എഴുപത് നബിമാരുടെ ഖബറുണ്ടെന്ന് കടന്ന് വരികയില്ല. അത് കൊണ്ട് തന്നെ ഇന്ന് നാം കണ്ട് കൊണ്ടിരിക്കുന്ന പോലെ ഉയർത്തപ്പെട്ട ഖബറുകൾ ഉള്ള പള്ളിയിൽ ഉണ്ടാകുന്ന കുഴപ്പങ്ങൾ അവിടെ (മസ്ജിദുൽ ഖൈഫിൽ) ഉണ്ടാകുന്നില്ല.

## <u>നാലാമത്തെ സംശയത്തിനുള്ള മറുപടി:</u>

നമസ്കാരത്തിന് ലോകത്ത് ഏറ്റവും കൂടുതൽ പുണ്യമുള്ള പള്ളിയായ മസ്ജിദുൽ ഹറാമിന്റെ

ഹിജ്റിൽ ഇസ്മാഈൽ(ﷺ)ന്റെയും മറ്റും ഖബറുകൾ ഉണ്ടെന്ന് ചില ഗ്രന്ഥങ്ങളിൽ ഉണ്ട്. ഇതിനുള്ള മറുപടി:

മസ്ജിദുൽ ഹറാം പള്ളികളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമാണെന്നതിലും, ഒരു നമസ്കാരത്തിന് ഒരു ലക്ഷം നമസ്കാരത്തിന്റെ പ്രതിഫലം[48] ലഭിക്കുന്നതാണ് എന്നതിലും സംശയമില്ല. എന്നാൽ ഈ ശ്രേഷ്ഠതയും, പ്രതിഫലവുമെല്ലാം തന്നെ ഇബ്രാഹീമും(ﷺ), മകൻ ഇസ്മാഈലും(ﷺ) കഅബ പടുത്തുയർത്തിയത് മുതൽ തന്നെയുള്ളതാണ്. ഇസ്മാഈൽ (ﷺ)നെ അവിടെയാണ് മറമാടിയത് എന്നത് ശരിയാണെങ്കിൽ പോലും ഇസ്മാഈലി(ﷺ)നെ മറമാടിയത് മുതലല്ല അതിന്റെ ശ്രേഷ്ഠത കൈവന്നത്. ഇതിന് വിപരീതമായി ആരെങ്കിലും വാദിക്കുകയാണെങ്കിൽ അവൻ വളരെയധികം വഴികേടിലാണ് അകപ്പെട്ടിരിക്കുന്നത്. മാത്രമല്ല സചരിതരായ സലഫുസ്വാലിഹീങ്ങളിൽ പെട്ട ആരും അങ്ങിനെ പറയുകയോ, തെളിവിന് പറ്റിയ ഹദീസ് കൊണ്ടുവരുകയോ ചെയ്തിട്ടില്ല.

ഇങ്ങനെ പറയുകയാണെങ്കിൽ: നീ പറഞ്ഞതിൽ സംശയമില്ല. ഇസ്മാഈലി(ﷺ)നെ അവിടെ മറമാടിയെന്നതിൽ എതിരഭിപ്രായമില്ല, പക്ഷേ. ഖബറുള്ള പള്ളിയിൽ നമസ്കരിക്കുന്നതിൽ കറാഹത്തില്ലായെന്നെങ്കിലും ഇത് സൂചിപ്പിക്കുന്നില്ലേ?

---

(48) ഇതിൽ വന്നിട്ടുള്ള ചില ഹദീസുകൾ ഞാൻ (إرواء الغليل- ٩٧١، ١١٢٩) എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

ഇങ്ങനെ പറയുന്നവർക്കുള്ള മറുപടി: അങ്ങിനെയല്ല കാര്യം, അങ്ങനെയല്ല തന്നെ. വ്യത്യസ്ഥമായ മറുപടി നീ ശ്രദ്ധിക്കുക:

**ഒന്ന്**: മസ്ജിദുൽ ഹറാമിൽ ഇസ്മാഈലി(ﷺ)നെയോ, മറ്റു നബിമാരെയോ മറമാടിയുട്ടുണ്ടെന്നതിന് മർഫൂആയ ഒരു ഹദീസ് പോലും സ്ഥിരപ്പെട്ടിട്ടില്ല. പ്രബലമായ ആറ് ഹദീസ് ഗ്രന്ഥങ്ങൾ (ബുഖാരി, മുസ്ലിം, അബൂദാവൂദ്, തിർമിദി,നസാഈ, ഇബ്നുമാജ), മുസ്നദ് അഹ്മദ്, ത്വബ്റാനിയുടെ മൂന്ന് മുഅ്ജമുകൾ പോലെയുള്ള പ്രബല യോഗ്യമായ ഒരു ഹദീസ് ഗ്രന്ഥങ്ങളിലോ, അറിയപ്പെട്ട ദവാവീനുകളിലോ ഇതിന് തെളിവായി ഒന്നും തന്നെ നമുക്ക് കാണുവാൻ സാധ്യമല്ല. ആയതിനാൽ തന്നെ അങ്ങിനെയുള്ള ഹദീസ് ദുർബ്ബലമോ, അല്ലെങ്കിൽ ചില പണ്ഡിതന്മാർ അത് മൗളൂഅ് (കെട്ടിയുണ്ടാക്കിയത്) ആണെന്ന് പറഞ്ഞിട്ടുണ്ട്.[49] ഈ വിഷയത്തിൽ വന്നിട്ടുള്ളത് മുഅ്ളലായിട്ടുള്ള അഥറുകളാണ്, അത് തന്നെ ദുർബ്ബലമായ സനദോട് കൂടി മൗഖൂഫായതാണ്. അത് അസ്റഖി തന്റെ (أخبار مكـة- ص ٣٩، ٢١٩، ٢٢٠)ൽ ഉദ്ധരിച്ചിട്ടുണ്ട്. അ ത് ചില മുബ്തദിഉകൾ ഉദ്ധരിച്ചിട്ടുണ്ടെങ്കിൽ പോ ലും അതിനെ നീ ഗൗനിക്കേണ്ടതില്ല.[50]

---

(49) نقل السيوطي في " التدريب " عن ابن الجوزي " قال: ما أحسن قول القائل : إذا رأيت الحديث يباين العقول أو يخالف المنقول أو يناقض الأصول فاعلم أنه موضوع . قال : ومعنى مناقضته للأصول أن يكون خارجا من دواوين الإسلام من المسانيد والكتب المشهورة كذا في الباعث الحثيث " ( ص ٨٥ من الطبعة الثانية )

(50)(إحياء المقبور - ص: ٤٧-٤٨) നോക്കുക.

ومن عجائب الجهل بالسنة أن بعض المفسرين المتأخرين احتج بهذه الآثارالواهية على جواز الصلاة في المقبرة بقصد الاستظهار بروح الميت أو وصول أثر ما من أثر عبادته ( ١ ) لا للتعظيم له والتوجه نحوه وهذا مع أنه لا دليل فيها على

ഇത്പോലെ സുയൂഥി(ﷺ) തന്റെ (الجامع)ൽ ഹാഖിം(ﷺ) തന്റെ (الكنى)യിൽ ആയിശാ(ﷺ)യിൽ നിന്ന് മർഫൂആയി ഈ പദങ്ങളിൽ റിപ്പോർട്ട് ചെയ്യുന്നുണ്ട്: (ഇസ്മാഈലിന്റെ ഖബർ ഹിജ്റിലാകുന്നു).

**രണ്ട്:** മസ്ജിദുൽ ഹറാമിൽ ഉണ്ടെന്ന് കച്ചകെട്ടി പറയുന്ന ഖബർ പ്രത്യക്ഷമായതോ, വ്യക്തമായതോ അല്ല, ആയതിനാൽ തന്നെ അവിടെ അല്ലാഹുവല്ലാത്തവരെ ഉദ്ദേശിക്കുന്നുമില്ല, പള്ളിക്കടിയിൽ ഭൂമിയിൽ അങ്ങിനെ ഖബർ ഉണ്ടെങ്കിൽ തന്നെ യാതൊരു ബുദ്ധിമുട്ടും ഇല്ല തന്നെ. അത്കൊണ്ട് തന്നെ രണ്ട് രൂപങ്ങളിലും പ്രകടമായ വ്യത്യാസമുള്ളത് കൊണ്ട് ഈ അഥർ പൊക്കി പിടിച്ച് കൊണ്ട് പള്ളികളിൽ ഖബറിടങ്ങൾ ഉയർത്തുവാനും, ഖബറിടങ്ങൾ പള്ളികളാക്കുവാനും യാതൊരു തെളിവുമില്ല. ഇത്കൊണ്ടാണ് ശൈഖ് അലി അൽഖാരി(ﷺ) തന്റെ (مرقاة المفاتيح - ١/٤٥٦)ൽ നാം കുറച്ച് മുമ്പ് സൂചിപ്പിച്ച മുഫസ്സിറിന്റെ അഭിപ്രായം പറഞ്ഞതിന് മറുപടി പറയുന്നു:

---

ما زعمه من الجواز فهو مخالف لعموم الأدلة الناهية عن الصلاة في المقبرة وما شابهها من المساجد المبنية على القبور ولهذا رد المناوي احتجاج المفسر المشار إليه بقوله:

لكن خبر الشيخين كراهة ( ! ) بناء المساجد على القبور مطلقا والمراد قبور المسلمين خشية أن يعبد فيها المقبور لقرينة خبر : اللّٰهُمَّ لا تجعل قبري وثنا يعبدوقال الصنعاني في " سبل السلام " ( ٢ / ٢١٤ ) معتقبا عليه أيضا:

قوله ( لا لتعظيم له ) يقال : قصد التبرك به تعظيم له ثم أحاديث النهي مطلقة و لا دليل على التعليل بما ذكر والظاهر أن العلة سد للذريعة والبعد عن التشبه بعبدة الأوثان الذين يعظمون الجمادات التي لا تنفع ولا تضر ولما في إنفاق المال في ذلك من العبث والتبذير الخالي عن النفع بالكلية ولأنه سبب لإيقاد السرج عليها الملعون فاعله ومفاسد ما يبنى على القبور من المشاهد والقباب لا تحصر)

قلت : وقولهن " الملعون فاعله " يشير إلى حديث ابن عباس الذي بينت ضعفه فيما سبق ( ص ٤٣ ) فتنبه

(അദ്ദേഹവും മറ്റുള്ളവരും പറയുന്നത് ഇസ്മാഈലി(ﷺ)ന്റെ ഖബർ ഹിജ്റിൽ മീസാബിന്റെ താഴെയാണ്, അതുപോലെ സംസമിന്റെയും ഹജറുൽ അസ്‌വദിന്റെയും ഇടയിൽ മതിൽകെട്ടിനുള്ളിൽ എഴുപത് നബിമാരുടെ ഖബർ ഉണ്ട്), അലിയുൽ ഖാരി പറയുന്നു: (എന്നാൽ അവിടെ ഇസ്മാഈൽ(ﷺ)ന്റെയും മറ്റും ഖബർ തേഞ്ഞ് മാഞ്ഞ്പോയിട്ടുണ്ട്, അത് കൊണ്ട് തെളിവ് പിടിക്കുവാൻ പാടില്ല).

ഇത് നിപുണനും, അതിസൂക്ഷ്മമായി മതം പഠിച്ച കർമ്മശാസ്ത്ര പണ്ഡിതന്റെയും മറുപടിയാണ്. തൊട്ട് മുമ്പ് നാം സൂചിപ്പിച്ച കാര്യത്തിലേക്ക് ഇതിൽ സൂചനയുമുണ്ട്. ഈ ചർച്ചയിൽ പ്രത്യക്ഷമായ ഖബറുകളെ സംബന്ധിച്ചാണ് നാം ചർച്ച ചെയ്യുന്നത്, അതല്ലാതെ ഭൂമിയുടെ ഉള്ളിലുള്ള ഖബറുകളെ സംബന്ധിച്ചല്ല. അത്കൊണ്ട് തന്നെ പ്രത്യക്ഷമായ ഖബറുകൾക്കുള്ള വിധി അതിൽ നടപ്പിലാക്കുവാൻ പാടില്ല. കാരണം ഭൂമി മുഴുവനും ജീവിച്ചിരുന്നവരുടെ ഖബറുകളാണെന്ന് അറിയപ്പെട്ടതും, നിർബ്ബന്ധമായും ഒരാൾ മനസിലാക്കേണ്ട കാര്യവുമാണ്. അതാണ് അല്ലാഹു പറയുന്നത്:

(أَلَمْ نَجْعَلِ الأَرْضَ كِفَاتًا * أَحْيَاءً وَأَمْوَاتًا) (المرسلات:٢٤-٢٥)

'ഭൂമിയെ നാം ഉൾകൊള്ളുന്നതാക്കിയില്ലേ? മരിച്ചവരെയും ജീവിച്ചിരിക്കുന്നവരെയും'(മുർസലാത്ത്: 24 –25).

ശഅബി(ﷺ) പറയുന്നു:

(അതിന്റെ (ഭൂമിയുടെ) വയർ നിങ്ങളിലെ മരിച്ചവർക്കും, അതിന്റെ ഉപരിതലം നിങ്ങളിലെ ജീവിച്ചിരിക്കുന്നവർക്കുമാണ്).[51]

ഒരു കവി പറയുന്നു:

‘എന്റെ കൂട്ടുകാരാ നമ്മുടെ ഖബറുകൾ തന്നെ
വിശാലമായ ഭൂമിയെ നിറക്കുന്നു,

എങ്കിൽ ആദ് സമൂദ് ഗോത്രങ്ങളുടെ
ഖബറുകളെല്ലാം എവിടെയാണ് ?

നടക്കുമ്പോൾ നീ പതുക്കെ കാൽ പാദങ്ങൾ
വെക്കുക, ഞാൻ വിചാരിക്കുന്നില്ല

ഈ ജഡങ്ങൾക്കു മുകളിലൂടെയല്ലാതെ നീ
നടക്കുന്നില്ലായെന്ന്

നിനക്ക് കഴിയുമെങ്കിൽ വായുവിലൂടെ പതുക്കെ
സഞ്ചരിക്കുക

(അല്ലാഹുവിന്റെ) അടിമകളുടെ ജഡങ്ങൾക്കു
മുകളിലൂടെയല്ല.

ഖബറുകൾ പ്രത്യക്ഷവും, വ്യക്തവുമല്ലെങ്കിൽ അവിടെ കെട്ടി ഉയർത്തപ്പെട്ട ഖബറുകളിലും, ജാറങ്ങളിലും നടക്കുന്നത് പോലെയുള്ള വിഗ്രഹാരാധനകളും, ശിർക്കുപരമായ കാര്യങ്ങളും, നിഷിദ്ധമായ കാര്യങ്ങളും, ശരീഅത്തിന് വിരുദ്ധമായ കാര്യങ്ങളും നടക്കുകയില്ല. അത് കച്ചുകെട്ടി പറഞ്ഞതാണെ

(51) ദൂലാബി (1 \ 129)ൽ ഉദ്ധരിച്ചത്, അതിന്റെ സനദിലുള്ളവരെല്ലാം വിശ്വാസയോഗ്യരാണ്.

ങ്കിലും ശരി. പറയുന്നത് യാഥാർത്ഥ്യമാണെങ്കിലും ശരി തേഞ്ഞ്മാഞ്ഞ് പോയ ഖബറുകൾക്ക് അത് ബാധകമല്ല. അത്കൊണ്ട് തന്നെ രണ്ടിനുമിടയിൽ വളരെ വ്യക്തവും പ്രകടവുമായ വ്യത്യാസമുണ്ട്. നാം മുമ്പ് വിശദീകരിച്ചത് പോലെ ഇതാണ് നമ്മുടെ ശരീഅത്ത് വ്യക്തമാക്കിയിട്ടുള്ളത്. അത് കൊണ്ട് തന്നെ രണ്ടിനെയും തുല്യപ്പെടുത്തുവാൻ പാടില്ല. അല്ലാഹുവിൽ അഭയം പ്രാപിക്കട്ടെ.

**<u>അഞ്ചാമത്തെ സംശയത്തിന് മറുപടി:</u>**

പ്രവാചകൻ(ﷺ)യുടെ കാലത്ത് അബൂബസ്വീറിന്റെ ഖബറിൽ അബൂജന്തൽ പള്ളി നിർമ്മിച്ചുവെന്നത് ഉദ്ധരിക്കുവാൻ പോലും പറ്റാത്ത സംഗതിയാണ്. സ്വന്തം ഇഛകളെ പിൻപറ്റുന്ന ആധുനികരായ ചിലർ അത് പ്രചരിപ്പിച്ചില്ലായിരുന്നെങ്കിൽ ഇതിന് മറുപടി പറയുവാനും, അതിന്റെ നിരർത്ഥകത വ്യക്തമാക്കുവാനും വേണ്ടി എന്റെ പേജുകൾ കറുപ്പിക്കുവാൻ എന്റെ മനസ് എന്നെ അനുവദിക്കില്ലായിരുന്നു. അതിനുള്ള മറുപടി രണ്ട് രൂപത്തിലാണ്:

**ഒന്ന്:** ഖബറിന് മുകളിൽ പള്ളിയുണ്ടാക്കിയെന്ന വ്യാജ കാര്യത്തിന്റെ അടിത്തറ തന്നെ തള്ളപ്പെടേണ്ടതാണ്, കാരണം അത് സത്യമാണെന്ന് സ്ഥാപിക്കുന്നതിന് ഒരുസനദും തന്നെയില്ല. ഇത് (الصحاح) ന്റെയും, (السنن) ന്റെയും, (المسانيد) ന്റെയും മറ്റും ഹദീസുകൾ ക്രോഡീകരിച്ചവരുടെ കർത്താക്കളിൽ ആരും തന്നെ ഉദ്ധരിച്ചിട്ടില്ല. മറിച്ച് അബ്ദുൽ ബിർറ് അബൂ

അബൂബസ്വീറിന്റെ ചരിത്രം (الإستيعاب- ٤/٢١-٢٣)ൽ രേഖപ്പെടുത്തിയപ്പോൾ മുർസലായി ഇത് ഉദ്ധരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു:

(അദ്ദേഹത്തിന് യുദ്ധത്തിൽ അത്ഭുതകരമായ ഒരു കഥയുണ്ട്. അത് ഇബ്നു ഇസ്ഹാഖും മറ്റുള്ളവരും ഉദ്ധരിച്ചിട്ടുണ്ട്, അത് റിപ്പോർട്ട് ചെയ്തത് ഇബ്നു ശിഹാബിൽ നിന്ന് മഅ്മറാണ്. അബ്ദുർറസാഖ് മഅ്മറിൽ നിന്നും, മഅ്മർ ഇബ്നു ശിഹാബിൽ നിന്നും ഹുദൈബിയാ വർഷം നടന്ന കഥയിൽ റിപ്പോർട്ട് ചെയ്യുന്നുണ്ട്. അദ്ദേഹം പറഞ്ഞു: 'പിന്നെ റസൂലുല്ലാഹ്(ﷺ) മടങ്ങി വന്നു, ഖുറൈശികളിൽ പെട്ട അബൂബസ്വീർ മുസ്ലിമായി നബി(ﷺ)യുടെ അടുത്ത് വന്നു, അങ്ങിനെ ഖുറൈശികൾ അദ്ദേഹത്തെ തിരിച്ച് വേണമെന്ന് ആവശ്യപ്പെട്ട് രണ്ടാളുകളെ അയച്ചു, അവർ രണ്ട് പേരും പ്രവാചകൻ(ﷺ)യോട് പറഞ്ഞു:

ഞങ്ങൾക്ക് നീ നൽകിയ കരാറിന്റെ അടിസ്ഥാനത്തിൽ മുസ്ലിമായി വന്നവരെ മുഴുവനും ഞങ്ങളിലേക്ക് തന്നെ മടക്കുമെന്നാണ്. അങ്ങിനെ അദ്ദേഹത്തെ നബി(ﷺ) അവരിലേക്ക് മടക്കി അയക്കുകയുണ്ടായി. അവർ മടങ്ങുകയും ദുൽഹുലൈഫയിൽ എത്തി അവിടെ വിശ്രമിക്കുവാൻ ഇറങ്ങി, അവരുടെയടുത്തുണ്ടായിരുന്ന ഈത്തപ്പഴം ഭക്ഷിക്കുവാൻ ആരംഭിച്ചു. അപ്പോൾ അബൂബസ്വീർ രണ്ടാളിൽ ഒരാളോട് പറയുകയുണ്ടായി: അല്ലാഹു തന്നെയാണ് സത്യം, അല്ലയോ മനുഷ്യാ നിന്റെ ഈ വാൾ വളരെ നല്ലതാണ്. ആ സമയം രണ്ടാമത്തെയാൾ വാൾ ഉറ

യിൽ നിന്നും പുറത്തെടുത്ത് പറയുകയുണ്ടായി: അതെ, അല്ലാഹു തന്നെയാണ് സത്യം ഇത് വളരെ നല്ലതാണ്. ഞാൻ ഇത്കൊണ്ട് ധാരാളം പരീക്ഷിച്ചിട്ടുണ്ട്, അനവധി സമയങ്ങളിൽ പരീക്ഷിച്ച് നോക്കിയിട്ടുണ്ട്. അപ്പോൾ അബൂ ബസ്വീർ പറഞ്ഞു: അതൊന്ന തരൂ, ഞാനൊന്ന് നോക്കട്ടെ. അങ്ങിനെ അദ്ദേഹത്തിന് അത് ലഭിച്ചു. അങ്ങിനെ അത് കൊണ്ട് ഒരാളെ വധിച്ചു. രണ്ടാമത്തെ വ്യക്തി ഓടി രക്ഷപ്പെടുകയും, മദീനയിലേക്ക് വന്ന്, പള്ളിയിൽ പ്രവേശിക്കുകയും ചെയ്തു. അദ്ദേഹത്തെ കണ്ടപ്പോൾ പ്രവാചകൻ(ﷺ) ചോദിച്ചു: 'ഇവൻ പേടിക്കുകയും, പരിഭ്രമിക്കുകയും ചെയ്തിട്ടുണ്ടല്ലോ' അങ്ങിനെ പ്രവാചക(ﷺ)ന്റെയടുത്ത് വന്ന് അദ്ദേഹം പറഞ്ഞു: അല്ലാഹു തന്നെയാണ് സത്യം! എന്റെ കൂട്ടുകാരൻ കൊല്ലപ്പെട്ടിരിക്കുന്നു, ഞാനും കൊല്ലപ്പെടും. ആ സമയം അബൂബസ്വീർ വന്ന് പറഞ്ഞു: പ്രവാചകരെ, അല്ലാഹു തന്നെയാണ് സത്യം!, അല്ലാഹു താങ്കളുടെ കരാർ പൂർത്തിയാക്കിയിട്ടുണ്ട്, അങ്ങ് എന്നെ അവരിലേക്ക് തന്നെ മടക്കി അയച്ചിരിക്കുന്നു. പക്ഷേ, അല്ലാഹു എന്നെ അവരിൽ നിന്ന് രക്ഷപ്പെടുത്തുകയുണ്ടായി. അപ്പോൾ പ്രവാചകൻ(ﷺ) പറഞ്ഞു: 'നിനക്ക് നാശം, അദ്ദേഹത്തിന്റെ കൂടെ മറ്റൊരാൾ കൂടി ഉണ്ടായിരുന്നെങ്കിൽ നിന്നെയും അവർ വധിക്കുമായിരുന്നു'. അദ്ദേഹം ഇത് കേട്ടതോടെ വീണ്ടും അവരിലേക്ക് തന്നെ മടക്കി അയക്കുമെന്ന് ഭയപ്പെട്ടതിനാൽ അവിടെ നിന്നും സൈഫുൽ ബഹ്റിലേക്ക് പുറപ്പെട്ടു. അംറിന്റെ മകൻ സുഹൈലിന്റെ മകൻ അബൂ ജന്തലും

ഖുറൈശികളിൽ നിന്ന് വിരണ്ടോടിയിരുന്നു, അങ്ങിനെ അദ്ദേഹത്തോടൊപ്പം അബൂ ബസ്വീറും കൂടെ കൂടി... മൂസബ്നു ഉഖ്ബ അബൂ ബസ്വീറിന്റെ കഥ പരിപൂർണ രൂപത്തിലുള്ള പദങ്ങളിലൂടെ, അതിന്റെ സാഹചര്യമടക്കം വിശദീകരിക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞു:...നിങ്ങൾ രണ്ടു പേരും നിങ്ങളുടെ കൂടെയുള്ള മുസ്ലീംകളും പ്രവാചക(ﷺ)ന്റെയടുത്തേക്ക് മടങ്ങുകയെന്ന ഒരു എഴുത്ത് നബി(ﷺ) അബൂജന്ദലിലേക്കും, അബൂബസ്വീറിലേക്കും അയച്ചു. പ്രവാചക(ﷺ)ന്റെ എഴുത്ത് അബൂജന്ദലിലേക്ക് എത്തിയ സന്ദർഭത്തിൽ അബൂബസ്വീർ മരണവേളയിലായിരുന്നു, തുടർന്ന് അബൂബസ്വീർ മരിച്ചു, നബി(ﷺ)യുടെ എഴുത്ത് കയ്യിൽ പിടിച്ച് വായിച്ച് കൊണ്ടിരുന്ന വേളയിലാണ് അബൂ ബസ്വീർ മരിക്കുന്നത്. അബൂ ജന്ദൽ അബൂ ബസ്വീറിനെ അവിടെ തന്നെ മറമാടുകയുണ്ടായി. അദ്ദേഹത്തിന് വേണ്ടി നമസ്കരിക്കുകയും, അദ്ദേഹത്തിന്റെ ഖബറിന് മുകളിൽ പള്ളി നിർമ്മിക്കുകയും ചെയ്തു.).

ഞാൻ(അൽബാനി) പറഞ്ഞു: ഈ കഥ സുഹ്രിയുമായി ചുറ്റിത്തിരിയുകയാണ്, ഇത് മുർസലാണ്, അദ്ദേഹം താബിഈയിൽ ചെറിയവനാണ്, അനസ്ബ്നു മാലികിൽ നിന്ന് അദ്ദേഹം കേട്ടിട്ടുണ്ട്.

അല്ലെങ്കിൽ അത് മുഅ്ളലാണ്, ഇത്കൊണ്ട് തന്നെ എന്താണോ അതിൽ നിന്ന് തെളിവ് പിടിക്കുവാൻ ഉദ്ദേശിക്കുന്ന ഭാഗം അത് ഒരിക്കലും തെളിവിന് പറ്റുകയില്ല. അതായത് 'അദ്ദേഹത്തിന്റെ ഖബറിന്

മുകളിൽ പള്ളി നിർമ്മിച്ചു' എന്നത് സുഹ്രിയിൽ നിന്ന് മുർസലായി ഇബ്നുഅബ്ദുൽ ബിർറ് ഉദ്ധരിച്ച കഥയുടെ പശ്ചാത്തലത്തിൽ നിന്ന് അത് വ്യക്തമാവുന്നില്ല. മഅ്മറിൽ നിന്ന് അബ്ദുർറസാഖ് ഉദ്ധരിച്ച റിപ്പോർട്ടിൽ നിന്നും മനസിലാവുന്നില്ല. മറിച്ച് ഇത് മൂസാബ്നു ഉഖ്ബയിൽ നിന്നുള്ള റിപ്പോർട്ടാണ്, ഇത് ഇബ്നു അബ്ദുൽബിർറ് വ്യക്തമാക്കിയിട്ടുമുണ്ട്. ഇത് അദ്ദേഹത്തിൽ നിന്ന് ആരിലേക്കും വിട്ട് കടക്കുന്നില്ല, കാരണം ഇബ്നു ഉഖ്ബ ഒരു സ്വഹാബിയിൽ നിന്നും കേട്ടിട്ടില്ല. 'അദ്ദേഹത്തിന്റെ ഖബറിന് മുകളിൽ പള്ളി നിർമ്മിച്ചു' എന്ന വർദ്ധനവ് മുഅ്ളലാകുന്നു.[52]

എന്നാൽ എന്റെ(അൽബാനി)യടുത്ത് ഈ കഥ മുൻകറാണ്, അത് ഇമാം ബുഖാരി തന്റെ സ്വഹീഹിൽ (٣٧١-٣٥١/٥) ലും, ഇമാം അഹ്മദ് തന്റെ മുസ്നദിൽ (٣٣١-٣٢٨/٤) മൗസൂലായി അബ്ദുർറസാഖ് മഅ്മറിൽ നിന്നും ഉദ്ധരിക്കുന്നു. അദ്ദേഹം പറയുന്നു: ഉർവ്വതുബ്നു സുബൈർ എന്നോട് പറഞ്ഞു, അൽ മസ്വർബ്നു മഖ്റമ, മർവാൻ എന്നിവരിൽ നിന്നും ഈ വർദ്ധനവില്ലാതെ ഉദ്ധരിച്ചിട്ടുണ്ട്. അതുപോലെ ഇബ്നു

[52] ولا تغتر أيها القارئ بما فعله هنا مؤلف " إحياء المقبور " فإنه ساق ( ص ٤٤ ) القصة التي أوردناها في الأعلى من طريق ابن عبد البر غير أن المؤلف حذف من كلامه " وذكر موسى بن عقبة هذا الخبر " ووصل رواية عبد الرزاق عن الزهري برواية موسى بن عقبة حتى صارتا كأنهما رواية واحدة وبدا للناظر في سياقه أن القصة بناء المسجد على القبر هي من رواية عبد الرزاق عن الزهري وإنما هي من رواية موسى بن عقبة بدون إسناد ثم وقفت على رواية موسى بن عقبة في " تاريخ ابن عساكر " (١/٣٣٤/٨) رواه بإسنادين عن عنه عن ابن شهاب مرسلا ومعضلا بلفظ : " وجعل عند قبره مسجدا " وهذا اللفظ لو صح أقل مخالفة لأنه ليس نصا في أن البناء كان على القبر بل عنده وشتان ما بينهما وليس فيه أيضا أن أبا جندل هو الذي بنى المسجد فتأمل

ഇസ്ഹാഖ് തന്റെ (السيرة)യിൽ സുഹ്‌രിയിൽ നിന്ന് മുർസലായും ഉദ്ധരിക്കുന്നു, അത് ഇബ്നു ഹിഷാമിന്റെ (٣٣٩-٣٣١/٣) (مختصر السيرة)ലും, അഹ്മദ് (٣٢٦-٣٢٣/٤) ഇബ്നു ഇസ്ഹാഖ് സുഹ്‌രിയിൽ നിന്നും, സുഹ്‌രി ഉർവയിൽ നിന്നും മഅ്മറിന്റെ റിപ്പോർട്ടിലുള്ളത് പോലെ പരിപൂർണമായി ഉദ്ധരിക്കുന്നുണ്ട്, അതിലും ഈ വർദ്ധനവ് ഇല്ല. അതുപോലെ ഇബ്നു ജരീർ(ﷺ) തന്റെ താരീഖിലും (٢٨٥-٢٧١/٣) മഅ്മറിന്റെയും ഇബ്നു ഇസ്ഹാഖിന്റെയും മറ്റും സനദിലൂടെ സുഹരിയിൽ നിന്നും ഉദ്ധരിക്കുന്നുണ്ട് അതിലും ഈ വർദ്ധനവ് ഇല്ല. ഇതെല്ലാം തന്നെ സൂചിപ്പിക്കുന്നത് ഇത് മുഅ്ളലായത് കൊണ്ടും, സ്വീകാര്യയോഗ്യമായ രിവായത്ത് ഇല്ലാത്തത് കൊണ്ടും മുൻകറായ വർദ്ധനവാണ് എന്നാണ്. അല്ലാഹുവാണ് തൗഫീഖ് നൽകുന്നവൻ.

**രണ്ടാമത്തെ മറുപടി:** ഇനി ഇത് സ്വഹീഹാണെന്ന് സങ്കൽപിച്ചാൽ തന്നെ ഈ ദുർബ്ബലമായ തെളിവ് മുഖേന ക്വബറിടങ്ങളെ പള്ളികളാക്കുന്നത് വിരോധിക്കുന്ന വളരെ വ്യക്തമായി വന്നിട്ടുള്ള ഹദീസുകളെ നമുക്ക് തള്ളുവാൻ രണ്ട് കാരണങ്ങളാൽ പറ്റില്ല.

**ഒന്ന്:** ഈ സംഭവത്തിൽ പ്രവാചകൻ(ﷺ) അവിടെ പോയി അത് കാണുകയും, അതിനെ അംഗീകരിക്കുകയും ചെയ്തതായി ഒന്നും തന്നെ ഈ രിവായത്തിലില്ല.

**രണ്ട്:** ഇനി പ്രവാചകൻ(ﷺ) ഇത് കാണുകയും, അംഗീകരിക്കുകയും ചെയ്തുവെന്നിരിക്കട്ടെ, എങ്കി

ൽ പോലും അത് ഇങ്ങനെയൊരു വിരോധം വരുന്നതിന് മുമ്പാണെന്ന് അനിവാര്യമായും നമുക്ക് മനസിലാക്കാം. കാരണം അത് വിരോധിച്ചുള്ള വ്യക്തമായ ഹദീസുകൾ പ്രവാചകൻ(ﷺ) പറയുന്നത് തന്റെ ജീവിതത്തിന്റെ അവസാന ഘട്ടത്തിലാകുന്നു.അത് കൊണ്ട് തന്നെ വൈരുദ്ധ്യമായി വന്നിട്ടുള്ള രണ്ട് തെളിവുകളിൽ അവസാനം വന്ന വ്യക്തമായ തെളിവുകളെ ആദ്യ ഘട്ടത്തിൽ വന്ന തെളിവ് കൊണ്ട് –അത് സ്വഹീഹായി വന്നാൽ– തള്ളപ്പെടുവാൻ പാടില്ല. ഇത് വളരെ വ്യക്തമാണ്, ഈ നിയമം ആർക്കും അജ്ഞാതമല്ല. ദേഹേച്ഛകളെ പിൻപറ്റുന്നതിൽ നിന്ന് അല്ലാഹു നമ്മെ കാത്ത് രക്ഷിക്കുമാറാവട്ടെ.

**ആറാമത്തെ സംശയത്തിന്റെ മറുപടി:**

ഖബറിടങ്ങളിൽ ഫിത്നയുണ്ടാകുമെന്ന് ഭയന്നത് കൊണ്ടാണ് അത് വിരോധിച്ചത്, പിന്നീട് ആ തടസ്സം നീങ്ങിയപ്പോൾ അത് അനുവദനീയമായിയെന്നാണ് ചിലർ വാദിക്കുന്നത്.

(إحياء القبـور) എന്ന കിതാബിന്റെ രചയിതാവല്ലാതെ മറ്റൊരു പണ്ഡിതനും ഇങ്ങനെ പറഞ്ഞതായി ഞാൻ കണ്ടിട്ടില്ല. മുകളിൽ നാം ഉദ്ധരിച്ച ഹദീസുകളെയും, പണ്ഡിതന്മാരുടെ ഇത്തിഫാഖിനെയെല്ലാം തള്ളിക്കളയുവാനായി അദ്ദേഹം ഉപയോഗിച്ചിട്ടുള്ളത് ഈ കാര്യമാണ്. അദ്ദേഹം പറയുന്നു:(പേജ്:18–19):

(ഖബറിടങ്ങൾ പള്ളികളാക്കുന്നത് രണ്ട് കാരണങ്ങളാലാണ് വിരോധിച്ചിരിക്കുന്നത്: അതിൽ ഒന്ന്:

പള്ളി നജസാക്കുമെന്നുള്ളത് കൊണ്ടാണ്.[53] അതിൽ രണ്ടാമത്തേത്: ഇതാണ് അധിക പണ്ഡിതന്മാരുടെയും, അല്ല, ഒന്നാമത്തെ അഭിപ്രായം പറഞ്ഞവരും അല്ലാത്തവരുമായ മുഴുവൻ ആളുകളും (ഇങ്ങനെ വാദമുള്ളവർ) ഇത് പറഞ്ഞിട്ടുണ്ട്. ഖബർ പള്ളികളാക്കിയാൽ അത് മുഖേന വഴികേടും, ഫിത്നയും ഉണ്ടാകും, എന്ന് മാത്രമല്ല, അതലേക്കുള്ള ഒരു വഴിയുമായിരിക്കുമത്. നന്മയിലും, അതുപോലെ നല്ല കാര്യങ്ങളിലും പ്രശസ്ഥിയാർജിച്ച ഒരു വലിയ്യിന്റെ ഖബർ പോലും കാലങ്ങൾക്ക് ശേഷം ആളുകൾ അവരുടെ അജ്ഞത കാരണം അവിടേക്ക് നമസ്കാരം ഉദ്ദേശം വെച്ച് പോവുകയും,അതിന്റെ മഹത്വപ്പെടുത്തുകയും ചെയ്തേക്കാം.ഖബർ ഖിബ്ലക്ക് നേരെയാണെങ്കിൽ പ്രത്യേകിച്ചും. അങ്ങിനെ അത് ശിർക്കിലേക്കും, അവിശ്വാസത്തിലേക്കും കൊണ്ടെത്തിക്കും).

പിന്നീട് ചില പണ്ഡിതന്മാരുടെ ഉദ്ധരണികൾ ഈ വിഷയത്തിൽ അദ്ദേഹം എടുത്തുദ്ധരിക്കുന്നുണ്ട്. അതിൽപെട്ടതാണ് ഇമാം ശാഫിഈ(ﷺ)യുടെ വാചകങ്ങൾ. അത് നാം മുകളിൽ കൊടുത്തിട്ടുണ്ട്. പിന്നീട് ഇദ്ദേഹം തന്റെ ഗ്രന്ഥത്തിലെ (ص: ٢٠-٢١) ൽ പറയുന്നു:

[53] ഞാൻ(അൽബാനി) പറയുന്നു: ഒരുപാട് രൂപത്തിലൂടെ ഈ വാദം നിരർത്ഥകമാണെന്ന് തെളിയിക്കാനാവും: അതെല്ലാം ഇവിടെ വിശദീകരിക്കുവാൻ ആഗ്രഹിക്കുന്നില്ല. പ്രവാചകന്മാരുടെ ഖബറുകളെ മാത്രം പ്രത്യേകമാക്കുകയാണെങ്കിൽ തന്നെ അവരുടെ പരിശുദ്ധമാക്കപ്പെട്ട ശരീരം ഒരിക്കലും ദ്രവിക്കുകയില്ലായെന്ന് പ്രവാചകൻ(ﷺ)യിൽ നിന്ന് സ്ഥിരപ്പെട്ട് വന്നിട്ടുണ്ട്. അത്കൊണ്ട് അത്മുഖേന ഭൂമിയിൽ നജസുണ്ടാവില്ല. അത്കൊണ്ട് തന്നെ ഈ വാദം നിരർത്ഥകമാണ്.

(വിശ്വാസികളുടെ മനസ്സിൽ വിശ്വാസം സുദൃഢമാകുകയും, അവർ യഥാർത്ഥ തൗഹീദിൽ വളരുകയും, ഉന്നതനായ അല്ലാഹുവിന് യാതൊരു പങ്കുകാരുമില്ലായെന്നും, അവനാണ് സ്രഷ്ടാവും, കാര്യങ്ങൾ നിയന്ത്രിക്കുന്നതും, ഏകനും, പരിശുദ്ധനും എന്ന് മനസിലാക്കുകയും ചെയ്തപ്പോൾ വിരോധത്തിന്റെ കാരണം നീങ്ങുകയും ചെയ്തു. അങ്ങിനെ കാരണം നീങ്ങിയപ്പോൾ അതിന്റെ അഥവാ സ്വാലിഹീങ്ങളുടെയും, ഔലിയാക്കളുടെയും ഖബറുകളെയും, ഖുബ്ബകളെയും പള്ളികളാക്കുകയെന്നത് കറാഹത്താണെന്ന (നിഷിദ്ധം) വിധിയും നീങ്ങി പോയി) !

ഞാൻ(അൽബാനി) പറയുന്നു: ഇതിനുള്ള മറുപടി: സാധാരണ പറയാറുണ്ട്: സിംഹാസനം സ്ഥാപിച്ചതിന് ശേഷം അതിന്റെ കൊത്തുപണികൾ നടത്തുക!

മുകളിൽ സൂചിപ്പിച്ച ഭയം മാത്രമാണ് വിരോധത്തിനുള്ള കാരണമെന്ന് ആദ്യം സ്ഥാപിക്കുക, പിന്നീട് ആ കാരണം നീങ്ങിപോയിയെന്ന് സ്ഥാപിക്കുക, അങ്ങിനെയല്ലെങ്കിൽ കൈകൊണ്ട് ‘ഖതാദ’ മരത്തിന്റെ മുള്ള് നീക്കലാവുമിത്.

**ഒന്നാമത്തേത്:** സൂചിപ്പിക്കപ്പെട്ട ഭയമെന്ന കാരണം മാത്രമാണ് വിരോധിക്കപ്പെടുവാൻ കാരണമെന്നതിന് വ്യക്തമായ തെളിവ് ഇല്ല. ഒരു പക്ഷേ, പല കാരണങ്ങളിൽ ഒരു കാരണമെന്ന് പറയാം. എന്നാലത് മാത്രമാണ് കാരണമെന്ന് പറയുന്നത് നിരർത്ഥകമാണ്. ഈ കാരണത്തോട് യോജിക്കുന്ന ക്രൈസ്ത

വരോട് സാദൃശ്യപ്പെടുക പോലെയുള്ള മറ്റു കാരണങ്ങളും അതിനോടൊപ്പം ചേർക്കാവുന്നതാണ്. മുകളിൽ സൂചിപ്പിച്ച കർമ്മശാസ്ത്ര പണ്ഡിതനായ ഹൈതമി(ﷺ)യുടെയും, അതുപോലെ മുഹദ്ദിഥായ സ്വൻഹാനി(ﷺ)യുടെയും വാക്കുകളിലും അതാണ് പ്രകടമാവുന്നത്. മതത്തിൽ യാതൊരു ഉപകാരവുമില്ലാതെ സമ്പത്ത് ദുർവിനിയോഗം ചെയ്യുക പോലെയുള്ളതും, മറ്റും അതിനോടൊപ്പം കൂട്ടി ചേർക്കാവുന്നതാണ്.

മുഅ്മിനീങ്ങളുടെ മനസ്സുകളിൽ വിശ്വാസം സുദൃഢമായതോടെ ആ കാരണം ഇല്ലാതായി. എന്ന അദ്ദേഹത്തിന്റെ വാദം ഒരുപാട് കാരണങ്ങളാൽ നിരർത്ഥകമാണ്:

**ഒന്ന്:** ഈ വാദം നിരർത്ഥകമായ അടിത്തറയിലാണ് പടുത്തുയർത്തിയിട്ടുള്ളത്. കാരണം വിശ്വാസത്തെ സംബന്ധിച്ച് ശരിക്കും അറിയുന്നതും, അതിന്റെ യാഥാർത്ഥ്യ മറിയുന്നതും, തീരുമാനിക്കുന്നതും എല്ലാം ഏകനും, ഉന്നതനുമായ അല്ലാഹു മാത്രമാണ്. തീർച്ചയായും ഈ തൗഹീദ് പണ്ഡിതന്മാർക്കിടയിൽ അറിയപ്പെടുന്നത് തൗഹീദുർറുബൂബിയ്യ: (അല്ലാഹുവിന്റെ രക്ഷാകർതൃത്വത്തിലുള്ള ഏകത്വം) ആണ്. പ്രവാചക നിയോഗമുണ്ടായ മുശ്‌രിക്കുകൾ തൗഹീദുർറുബൂബിയ്യയിൽ വിശ്വസിച്ചിരുന്നു. അതാണ് അല്ലാഹു പറയുന്നത്:

(وَلَـئِنْ سَـأَلْتَهُمْ مَـنْ خَلَـقَ السَّـمَوَاتِ وَالْأَرْضَ لَيَقُـولُنَّ اللَّهُ)

(لقمان:٢٥)

'ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് ആരെന്ന് നീ അവരോട് ചോദിച്ചാൽ തീർച്ചയായും അവർ പറയും: അല്ലാഹുവാണെന്ന്' (ലുഖ്മാൻ:25)

എന്നിട്ട്പോലും അവർക്ക് ഈ തൗഹീദ് കൊണ്ട് യാതൊന്നും തന്നെ ഉപകാരപ്പെട്ടില്ല. കാരണം അവർ തൗഹീദുൽ ഉലൂഹിയ്യയിലും, ഇബാദയിലും അവിശ്വസിച്ചിരുന്നു. അതുപോലെ പ്രവാചക(ﷺ)നെ അവർ കഠിനമായി തന്നെ വെറുക്കുകയും ചെയ്തു. അവരുടെ വാദം അല്ലാഹു ഖുർആനിൽ പറയുന്നു:

(أَجَعَلَ الْآلِهَةَ إِلَهًا وَاحِدًا إِنَّ هَذَا لَشَيْءٌ عُجَابٌ) (ص: ٥)

'ഇവൻ പല ദൈവങ്ങളെ ഒരൊറ്റ ദൈവമാക്കിയിരിക്കയാണോ? തീർച്ചയായും ഇത് ഒരത്ഭുതകരമായ കാര്യം തന്നെ' (സ്വാദ്:5)

മുശ്രിക്കുകൾ നിഷേധിച്ച ഈ തൗഹീദിന്റെ തേട്ടത്തിൽ പെട്ടതാണ് അല്ലാഹുവല്ലാത്തവരോടുള്ള ഇസ്തിഗാഥയും, സഹായ തേട്ടവും ഉപേക്ഷിക്കുകയെന്നത്, അതുപോലെ അല്ലാഹുവല്ലാത്തവരോടുള്ള പ്രാർത്ഥനയും, അല്ലാഹുവല്ലാത്തവർക്കുള്ള നേർച്ചയും ഉപേക്ഷിക്കുകയെന്നതും. ഇതെല്ലാം തന്നെ അല്ലാഹുവിന് മാത്രം പ്രത്യേകമായിട്ടുള്ളതാണ്, ഉന്നതനായ അല്ലാഹുവല്ലാത്തവർക്ക് ആരെങ്കിലും ഇതിൽ നിന്ന് വല്ലതും നൽകുകയാണെങ്കിൽ അവൻ അല്ലാഹുവിൽ പങ്ക് ചേർക്കുകയാണ് ചെയ്യുന്നത്. തൗഹീദുൽ റുബൂബിയ്യയിൽ വിശ്വസിച്ചാലും അവൻ അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കുകയാണ് ചെയ്ത

ത്. രക്ഷപ്പെടുന്ന വിശ്വാസം തൗഹിദുൽ റുബൂബിയ്യ യും, തൗഹീദുൽ ഉലൂഹിയ്യയും ഒരുമിച്ച് കൂട്ടുന്നതി ലൂടെയും, അല്ലാഹുവിനെ അതിൽ ഏകനാക്കുന്ന തിലൂടെയുമാണ് ലഭിക്കുന്നത്. ഇത് നാം പല സ്ഥല ങ്ങളിലും വിശദമായി വ്യക്തമാക്കിയതാണ്.

ഇത് ശരിക്കും മനസിലാക്കിയ ഒരാൾക്ക് അ ധിക വിശ്വാസികളിലും തൗഹീദുൽ റുബൂബിയ്യ:യു ടെ യഥാർത്ഥ വിശ്വാസം പോലും അടിയുറച്ചിട്ടില്ലാ യെന്ന് കാണുവാൻ സാധിക്കും. വായനക്കാർക്ക് ഉദാ ഹരണത്തിലൂടെ ഇത് വ്യക്തമാക്കുവാൻ ഞാൻ ആ ഗ്രഹിക്കുന്നില്ല. നാം ആർക്കാണോ മറുപടി നൽകു ന്നത് അദ്ദേഹത്തിന്റെ ചില വരികൾ പരിശോധിച്ചാ ൽ തന്നെ നമുക്ക് ഈ കാര്യം വ്യക്തമാവുന്നതാണ്. മുകളിൽ ഉദ്ധരിച്ച ഉദ്ധരണിക്ക് (ص:٢١-٢٢) ശേഷം പറ യുന്നു: (ഔലിയാക്കളെ പിടിച്ച് അവർ (പൊതു ജന ങ്ങൾ) സത്യം ചെയ്യുന്നതായി നമുക്ക് കാണാവുന്ന താണ്, ഔലിയാക്കളെ സംബന്ധിച്ച് അവർ വ്യക്ത മായ അവിശ്വാസത്തിന്റെ വാക്കുകൾ പറയുന്നുണ്ട്, അതിൽ യാതൊരു സംശയവുമില്ല. ദക്ഷിണാഫ്രിക്ക യിൽ സാധാരണ ജനങ്ങളിലെ അജ്ഞരായവർ അ ബ്ദുൽ ഖാദിർ ജീലാനിയുടെ കാര്യത്തിൽ വ്യക്തമാ യ കുഫ്റിന്റെ വാചകങ്ങൾ പറയുന്നുണ്ട്... അതു പോലെ ദക്ഷിണാഫ്രിക്കയിൽ വലിയ അച്ചുതണ്ടായ മൗലാനാ അബ്ദുസ്സലാം ഇബ്നു മശീശ്(ﷺ)യെ സം ബന്ധിച്ച് അദ്ദേഹമാണ് ദീനും ദുൻയാവും സൃഷ്ടിച്ച തെന്നാണ്, അതു പോലെ ചിലർ പറയുന്നത് അദ്ദേ ഹമാണ് മഴ വർഷിപ്പിക്കുന്നത്, അതു പോലെ മൗലാ

നയായ അബ്ദുസ്സലാമേ നീ നിന്റെ അടിമകളോട് കൃപ കാണിക്കണം എന്നൊക്കെ ചിലർ പറയാറുണ്ട്. ഇതെല്ലാം കുഫ്റാകുന്നു!....).

ഞാൻ പറയുന്നു: ഈ കുഫ്റ് മുശ്‌രിക്കുകളുടെ കുഫ്റിനെക്കാൾ വലിയ കുഫ്റാകുന്നു. കാരണം ഈ കുഫ്റ് അല്ലാഹുവിന്റെ ഉലൂഹിയ്യയിലുള്ള അവിശ്വാസമാണ്. എന്നാൽ മുശ്‌രിക്കുകൾ ഇങ്ങനെയുള്ള കുഫ്റിൽ (റുബൂബിയ്യയിലുള്ള കുഫ്റിൽ) പെട്ടതായി നമുക്ക് അറിവില്ല. എന്നാൽ ഉലൂഹിയ്യയിലുള്ള ശിർക്കിലാണ് ഈ സമുദായത്തിലെ അധിക വിജ്ഞാനമില്ലാത്ത ആളുകളും പെട്ട് പോയിട്ടുള്ളത്- സമുദായത്തിലെ പൊതു ജനങ്ങൾ എന്ന് ഞാൻ പറയുന്നില്ല- ഇതാണ് ഇന്നത്തെയും, അതിന് മുമ്പുമുള്ള മുസ്ലീം കളുടെയും അവസ്ഥയെങ്കിൽ എങ്ങിനെയാണ് ഈ മനുഷ്യൻ താഴെ വരുന്ന അദ്ദേഹത്തിന്റെ വാദം പറയുക:

(വിശ്വാസികളുടെ മനസുകളിൽ വിശ്വാസം സുദൃഢമായപ്പോൾ നിരോധത്തിനുള്ള കാരണം നീങ്ങി പോയി .... )?

വിശ്വാസികൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് സ്വഹാബികളെയാണെങ്കിൽ അവർ സത്യത്തിൽ യഥാർത്ഥ മുഅ്മിനുകളായിരുന്നുവെന്നതിൽ യാതൊരു സംശയവുമില്ല. അവർ പ്രവാചകൻ(ﷺ) കൊണ്ടുവന്ന തൗഹീദിന്റെ യാഥാർത്ഥ്യം മനസിലാക്കിയവരായിരുന്നു. എന്നാൽ ഇസ്ലാമിക ശരീഅത്ത് എല്ലാവർക്കും, എല്ലാ കാലങ്ങൾക്കുമുള്ളതാണ്. അത്കൊണ്ട്

തന്നെ സ്വഹാബികളിൽ ആ കാരണം നീങ്ങി പോയെങ്കിലും അവർക്ക് ശേഷമുള്ളവരിൽ ആ കാരണം നിലനിൽക്കുന്നത് കൊണ്ട് തന്നെ ആ വിധിയും നിലനിൽക്കുന്നു. കാരണം വിരോധത്തിനുള്ള കാരണം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഇന്ന് നടന്ന് കൊണ്ടിരിക്കുന്ന സംഭവ വികാസങ്ങൾ അതിന് സാക്ഷ്യം നിൽക്കുകയും ചെയ്യുന്നു.

**രണ്ടാമത്തെ മറുപടി:** മുകളിൽ സൂചിപ്പിച്ച ഹദീസുകളിലൂടെ ഖബറിടങ്ങളെ പള്ളികളാക്കുന്നതിനെതിരെ പ്രവാചകൻ(ﷺ) ജനങ്ങളെ താക്കീത് ചെയ്യുന്നത് തന്റെ ജീവിതത്തിന്റെ അവസാന നിമിഷങ്ങളിലാണ്, തിരുമേനി(ﷺ) വഫാതായ രോഗ ശയ്യയിൽ കിടന്ന് കൊണ്ടാണ്. അദ്ദേഹം സൂചിപ്പിച്ച വിരോധത്തിനുള്ള കാരണം നീങ്ങിയത് എപ്പോഴാണ്? പ്രവാചകൻ(ﷺ)യുടെ വഫാതിന്റെ ശേഷമാണ് കാരണം നീങ്ങിയതെന്ന് പറയപ്പെടുകയാണെങ്കിൽ ഏറ്റവും ഉത്തമ നൂറ്റാണ്ട് പ്രവാചക(ﷺ)ന്റെ നൂറ്റാണ്ടിൽ ജീവിച്ചവരുടെ നൂറ്റാണ്ടാണെന്ന മുഴുവൻ മുസ്ലീംകളുടെയും ഇജ്മാഇനെതിരാകുന്നു. കാരണം ഈ വാദമനുസരിച്ച് –അദ്ദേഹത്തിന്റെ മുകളിൽ ഉദ്ധരിച്ച വാദമനുസരിച്ച്– സ്വഹാബികളുടെ മനസുകളിൽ വിശ്വാസം സുദൃഢമായിട്ടില്ല, അത് പ്രവാചകൻ(ﷺ)യുടെ മരണത്തിന് ശേഷമാണ് അവരുടെ മനസുകളിൽ വിശ്വാസം സുദൃഢമായതെന്ന് പറയേണ്ടി വരുന്നതാണ്! ഇത്കൊണ്ട് തന്നെ വിരോധത്തിനുള്ള കാരണം ഇപ്പോഴും ഉണ്ട്, അത്കൊണ്ട് തന്നെ അതിന്റെ വിധിയും ഉണ്ട്. ആയതിനാൽ ഈ നിരർത്ഥകമായ വാദം ആ

ത്തം പറയുമെന്ന് എനിക്ക് തോന്നുന്നില്ല. പ്രവാചകൻ(ﷺ)യുടെ വഫാതിന് മുമ്പാണ് വിരോധത്തിനുള്ള കാരണം നീങ്ങിയതെന്ന് പറയുകയാണെങ്കിൽ പിന്നെയെങ്ങിനെയാണ് പ്രവാചകൻ(ﷺ) തന്റെ അവസാന ശ്വാസത്തിൽ ഇതിനെതിരെ മുസ്ലീംകളെ താക്കീത് ചെയ്യുന്നത്. ഇതെങ്ങനെ സംഭവിക്കും? ഇതിനെ ഒന്നുകൂടി ബലപ്പെടുത്തുന്ന അടുത്ത മറുപടി:

**മൂന്നാമത്തെ മറുപടി:** മുകളിൽ നാം ഉദ്ധരിച്ച ചില ഹദീസുകളിൽ പറഞ്ഞ വിധി അവസാന നാൾ വരെ നിലനിൽക്കുന്നതാണെന്ന് വ്യക്തമാണ്. ഉദാഹരണമായി 12–ാം നമ്പർ ഹദീസ്.

**നാലാമത്തെ മറുപടി:** പ്രവാചകൻ(ﷺ)യെ സ്വഹാബികൾ ആയിശാ(رضي الله عنها)യുടെ റൂമിൽ മറമാടുവാനുള്ള കാരണം തിരുമേനി(ﷺ)യുടെ ഖബറിനെ പള്ളിയാക്കുമെന്ന് ഭയന്നതിനാലാണെന്ന് ആയിശാ(رضي الله عنها) ഉദ്ധരിക്കുന്ന 4–ാമത്തെ ഹദീസിൽ കാണാവുന്നതാണ്. ഈ ഹദീസിൽ വ്യക്തമാക്കപ്പെട്ട ഭയം സ്വഹാബികൾ അങ്ങനെ ചെയ്യുമെന്ന ഭയമാണോ, അല്ല, അവർക്ക് ശേഷം വരുന്നവർ അങ്ങിനെ ചെയ്യുമെന്ന ഭയമാണോ? ഒന്നാമത്തേതാണെങ്കിൽ (സ്വഹാബികൾ അങ്ങിനെ ചെയ്യുമെന്ന ഭയമാണെങ്കിൽ), നാം പറയുന്നു: അതിനെക്കാൾ ഭയപ്പെടേണ്ടത് അവർക്ക് ശേഷം വരുന്നവർ അങ്ങിനെ ചെയ്യുമെന്ന ഭയമാണ്.

എന്നാൽ രണ്ടാമത്തേതാണെങ്കിൽ (സ്വഹാബികൾക്ക് ശേഷം വരുന്നവർ അങ്ങിനെ ചെയ്യുമെന്ന ഭയം), ഇതാണ് നമ്മുടെ അടുത്ത് ശരിയായിട്ടു

ള്ളത്. വിരോധത്തിന്റെ കാരണം സ്വഹാബികളുടെ കാലത്തിലോ, അവർക്ക് ശേഷമോ നീങ്ങിപോയി അതിന്റെ വിധി നീങ്ങുമെന്ന അഭിപ്രായം സ്വഹാബി കൾക്ക് ഉണ്ടായിരുന്നില്ലായെന്നതിന് വ്യക്തമായ തെ ളിവാണിത്. അപ്പോൾ ഈ വാദം സ്വഹാബികളുടെ വാദത്തിന് എതിരാണെന്നത് വളരെ വ്യക്തമാണ്. ഇത് ഒന്നുകൂടി വ്യക്തമാക്കുന്നതാണ് താഴെ വരുന്ന മറുപടി:

**അഞ്ചാമത്തെ മറുപടി**:സച്ചരിതരായ സലഫു സ്വാലിഹീങ്ങൾ മുകളിൽ പറഞ്ഞ കാരണം ഉള്ളത് കൊണ്ട് തന്നെ അതിന്റെ വിധി നടപ്പിലാക്കിയിട്ടുണ്ട്. അത് ഫിത്നയിലും, വഴികേടിലും അകപ്പെടുമെന്ന പേടിയും, കാരണവുമാണ്. സൂചിപ്പിക്കപ്പെട്ട കാര ണം നീങ്ങിപോയിയെങ്കിൽ സലഫുസ്വാലിഹീങ്ങൾ ഈ വിധി നടപ്പിലാക്കുമായിരുന്നില്ല. ഇത് വളരെ വ്യ ക്തമാണ്. അല്ലാഹുവിനാണ് സർവ്വസ്തുതിയും. നാം സൂചിപ്പിച്ചതിന് ചില ഉദാഹരണങ്ങൾ താഴെ കൊടു ക്കട്ടെ:

1- അബ്ദുല്ലാഹ് ഇബ്നു ശുറഹ്ബീൽബ്നു ഹസന(ﷺ) പറയുന്നു: ഉഥ്മാനുബ്നു അഫ്ഫാൻ(ﷺ) ഖബറുകൾ തട്ടി നിരപ്പാക്കാൻ കൽപിക്കുന്നത് ഞാൻ കണ്ടിരു ന്നു, അങ്ങിനെ അദ്ദേഹത്തോട് പറയപ്പെട്ടു: ആ കാ ണുന്ന ഖബർ ഉമ്മു അംറ്ബിൻത് ഉഥ്മാനിന്റേതാ

ണെന്ന്! അതും തട്ടി നിരപ്പാക്കാൻ കൽപിക്കുകയും, അത് തട്ടി നിരപ്പാക്കുകയും ചെയ്തു'[54]

2- അബുൽ ഹയ്യാജുൽ അസദി(ﷺ) പറയുന്നു: അലിയ്യുബ്നു അബൂത്വാലിബ്(ﷺ) എന്നോട് പറയുകയുണ്ടായി: 'എന്നെ പ്രവാചകൻ(ﷺ) നിയോഗിച്ചിരിക്കുന്ന ഒരു കാര്യത്തിന് താങ്കളെ ഞാൻ നിയോഗിക്കട്ടെയോ?[55]

ശൈഖ് അൽഗിമാരി(ﷺ) മേൽ സൂചിപ്പിക്കപ്പെട്ട തന്റെ കിതാബിൽ പറഞ്ഞ വാദത്തെ തകർക്കുന്നതിന് വ്യക്തമായ തെളിവാണ് ഈ ഹദീസ്. രണ്ട് രൂപത്തിൽ ഇതിനെ വികലമാക്കുവാൻ അദ്ദേഹം ശ്രമിക്കുന്നുണ്ട്:

---

(54) ഇബ്നു അബീ ശൈബ(ﷺ) തന്റെ മുസ്വന്നഫിൽ (١٣٨/٤)ൽ ഉദ്ധരിച്ചത്. അബൂസുർഹ(ﷺ) തന്റെ താരീഖിൽ (٢/١٢١/٢/٦٦)ൽ സ്വഹീഹായ സനദോട് കൂടി ഉദ്ധരിച്ചത്.

رواه ابن أبي شيبة في " المصنف " ( ٤ / ١٣٨ ) وأبو زرعة في " تاريخه " (٢/١٢١/٢/٦٦) بسند صحيح عن عبدالله هذا وقد أورده ابن أبي حاتم في " الجرح والتعديل " ( ٣ / ٢ / ٨١٨٢ ) ولم يذكر فيه جرحا ولا تعديلا.

مخطوطان قيمان الأول محفوظ بعض مجلداته في المكتبة الظاهرية ويوجد منه نسخة تامة في غيرها . والآخر منه نسخة مصورة في المجمع العلمي العربي بدمشق

(55) മുസ്ലിം(٦١/٣) അബൂദാവൂദ്(٧٠/٣) നസാഈ(٢٨٥/١) തിർമിദി(١٥٤-١٥٣/٢) ബൈഹഖി (٣/٤)ത്വയാലിസി (١٦٨/١)അഹ്മദ് (رقم ٧٤١ و ١٠٦٤)

ولا مخالفة بين هذا الحديث وبين ما ثبت في السنة من مشروعية رفع القبر شبرا أو شبرين حتى يتنميز فيصان عن أن يهان لأن المراد به تسوية ما رفع عليه من البناء وإن قيل بخلافه قال الشيخ علي القارئ في " المرقاة " ( ٢ / ٣٧٢ ) في شرح الحديث : " ( قبرا مشرفا ) هو الذي بني عليه حتى ارتفع دون الذي أعلم عليه بالرمل والحصباء أو محسومة ( ) بالحجارة ليعرف ولا يؤطأ ( إلا سويته ) في الأزهار : قال العلماء : يستحب أن يرفع القبر قدر شبر ويكره فوق ذلك ويستحب الهدم وفي قدره خلاف قيل إلى الأرض تغليظا وهذا أقرب إلى اللفظ أي لفظ الحديث من التسوية" وكذا في تحفة الأحوذي " ٢ / ١٥٤ ) نقلا عن المرقاة"

**ഒന്ന്:** തന്റെ മദ്ഹബിനോട് യോജിക്കുന്ന രൂപത്തിൽ അതിന്റെ ദുർവ്യാഖ്യാനിക്കുന്നു.

**രണ്ട്:** ഹദീസിന്റെ സ്വീകാര്യതയിൽ സംശയമുണ്ടാക്കുന്നുണ്ട്.തന്റെ (ص:٥٧) പുസ്തകത്തിൽ പറയുന്നു:

(രണ്ട് കാര്യങ്ങളിൽ ഏതെങ്കിലുമൊന്ന് അനിവാര്യമാണ്: ഒന്നുകിൽ ഇത് സ്ഥിരപ്പെട്ടിട്ടില്ല, അല്ലെങ്കിൽ അതിന്റെ പ്രകടമായ ആശയമല്ലാത്ത വേറെ ആശയങ്ങൾക്ക് വ്യഖ്യാനിക്കൽ അനിവാര്യമാണ്).

ഞാൻ (അൽബാനി) പറയുന്നു: ഈ ഹദീസ് സ്വീകാര്യ യോഗ്യമാണെന്നതിൽ യാതൊരു സംശയവുമില്ല. അത് വ്യത്യസ്ഥ സനദുകളോടെ വന്ന ഹദീസാണ്, അതിൽ ചിലത് മുകളിൽ ഉദ്ധരിച്ചത് പോലെ സ്വഹീഹുകളിൽ വന്നതാണ്. എന്നാൽ ദേഹേഛകളെ പിൻപറ്റുന്നവർ സ്വഹീഹാക്കുന്നതിലും, ളഈഫാക്കുന്നതിലുമുള്ള നിയമങ്ങൾ പാലിക്കുന്നില്ല. അവർക്കെതിരായി വരുന്ന നാം തൊട്ട് മുകളിൽ ഉദ്ധരിച്ച ഹദീസിനെ[56] പോലെയുള്ള ഹദീസുകൾ സ്വഹീഹാണെങ്കിലും ദുർബലമാക്കുകയാണ് അവർ ചെയ്യുന്നത്.അവർക്കനുകൂലമായ ഹദീസുകൾ അങ്ങേയറ്റം ദുർബ്ബലമാണെങ്കിലും അവർ സ്വഹീഹാക്കുകയും, അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു.അതിന്

(56) وكذلك فعل بعض غلاة الشيعة في كتابه" كشف الارتياب " ( ص ٣٦٦ فصرح فيه بتضعيف الحديث من طريق مسلم وطعن في رجاله وكلهم ثقات وكذلك غمز من صحته الكوثري الجهمي في " مقالاته " ( ص ١٥٩ ) وهكذا ترى أهل الأهواء على اختلاف مذاهبهم يتتابعون على رد الحديث الصحيح بأوهى الشبه اتباعا لأهوائهم ونعوذ بالله تعالى من الخذلان.

ചി ല ഉദാഹരണം നാം വഴിയെ വിവരിക്കുന്നതാണ്. അ ല്ലാഹുവിനോട് സഹായം ചോദിക്കുന്നു.

അദ്ദേഹത്തിന്റെ ദുർവ്യാഖ്യാനത്തിന് ഒരുപാട് രൂപങ്ങളുണ്ട്, അതിൽ ഏറ്റവും അപകടം നിറഞ്ഞത് താഴെ വരുന്നതാണ്, അദ്ദേഹം പറയുന്നു:

(പ്രത്യക്ഷത്തിൽ തന്നെ ഇത് ഉപേക്ഷിക്കപ്പെട്ട ഒരു വാർത്തയാണെന്നതിൽ എല്ലാവരും യോജിക്കു ന്നു, കാരണം ഖബർ നിരപ്പാക്കുന്നത് കറാഹത്താ ണെന്നതിലും, ഒരു ചാൺ ഉയർത്തുന്നത് സുന്നത്താ ണെന്നതിലും പണ്ഡിതന്മാർ യോജിച്ചിട്ടുണ്ട്.

ഞാൻ (അൽബാനി) പറഞ്ഞു: ഇജ്തിഹാദാ ണെന്ന് വാദിക്കുകയും, തഖ്ലീദ് നിഷിദ്ധമാക്കുക യും ചെയ്യുന്നവർ തങ്ങളുടെ വാദത്തിന് വേണ്ടി പ ണ്ഡിതന്മാരുടെ അഭിപ്രായങ്ങൾകൂടി ഉദ്ധരിച്ച് കൊ ണ്ട് ഹദീസുകളെ കൈകാര്യം ചെയ്യുന്ന രൂപവും, ദുർവ്യാഖ്യാനിക്കുന്നതും കാണുകയാണെങ്കിൽ അ ത്ഭുതപ്പെട്ട് പോകും. എന്നാൽ ശരിയായ രൂപത്തിൽ ഇജ്തിഹാദ് ചെയ്യുകയാണെങ്കിൽ പരിപൂർണമായി ട്ടും അവരുടെ വാദത്തിന് എതിരായിട്ടാണ് കാര്യം വ്യക്തമാവുക. ഹദീസ് ഒരിക്കലും സൂചിപ്പിക്കപ്പെട്ട പണ്ഡിതന്മാരുടെ യോജിപ്പിന് എതിരാവുന്നില്ല. കാര ണം ഹദീസിൽ പറയുന്നത് കെട്ടിപൊക്കിയ ഖബറു കളെ സംബന്ധിച്ചാണ്, അങ്ങിനെയുള്ള ഖബർ തട്ടി നിരപ്പാക്കുക തന്നെ വേണം, അതാണ് അസ്ഹരിയി ൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടത്. മയ്യിത്തിനെ മറമാ ടുമ്പോൾ ഭൂമിയിൽ നിന്നും അൽപം ഉയർത്തുന്ന വിഷയത്തിലാണ് പണ്ഡിതന്മാർ യോജിച്ചിട്ടുള്ളത്,

അതിനെ സംബന്ധിച്ചല്ല ഹദീസിൽ പ്രതിപാദിക്കുന്നത്. അത് തന്നെയാണ് അൽഖാരി(ﷺ)യിൽ നിന്നുമുള്ള ഉദ്ധരണി നാം നേരത്തെ ഉദ്ധരിച്ചിട്ടുള്ളത്.

ഹദീസിനെ ദുർവ്യാഖ്യാനിക്കാനായി ഗിമാരി പിന്നീട് ശാഫിഈ മദ്ഹബിൽ നിന്നും ഉദ്ധരിക്കുന്നു. അവർ പറഞ്ഞു: (ഖബറുകളെ തട്ടിനിരപ്പാക്കുന്നതിനെ സംബന്ധിച്ച് വന്നിട്ടില്ല, മറിച്ച് ഖബറുകളെ ഭൂമിയോടൊത്ത് നിരപ്പാക്കുവാനാണ് ഉദ്ദേശിച്ചത്, ഇങ്ങനെയാണ് ഹദീസുകളെ പരസ്പരം യോജിപ്പിക്കുവാൻ കഴിയുക).

ഞാൻ പറയുന്നു: ഈ വാദം ശരിയാണെങ്കിൽ തന്നെ ഇത് ഗിമാരിക്ക് അനുകൂലമല്ല, മറിച്ച് എതിരായ തെളിവാണ്. കാരണം ഭൂമിയുടെ നിരപ്പ് പോലെ നിരപ്പാക്കൽ നിർബ്ബന്ധമാണെന്ന് അദ്ദേഹം പറയില്ല, മറിച്ച് ഒരു കണക്കുമില്ലാതെ ഉയർത്തൽ സുന്നത്താണ്, അതുപോലെ അതിന്മേൽ ഖുബ്ബകളും, പള്ളികളും ഉയർത്തലും സുന്നത്താണെന്നാണ് അദ്ദേഹം പറയുന്നത്!

പിന്നീട് ഹദീസിനെ സംബന്ധിച്ച് ഗിമാരി അവസാന ഉത്തരമെന്ന നിലക്ക് പറയുന്നു:

(ഖബറുകൾ തട്ടിനിരപ്പാക്കണമെന്ന് പറഞ്ഞത് നമ്മുടെ അടുത്ത് സ്വഹീഹ് തന്നെയാണ്, എന്നാൽ അത്കൊണ്ട് ഉദ്ദേശിക്കുന്നത് ജാഹിലിയ്യാ കാലത്തിൽ മഹത്വപ്പെടുത്തിയിരുന്ന മുശ്രിക്കുകളുടെ ഖബറുകളെയാണ്,സ്വഹാബികൾ വിജയിച്ചടക്കിയ അ

വിശ്വാസികളുടെ നാട്ടിൽ അങ്ങിനെയുള്ള വിഗ്രഹ ങ്ങളും മറ്റുമുണ്ടെന്ന് പറയപ്പെടുന്നത് ഇതിന് തെ ളിവാണ്).

ഞാൻ പറയുന്നു: ഇമാം അഹ്മദ്(ﷺ) ഉദ്ധരിക്കു ന്ന ഈ ഹദീസിന്റെ തന്നെ ചില റിപ്പോർട്ടുകളിൽ അലി(ﷺ) പ്രവാചകനുണ്ടായിരുന്ന മദീനയുടെ ചില ഭാഗങ്ങളിലേക്കാണ് അയച്ചിരുന്നതെന്ന് വ്യക്തമാണ്, അതിനാൽ തന്നെ അവിശ്വാസികളുടെ നാട്ടിലേക്കാ ണ് അയച്ചതെന്ന വാദം നിരർത്ഥകമാവുകയാണ്.

അലി(ﷺ) അബുൽ ഹയ്യാജി(ﷺ)നെ ഉയർത്ത പ്പെട്ട ഖബറുകളെ തട്ടി നിരപ്പാക്കുവാൻ അയച്ചിരുന്നു എന്നതാണ് ഹദീസിൽ നിന്ന് തെളിവുള്ളത്, അബു ൽഹയ്യാജ്(ﷺ) ആ സന്ദർഭത്തിൽ സൈന്യാധിപനാ യിരുന്നു. അതുപോലെ അലി(ﷺ)ഉം -മുകളിൽ ഉദ്ധരി ച്ച അഥറിന്റെ അടിസ്ഥാനത്തിൽ ഉഥ്മാൻ(ﷺ)ഉം- പ്രവാചകൻ(ﷺ)യുടെ മരണത്തിന് ശേഷം ഗിമാരി യുടെ വാദത്തിന് വിപരീതമായി ഈ ഹദീസിന്റെ വിധി കൊണ്ട് പ്രവർത്തിച്ചിരുന്നുവെന്നതിനും വ്യക്ത മായ തെളിവാണ് ഈ ഹദീസ്.

3- അബൂബുർദ(ﷺ)യിൽ നിന്ന് അദ്ദേഹം പറഞ്ഞു: അബൂ മൂസാ(ﷺ)ക്ക് മരണം ആസന്നമായപ്പോൾ അ ദ്ദേഹം വസിയ്യത്ത് നൽകുകയുണ്ടായി: എന്റെ ജനാ സയുമായി നിങ്ങൾ പുറപ്പെട്ടാൽ വേഗത്തിൽ നടക്കു ക, തീ കൊണ്ട് ആരും എന്നെ പിൻപറ്റാതിരിക്കുക യും ചെയ്യുക, എന്റെ ഖബറിൽ എന്നെയും മണ്ണി ന്റെയും ഇടയിൽ നിങ്ങൾ ഒന്നും തന്നെ മറയിടരുത്,

എന്റെ ഖബറിന് മുകളിൽ നിങ്ങൾ എടുപ്പ് ഉണ്ടാക്കരുത്, ആപത്തുകൾ വരുമ്പോൾ വസ്ത്രം കീറുന്നവരിൽ നിന്നും, അലമുറയിട്ട് കരയുന്നവരിൽ നിന്നും, മുടി വടിക്കുന്നവരിൽ നിന്നും ഞാൻ നിരപരാധിയാണെന്ന് നിങ്ങളെ സാക്ഷ്യപ്പെടുത്തുന്നു. അവർ ചോദിച്ചു: ഇതിനെ സംബന്ധിച്ച് താങ്കൾ വല്ലതും കേട്ടിട്ടുണ്ടോ? അദ്ദേഹം പറഞ്ഞു: അതെ, പ്രവാചകൻ(ﷺ)യിൽ നിന്ന്'[57]

4- അനസ്(ﷺ)ൽ നിന്നും: 'ഖബറുകൾക്കിടയിൽ പള്ളിയുണ്ടാക്കുന്നതിനെ അദ്ദേഹം വെറുത്തിരുന്നു'[58]

5- ഇബ്രാഹീമിൽ നിന്ന്: 'തീർച്ചയായും ഖബറിന്മേൽ പള്ളിയുണ്ടാക്കുന്നതിനെ അദ്ദേഹം വെറുത്തിരുന്നു'[59]

സ്വീകാര്യയോഗ്യനായ ഇമാമായ ഇബ്നു യസീദ് അന്നഖഹി(ﷺ)യാണ് ഈ ഇബ്രാഹിം.അദ്ദേഹം ഹിജ്റ 96 ൽ മരിച്ച ചെറിയ താബിഈ ആണ്. അദ്ദേഹത്തിന് കാണാൻ സാധിച്ച സ്വഹാബികളിൽ നിന്നോ,അല്ലെങ്കിൽ വലിയ താബിഉകളിൽ നിന്നോ ആണ് ഇദ്ദേഹത്തിന് ഈ വിധി ലഭിച്ചതെന്നതിൽ യാ

---

(57) ഇമാം അഹ്മദ് ഉദ്ധരിച്ചത്. (٣٩٧/٤)ഇതിന്റെ സനദ് ശക്തി കൂടിയതാണ്.

(58) ഇബ്നു അബൂശൈബ(١٨٠/٢)ഉദ്ധരിച്ചത്. ഇതിന്റെ റിപ്പോർട്ടർമാർ അവലംബയോഗ്യരാണ്, ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്ന സനദുകളിലുള്ളവരാണ്. ഇബ്നു റജബിന്റെ ഫത്ഹുൽബാരിയിൽ (١/٨١/٦٥ من الكواكب) ഉള്ളത്പോലെ അബൂബക്കർബ്നുൽ അഥ്റമും ഉദ്ധരിച്ചിട്ടുണ്ട്.

(59) ഇബ്നുഅബൂ ശൈബ (١٣٤/٤)സ്വഹീഹായ സനദോടു കൂടി ഉദ്ധരിച്ചത്.

തൊരു സംശയവുമില്ല. ഇതിൽനിന്ന് മനസിലാക്കുവാൻ സാധിക്കുന്നത് പ്രവാചകൻ(ﷺ)യുടെ മരണത്തിന് ശേഷവും ഈ വിധിയുണ്ടെന്ന് തന്നെയായിരുന്ന അവരുടെയെല്ലാം അഭിപ്രായമെന്നതിന് വ്യക്തമായ തെളിവാകുന്ന ഇത്. പിന്നെ എപ്പോഴാണ് ദുർബ്ബലപ്പെടുത്തപ്പെട്ടത്?!

6- അൽ മഹ്റൂറുബ്നു സുവൈദി(ﷺ)ൽ നിന്ന്: അദ്ദേഹം പറഞ്ഞു: (ഉമർ ഹജ്ജ് ചെയ്ത സമയത്ത് അദ്ദേഹം ഞങ്ങളുമായി പുറപ്പെട്ടു, അങ്ങിനെ ഫജ്റ് നമസ്കാരത്തിൽ ഞങ്ങൾക്ക് ഇമാമായി (ألم تر كيف فعل ربك بأصحاب الفيل) എന്ന സൂറത്തും, (لإيلاف قريش) എന്ന സൂറത്തും ഓതുകയുണ്ടായി. അങ്ങിനെ അദ്ദേഹവും ജനങ്ങളും ഹജ്ജ് ചെയ്ത് മടങ്ങി. കുറച്ചാളുകൾ ധൃതികൂട്ടി ഒരു സ്ഥലത്ത് നമസ്കരിക്കുന്നുണ്ട്. ഇതെന്താണെന്ന് അദ്ദേഹം ചോദിച്ചു. അവർ പറഞ്ഞു: പ്രവാചകൻ(ﷺ) നമസ്കരിച്ച പള്ളിയാണിതെന്ന് പറയപ്പെട്ടു. അപ്പോഴദ്ദേഹം പറയുകയുണ്ടായി: വേദക്കാർ ഇങ്ങനെയാണ് നശിച്ചത്. അവർ അവരുടെ പ്രവാചകന്മാരുടെ അടയാളങ്ങളെ പള്ളികളാക്കി! ആർക്കെങ്കിലും അവിടെ വെച്ച് നിർബ്ബന്ധ നമസ്കാരത്തിന്റെ സമയമായാൽ അവർ അവിടെ നമസ്കരിക്കുക, ആർക്കെങ്കിലും അതില്ലായെങ്കിൽ അവൻ അവിടെ വെച്ച് നമസ്കരിക്കാതിരിക്കട്ടെ)[60]

---

(60) ഇബ്നു അബൂ ശൈബ (١/٨٤/٢)ഉദ്ധരിച്ചത്. ഇതിന്റെ സനദ് ബുഖാരി മുസ്ലിം എന്നിവരുടെ നിബന്ധകൾ യോജിച്ച ശരിയായ സനദാണ്.

7– നാഫിഇൽ നിന്നും: (ബൈഅത്ത് ചെയ്ത സ്ഥല ത്തുണ്ടായിരുന്ന മരത്തിന്റെയടുത്തേക്ക് ജനങ്ങൾ വ രുന്നുണ്ടെന്ന് ഉമർ(ﷺ) അറിഞ്ഞു, അങ്ങിനെ അത് മു റിച്ച് കളയുവാൻ കൽപിക്കുകയും, മുറിച്ച് കളയുക യും ചെയ്തു)[61]

[61] ഞാൻ(അൽബാനി) പറയുന്നു: ഇബ്നു അബൂ ശൈബ ഉദ്ധരിച്ചത്. ഇതിന്റെ സനദിലെ മുഴുവനാളുകളും സ്വീകാര്യയോഗ്യരാണ്. പക്ഷേ, നാഫിഇന്റെയും ഉമറി(ﷺ)ന്റെയും ഇടയിൽ ഒരാൾ വിട്ട് പോയിട്ടുണ്ട്. ഒരു പക്ഷേ, അത് അബ്ദുല്ലാഇബ്നു ഉമറാ(ﷺ)യിരിക്കാം. ഇവിടെ വിശദമായി അൽബാനി ഹദീസിന്റെ നിദാന ശാസ്ത്രമനുസരിച്ച് ചർച്ച ചെയ്യുന്നുണ്ട്, അത് അറബിയിൽ കൊടുക്കുന്നു:

ثم استدركت فقلت: يبعد ذلك كله ما أخرجه البخاري في (صحيحه- الجهاد) من طريق أخرى عن نافع قال: قال ابن عمر رضي الله عنهما: (رجعنا من العام المقبل، فما اجتمع اثنان على الشجرة التي بايعنا تحتها، كانت رحمة من الله).

قلت: يعني خفاءها عليهم. فهو نص على ان الشجرة لم تبق معروفة المكان حتى يمكن قطعها من عمر، فدل ذلك على ضعف رواية القطع الدال عليه الانقطاع الظاهر فيها نفسها.

ومما يزيدها ضعفا ما روى البخاري في (المغازي) من (صحيحه) عن سعيد بن مسيب عن أبيه قال: (لقد رأيت الشجرة، ثم أتيتها بعد، فلم أعرفها).

ومن طريق طارق بن عبد الرحمن قال: (انطلقت حاجا، فمررت بقوم يصلون، قلت ما هذا المسجد قالوا: هذه الشجرة، حيث بايع رسول الله صلى الله عليه وسلم تحت الشجرة، فلما خرجنا من العام المقبل نسيناها فلم نقدر عليها. وفي رواية: فعميت علينا فقال سعيد: إن أصحاب محمد صلى الله عليه وسلم لم يعلموها! وعلمتموها أنتم! فأنتم أعلم!

أقول: ولئن كنا خسرنا هذه الرواية المنقطعة كشاهد فيما نحن فيه من البحث بعد التأكد من ضعفها، فقد كسبنا ما هو أقوى منها، مما يصلح دليلا لما نحن فيه، وهو حديث المسيب هذا، وحديث ابن عمر: فقد قال الحافظ في شرحه إياه:

(والحكمة في ذلك أن لا يحصل بها افتتان لما وقع تحتها من الخير، فلو بقيت لما أمن تعظيم بعض الجهال لها حتى ربما أفضى بهم الأمر الى اعتقاد أن لها قوة نفع أو ضر، كما نراه الآن مشاهدا فيما دونها، وإلى ذلك أشار ابن عمر بقوله: (كانت رحمة من الله)، أي كان خفاؤها عليهم بعد ذلك رحمة من الله تعالى).

قلت: ومن تلك الأشجار التي أشار إليها الحافظ شجرة كنت رأيتها منذ أكثر من عشر سنين شرقي مقبرة شهداء أحد، خارج سورها، وعليها خرق كثيرة، ثم رأيتها في موسم السنة الماضية (١٣٧١) قد استأصلت من أصلها. والحمد لله، وحمى المسلمين من شر غيرها من الشجر وغيره من الطواغيت التي تعبد من دون الله تعالى.

8- കസ്അ:യിൽ നിന്ന്: അദ്ദേഹം പറഞ്ഞു: ഞാൻ ഇബ്നു ഉമറി(ﷺ)നോട് പറഞ്ഞു: ഞാൻ തൂർ പർവ്വതത്തിലേക്ക് വരട്ടെയോ? അപ്പോൾ അദ്ദേഹം പറഞ്ഞു: ത്വൂർ പർവ്വതത്തെ നീ ഒഴിവാക്കുക,അവിടേക്ക് വരേണ്ടതില്ല.എന്നിട്ട് പറയുകയുണ്ടായി: മൂന്ന് പള്ളികളിലേക്കല്ലാതെ പുണ്യം ആഗ്രഹിച്ച് കൊണ്ട് യാത്ര ചെയ്യുവാൻ പാടില്ല)[62]

9- അലിയ്യുബ്നു ഹുസൈനി(ﷺ)ൽ നിന്ന്: 'പ്രവാചകൻ(ﷺ)യുടെ ഖബറിന്റെ അരികിൽ ഉണ്ടായിരുന്ന ഒരു വിടവിന്റെയടുത്തേക്ക് ഒരാൾ വരുന്നത് അലിയ്യുബ്നു ഹുസൈൻ(ﷺ) കാണുകയുണ്ടായി. അങ്ങിനെ അദ്ദേഹം അതിൽ പ്രവേശിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹത്തെ വിളിച്ചു കൊണ്ട് പറയുകുണ്ടായി: ഞാൻ എന്റെ പിതാവിൽ നിന്നും, അദ്ദേഹം എന്റെ വല്ല്യുപ്പയായ പ്രവാചകൻ(ﷺ) യിൽ നിന്ന് കേട്ട ഒരു ഹദീസ് അറിയിച്ച് തരട്ടേയോ?

അദ്ദേഹം പറഞ്ഞു: 'നിങ്ങൾ എന്റെ ഖബറിനെ ഒരു ഉൽസവ കേന്ദ്രമാക്കരുത്, നിങ്ങൾ നിങ്ങളുടെ വീടിനെ ഖബറിടങ്ങളാക്കരുത്, നിങ്ങൾ എന്റെ പേരിൽ സ്വലാത്ത് ചൊല്ലുക, നിങ്ങളുടെ സ്വലാത്തും, സലാ

(62) ഇബ്നു അബൂ ശൈബ(٢/٨٣/٢)ലും, അൽ അസ്റഖി(ص:٣٠٤) (أخبار مكة)ലും ഉദ്ധരിച്ചത്. ഇതിന്റെ സനദ് സ്വഹീഹാണ്. ഇമാം അഹ്മദ് (٨/٦)ലും, അബൂയഅ്ലയും, ഇബ്നു മൻദയും (٢-١/٢٦) (التوحيد)ലും അബൂ ബസ്വറ അൽ ഗിഫാരിയിൽ നിന്ന് ഇതുപോലെ ഉദ്ധരിച്ചിട്ടുണ്ട്. ഇതും സ്വഹീഹാണ്. ഞാനത് (٩٧٠) رقم (إرواء الغليل)ൽ എടുത്ത് ഉദ്ധരിച്ചിട്ടുമുണ്ട്.

മും നിങ്ങൾ എവിടെയായിരുന്നാലും എനിക്ക് എത്തുന്നതാണ്)[63]

ഇതിനെ ശക്തിപ്പെടുത്തുന്നതാണ് ഇബ്നു അബൂ ശൈബയും, ഇബ്നു ഖുസൈമയും ഉദ്ധരിച്ച (حـديث علي بـن حجـر) (ج٤/ رقـم٤٨) അലിയ്യുബ്നു ഹജറിന്റെ ഹദീസും, ഇബ്നു അസാഖിർ (ج٤/٢١٧/١) സുഹൈൽ ബ്നു അബൂസുഹൈലിൽ നിന്ന് രണ്ട് മാർഗങ്ങളിലൂടെ ഉദ്ധരിച്ച ഹദീസും.സുഹൈൽബ്നു സുഹൈൽ പ്രവാചകൻ(ﷺ)യുടെ ഖബർ കാണുകയും അതിന്റടുത്ത് പോയി അത് തടവുകയും ചെയ്തപ്പോൾ ഹസൻബ്നുഹസൻ ഇബ്നു അലിയ്യുബ്നു അബൂത്വാലിബ് എന്നെ അവിടെ നിന്നും പിടിച്ച് വലിക്കുകയുണ്ടായി, എന്നിട്ട് പറഞ്ഞു: പ്രവാചകൻ(ﷺ) പറഞ്ഞു: 'നിങ്ങൾ എന്റെ ഖബറിനെ ഒരു ഉൽസവ കേന്ദ്രമാക്കരുത്, നിങ്ങൾ നിങ്ങളുടെ വീടിനെ കബറിടങ്ങളാക്കരുത്, (നിങ്ങൾ എവിടെയായിരുന്നാലും എന്റെ പേരിൽ സ്വലാത്ത് ചൊല്ലുക, തീർച്ചയായും നിങ്ങളുടെ സ്വലാത്ത് എനിക്ക് എത്തുന്നതാണ്).[64]

---

(63) ഇബ്നു അബൂശൈബ (٢/٨٣/٢)ൽ ഉദ്ധരിച്ചത്. അബൂയഹ്‌ല തന്റെ (مسند- ٢/٣٢ق ലും, ഇസ്മാഈൽ അൽഖാളി തന്റെ (فضل الصلاة على النبي صلى الله عليه وسلم) رقم (٢٠) ലും, ളിയാഅ് തന്റെ (المختارة- ١٥٤/١) അബൂയഹ്‌ലാ യുടെയും, ഖത്വീബ തന്റെ (الموضح - ٣٠/٢) ഉദ്ധരിച്ചത്.

(64) അബ്ദുർറസാഖ് തന്റെ മുസ്വന്നഫിൽ (٦٦٩٤/٥٧٧/٣) ഉദ്ധരിച്ചത്.

أخرجه سهيل هذا أورده ابن أبي حاتم في (الجرح والتعديل- ٢٤/١/٢) وذكر ل عند راويين أحدهما محمد بن عجلان وهو الراوي لهذا الحديث عنه عند ابن أبي شيبة، ولآخر سفيان الثوري ولم يذكر فيه جرحا ولا تعديلا، وله راو ثالث وهو اسماعيل الراوي لهذا عنه عند ابن خزيمة وهو إسماعيل بن علي وهذه فائدة عزيزة لا تجدها في كتب الرجال فقد روى عنه ثلاثة من الثقات، فهو معروف غير مجهول. والله أعلم.

10– അബൂഹുറൈറ(ﷺ)വിൽ നിന്ന്: പ്രവാചകൻ(ﷺ) പറയുകയുണ്ടായി:(നിങ്ങൾ നിങ്ങളുടെ വീടുകൾ ഖബറിടങ്ങളാക്കരുത്,നിങ്ങൾ എന്റെ ഖബറിനെ ഒരു ഉൽസവകേന്ദ്രമാക്കരുത്, എന്റെ പേരിൽ നിങ്ങൾ സ്വലാത്ത് ചൊല്ലുക, നിങ്ങൾ എവിടെയായിരുന്നാ ലും നിങ്ങളുടെ സ്വലാത്ത് എനിക്ക് എത്തുന്നതാണ്)[65]

11– അബ്ദുർറഹ്മാനിന്റെ ഖബറിന് മുകളിൽ തോല് കൊണ്ടുള്ള ഒരു വീട് ഇബ്നു ഉമർ(ﷺ) കാണുകയുണ്ടായി, അപ്പോൾ അദ്ദേഹം പറയുകയുണ്ടായി: കുട്ടി അത് ഒഴിവാക്കുക, തീർച്ചയായും അവന്റെ കർമ്മങ്ങൾ അവന് തണലേകുന്നതാണ്)[66]

12– തന്റെ ഖബറിന് മുകളിൽ തോൽ കൊണ്ടുള്ള വീട് ഉണ്ടാക്കരുതെന്ന് അബൂഹുറൈറ(ﷺ) വസ്വിയ്യത്ത് ചെയ്യുകയുണ്ടായി.[67]

---

(65) അബൂദാവൂദ് (٢٠٤٢),അഹ്മദ് (٣٦٧/٢)ഹസനായ സനദോടെ ഉദ്ധരിച്ചത് ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്: എനിക്ക് സലാം എത്തിക്കപ്പെടുന്നുവെന്നത് സൂചിപ്പിക്കുന്നത് പ്രവാചകൻ(ﷺ)യുടെ പേരിൽ സ്വലാത്ത് ചൊല്ലുന്നവരുടെ സ്വലാത്ത് പ്രവാചകൻ(ﷺ) കേൾക്കുന്നില്ല, മറിച്ച് പ്രവാചകനിലേക്ക് എത്തിക്കപ്പെടുന്നുവെന്നാണ്. ആരെങ്കിലും പ്രവാചകൻ(ﷺ) കേൾക്കുന്നുവെന്ന് പറയുന്നുവെങ്കിൽ അവൻ പ്രവാചക(ﷺ)ന്റെ പേരിൽ കളവ് പറഞ്ഞിരിക്കുന്നു. എങ്കിൽ പ്രവാചകൻ(ﷺ) മറ്റുള്ള കാര്യങ്ങൾ കേൾക്കുന്നുവെന്ന് പറയുന്നതിന്റെ അവസ്ഥ യെന്തായിരിക്കും?!.

(66) ഇമാം ബുഖാരി തഹ്ലീഖായി (٩٨/٢)ഉദ്ധരിച്ചത്.

(67) അബ്ദുർറസാഖ് (٦١٢٩/٤١٨/٣) ലും, ഇബ്നു അബൂ ശൈബ (١٣٠/٤) ലും, രിബ്ഹി തന്റെ (وصايا العلماء) (٢/١٤١) ലും, ഇബ്നു സഅദ് (٣٣٨/٤)ലും ഉദ്ധരിച്ചത്. ഇതിന്റെ സനദ് സ്വഹീഹാണ്.

13– അബൂസഈദ് അൽ ഖുദ്രി(ﷺ)യിൽ നിന്ന് ഇത് പോലെ ഇബ്നു അബൂശൈബ(ﷺ)യും, ഇബ്നു അസാഖിറും(ﷺ) (٢/٩٦/٧) ഉദ്ധരിച്ചിട്ടുണ്ട്.[68]

14– മുഹമ്മദ്ബ്നു കഅബി(ﷺ)ൽ നിന്ന്, അദ്ദേഹം പറഞ്ഞു: ഖബറുകൾക്ക് മീതെ ഉണ്ടാക്കിയിട്ടുള്ള ഈ തോല് കൊണ്ടുള്ള വീട് ദീനിൽ പുതുതായുണ്ടായതാണ്.[69]

15– സഈദ്ബ്നു മുസയ്യിബി(ﷺ)ൽ നിന്ന് അദ്ദേഹം പറയുകയുണ്ടായി: 'അദ്ദേഹം മരണപ്പെട്ട രോഗ ശയ്യയിൽ കിടന്നുകൊണ്ട് പറയുകയുണ്ടായി: ഞാൻ മരിച്ചാൽ നിങ്ങൾ എന്റെ ഖബറിന് മുകളിൽ വീട് ഉണ്ടാക്കരുത്'[70]

16– സാലിം മൗലാ അബ്ദുല്ലാഇബ്നു അലിയ്യുബ്നു ഹുസൈൻ(ﷺ) പറഞ്ഞു:മുഹമ്മദ്ബ്നു അലി അബൂ ജഅ്ഫർ(ﷺ) വസ്വിയ്യത്ത് ചെയ്തു കൊണ്ട് പറഞ്ഞു: (എന്റെ ഖബറിനെ ഭൂമിയിൽ നിന്ന് കെട്ടി ഉയർത്തരുത്)[71]

---

(68) ഇതിന്റെ സനദ് ദുർബലമാണ്. എന്നാൽ ഇബ്നു അസാകിറിന്റെയടുത്ത് വേറെ ഒരു സനദ് ഉണ്ട്, അത് സ്വഹീഹാണ്

(69) ഇബ്നു അബീശൈബ ഉദ്ധരിച്ചത്. ഇബ്നൽ ഫുറാത് എന്നപേരിലറിയപ്പെടുന്ന ഥഅ്ലബ് ഒഴിച്ച് സനദിലുള്ള ബാക്കിയുള്ളവരെല്ലാം സ്വീകാര്യയോഗ്യരാണ്. അബൂ ഹാതിമും, അബൂസുർഹയും ഥഅ്ലബിനെ സംബന്ധിച്ച് പറഞ്ഞത് എനിക്കറിയില്ലായെന്നാണ്. അത് (الجرح والتعديل) (٤٦٠-٤٦٤/١) കാണാവുന്നതാണ്.

(70) ഇബ്നു സഅദ് (١٤٢/٥) ഉദ്ധരിച്ചത്.

(71) ദൂലാബി (١٣٠-١٣٤/١)സനദിലെ ആളുകളെല്ലാം സ്വീകാര്യയോഗ്യരാണ്, സാലിം ഒഴിച്ച്, ദഅബി തന്റെ (الميزان)ൽ പറഞ്ഞത് പ്രകാരം അദ്ദേഹം മജ്ഹൂലാണ്.

17– അംറ്ബ്നു ശുറഹ്ബീലി(ﷺ)ൽ നിന്ന്, അദ്ദേഹം പറയുന്നു: (നിങ്ങൾ എന്റെ ഖബറിനെ കെട്ടി ഉയർത്തരുത്, കാരണം മുഹാജിറുകൾ അതിനെ വെറുക്കുന്നതായി ഞാൻ കണ്ടിട്ടുണ്ട്).(72)

ഫിത്നയിലേക്കും, വഴികേടിലേക്കും കൊണ്ടെത്തിക്കുന്ന രൂപത്തിൽ ഖബറുകളെ ആദരിക്കുന്നതും, ഖബറിന്നരികിൽ ചെയ്യുന്ന മറ്റു പ്രവർത്തനങ്ങളും വിരോധിക്കപ്പെട്ട കാര്യങ്ങളാണെന്നാണ് മുകളിൽ ഉദ്ധരിച്ച അഥറുകളെല്ലാം തന്നെ സൂചിപ്പിക്കുന്നത്. അതിൽ പെട്ടതാണ് ഖബറിന്മേൽ പള്ളികളും, ഖുബ്ബകളും, ടെന്റുകളും ഉണ്ടാക്കുക, ശറഇൽ അനുവദിച്ചതിനേക്കാളും ഖബറുകൾ കെട്ടി ഉയർത്തുക, അതിലേക്ക് യാത്ര പുറപ്പെടുക പോലെയുള്ള കാര്യങ്ങൾ. അതുപോലെ ഖബറുകൾ തടവുന്നതും, അവിടെനിന്ന് അനുഗ്രഹം തേടുന്നതും,പ്രവാചകൻമാരുടെ അവശിഷ്ടങ്ങളിൽ നിന്ന് അനുഗ്രഹം തേടുന്നതും മറ്റും.

നാം സ്വഹാബികൾ എന്ന് വിളിക്കുന്ന സച്ചരിതരായ സലഫു സ്വാലിഹീങ്ങളുടെ അടുത്ത് ഈ കാര്യങ്ങളെല്ലാം തന്നെ മതത്തിന് എതിരായ കാര്യങ്ങളാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് ഖബറുകൾ കെട്ടി പൊക്കുന്നത് വിരോധിക്കുവാനുള്ള കാരണം ഇപ്പോഴും നിലവിലുണ്ടെന്നും, അത് മതത്തിൽ അനുവദിക്കാത്തതാണെന്നുമുള്ള കാര്യത്തിൽ ഇവരെല്ലാം യോജിച്ചിട്ടുണ്ടെന്നാണ്. ആ കാരണം ഇമാം ശാഫിഈ(ﷺ) പറഞ്ഞത് പോലെ വഴികേടിലേക്കും, ഖബറാളികൾ മുഖേന കുഴപ്പങ്ങളിലേക്കും എത്തിക്കപ്പെടു

(72) ഇബ്നുസഅദ്(١٠٨/٦)സ്വഹീഹായ സനദോടുകൂടി റിപ്പോർട്ട് ചെയ്തത്.

മെന്നുമുള്ളതാണ്. അത് കൊണ്ട് തന്നെ ആ വിധി അനുസരിച്ച് ഇന്നും പ്രവർത്തിക്കേണ്ടതുണ്ട്, കാരണം രണ്ടിൽ ഒരുകാര്യം അവശേഷിക്കുന്നുവെങ്കിൽ രണ്ടാമത്തേതും അവശേഷിക്കേണ്ടത് അനിവാര്യമാകുന്നുവെന്നത് എല്ലാവർക്കും അറിയുന്ന കാര്യമാണ്. ഖബറിന്മേൽ പള്ളിയുണ്ടാക്കുന്നത് കറാഹത്താണെന്ന് പറയുന്നവർക്കുള്ള തെളിവാണിത്. എന്നാൽ ഖബർ കെട്ടി ഉയർത്തുകയും, അതിന്മേൽ ടെന്റുകളും, കെട്ടിടങ്ങളും ഉയർത്തുന്നത് വിരോധിക്കപ്പെട്ടതാണെന്ന് ഇതിൽ നിന്ന് വളരെ വ്യക്തമാവുന്നതാണ്. അത്കൊണ്ട് തന്നെ ഖബറുകൾ കെട്ടിപൊക്കുന്നതിനെതിരെയുള്ള വിധി ഇപ്പോഴും നിലവിലുണ്ട്. അത് രണ്ട് രൂപത്തിൽ വ്യക്തമാക്കുവാൻ സാധിക്കുന്നതാണ്.

**ഒന്ന്:** ഖബറിടങ്ങൾ പള്ളികളാക്കുന്നതാണ് അതിന്മേൽ കെട്ടിടമുണ്ടാക്കുന്നതിനേക്കാളും,കെട്ടിപൊക്കുന്നതിനേക്കാളും കുറ്റകരമായിട്ടുള്ളത്. കാരണം ഖബർ പൊക്കാതെയും മറ്റും അതിന്മേൽ കെട്ടിടമുണ്ടാക്കുന്നവരെ ശപിച്ചിരിക്കുന്നു.

**രണ്ട്:** സച്ചരിതരായ മുൻഗാമികളാണ് ഏറ്റവും നല്ല രൂപത്തിൽ മനസിലാക്കിയവരും, വിജ്ഞാനം ലഭിച്ചവരും.ഇസ്ലാമിക ശരീഅത്തിൽ ഒരു കാര്യം വിരോധിച്ചില്ലായെങ്കിൽ അതിനെ സംബന്ധിച്ച് ഒരു സ്വഹാബിയും അത് വിരോധിച്ചിരിക്കുന്നുവെന്ന് പറയില്ല.അത്കൊണ്ട് തന്നെ ആ കാര്യം വിരോധിക്കപ്പെട്ടതാണെന്ന് നാം ഖണ്ഡിതമായി പറയുന്നു. ഇനി ഒരു കാര്യത്തിലുള്ള വിരോധം അവനിലേക്ക് എത്തിയില്ലായെങ്കിൽ അതിനേക്കാൾ നിസ്സാരമായ ഒരു കാ

ര്യം നിരോധിച്ചിട്ടുണ്ടെന്ന് പറയുകയും ചെയ്താൽ അതിനേക്കാൾ വലിയ ആ കാര്യം എന്തായാലും വിരോധിച്ചതായിരിക്കും. അതിൽ സംശയമില്ല.

സ്വഹീഹായ ഹദീസുകൾക്കും, സച്ചരിതരായ സലഫുസ്വാലിഹീങ്ങളുടെ ചര്യക്കും വിപരീതമായി വിരോധത്തിനുള്ള കാരണം നീങ്ങിപോയെന്ന് പറഞ്ഞു കൊണ്ടുള്ള മുഴുവൻ വാദങ്ങളും നിരർത്ഥകമാണെന്ന് വളരെ വ്യക്തമായി.അല്ലാഹുവിൽ അഭയം പ്രാപിക്കട്ടെ.

**അധ്യായം: 5**

## ഖബറിടങ്ങളെ പള്ളികളാക്കുന്നതിനെ വിരോധിച്ചതിലുള്ള യുക്തി

മനുഷ്യർ ആദിമകാലത്ത് യഥാർത്ഥ തൗഹീദിൽ അടിയുറച്ച് വിശ്വസിക്കുന്ന ഒറ്റ സമുദായമായിരുന്നുവെന്നത് മത പ്രമാണങ്ങളിൽ സ്ഥിരപ്പെട്ട കാര്യമാണ്. പിന്നീട് അവരിൽ ശിർക്ക് കടന്ന് വരുകയുണ്ടായി. ഇതിനുള്ള തെളിവാണ് താഴെ വരുന്ന ആയത്ത്:

(كَانَ النَّاسُ أُمَّةً وَاحِـدَةً فَبَعَـثَ اللَّهُ النَّبِيِّـينَ مُبَشِّرِـينَ وَمُنـذِرِينَ)

(البقرة:٢١٣)

'മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം (അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും, (നിഷേധികൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകൻമാരെ നിയോഗിച്ചു.' (അൽബഖറ: 213)

ഇബ്നു അബ്ബാസ്(ﷺ) പറയുന്നു:'ആദമി(ﷺ)ന്റെയും നൂഹി(ﷺ)ന്റെയുമിടയിൽ പത്ത് നൂറ്റാണ്ട് ഉണ്ടായിരുന്നു, അവരെല്ലാവരും യഥാർത്ഥ ശരീഅത്തിലുമായിരുന്നു, പിന്നീട് അവർ ഭിന്നിക്കുകയുണ്ടായി,

അങ്ങിനെ അല്ലാഹു പ്രവാചകന്മാരെ സന്തോഷ വാർത്ത അറിയിക്കുവാനും, താക്കീത് ചെയ്യുവാനുമായി നിയോഗിക്കുകയുണ്ടായി'[73]

ഇബ്നു ഉർവ്വ അൽ ഹമ്പലി(ﷺ)(الكواكب- ١/٢١٢/٦) ൽ പറയുന്നു: (ഖാബീലും, അദ്ദേഹത്തിന്റെ മക്കളും തീയിനെ ആരാധിച്ചിരുന്നുവെന്ന് വാദിക്കുന്ന വേദക്കാർക്കും, ചരിത്രകാരന്മാർക്കെതിരെയുള്ള തെളിവാണിത്).

ഞാൻ (അൽബാനി) പറയുന്നു: മനുഷ്യന്റെ അടിസ്ഥാനം ശിർക്കായിരുന്നു, അതിലേക്ക് പിന്നീട് തൗഹീദ് കടന്ന് വന്നതാണെന്ന് വാദിക്കുന്ന നിരീശ്വരവാദികൾക്കും, തത്വജ്ഞാനികൾക്കും ഇതിൽ മറുപടിയുണ്ട്.

മുകളിൽ ഉദ്ധരിച്ച ആയത്തിനെ തഴെ വരുന്ന സ്വഹീഹായ രണ്ട് ഹദീസുകൾ ബലപ്പെടുത്തുന്നു:

**ഒന്ന്:** പ്രവാചകൻ(ﷺ) രക്ഷിതാവിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു:

---

(73) ഇബ്നു ജരീർ തന്റെ തഫ്സീറിൽ (٤/ ٢٧٥بتحقيق أحمد شاكر) ൽ ഉദ്ധരിച്ചത്. ഹാകിം (٥٤٦/٢)ലും, എന്നിട്ട് പറഞ്ഞു: ബുഖാരിയുടെ നിബന്ധനയോടെ സ്വഹീഹായത്. ഇതിനോട് ദഅബി യോജിച്ചിട്ടുമുണ്ട്.

قلت: وعزاه ابن عروة الحنبلي لصحيح البخاري وهو وهم. وأما ما رواه العوفي عن ابن عباس (كان الناس أمة واحدة يقول: كانوا كفارا (فبعث الله النبيين مبشرين ومنذرين). فلا يصح عن ابن عباس، لأن العوفي ضعيف لا يحتج بـه، ولقد أخطأ الفخر الرازي وغيره من المفسرين في حكاياتهم لهذا القول عن ابن عباس أصح سندا ومعنى، لأن النـاس كانوا على ملة آدم حتى عبدوا الأصنام، فبعـث الله إليهـم نوحـا عليـه السـلام، فـكان أول رسـول بعثـه الله ألى أهـل الأرض).

وهذا القول هو الذي صححه ابن القيم في (إغاثة اللهفان) (٢٠٥/٢).

( وَإِنِّي خَلَقْتُ عِبَادِي حُنَفَاءَ كُلَّهُمْ وَإِنَّهُمْ أَتَتْهُمُ الشَّيَاطِينُ فَاجْتَالَتْهُمْ عَنْ دِينِهِمْ وَحَرَّمَتْ عَلَيْهِمْ مَا أَحْلَلْتُ لَهُمْ وَأَمَرَتْهُمْ أَنْ يُشْرِكُوا بِي مَا لَمْ أُنْزِلْ بِهِ سُلْطَانًا)

'ഞാൻ എന്റെ അടിമകളെ എല്ലാവരെയും സൃഷ്ടിച്ചത് ചൊവ്വായ വിശ്വാസത്തിലാണ്, പിന്നീട് പിശാച് അവരിലേക്ക് വന്ന് അവരെ മതത്തിൽ നിന്ന് വഴി പിഴപ്പിക്കുകയുണ്ടായി,അവർക്ക് ഞാൻ അനുവദനീയമാക്കിയത് പിശാച് അവർക്ക് നിഷിദ്ധമാക്കുകയും, ആർക്കും ഒരു അവകാശവും നൽകാത്ത കാര്യമായ എന്നിൽ പങ്കു ചേർക്കുകയെന്നത് അവരോട് പിശാച് കൽപിക്കുകയും ചെയ്തു'[74]

**രണ്ട്:** പ്രവാചകൻ(ﷺ) പറയുന്നു:

(ما من مَوْلُودٍ إلا يُولَدُ عَلَى الْفِطْرَةِ، فَأَبَوَاهُ يُهَوِّدَانِهِ وَيُنَصِّرَانِهِ وَيُمَجِّسَانِهِ كَمَا تُنْتَجُ الْبَهِيمَةُ بَهِيمَةَ جمعاء هَلْ تُحِسُّونَ فِيهَا مِنْ جَدْعَاءَ؟) قال أبو هريرة وَاقْرَءُوا إِنْ شِئْتُمْ ( فِطْرَةَ اللَّهِ الَّتِي فَطَرَ النَّاسَ عَلَيْهَا لَا تَبْدِيلَ لِخَلْقِ اللَّهِ ) الأية:

'ഒരു കുഞ്ഞും അവയുടെ ശുദ്ധ പ്രകൃതിയോടെയല്ലാതെ ജനിക്കുന്നില്ല,പിന്നീട് അവന്റെ മാതാപിതാക്കളാണ് അവനെ ജൂതനോ, ക്രൈസ്തവനോ, അഗ്നിയാരാധകനോ ആക്കുന്നത്, ഒരു മൃഗക്കുഞ്ഞ് പരിപൂർണ രൂപത്തിൽ ജനിക്കുന്നത്പോലെ, അവയിൽ എന്തെങ്കിലും ന്യൂനത (കാത് കീറിയോ മറ്റോ മനുഷ്യ

---

(74) മുസ്ലിം (١٠٩/٨), അഹമദ് (١٦٢/٤)എന്നിവർ ഉദ്ധരിച്ചത്.

ൻ വരുത്തുന്ന ന്യൂനതകൾ) കാണാറുണ്ടോ?എന്നിട്ട് അബൂഹുറൈറ(ﷺ) പറയുകയുണ്ടായി നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ ഈ ആയത്ത് ഓതുക: 'അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടി വ്യവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല'.[75]

ഇത് വ്യക്തമായി കഴിഞ്ഞാൽ മുവഹ്ഹിദുകളായ വിശ്വാസികളിലേക്ക് എങ്ങിനെയാണ് ശിർക്ക് കടന്ന് വന്നതെന്ന് ഓരോ മുസ്ലിമും അനിവാര്യമായും അറിഞ്ഞിരിക്കേണ്ടതുണ്ട്?

താഴെ വരുന്ന നൂഹ് നബി(ﷺ)യുടെ ജനതയെ സംബന്ധിച്ച് പരാമർശിക്കുന്ന ആയത്തിന്റെ വിശദീകരണമായി ഒരുകൂട്ടം സലഫുകളിൽ നിന്ന് ഒരുപാട് റിപ്പോർട്ടുകൾ വന്നിട്ടുണ്ട്:

(وَقَالُوا لَا تَذَرُنَّ آلِهَتَكُمْ وَلَا تَذَرُنَّ وَدًّا وَلَا سُوَاعًا وَلَا يَغُوثَ وَيَعُوقَ وَنَسْرًا) (نوح:٢٣)

'അവർ പറഞ്ഞു: (ജനങ്ങളെ,) നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്റ് എന്നിവരെ നിങ്ങൾ ഉപേക്ഷിക്കരുത്' (നൂഹ്:23)

ആയത്തിൽ പറയപ്പെട്ട അഞ്ച്പേരും സൽകർമ്മികളായിരുന്നു. അവർ മരണപ്പെട്ടപ്പോൾ അവരുടെ

---

[75] ബുഖാരി (٤١٨/١١) മുസ്ലിലം (٥٢/١٨)

ഖബറുകളുടെയടുത്ത് ഭജനമിരിക്കുവാൻ അവരോട് പിശാച് ബോധനം നൽകുകയുണ്ടായി,അവർക്ക് ശേഷം വന്നവരോട് പിശാച് അവരുടെ വിഗ്രഹങ്ങൾ ഉണ്ടാക്കുവാൻ കൽപിച്ചു, അതാണ് അവരെ ഓർക്കുവാൻ ഏറ്റവും നല്ലത് എന്ന് അവർക്ക് ഭംഗിയാക്കി കൊടുക്കുകയും ചെയ്തു. അങ്ങിനെ അവർ അവരെ സൽകർമ്മങ്ങളിൽ പിൻപറ്റുകയുണ്ടായി.തുടർന്ന് മൂന്നാമത്തെ തലമുറയോട് അല്ലാഹുവിനെ കൂടാതെ അവരെ ആരാധിക്കുവാൻ ബോധനം നൽകി, നിങ്ങളുടെ പൂർവ്വികർ അങ്ങിനെ ചെയ്തിരുന്നുവെന്നും അവർക്ക് ഓതിക്കൊടുത്തു.അങ്ങിനെ അവരിലേക്ക് അല്ലാഹുവിനെ മാത്രമെ ആരാധിക്കുവാൻ പാടുള്ളൂവെന്ന് ഉത്ബോധനം നടത്തുവാനായി നൂഹ് നബി(ﷺ) യെ നിയോഗിച്ചു. എന്നാൽ അവരിൽ കുറച്ചാളുകളല്ലാതെ അതിന് ഉത്തരം നൽകിയില്ല.ആ ചരിത്രം സൂറത്ത് നൂഹിൽ അല്ലാഹു വിശദീകരിക്കുന്നുണ്ട്.

സ്വഹീഹുൽ ബുഖാരിയിൽ (٥٤٣/٨)ൽ ഇബ്നു അബ്ബാസി(ﷺ)ൽ നിന്നും ഉദ്ധരിക്കുന്നു:

أن هؤلاء الخمسة أَسْمَاءُ رِجَالٍ صَالِحِينَ مِنْ قَوْمِ نُوحٍ فَلَمَّا هَلَكُوا أَوْحَى الشَّيْطَانُ إِلَى قَوْمِهِمْ أَنِ انْصِبُوا إِلَى مَجَالِسِهِمِ الَّتِي كَانُوا يَجْلِسُونَ أَنْصَابًا وَسَمُّوهَا بِأَسْمَائِهِمْ فَفَعَلُوا فَلَمْ تُعْبَدْ حَتَّى إِذَا هَلَكَ أُولَئِكَ وَتَنَسَّخَ الْعِلْمُ عُبِدَتْ)

‘ഈ അഞ്ച്പേരും നൂഹ് നബി(ﷺ)യുടെ സമുദായത്തിലെ സ്വാലിഹീങ്ങളായിരുന്നു, അവർ മരണപ്പെട്ടപ്പോൾ അവരുടെ ഇരിപ്പിടങ്ങളിൽ അവരുടെ പേരിൽ

തന്നെ വിഗ്രഹങ്ങൾ ഉണ്ടാക്കുവാൻ പിശാച് കൽപി ച്ചു,അങ്ങിനെ അവരത് ചെയ്തു. അവർ അവയെ ആ രാധിച്ചിരുന്നില്ല. ആ തലമുറയും നശിച്ചപ്പോൾ ആ കാര്യം വിസ്മരിക്കപ്പെടുകയും അവയെ ആരാ ധിക്കുകയും ചെയ്തു'

ഇതുപോലെ ഇബ്നു ജരീരി(ﷺ)ന്റെ തഫ്സീറി ലും, മറ്റു തഫ്സീറുകളിലും കാണാവുന്നതാണ്.

ദുർറുൽ മൻഥൂറിൽ(٢٦٩/٦) ൽ (അബ്ദുബ്നു ഹുമൈദ് അബൂമുത്ഹറി(ﷺ)ൽ നിന്നും ഉദ്ധരിക്കുന്നു: അബൂ ജഅ്ഫറി(ﷺ)ന്റെയടുത്ത് (അദ്ദേഹം അൽബാ ഖിർ ആണ്)യസീദ്ബ്നു അൽമുഅ്ലബി(ﷺ)നെ സം ബന്ധിച്ച് പറയുകയുണ്ടായി: അല്ലാഹുവല്ലാതെ ആ രാധിക്കപ്പെട്ട ഭൂമിയിൽ ആദ്യമായി കൊല്ലപ്പെട്ടത് അ ദ്ദേഹമാണ്. പിന്നീട് വദ്ദിനെ സംബന്ധിച്ച് പറയുക യുണ്ടായി: (വദ്ദ് മുസ്ലിമായ ഒരു വ്യക്തിയായിരുന്നു, സമൂഹത്തിന് ഇഷ്ടപ്പെട്ട വ്യക്തിയുമായിരുന്നു. അദ്ദേ ഹം മരണപ്പെട്ടപ്പോൾ ബാബിലിൽ ജനങ്ങൾ അദ്ദേ ഹത്തിന്റെ ഖബറിനരികിൽ പട്ടാളത്തെ അണി നിര ത്തുകയും, അവർ പരിഭ്രമിക്കുകയും ചെയ്തു. ജന ങ്ങളുടെ പരിഭ്രമം കണ്ട ഇബ്ലീസ് ഒരു മനുഷ്യ രൂപ ത്തിൽ അവരുടെയിടയിൽ പ്രത്യക്ഷപ്പെട്ടു. പിന്നീട് പറഞ്ഞു: ഇദ്ദേഹത്തിന്റെ വേർപാടിൽ നിങ്ങൾ ദു: ഖിക്കുന്നത് ഞാൻ കാണുന്നുണ്ട്,അതുകൊണ്ട് തന്നെ നിങ്ങൾ കൂടുന്ന സ്ഥലത്ത് അദ്ദേഹത്തിന്റെ ഒരു രൂ പം ഉണ്ടാക്കുക, അങ്ങിനെ അദ്ദേഹത്തെ നിങ്ങൾ ഓ ർക്കാമല്ലോ? അങ്ങിനെ അവർ പറഞ്ഞു: അതെ, അ

ങ്ങിനെ അദ്ദേഹത്തിന്റെ രൂപം ഉണ്ടാക്കി അവർ ഒരുമിച്ച് കൂടുന്ന സ്ഥലത്ത് നാട്ടിവെക്കുകയുണ്ടായി. അങ്ങിനെ അവർ അദ്ദേഹത്തെ ഓർത്ത് കൊണ്ടിരുന്നു. അങ്ങിനെ അവർ അദ്ദേഹത്തെ ഓർക്കുന്നത് കണ്ടപ്പോൾ നിങ്ങൾ നിങ്ങളുടെ വീടുകളിൽ തന്നെ അദ്ദേഹത്തിന്റെ രൂപം ഉണ്ടാക്കി വെക്കുക അതിലൂടെ നിങ്ങൾക്ക് കൂടുതൽ അദ്ദേഹത്തെ ഓർക്കാമല്ലോ? അവർ പറഞ്ഞു: അതെ, അങ്ങിനെ ഓരോ വീട്ടിലും അദ്ദേഹത്തിന്റെ രൂപമുണ്ടാക്കി വെക്കുകയുണ്ടായി. അങ്ങിനെ അവരുടെ തലമുറ അത് കാണുകയും, അതിനെ അവർ അല്ലാഹുവിനെ കൂടാതെയുള്ള ഇലാഹാക്കുകയും, ആരാധിക്കുകയും ചെയ്തു. പറഞ്ഞു: ഭൂമിയിൽ അല്ലാഹുവിനെ കൂടാതെ ആരാധിക്കപ്പെട്ടത് വദ്ദായിരുന്നു. വദ്ദ് എന്ന് പേര് വെച്ച വിഗ്രഹമായിരുന്നു അത്.(76)

ഉന്നതനായ അല്ലാഹുവിന്റെ യുക്തിയുടെ തേട്ടത്തിൽ പെട്ടതാണ്– പ്രവാചക(ﷺ)നെ അവസാന പ്രവാചകനായും, അദ്ദേഹത്തിലൂടെ വന്നിട്ടുള്ള ശരീഅത്ത് മറ്റു ശരീഅത്തുകളിൽ നിന്നെല്ലാം അവസാനത്തേതുമാണ്– ഏറ്റവും വലിയ പാപമായ ശിർക്കിലേക്ക് എത്തിക്കപ്പെടുന്ന മുഴുവൻ മാർഗങ്ങളെയും തടയുകയെന്നത്, അത് കുറച്ച് കാലങ്ങൾക്ക് ശേഷമാണെങ്കിൽ പോലും. അത് കൊണ്ടാണ് ഖബറിടങ്ങൾ പള്ളികളാക്കുന്നത് വിലക്കിയത്. അതുപോ

(76) ഞാൻ പറയുന്നു: അബൂഹാതിമും ഇത് ഉദ്ധരിച്ചിട്ടുണ്ട്. (الكواكب الدراري) യിൽ ഇബ്നു ഉർവ്വ അൽ ഹമ്പലിയും (٢/١١٢/٦)യും ഉദ്ധരിച്ചിട്ടുണ്ട്. അതിന്റെ സനദോട് കൂടി.

ലെ അവിടേക്ക് പുണ്യമാഗ്രഹിച്ച് കൊണ്ട് യാത്ര പുറപ്പെടുന്നതും, അവിടെ ഉത്സവങ്ങൾ സംഘടിപ്പിക്കുന്നതും[77], മറമാടപ്പെട്ട് കിടക്കുന്നവരുടെ പേരിൽ സത്യം ചെയ്യുന്നതും പോലെയുള്ള കാര്യങ്ങൾ അതിര് കവിയുന്ന തിലേക്കും, അല്ലാഹുവല്ലാത്തവരെ ആരാധിക്കപ്പെടുന്നതിലേക്കും എത്തിക്കുന്നതാണ്. പ്രത്യേകിച്ച് വിജ്ഞാനം ഇല്ലാതാവുകയും, അജ്ഞത അധികരിക്കുകയും, ഉപദേശിക്കുന്നവർ കുറഞ്ഞ് വരുകയും, ജനങ്ങളെ വഴിപിഴപ്പിക്കുവാൻ ജിന്ന് പിശാചുക്കളെ കൂട്ടാളികളാക്കുകയും, അല്ലാഹുവിനെ ആരാധിക്കുന്നതിൽ നിന്നും ജനങ്ങളെ തടയുകയും ചെയ്യുന്ന ഈ കാലത്ത്.

സൂര്യനെ ആരാധിക്കുന്ന മുശ്‌രിക്കുകളോട് സാദൃശ്യപ്പെടാതിരിക്കുവാനായി അവർ സൂര്യനെ

---

(77) ഇമാം നവവി തന്റെ (مناسك الحج- ٢/٦٩) ൽ പ്രവാചകൻയുടെ ഖബർ സന്ദർശിക്കുന്നതിന്റെ മര്യാദകളിൽ പറയുന്നു. (ഇത് ദിമശ്ഖിലെ ളാഹിരിയ്യാ ലൈബ്രറിയിൽ കൈയ്യെഴുത്ത് പ്രതിയാണ്) മദീനയിലുള്ളവർ അവിടെ കടന്ന് ചെല്ലുമ്പോഴെല്ലാം അവിടെ നിന്ന് പുറപ്പെടുമ്പോഴും പ്രവാചകന്റെ ഖബറിടം സന്ദർശിക്കുന്നത് വെറുക്കപ്പെട്ടതാണെന്ന് ഇമാം മാലിക്(ﷺ) പറഞ്ഞിട്ടുണ്ട്. മറിച്ച് അവിടെക്ക് അപരിചിതരായി വരുന്നവർക്കുള്ളതാണത് എന്ന് അദ്ദേഹം കൂട്ടിചേർക്കുകയുണ്ടായി. പിന്നീട് പറയുന്നു: ഒരാൾ യാത്ര പുറപ്പെടുകയോ, അതല്ലെങ്കിൽ യാത്രയിൽ നിന്ന് തിരിച്ച് വരികയോ ചെയ്യുന്നവർക്ക് ഖബറിന്നരികിൽ പോയി പ്രവാചകന് സ്വലാത്ത് ചൊല്ലുന്നതും, അദ്ദേഹത്തിനും, അബൂബക്കറി(ﷺ)നും, ഉമർ(ﷺ)വിനും വേണ്ടി പ്രാർത്ഥിക്കുന്നതിലും പ്രശ്നമില്ല. അൽബാജി പറയുന്നു: ഇമാം മാലിക്(ﷺ) മദീനാ നിവാസികളെയും, മദീനയിലേക്ക് വരുന്ന അപരിചിതരെയും ഇവിടെ വേർതിരിക്കുകയാണ്. അപരിചിതരായവർ അത്(മദീന പള്ളി ഉദ്ദേശിച്ച് വരുന്നു, അപ്പോൾ ഖബറും സന്ദർശിക്കാം) ഉദ്ദേശിച്ച് വരുകയാണ്, എന്നാൽ മദീനക്കാർ അവിടെതന്നെ താമസിക്കുന്നവരാണല്ലോ.പ്രവാചകൻ(ﷺ) പറയുകയുണ്ടായി: അല്ലാഹുവെ എന്റെ ഖബറിനെ ആരാധിക്കപ്പെടുന്ന ഒരു വിഗ്രഹമാക്കരുത്ത് എന്ന് പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട് .

ആരാധിക്കുന്ന മൂന്ന് നേരങ്ങളിൽ നമസ്കാരം പോലും വിരോധിച്ചിരിക്കുന്നു. എന്നാൽ അവരോട് സാദൃശ്യം പുലർത്തുന്നതാണ് ഖബറിടങ്ങളിൽ പള്ളികളുണ്ടാക്കുന്നതും,അവിടെ നമസ്കരിക്കുന്നതും, ഇതാണ് വിരോധിക്കപ്പെട്ട സമയങ്ങളിൽ നമസ്കരിക്കുന്നതിനേക്കാളും ഫിത്നയിലേക്ക് കൂടുതൽ അടുത്തതും, അപകടം നിറഞ്ഞതും.വിരോധിക്കപ്പെട്ട സമയങ്ങളിൽ ചിലർ നമസ്കരിക്കുന്നത് മൂലം നാം ഇന്ന് വരെ യാതൊരു ചീത്ത പ്രതിഫലനങ്ങളും കണ്ടിട്ടില്ല, എന്നാൽ ഖബറിടങ്ങളിൽ ഉണ്ടാക്കപ്പെട്ട പള്ളികളിലുള്ള നമസ്കാരങ്ങൾ കൊണ്ടും, ഖബറിടങ്ങൾ തടവുന്നത് കൊണ്ടും[78],ഖബറാളികളോട് ഇസ്തിഗാ

(78) ഇമാം നവവി തന്റെ (مناسك الحج- ٢/٦٨) ൽ പറയുന്നു: പ്രവാചകൻ(ﷺ) യുടെ ഖബർ ത്വവാഫ് ചെയ്യൽ അനുവദനീയമല്ല. ഖബറിൽ തന്റെ വയറോ, മുതുകോ വെച്ച് ഉരതുന്നതും അനുവദനീയമല്ല. അൽ ഹുലൈമിയും മറ്റും പറയുന്നു: കൈ കൊണ്ട് ഖബർ തടവുന്നതും, ചുംബിക്കുന്നതും വെറുക്കപ്പെട്ടതാണ്. ഖബറിൽ നിന്ന് ദൂരെ നിൽക്കുന്നതാണ് മര്യാദയിൽ പെട്ടത്... ഇതാണ് ശരിയായത്. ഇതാണ് പണ്ഡിതന്മാർ പറയുകയും പ്രാവർത്തികമാക്കുകയും ചെയ്തത്. സാധാരണക്കാരിൽ ഭൂരിഭാഗവും ഇതിനെതിരിൽ ചെയ്യുന്നുവെന്ന് പറഞ്ഞ് അതിൽ വഞ്ചിതരാവാൻ പാടില്ല. അല്ലാഹുവിനെ ഭയപ്പെടുന്ന പണ്ഡിതന്മാരെയാണ് തെളിവിന്റെ അടിസ്ഥാനത്തിൽ പിൻപറ്റുകയും, പ്രാവർത്തികമാക്കുകയും ചെയ്യേണ്ടത്. അതല്ലാതെ അജ്ഞരായ പൊതുജനങ്ങളുടെ പ്രവർത്തനങ്ങളിലേക്ക് തിരിയുവാൻ പാടില്ല. ഈ കാര്യത്തിൽ അബൂഅലി അൽഫുളെയിൽബ്നു ഇയാള് പറയുന്നു, അതിന്റെ ആശയം: 'സന്മാർഗത്തിന്റെ വഴിയെ നീ പിൻപറ്റുക, അതിൽ പ്രവേശിക്കുന്നവരുടെ കുറവ് നിനക്ക് ഒരു ഉപദ്രവവും വരുത്തുകയില്ല, വഴികേടിന്റെ വഴിയെ കരുതിയിരിക്കുക, നശിക്കുന്നവരുടെ എണ്ണപ്പെരുപ്പം നിന്നെ വഞ്ചിക്കാതിരിക്കട്ടെ്. കൈ കൊണ്ട് തടവുന്നതാണ് ബർക്കത്തെടുക്കുന്നതിന്റെ ഏറ്റവും ഉന്നതമായ രൂപമെന്ന് ധരിക്കുന്നത് അപകടം നിറഞ്ഞതാണ്, അത് അജ്ഞതയും, അശ്രദ്ധയുമാണ്. കാരണം ബറക്കത്ത് എന്ന് പറയുന്നത് ഇസ്ലാമിക ശരീഅത്തും, പണ്ഡിതന്മാരുടെ വാക്കുകളും യോജിച്ചതാണ്. ശരിയായതിന് എതിരായി എങ്ങിനെയാണ് ശ്രേഷ്ടത കൈവരിക'?!.

സ നടത്തുന്നതും, അവർക്ക് വേണ്ടി നേർച്ച വഴിപാടുകൾ അർപ്പിക്കുക, അവരെക്കൊണ്ട് സത്യം ചെയ്യുക, മാത്രമല്ല, അവിടങ്ങളിൽ സുജൂദ് പോലും ചെയ്യുന്നുണ്ട്, ഇതുപോലെയുള്ള വഴികേടുകൾ കൊണ്ടുണ്ടാകുന്നത് നാം നിത്യേന കാണുന്നുണ്ട്. അല്ലാഹുവിനെ മാത്രം ആരാധിക്കുവാനും, അവനിൽ ആരെയും പങ്ക് ചേർക്കാതിരിക്കുവാനുമായി അല്ലാഹുവിന്റെ യുക്തിയുടെ തേട്ടമാണ് ഈ കാര്യങ്ങളെല്ലാം നിഷിദ്ധമാക്കിയത്. ഇത് യാഥാർത്ഥ്യമായി തീരുന്നത് അവനോട് മാത്രം പ്രാർത്ഥിക്കുന്നതിലൂടെയാണ്.അല്ലാഹു പറയുന്നു:

(وَأَنَّ الْمَسَاجِدَ لِلَّهِ فَلاَ تَدْعُوا مَعَ اللَّهِ أَحَدًا) (الجن:١٨)

'തീർച്ചയായും പള്ളികൾ അല്ലാഹുവിനുള്ളതാണ്, അല്ലാഹുവിനോട് കൂടെ ആരെയും വിളിച്ച് പ്രാർത്ഥിക്കരുത്' (ജിന്ന്:18)

തൗഹീദിന് ന്യൂനത വരുത്തുന്ന മുഴുവൻ കാര്യങ്ങളെ സംബന്ധിച്ച് താക്കീത് നൽകിയ പ്രവാചകന്മാരുടെ നേതാവായ നബി(ﷺ)കൊണ്ടുവന്ന ശരീഅ:ത്തിന്റെ നിയമങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങളിൽ മുസ്ലീംകളിലെ അധികപേരും പെട്ട് പോയിട്ടുണ്ടെന്ന് ശുദ്ധമായ ഹൃദയത്തിന്റെ ഉടമകളായ ഓരോ മുസ്ലി

---

ഞാൻ(അൽബാനി)പറയുന്നു: ഇമാം നവവിയെ അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ. ഖബറിനെ തൊട്ട് മുത്തുകയും മറ്റും ചെയ്യുന്നവരെയും, അതിന് തെളിവുണ്ടാക്കി കൊടുക്കുന്ന പണ്ഡിതന്മാർക്കും ഈ വാക്കുകളിലൂടെ അവർ അർഹിക്കുന്ന സ്ഥാനം തന്നെയാണ് നൽകിയത്. അവരെ അറിവില്ലാത്ത പൊതു സമൂഹമാക്കുകയും, അവരുടെ ജഹാലത്തുകളിലേക്ക് തിരിഞ്ഞ് നോക്കുക പോലും ചെയ്യരുത് എന്നാണ് നവവി പറഞ്ഞത്. (ചി ന്തിക്കുന്ന ആരെങ്കിലുമുണ്ടോ?)

മും സങ്കടത്തോടെ സമ്മതിക്കുന്ന കാര്യമാണ്. മാത്ര മല്ല, അതിന് ചില പണ്ഡിതന്മാരും ശൈഖുമാരും ശ രീഅത്തിന് വിരുദ്ധമായി ചെയ്യുന്ന കാര്യങ്ങളെ അം ഗീകരിക്കുന്നുവെന്ന് കാണുമ്പോൾ അവരുടെ സങ്കട വും, ദു:ഖവും വർദ്ധിക്കുകയാണ് ചെയ്യുന്നത്.ഈ പ ണ്ഡിതന്മാരും ശൈഖുമാരും പറയുന്നത് അവരുടെ ഉദ്ദേശം ശരിയാണെന്നാണ്! എന്നാൽ അല്ലാഹു സാ ക്ഷ്യപ്പെടുത്തുന്നത് അവരിലധിക പേരുടെയും ഉദ്ദേ ശം കുഴപ്പത്തിലായിട്ടുണ്ടെന്നാണ്. ഈ രൂപത്തിലു ള്ള പണ്ഡിതന്മാരുടെ മൗനം കാരണം അവരുടെ ഹൃ ദയങ്ങളിൽ ശിർക്ക് കട്ടപിടിച്ചിരിക്കുകയാണ്. മാത്രമ ല്ല, ഈ പണ്ഡിതന്മാർ ശിർക്കിന്റെ ഓരോ പ്രകടമാ യ രൂപങ്ങളും കാണുമ്പോൾ അവരതിന് അനുവാദം നൽകുക കൂടി ചെയ്യുകയാണ്, ഇത് വളരെ അപകടം നിറഞ്ഞതാണ്.[79]

---

(79) ഈ ഗ്രന്ഥം രചിച്ച അൽപ വർഷങ്ങൾക്ക് ശേഷം വെള്ളിയാഴ്ച ഖു തുബ പറയുന്ന ഒരു പ്രാസംഗികനും, എനിക്കുമിടയിൽ അദ്ദേഹത്തി ന്റെ വീട്ടിൽ വെച്ച് അല്ലാഹുവല്ലാത്തവരോട് ഇസ്തിഗാഥ നടത്തുന്ന തിനെ സംബന്ധിച്ച് ഒരു ചർച്ച നടക്കുകയുണ്ടായി. ആ ശൈഖ് അത് അനുവദനീയമാണെന്ന് വ്യക്തമായി പറഞ്ഞു, അദ്ദേഹത്തിനുണ്ടായിരു ന്ന തെളിവ് ആരാണോ ഇസ്തിഗാഥ നടത്തുന്നത് അദ്ദേഹത്തിനറി യാം മരിച്ച് കിടക്കുന്നവർ ഒരിക്കലും ഉപകാരമോ ഉപദ്രവമോ ചെയ്യി ല്ലായെന്ന്, ഇതായിരുന്നു അദ്ദേഹത്തിന്റെ ന്യായവും തെളിവും. ഞാൻ ചോദിച്ചു: അങ്ങിനെയെങ്കിൽ പിന്നെയെന്തിനാണ് അങ്ങിനെ വിളിച്ച് തേടുന്നത്?. അദ്ദേഹം പറഞ്ഞു: വാസിത്വ(മധ്യസ്ഥ)യാണത്. അപ്പോ ൾ ഞാൻ പറഞ്ഞു: അല്ലാഹുവാണ് വലിയവൻ, മറ്റുള്ളവർ പറഞ്ഞത് പോലെ തന്നെയാണ് നിങ്ങളും പറയുന്നത്: (مَا نَعْبُدُهُمْ إِلاَّ لِيُقَرِّبُونَـا إِلَى اللَّهِ زُلْـفَى) 'അല്ലാഹുവിക്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്ത രാൻ വേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്' (സുമർ:3). പിന്നീട് ഞാൻ അദ്ദേഹത്തോട് പറഞ്ഞു: അവരിൽ നിന്ന് ഉപകാരമോ ഉപദ്രവമോ ഉണ്ടാവില്ലായെന്ന് അവർ വിശ്വസിക്കുന്നു വെന്നത് നിങ്ങൾ യഥാർത്ഥത്തിൽ വിശ്വസിക്കുന്നുവെങ്കിൽ, അല്ലാഹു വല്ലാത്തവരോട് ഇസ്തിഗാഥ നടത്തുന്നവർ അവരുടെ വിശ്വാസ

അല്ലാഹുവിനല്ലാതെ നൽകുവാൻ കഴിയാത്ത കാര്യങ്ങളിലും, അല്ലാഹുവിൽ നിന്നല്ലാതെ മറ്റാരിൽ നിന്നും ആവശ്യപ്പെടുവാൻ പാടില്ലാത്തതുമായ കാര്യങ്ങളായ രോഗം ശിഫയാക്കുക, ആരോഗ്യം ആവശ്യപ്പെടുക പോലെയുള്ള കാര്യങ്ങൾക്ക് അല്ലാഹുവല്ലാത്തവരോട് ഇസ്തിഗാസ നടത്തുകയും, അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കുകയും ചെയ്യുന്നത് സൽ കർമ്മമായി കാണുകയും, ജിവിതത്തിൽ പ്രയാസങ്ങൾ വരുമ്പോൾ മരിച്ചവരെ മറമാടിയ സ്മശാനത്തിലേക്ക് ഓടുകയും ചെയ്യുന്നവരുടെ ഉദ്ദേശങ്ങളുടെ പരിശുദ്ധത എവിടെയാണ് ജനങ്ങളെ?! തീർന്നില്ല, മൃഗത്തിന്റെ കാൽ വഴുതിപ്പോയാൽ അവർ വിളിക്കുന്നത്, അല്ലാഹുവെ, യാ ബാസ് എന്നിങ്ങനെയാണ്! ഒരിക്കൽ സ്വഹാബികൾ പ്രവാചക(ﷺ)നെ അല്ലാഹു ഉദ്ദേശിച്ചതും, നീ ഉദ്ദേശിച്ചതും എന്നിങ്ങനെ പറയുന്നത് പ്രവാചകൻ(ﷺ) കേൾക്കാൻ ഇടയാവുകയും, അപ്പോൾ പ്രവാചകൻ(ﷺ) അവരോട് നീ എന്നെ അല്ലാഹുവിന് സമമാക്കിയോ? എന്ന് ചോദിച്ച

---

ത്തോടെ 'അല്ലയോ ബാസ്? ഉപകാരവും, ഉപദ്രവവും ചെയ്യാത്തവനെ എന്ന സഹായിക്കേണമേ' പോലെയുള്ള രൂപത്തിൽ വിളിക്കുവാൻ പാടുണ്ടോ താങ്ങളുടെയടുത്ത്? അപ്പോഴദ്ദേഹം പറഞ്ഞു: അതെ, അനുവദനീയമാണ്! ഞാൻ പറഞ്ഞു: സാധാരണ ജനങ്ങളെക്കാളും താങ്കൾ ഉപകാരം കിട്ടുമെന്ന നിലക്കാണ് അവരെ വിളിക്കുന്നത് എന്നതിന് ഇത് തന്നെ വളരെ വലിയ തെളിവാണ്. ഇല്ലായെങ്കിൽ നിർജീവമായ കല്ലുകളോടും, വിഗ്രഹങ്ങളോടുമുള്ള വിളിച്ച് തേട്ടവും, ഇങ്ങനെയുള്ളവരോടുള്ള തേട്ടവും ഒരുപോലെയാക്കുമായിരുന്നു. അത്കൊണ്ട് തന്നെ ഇവരും ഉപകാരമോ ഉപദ്രവമോ ചെയ്യില്ലായെന്ന് തെളിവോടെ ഇവയെയും വിളിച്ച് പ്രാർത്ഥിക്കൽ അനുവദനീയമെന്ന് നിങ്ങൾ വിശ്വസിക്കുന്നതായി ഞാൻ കരുതുന്നില്ല. അങ്ങിനെ അദ്ദേഹം നിശബ്ദനാവുകയും, ഉത്തരം മുട്ടുകയും ചെയ്തു'. (ഉൾകാഴ്ചയുള്ളവരെ നിങ്ങൾ ഇതിൽ നിന്ന് പാഠമുൾകൊള്ളുക)

തും ഇങ്ങനെയുള്ള ശൈഖുമാർക്ക് ശരിക്കും അറിയാവുന്നതാണ്.

ഇതേ രൂപത്തിൽ പറഞ്ഞ സ്വഹാബികളെ ഇങ്ങനെ പ്രവാചകൻ(ﷺ) ആക്ഷേപിച്ചുവെങ്കിൽ എന്ത് കൊണ്ട് അല്ലാഹുവെ, അല്ലയോ ബാസെ എന്ന് പറയുന്നവരെ ഇങ്ങനെയുള്ള ശൈഖുമാർ ആക്ഷേപിക്കുന്നില്ല? അല്ലാഹുവും, നീയും ഉദ്ദേശിച്ചുവെന്ന പദത്തേക്കാൾ ശിർക്ക് ഒന്നുകൂടി വ്യക്തമാണല്ലോ അവർ പറയുന്ന വാക്കുകളിൽ എന്നിട്ട് പോലും അവർ എന്ത് കൊണ്ട് അത് എതിർക്കുന്നില്ല?! മാത്രമല്ല, സാധാരണ ജനങ്ങൾ യാതൊരു പ്രയാസവും കൂടാതെ 'ഞങ്ങൾ അല്ലാഹുവിലും, നിന്നിലും ഭരമേൽപിച്ചിരിക്കുന്നു' എന്നും, 'ഞങ്ങൾക്ക് അല്ലാഹുവും നീയുമല്ലാതെ മറ്റാരുമില്ലെന്ന്' പറയുന്നതായി നാം ദിനേന കാണുന്നു.ഇതെല്ലാം സംഭവിക്കുന്നത് ഈ പണ്ഡിതന്മാർ വഴികേടിലായത് കൊണ്ടും, ജനങ്ങൾക്ക് ആവശ്യമുള്ള വിജ്ഞാനം നൽകാത്തത് കൊണ്ടാണ്. മാത്രമല്ല, തങ്ങളുടെ ഉപജീവനത്തിനും, ജോലിക്കും വല്ല പോരായ്മകളും വരുമോ എന്നത് ഭയക്കുന്നതും മൂലമാണ് ജനങ്ങൾക്കനുസരിച്ച് അവർ ജീവിക്കുന്നത്. അല്ലാഹു പറയുന്നു:

(إِنَّ الَّذِينَ يَكْتُمُونَ مَا أَنزَلْنَا مِنْ الْبَيِّنَاتِ وَالْهُدَى مِنْ بَعْدِ مَا بَيَّنَّاهُ لِلنَّاسِ فِي الْكِتَابِ أُوْلَئِكَ يَلْعَنُهُمْ اللَّهُ وَيَلْعَنُهُمْ اللَّاعِنُونَ) (البقرة: ١٥٩)

'നാമവതരിപ്പിച്ച തെളിവുകളും മാർഗദർശനവും വേദഗ്രന്ഥത്തിലൂടെ ജനങ്ങൾക്ക് നാം വിശദമാക്കികൊടുത്തതിന് ശേഷം മറച്ചു വെക്കുന്നവരാരോ അവരെ അല്ലാഹു ശപിക്കുന്നതാണ്. ശപിക്കുന്നവരൊക്കെയും അവരെ ശപിക്കുന്നതാണ്' (അൽബഖറ: 159).

ഈ രൂപത്തിൽ ജീവിക്കുന്ന മുസ്ലീംകൾക്ക് നാശമാണ് വരാനുള്ളത്, യാഥാർത്ഥ തൗഹീദിലേക്ക് മുഴുവൻ ജനങ്ങളെയും പ്രബോധനം ചെയ്ത ക്ഷണിക്കുകയെന്നതാണ് അനിവാര്യമായിട്ടുള്ള കാര്യം, വിഗ്രഹങ്ങളിൽ നിന്നും, അതിന്റെ അഴുക്കിൽ നിന്നും അവരെ മോചിപ്പിക്കുകയെന്നതുമാണ് കരണീയമായിട്ടുള്ളത്. പക്ഷേ, അവരുടെ മതത്തിലുള്ള അജ്ഞതയും, തന്നിഷ്ടങ്ങളെ പിൻതുടരുകയും ചെയ്തതിനാൽ അവർ തന്നെ മുശ്രിക്കുകളെ പോലെയാവുകയും, മുശ്രിക്കുകളായവർ തന്നെ ജൂതന്മാരെപോലെ ഖബറിടങ്ങൾ പള്ളികളാക്കുന്നവരാണ് ഇക്കൂട്ടർ എന്ന് പറയുവാൻ തുടങ്ങിയിരിക്കുന്നു'! -١٧٦:ص) (دعوة الحق) (١٧٧ എന്ന ഗ്രന്ഥത്തിൽ അബ്ദുർറഹ്മാൻ അൽ വകീൽ(ﷺ) പറയുന്നു: (ഓറിയന്റലിസ്റ്റും നീചനുമായ 'എഡ്വാർഡ്ലീൻ' ഈ വിഗ്രഹാരാധന മുസ്ലീംകളുടെ പേരിൽ ആരോപിക്കുകയും, അത് തന്റെ المصريون) (المحدثون (ص:١٦٧-١٨١٢) എന്ന ഗ്രന്ഥത്തിൽ പറയുന്നു:

(മുസ്ലീംകൾ -പ്രത്യേകിച്ച് ഈജിപ്തുകാർ- അവർ ഏത് മദ്ഹബിന്റെ വാക്താക്കളാണെങ്കിലും- വഹ്ഹാബികൾ ഒഴിച്ച്- ജീവിച്ചിരിക്കുന്ന ഔലിയാ

ക്കളേക്കാൾ മരിച്ച് പോയ ഔലിയാക്കൾക്ക് ഖുർആനിലോ, ഹദീസുകളിലോ തെളിവുകൾ കാണാൻ സാധിക്കാത്ത രൂപത്തിൽ മഹത്വവും ആദരവും നൽകുന്നതായി കാണാം, മാത്രമല്ല, അധിക ഔലിയാക്കളുടെ ഖബറിടങ്ങളെയും ഭംഗിയുള്ള വലിയ പള്ളികളാക്കുകയും ചെയ്യുന്നു.പേരും പ്രശസ്തിയും കുറഞ്ഞ ഔലിയാക്കളാണെങ്കിൽ ചെറിയ കെട്ടിടമുണ്ടാക്കുകയും, അത് കുമ്മായമടിക്കുകയും, അതിന്മേൽ കുബ്ബകൾ നിർമ്മിക്കുകയും ചെയ്യുന്നു. അതു പോലെ ഖബറിന്മേൽ തന്നെ കല്ലുകൾ കൊണ്ടോ, അല്ലെങ്കിൽ ചുട്ടു പഴുത്ത ഇഷ്ടികകൾ കൊണ്ടോ (ഇതിന് അറബിയിൽ تركيبة എന്ന് പറയുന്നു), അല്ലെങ്കിൽ മരങ്ങൾ കൊണ്ടോ (ഇതിന് അറബിയിൽ تابوت ശവമഞ്ചം എന്ന് പറയുന്നു) ഖബറിന്റെ വലിപ്പത്തിൽ കെട്ടി പൊക്കുകയും,അതിന്മേൽ ഖുർആനിക ആയത്തുകൾ നെയ്തെടുത്ത പട്ട് വിരിക്കുകയും, അതിന് ചുറ്റും മരത്തടി കൊണ്ടോ, മറ്റോ മറയുമുണ്ടാക്കുന്നു.ഇതിന് അറബിയിൽ مقصورة എന്ന് പറയുന്നു. ഈജിപ്തിലെ അധിക ജാറങ്ങളും ആരെയെങ്കിലും മറമാടപ്പെടുകയോ, ചില ചെറിയ ചെറിയ അടയാളങ്ങളെല്ലാം ഉണ്ടാക്കുകയോ ചെയ്യപ്പെട്ടവയാണ്, അത് പോലെ ചില ഖബറുകൾ ശൂന്യമാണ്, അവിടെ ആരെയും മറമാടപ്പെട്ടിട്ടില്ല. അവിടങ്ങളിലെല്ലാം മയ്യിത്തിന് വേണ്ടി ആഘോഷങ്ങളും, പരിപാടികളും നടത്തപ്പെടുകയും ചെയ്യുന്നു. ജൂതന്മാർ സാധാരണയായി അവരുടെ ഔലിയാക്കളുടെ ഖബറുകളെ പുതുക്കി പണിയുകയും അതിന് വെള്ളപൂശുകയും, അതിൽ

കൊത്തുപണികൾ കൊണ്ട് അലങ്കരിക്കുകയും, ഇഷ്ടികകൾ കൊണ്ടും, ശവമഞ്ചങ്ങൾ കൊണ്ട് പ്രത്യേകമാക്കുകയും, ചിലപ്പോൾ പുതിയ പട്ടുകൾ കൊണ്ട് പൊതിയുകയും ചെയ്യുന്നത് പോലെ ഇന്ന് മുസ്ലീംകളാണ് സാധാരണയായ ഇതെല്ലാം ചെയ്ത് വരുന്നത്.ഇങ്ങനെയുള്ള കാര്യങ്ങളിൽ അധികവും ചെയ്തു വരുന്നത് ജൂതന്മാർ ചെയ്തു വരുന്നത് പോലെ ലോകമാന്യതക്കാകുന്നു)[80]

മുസ്ലീംകളിൽ അധികപേരിലും പ്രത്യേകിച്ച് ശിയാക്കളിലും സംഭവിച്ച് പോയിട്ടുള്ള ഈ വഴികേടുകളെ പാശ്ചാത്യരായ അവിശ്വാസികളായവർ മനസിലാക്കിയിരിക്കുന്നു.അങ്ങിനെ മുസ്ലീംകളെ അതിജയിക്കുകയെന്ന അവരുടെ ആഗ്രഹത്തെ സാധൂകരിക്കുവാൻ ഈ അവസരം അവർ ഉപയോഗപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഖബറുകളെ പള്ളികളാക്കുന്നതും, അതിന്മേൽ ഖുബ്ബകളും, അതിനെ അലങ്കരിക്കുന്നതും വിരോധിച്ചതാണെന്ന മതവിധി പറഞ്ഞ് കൊണ്ട് ഉസ്താദ് ശൈഖ് അഹ്മദ് ഹസൻ അൽ ബാഖൂരി(ﷺ) പറഞ്ഞിരിക്കുന്നു:

(ഇതിനോടനുബന്ധിച്ച് പറയട്ടെ, പാശ്ചാത്യരിൽ പെട്ട ഒരു വലിയ നേതാവ് ഏഷ്യയിൽ നിവസിക്കുന്നവരെ എങ്ങിനെയാണ് കോളനിവാഴ്ച നടത്തിയതെന്ന് എന്നോട് പറഞ്ഞത് ഞാൻ ഓർക്കുന്നു, വിശാലമായ ബാഗ്ദാദിലേക്ക് വരുന്ന ഇന്ത്യക്കാരായ

---

(80) ഞാൻ പറയുന്നു:ഇങ്ങനെ ചെയ്യുന്നത് അവരിൽ ചിലർ മാത്രമാണ്, എന്നാൽ മറ്റുള്ളവർ അവരുടെ വാദമനുസരിച്ച് ആരാധനയായും, അല്ലാഹുവിലേക്കടുക്കുക എന്നത് ലക്ഷ്യം വെച്ചുമാകുന്നു.

ജനക്കൂട്ടത്തെ കോളനി വാഴ്ചക്ക് വിധേയമാക്കൽ അനിവാര്യമായിരുന്നു, പക്ഷേ, അവർക്ക് ഇഷ്ടമുള്ള ഒരു മാർഗത്തിലൂടെയല്ലാതെ അവരെ അതിന് ലഭിക്കുകയില്ല, അങ്ങിനെ അതിന് അനുകൂലമായിട്ടുള്ള ഒരു മാർഗവും ലഭിച്ചില്ല.

അവസാനം കുറഞ്ഞ ദൂര വ്യത്യാസത്തിൽ അവിടവിടങ്ങളിലായി ഖുബ്ബകളോട് കൂടിയ ജാറങ്ങൾ ഉണ്ടാക്കാമെന്ന നിഗമനത്തിൽ അവർ എത്തിച്ചേരുകയും, അവ നിർമ്മിക്കുകയും ചെയ്തു.

അങ്ങിനെ അവരിൽ പെട്ടവർ ഉയർത്തപ്പെട്ട ജാറങ്ങളിലുള്ള ഔലിയാക്കളുടെ കറാമത്തുകളും മറ്റും പറഞ്ഞ് പരത്തുവാനും, പ്രചരിപ്പിക്കുവാനും തുടങ്ങി. അങ്ങിനെ ഈ മാർഗം പ്രതീക്ഷിച്ച ഫലം ചെയ്യുന്നവയായി തീരുകയാണ് ചെയ്തത്.

അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ച് കൊണ്ട് ഞാൻ കിഴക്കും പടിഞ്ഞാറുമുള്ള മുഴുവൻ മുസ്ലീംകളോടും പറയട്ടെ, ഖബറുകൾക്ക് നൽകുന്ന പരിധിയിൽ കവിഞ്ഞ ആദരവും, ബഹുമാനവും ഉപേക്ഷിക്കുക, കാരണമത് വ്യക്തികളോടുള്ള അതിര് കടന്ന ഭയഭക്തിയും, സ്വാർത്ഥതയിലേക്കുള്ള ക്ഷണവും, കിഴക്കിന്റെ ആത്മാവിനെ കൊല ചെയ്ത ഭയാനകത നിറഞ്ഞ അരിസ്റ്റോക്രസിയുമാകുന്നു.

ജനങ്ങൾക്കിടയിൽ നീതി നടപ്പാക്കുകയെന്ന ഇസ്ലാമിന്റെ യഥാർത്ഥ പരിധിയിലേക്ക് വരിക. അത് ജീവിച്ചിരിക്കുന്നവരാണെങ്കിലും,മരിച്ചവരാണെങ്കിലും ശരി.

ഒരാൾക്കും മറ്റൊരാളേക്കാൾ തഖ്‌വ കൊണ്ടും, അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് കൊണ്ട് ചെയ്ത സൽകർമ്മങ്ങൾ കൊണ്ടുമല്ലാതെ യാതൊരു ശ്രേഷ്ഠതയുമില്ല).[81]

(أشهر مشاهير الإسلام- ص ٥٢١-٥٢٤) എന്ന കിതാബിൽ (كلمة في القبور) ഹെഡ്ഢിംഗിൽ അബൂഉബൈദ(ﷺ)വിന്റെ ചരിത്രം വിശദീകരിക്കുന്നതിന്റെ അവസാനത്തിൽ പ്രശസ്ത എഴുത്തുകാരനും, മുഹഖിക്കുമായ ഉസ്താദ് റഫീഖ് ബകൂൽ അള്മ്(ﷺ) പറയുന്നു: (ഈ ടൈറ്റിലിൽ പിരമിഡുകൾ,ജാറങ്ങൾ പോലെയുള്ള വിഗ്രഹാരാധനയുടെ അടയാളമായ ഖബറിടങ്ങളുടെ ചരിത്രത്തെ സംബന്ധിച്ച് വിശദീകരിക്കുവാൻ നാം ഉദ്ദേശിക്കുന്നില്ല. മറിച്ച് അബൂ ഉബൈദ(ﷺ)യുടെ ഖബറിന്റെ സ്ഥലത്തെ സംബന്ധിച്ച് ചരിത്രകാരന്മാർക്കിടയിലുള്ള അഭിപ്രായ വ്യത്യാസത്തെ സംബന്ധിച്ച് ചിന്തിക്കുവാൻ വായനക്കാരെ പ്രേരിപ്പിക്കുകയെന്നാണ് ഉദ്ദേശിക്കുന്നത്. തഖ്‌വയിലും, സൽകർമ്മങ്ങളിലും മുൻഗാമികളോ പിൻഗാമികളോ നേടിയെടുക്കാത്ത രൂപത്തിലുള്ള ശ്രേഷ്ഠതയും പദവികളും കരസ്ഥമാക്കുകയും, അത് നേടിയെടുക്കൽ പതിവാക്കുകയും, ഉന്നതമായ രാജ്യങ്ങളെ അടക്കി ഭരിക്കുകയും ചെയ്ത സ്വഹാബികളിലെ അധിക പേരുടെയും ഖബറുകൾ എവിടെയാണെന്ന് വ്യക്തമാക്കുന്നതിൽ പണ്ഡിതന്മാർക്കിടയിലുള്ള അഭിപ്രായ വ്യത്യാസം പോലെ.)

---

[81](ليس من الإسلام) (ص ١٧٤) എന്ന ഇമാം ഗസ്സാലിയുടെ കിതാബിൽ നിന്ന്.

ഇങ്ങനെയുള്ള വീര പുരുഷന്മാരുടെ ചരിത്രവും, രാജ്യങ്ങളും നാടുകളും വിജയിച്ചടക്കിയ വിവരണങ്ങളും,അതിന്റെ ഉന്നതമായ അടയാളങ്ങളും സ്വാധീനങ്ങളും രേഖപ്പെടുത്തുന്നതിൽ ചരിത്രകാരന്മാർ വളരെ വിശാലമായി തന്നെ പരിശ്രമിച്ചിട്ടുണ്ട്. അങ്ങിനെ അവർ ദീനിനും, സമുദായത്തിനും നൽകിയ നല്ല സംഭാവനകളെയും, സേവനങ്ങളെയും മനുഷ്യർക്ക് മുന്നിൽ നല്ല രൂപത്തിൽ തന്നെ അവർ വിശദീകരിക്കുകയുണ്ടായി.

ഖുർആനിലേക്കുള്ള ക്ഷണം കൊണ്ടും,വിശ്വാസത്തിന്റെയും, അത് പ്രചരിപ്പിക്കുന്നതിന്റെ ശ്രേഷ്ഠതയും കൊണ്ട് ശ്രേഷ്ഠതയും പ്രശസ്തിയും മറ്റും കരസ്ഥമാക്കിയ ഉന്നതന്മാരും മഹത്തുക്കളുമായവരുടെ ചരിത്രവും, അവരുടെ മഹത്വവും മറ്റും ജനങ്ങൾക്ക് ലഭിക്കുന്ന രൂപത്തിൽ രേഖപ്പെടുത്തുകയും വിവരിക്കുകയും ചെയ്തിട്ടും ഉന്നതന്മാരായ ഈ വീര പുരുഷന്മാരുടെ ഖബറുകളുടെ ചരിത്രവും, അവയുടെ സ്ഥലവും എങ്ങിനെയാണ് നഷ്ടപ്പെട്ടതെന്ന് ഈ കാര്യത്തെ സംബന്ധിച്ച് പ്രതീക്ഷയോടെ ചിന്തിക്കുന്ന വായനക്കാരൻ ഒരൽപം ഭയത്തോടെയല്ലാതെ ഓർക്കുകയില്ല.

ഇങ്ങനെയുള്ള മഹത്തുക്കളുടെ ഖബറുകൾ അറിയപ്പെടേണ്ടതും, അവിടങ്ങളിൽ വലിയ വലിയ സുന്ദരമായ ഖുബ്ബകൾ സ്ഥാപിക്കേണ്ടതാണെന്നും വായനക്കാർ സ്വയം ചിന്തിക്കുന്നുണ്ടാവും, അതിൽ കുഴപ്പമില്ല. എന്നാൽ സൽകർമ്മങ്ങൾ കൊണ്ടും, തഖ്‌വ കൊണ്ടും യഥാർത്ഥ ഈമാൻ കൊണ്ടും, പ്ര

വാചകൻ(ﷺ)യോടൊത്തുള്ള സഹവാസം കൊണ്ടും പ്രശസ്തിയാർജിക്കുകയും, മനുഷ്യരിൽ ഉന്നതന്മാർ പോലും അശക്തരാവുന്ന പ്രവർത്തനങ്ങൾ ചെയ്യുകയും ചെയ്തവരുടെ ഖബറുകളെ സംബന്ധിച്ച വിവരം എങ്ങിനെയാണ് ചരിത്രകാരന്മാർക്ക് അറിയാതെ പോയത്. നേതാക്കളായിരുന്ന സ്വഹാബികളുടെയും, താബിഉകളുടെയും ഖബറുകൾ എങ്ങിനെയാണ് ചരിത്രത്തിൽ സഞ്ചരിച്ച മഹത്തുക്കളായിട്ട് പോലും അവരുടെ ഖബറുകളുടെ സ്ഥാനം നിർണ്ണയിക്കുന്നതിൽ ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസം പോലും കടന്ന് വരുന്ന രൂപത്തിൽ തേഞ്ഞ് മാഞ്ഞ് പോയതും, അവരുടെ അടയാളങ്ങളും മറ്റും അപ്രത്യക്ഷമായതും. മരിച്ചവരുടെ ഖബറിടങ്ങളെ പരിഗണിക്കുകയും, അവിടെങ്ങളിലെല്ലാം കെട്ടിടങ്ങൾ പണിയുകയും, അതിനെ പടുത്തുയർത്തുകയും, അതിന്മേൽ ഖുബ്ബകൾ സ്ഥാപിക്കുകയും അതിനെ പള്ളികളാക്കുകയും ചെയ്യുന്നതിൽ വളരെയധികം ഉൽസാഹവും, അതിന് പരിഗണന നൽകുകയും ചെയ്തിരുന്നിട്ട് കൂടി ഇങ്ങനെയുള്ള മഹത്തുക്കളുടെ ഖബറിടങ്ങൾ ഇന്ന സ്ഥലത്താണെന്ന് ഊഹത്തിന്റെയും ഏകദേശ കണക്കുകൾ നിരത്തിയും മറ്റും അവരുടെ അടയാളങ്ങളും മറ്റും കണക്കാക്കുകയും ചെയ്ത് കൊണ്ട് അവിടങ്ങളിലായി കെട്ടിടങ്ങൾ നിർമ്മിക്കുകയും മറ്റും ചെയ്യേണ്ടിവന്നത് എന്ത് കൊണ്ടാണ്? പ്രത്യേകിച്ച് മതത്തെ യഥാർത്ഥ രൂപത്തിൽ സ്വീകരിക്കുകയും, തഖ്‌വ കൊണ്ടും, ശ്രേഷ്ഠത കൊണ്ടും, ഉത്തമമായ സ്ഥാനം കൊണ്ടും സൗഭാഗ്യവാന്മാരായ അബൂഉബൈദ(رضي الله عنه)യെ പോലെയും സ്വഹാ

ബികളിൽ പെട്ട അദ്ദേഹത്തിന്റെ മാന്യന്മാരായ സഹോദരങ്ങളുടെയും ഖബറുകളെ അപേക്ഷിച്ച് അക്രമികളായ ഭരണാധികാരികളുടെയും, ഇസ്ലാമിന് വേണ്ടി നന്ദിയോടെ ഓർക്കേണ്ട ഒരു കാര്യവും ചെയ്യാത്തവരും, വിശ്വാസത്തിന്റെ അധിക വിധികളെ സംബന്ധിച്ചും അജ്ഞരായ പണ്ഡിതന്മാരാണെന്ന് നടിക്കുന്നവരുടെയും, പെരും നുണയന്മാരുടെയും ഖബറുകൾക്കും അടയാളങ്ങൾക്കും എന്ത് സ്ഥാനമാണുള്ളത്?

**ഇതിനുള്ള ഉത്തരം:** സ്വഹാബികളും താബിഉകളും അവരുടെ കാലഘട്ടത്തിൽ അവരിൽ നിന്നുള്ള ഉത്തമരായവരെയും, സമുദായത്തിൽ പ്രത്യേകതയുള്ളവരെയും അവർ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യാറുണ്ടായിരുന്നു, എന്നാൽ മരിച്ചവരുടെ ഖബറുകളെ കെട്ടി ഉയർത്തുന്നതിൽ നിന്നും, ശവങ്ങളെ മഹത്വവൽകരിക്കുന്നതിൽ നിന്നും മറ്റും അവർ വിട്ട് നിൽക്കുകയും ചെയ്തിരുന്നു, കാരണം മരിച്ചവരെ മറവ് ചെയ്ത ഖബറിടങ്ങൾക്ക് മുന്നിൽ ഭജനമിരിക്കുന്നതും, മയ്യത്തുകളെ മഹത്വവൽക്കരിക്കുന്ന അടയാളങ്ങളെ മായ്ച്ച് കളയുകയും,വിഗ്രഹാരാധനയുടെ അടിത്തറയെ തന്നെ പിഴ്തു മാറ്റുകയും ചെയ്യുന്ന വിട്ട് വീഴ്ചയുടെയും,വക്രതയില്ലാത്ത ചൊവ്വായ, ഉത്തമമായ ശരീഅത്തിന്റെ ദാതാവ് അതിനെ നിരോധിക്കുന്ന വ്യക്തമായ നിയമം നമുക്ക് നൽകിയിട്ടുണ്ട്. ഖബറുകളിൽ നല്ല ഖബറായി അവർ കണ്ടിരുന്ന

ത് ഭൂമിയുടെ അതേ നിരപ്പിൽ[82] നിൽക്കുന്ന ഖബറിനെയായിരുന്നു.നല്ല സ്മരണയുണ്ടാകുന്നത് നല്ല പ്രവർത്തനങ്ങൾ മുഖേനയാണ്.അത് കൊണ്ടാണ് മഹാന്മാരായ സ്വഹാബികളുടെയും ജിഹാദ് ചെയ്തവരുടെയും (വിരളമായതൊഴിച്ച്) ഖബറുകൾ അജ്ഞാതമായതും, നാമാവശേഷമായതും.

പിന്നീട് ഊഹങ്ങളുടെ അടിസ്ഥാനത്തിൽ വാർത്തകൾ കൈമാറുന്നവരുടെയും, റിപ്പോർട്ടർമാരുടെ വ്യത്യാസമനുസരിച്ച് അവയുടെ സ്ഥാനങ്ങൾ നിർണ്ണയിക്കുന്നതിലുള്ള കാര്യങ്ങൾ വിശദീകരിക്കുന്നതിലും വൈരുദ്ധ്യം വരുകയും ചെയ്തു.

ഇസ്ലാമിന്റെ ആദ്യകാലത്ത് ഖബറുകളെ മഹത്വവൽക്കരിക്കുകയും,പള്ളികൾ നിർമ്മിച്ചും, ഖുബ്ബകൾ പടുത്തുയർത്തിയും ഖബറുകളെ സംരക്ഷിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഈ അഭിപ്രായ വ്യത്യാസം വരില്ലായിരുന്നു. ഉത്തമരായ സ്വഹാബാക്കളുടെ ഖബറുകൾ ഇന്ന്വരെ നമ്മളിൽ നിന്ന് അപ്രത്യക്ഷമാവുകയും, കള്ളന്മാരായ ദജ്ജാലുകളുടെയും, പണ്ഡിതന്മാരാണെന്ന് വാദിക്കുന്നവരുടെയും ഖബറുകൾ നമ്മളിൽ നിന്ന് അപ്രത്യക്ഷമാകാതിരിക്കുകയും ചെയ്തത് എന്ത് കൊണ്ടാണ്? അതെ, നൂറ്റാണ്ടുകൾക്ക് ശേഷം മുബ്തദിഉകളായ മുസ്ലീംകൾ സ്വഹാബികളുടെയും, താബിഉകളുടെയും പ്രവർത്തനങ്ങൾക്ക്

---

(82) ഞാൻ പറയുന്നു: ഇത് ഹദീസല്ല. ഖബർ ഒരു ചാൺ ഉയർത്തുന്നതാണ് സുന്നത്ത്. ഇത് എന്റെ ഗ്രന്ഥമായ (أحكام الجنائز وبدعها - ص:٢٠٨- ٢٠٩) ൽ വിശദീകരിച്ചിട്ടുണ്ട്.

വിപരീതമായി പുതുതായി ഉണ്ടാക്കിയതാണ് ഈ സംഗതി. അങ്ങിനെ ഈ ഖുബ്ബകൾക്ക് താഴെ പൗരാണികരുടെ രൂപങ്ങൾ ഉണ്ടാക്കുകയും, വിഗ്രഹാരാധനയുടെ ചരിത്രം അതിന്റെ ഏറ്റവും മോശമായ അവസ്ഥയിലേക്ക് മടക്കി കൊണ്ടുവരികയും, ശിർക്കിലേക്ക് അടുപ്പിക്കുന്നതും, സത്യത്തിൽ നിന്ന് വിദൂരപ്പെടുത്തുകയും ചെയ്യുന്ന കാര്യമാണ് അവർ ചെയ്ത് കൊണ്ടിരിക്കുന്നത്. മതത്തെ യഥാർത്ഥ രൂപത്തിൽ സ്വീകരിക്കുകയും, ഇസ്ലാമിനെ അല്ലാഹു അവരെ കൊണ്ട് സഹായിക്കുകയും ചെയ്ത സ്വഹാബികളുടെ ഖബറുകൾ എന്ത് കൊണ്ട് അപ്രത്യക്ഷമായിയെന്ന് ചിന്തിച്ച് അതിൽ നിന്ന് മുസ്ലീംകൾ ഗുണപാഠമുൾകൊണ്ടിരുന്നുവെങ്കിൽ ഖബറിന് മീതെ മുസ്ലീംകൾ ഖുബ്ബകളും, പള്ളികളും പടുത്തുയർത്തുകയും, മതവും ബുദ്ധിയും വിസമ്മതിക്കുന്ന രൂപത്തിൽ മയ്യത്തുകളെ മഹത്വവൽക്കരിക്കുകയും ചെയ്യുമായിരുന്നില്ല.ഈ കാര്യങ്ങളിലെല്ലാം തന്നെ സ്വഹാബികളും താബിഉകളും അവരുടെ പ്രവാചകനിൽ നിന്ന് സ്വീകരിച്ച് നമുക്ക് എത്തിച്ച് തന്ന അമാനത്തിനെ നാം പാഴാക്കി കളഞ്ഞിരിക്കുന്നു, അങ്ങിനെ ആ ശരീഅത്തിന്റെ പ്രത്യേകതകളെ നാം അവഗണിക്കുകയും ചെയ്തിരിക്കുന്നു.

ഖബറുകളെ സംബന്ധിച്ച് ഇമാം മുസ്ലിം തന്റെ സ്വഹീഹിൽ ഉദ്ധരിച്ചത് ശ്രദ്ധിക്കുക:

( عَنْ أَبِي الْهَيَّاجِ الْأَسَدِيِّ قَالَ: قَالَ لِي عَلِيُّ بْنُ أَبِي طَالِبٍ أَلاَ أَبْعَثُكَ عَلَى مَا بَعَثَنِي عَلَيْهِ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنْ لاَ تَدَعَ تِمْثَالاً إِلاَّ طَمَسْتَهُ وَلاَ قَبْرًا مُشْرِفًا إِلاَّ سَوَّيْتَهُ ) (مسلم)

അബുൽ ഹയ്യാജുൽ അസദി(ﷺ)വിൽ നിന്ന്, അലിയ്യുബ്നു അബൂത്വാലിബ്(ﷺ) എന്നോട് പറയുകയുണ്ടായി: പ്രവാചകൻ(ﷺ) എന്നെ നിയോഗിച്ച ഒരു കാര്യത്തിന് ഞാൻ താങ്കളെ നിയോഗിക്കട്ടെയോ. ഒരു രൂപത്തെയും തകർക്കാതെ വിടരുത്, ഉയർത്തപ്പെട്ട ഒരു ഖബറിനെയും തട്ടി നിരപ്പാക്കാതെ വിട്ടേക്കരുത്'(മുസ്ലിം) വീണ്ടും നമുക്ക് മുസ്ലിമിന്റെ സ്വഹീഹിൽ കാണാവുന്നതാണ്:

عن ثُمَامَةَ بْنَ شُفَيٍّ قَالَ كُنَّا مَعَ فَضَالَةَ بْنِ عُبَيْدٍ بِأَرْضِ الرُّومِ بِرُودِسَ فَتُوُفِّيَ صَاحِبٌ لَنَا فَأَمَرَ فَضَالَةُ بْنُ عُبَيْدٍ بِقَبْرِهِ فَسُوِّيَ ثُمَّ قَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَأْمُرُ بِتَسْوِيَتِهَا ) (مسلم)

ഥുമാമതബ്നു ശുഫിയ്യി(ﷺ)ൽ നിന്ന്, അദ്ദേഹം പറഞ്ഞു: ഞങ്ങൾ റോമിലെ റോദ്സിൽ ഫളാലബ്നു ഉബൈദിന്റെ കൂടെയായിരുന്നു, ആ സന്ദർഭത്തിൽ ഞങ്ങളുടെ ഒരു കൂട്ടുകാരൻ മരിക്കുകയുണ്ടായി, ഫുളാലത്ബ്നു ഉബൈദ് അദ്ദേഹത്തിന്റെ ഖബറിനെ നിരപ്പാക്കുവാൻ കൽപിച്ച് കൊണ്ട് പറഞ്ഞു: ഖബറുക

ളെ നിരപ്പാക്കുവാൻ പ്രവാചകൻ(ﷺ) കൽപിക്കുന്നതായി ഞാൻ കേട്ടിട്ടുണ്ട്' (മുസ്ലിം)[83]

പ്രവാചകൻ(ﷺ)യിൽ നിന്ന് സ്വീകരിച്ച അമാനത്തിനെ നമുക്ക് എത്തിച്ച് തന്നവർ ഇപ്രകാരമാണ് നമുക്ക് ശരീഅത്ത് പഠിപ്പിച്ച് തന്നത്. പ്രവാചകൻ(ﷺ) അവരോട് എന്തൊന്ന് കൽപിച്ചുവോ അത് അവർ സ്വന്തത്തിൽ നിന്നാണ് ആരംഭിച്ചിരുന്നത്, അത് ആ അമാനത്തിന്റെ ഭാഗമായിരുന്നു. അങ്ങിനെ നാം അവരുടെ സുന്നത്തിനെ പിൻപറ്റുകയും അവരുടെ പ്രവാചക(ﷺ)ന്റെ സന്മാർഗത്തെ നാം സന്മാർഗമായി സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ ആ കാര്യങ്ങളെ മനസിലാക്കുന്നതിനെ തൊട്ട് നമ്മുടെ ബുദ്ധി ചുരുങ്ങുകയും, ദൈവിക ശരീഅത്തിന്റെ യുക്തിയെ മനസിലാക്കുന്നതിൽ നമ്മുടെ കഴിവ് അ ശക്തമാവുകയും ചെയ്തിരിക്കുന്നു. ഖബറുകൾ കെട്ടി ഉയർത്തുവാൻ പാടില്ലായെന്നാണ് പ്രവാചക(ﷺ) കൽപനയും വിധിയും, അതുപോലെ വിഗ്രഹാരാധനയിലേക്ക് എത്തിപ്പെടുന്ന വഴികളിൽ നിന്ന് രക്ഷ ലഭിക്കേണ്ടതുണ്ടെന്നും തിരുമേനി(ﷺ) നമ്മെ പഠിപ്പിക്കുന്നു. പക്ഷേ, ഈ മഹത്തായ കാര്യത്തെ ഗൗരവമായി എടുക്കാ

---

(83) ഖബറുകൾ കെട്ടിപൊക്കുന്നതും,അതിനെ മഹത്വവൽക്കകരിക്കുന്നതും, അത് പള്ളികളാക്കുന്നതും, അവിടെ നേർച്ച വഴിപാടുകൾ അർപ്പിക്കുന്നതും വിരോധിക്കപ്പെട്ടതാണെന്ന് തെളിയിക്കുന്ന ഹദീസുകളാണിത്, ഇതിനെ സംബന്ധിച്ച് ഉന്നതന്മാരും നേതാക്കളുമായ ഇബ്നു തീമിയ്യ:യെ പോലെ, ഇബ്നുൽ ഖയ്യിമിനെ പോലെയുള്ള പണ്ഡിതന്മാർ ധാരാളം സംസാരിച്ചിട്ടുണ്ട്. അവ അറിയണമെങ്കിൽ 'ഇഗാഥതുല്ലഹ്ഫാൻ, ഹഖീദത്തുൽ വാസ്വിതിയ:' പോലെയുള്ള ഗ്രന്ഥങ്ങൾ പരിശോധിക്കട്ടെ. ഞാൻ പറഞ്ഞു: അതുപോലെ (أحكام الجنائز) എന്ന നമ്മുടെ കിതാബും പരിശോധിക്കട്ടെ.

ത്തത് കൊണ്ട് തന്നെ നമ്മുടെ ചുരുങ്ങിയ ബുദ്ധി കൊണ്ട് ശരീഅത്തിനെ മനസിലാക്കി വിധി പ്രസ്താവിച്ച് കൊണ്ട് ഖബറുകളെ കെട്ടിപൊക്കുന്നത് പുണ്യ കർമ്മമായിത്തീർക്കുകയാണ്. അങ്ങിനെ മതത്തെ കേട് വരുത്തുകയും, തൗഹീദി വിശ്വാസത്തെ കുഴപ്പത്തിലാക്കുകയും ചെയ്യുന്നു.പടിപടിയായി ഖബറിന്മേൽ പള്ളിയുണ്ടാക്കുകയും, അവിടെയുള്ള ശവങ്ങൾക്ക് നേർച്ചവഴിപാടുകൾ നേരുകയും ചെയ്യുന്നു. ഏതൊരു കാരണം കൊണ്ടാണോ ശരീഅത്ത് ഖബറുകൾ തട്ടി നിരപ്പാക്കാൻ കൽപിച്ചത് ആ കാര്യം നാം ചെയ്ത് കൊണ്ടിരിക്കുകയാണ്. ശരീഅത്ത് ഉദ്ദേശിക്കുന്ന തത്വത്തെ സംബന്ധിച്ച് നാം ഇപ്പോഴും അശ്രദ്ധയിലാണ്, സത്യത്തോട് നാം ഏറ്റ് മുട്ടുകയും, സത്യം നമ്മോട് എതിർക്കുകയും ചെയ്യുന്നു.അങ്ങിനെ നശിക്കുന്നവരോടൊപ്പം നാമും നശിച്ച് പോകുന്നു).

**ഞാൻ പറയുന്നു:** ജനങ്ങളിൽ ചിലർ പ്രത്യേകിച്ച് ആധുനിക സംസ്കാരത്തിന്റെ ഉടമകളെന്ന് വാദിക്കുന്നവർ പറയുന്ന വിജ്ഞാനം സാർവ്വത്രികമാവുകയും, ബുദ്ധി പ്രകാശിക്കുകയും ചെയ്തതിനാൽ ശിർക്ക് തുടച്ച് മാറ്റിയിരിക്കുന്നു, അതിനാൽ തന്നെ ശിർക്ക് മടങ്ങില്ലായെന്നും പറയുന്നു!

എന്നാൽ ഈ വിചാരം നിരർത്ഥകമാണ്, കാരണം ഇന്നത്തെ അവസ്ഥ അതിനെതിരായിട്ടാണ് നാം കാണുന്നത്. ഭൂമിയുടെ അധികമേഖലകളിലും ശിർക്ക് അതിന്റെ മുഴുവൻ ഇനങ്ങളോട് കൂടി തന്നെ പ്രകടമായി തേർവാഴ്ച നടത്തുന്നതായി നമുക്ക് കാണാൻ സാധിക്കുന്നു.പ്രത്യേകിച്ച് അവിശ്വാസത്തിന്റെ

ഉറവിടമായ പാശ്ചാത്യൻ നാടുകളിൽ.അവിടെ പ്രവാചകന്മാരും, പുണ്യാത്മാക്കളും ആരാധിക്കപ്പെടുന്നു, അതുപോലെ വിഗ്രഹങ്ങളും, മഹത്തുക്കളും, വീരപുരുഷന്മാരും പൂജിക്കപ്പെടുന്നു. ഇതിന് വ്യക്തമായ തെളിവുകളാണ് അവർക്കിടയിൽ സർവ്വസാധാരണയായി കണ്ട് വരുന്ന രൂപങ്ങളും വിഗ്രഹങ്ങളും.

ദു:ഖകരമെന്ന് പറയട്ടെ പടിപടിയായി ശിർക്കിന്റെ വ്യാപനം ചില ഇസ്ലാമിക രാജ്യങ്ങളിലേക്കും ചേക്കേറികൊണ്ടിരിക്കുകയാണ്, അവിടങ്ങളിലെ മുസ്ലിം പണ്ഡിതന്മാർ അതിനെ എതിർക്കുന്നില്ലായെന്നത് ഖേദകരമാണ്.

ഇത് ദർശിക്കുവാൻ വായനക്കാർ ദൂരെയൊന്നും പോകേണ്ടതില്ല, അധിക മുസ്ലിം രാഷ്ട്രങ്ങളിലും ഇത് സാർവത്രികമാണ്, പ്രത്യേകിച്ച് ശിയാക്കളിൽ. ഖബറുകളിൽ സുജൂദ് ചെയ്യുക, അതിന് ചുറ്റും ത്വവാഫ് നടത്തുക, അതിലേക്ക് നമസ്കരിക്കുകയും, സുജൂദ് ചെയ്യുകയും ചെയ്യുക, അല്ലാഹുവല്ലാത്തവരോട് അവിടെ വെച്ച് പ്രാർത്ഥിക്കുകയും ചെയ്യുക പോലെയുള്ള മുമ്പ് നാം വിവരിച്ച ശിർക്കിന്റെയും, വിഗ്രഹാരാധനയുടെയും പ്രകടമായ രൂപം നമുക്ക് ദ ർശിക്കാം.

ഭൂമിയിൽ നിന്ന് ശിർക്കിന്റെയും, വിഗ്രഹാരാധനയുടെ അംശങ്ങളും,മ്ലേഛതകളും തുടച്ച് കളഞ്ഞ് കൊണ്ട് ശുദ്ധീകരിച്ചിട്ടുണ്ടെന്ന് നാം അംഗീകരിച്ചാൽ പോലും, ശിർക്കിലേക്ക് എത്തിക്കുന്ന മാർഗങ്ങൾ സ്വീകരിക്കുന്നത് അനുവദനീയമാവുകയില്ല. കാരണം

മുസ്ലീംകളിൽപെട്ട ചിലരെ ഈ മാർഗങ്ങൾ ശിർക്കിലേക്ക് എത്തിക്കുമെന്നതിൽ സംശയമില്ല, എന്നാൽ അവസാന കാലത്ത് ഈ സമുദായത്തിൽ ശിർക്ക് സംഭവിക്കുക തന്നെ ചെയ്യുന്നതാണ് -വാദത്തിന് വേണ്ടി ഇപ്പോൾ സംഭവിച്ചില്ലായെന്ന് സമ്മതിച്ചാലും - പ്രവാചകൻ(ﷺ)യിൽ നിന്ന് വന്നിട്ടുള്ള ചില ഹദീസുകൾ കാര്യങ്ങൾ വ്യക്തമാകാനായി നാം ചുവടെ കൊടുക്കുന്നു:

1- പ്രവാചകൻ(ﷺ) പറയുകയുണ്ടായി:

( لاَ تَقُومُ السَّاعَةُ حَتَّى تَضْطَرِبَ أَلَيَاتُ نِسَاءِ دَوْسٍ عَلَى ذِي الْخَلَصَةِ وَذُو الْخَلَصَةِ طَاغِيَةُ دَوْسٍ الَّتِي كَانُوا يَعْبُدُونَ فِي الْجَاهِلِيَّةِ)

(بخاري)

'ദുൽഖലസയുടെ ചുറ്റും ദൗസ് ഗോത്രത്തിലെ സ്ത്രീകൾ ചുറ്റിക്കറങ്ങാതെ അവസാന നാൾ സംഭവിക്കുകയില്ല.(അതിന് ചുറ്റും ത്വവാഫ് ചെയ്യാതെ.വിവ:) ദുൽഖലസയെന്ന് പറയുന്നത് ജാഹിലിയ്യാ കാലത്തിൽ ദൗസ് ഗോത്രം ആരാധിച്ചിരുന്ന ഒരു വിഗ്രഹമായിരുന്നു' (ബുഖാരി)

2- പ്രവാചകൻ(ﷺ) പറയുന്നു:

( لاَ يَذْهَبُ اللَّيْلُ وَالنَّهَارُ حَتَّى تُعْبَدَ اللاَّتُ وَالْعُزَّى فَقُلْتُ يَا رَسُولَ اللَّهِ إِنْ كُنْتُ لَأَظُنُّ حِينَ أَنْزَلَ اللَّهُ ( هُوَ الَّذِي أَرْسَلَ رَسُولَهُ بِالْهُدَى وَدِينِ الْحَقِّ لِيُظْهِرَهُ عَلَى الدِّينِ كُلِّهِ وَلَوْ كَرِهَ الْمُشْرِكُونَ ) أَنَّ ذَلِكَ تَامًّا قَالَ إِنَّهُ سَيَكُونُ مِنْ ذَلِكَ مَا شَاءَ اللَّهُ ثُمَّ يَبْعَثُ اللَّهُ رِيحًا طَيِّبَةً

فَتَوَفَّى كُلَّ مَنْ فِي قَلْبِهِ مِثْقَالُ حَبَّةِ خَرْدَلٍ مِنْ إِيمَانٍ فَيَبْقَى مَنْ لَا خَيْرَ فِيهِ فَيَرْجِعُونَ إِلَى دِينِ آبَائِهِمْ ) (مسلم)

'ലാത്തയും ഉസ്സയും ആരാധിക്കപ്പെടാതെ രാവും പകലും നീങ്ങിപോവുകയില്ല, അപ്പോൾ ആയിശാ(ﷺ) പറഞ്ഞു: താഴെവരുന്ന ആയത്ത് (സന്മാർഗവും സത്യ മതവും കൊണ്ട് –എല്ലാ മതങ്ങൾക്കും മീതെ അതിനെ തെളിയിച്ചു കാണിക്കുവാൻ വേണ്ടി– തന്റെ ദൂതനെ നിയോഗിച്ചവനാകുന്നു അവൻ.ബഹുദൈവാരാധകർക്ക്(അത്) അനിഷ്ടകരമായാലും ശരി).(സ്വഫ്ഫ് :9) അവതരിച്ചപ്പോൾ ഞാൻ വിചാരിച്ചു അത് പൂർണമാണെന്ന്, പറഞ്ഞു: അത് അല്ലാഹു ഉദ്ദേശിക്കുമ്പോൾ ഉണ്ടാവുന്നതാണ്.[84] പിന്നെ അല്ലാഹു നല്ല

---

(84) ആയത്തിൽ പറഞ്ഞ കാര്യം പരിപൂർണമായി യാഥാർത്ഥ്യമായിട്ടില്ലായെന്നാണ് ഹദീസിൽ നിന്ന് പ്രകടമായി മനസിലാവുന്നത്, ഭാവിയിലാണ് അത് യാഥാർത്ഥ്യമാവുക. എന്നാൽ അതിന്റെ യാഥാർത്ഥ്യത്തിന്റെ വ്യത്താകൃതി പ്രവാചകൻ(ﷺ)യുടെ മരണത്തിന് ശേഷം ഖുലഫാഉകളുടെയും, അവർക്ക് ശേഷമുള്ള ഭരണാധികാരികളുടെയും കാലത്ത് വികസിച്ചിട്ടുണ്ട്. എന്നാൽ ഇസ്ലാം ഭൂമി മുഴുവനും ആദിപത്യം സ്ഥാപിക്കുന്നത് വരെ യാഥാർത്ഥ്യമാവില്ല. ഭാവിയിൽ അത് യാഥാർത്ഥ്യമാവുക തന്നെ ചെയ്യുന്നതാണ്,കാരണം അത് പ്രവാചകൻ(ﷺ)യാണ് നമുക്ക് അറിയിച്ച് തന്നത്. പ്രവാചകൻ(ﷺ)യിൽ നിന്ന് സ്വഹീഹായി വന്നത് നമുക്ക് കാണുവാൻ സാധിക്കും: പ്രവാചകൻ(ﷺ) പറയുകയുണ്ടായി: 'ഈ കാര്യം രാത്രിയും പകലും ഉള്ളിടത്തെല്ലാം എത്തുന്നതാണ്, അതിൽ കളിമൺ കൊണ്ടുണ്ടാക്കിയ ഒരു വീടിനെയോ, ഏതെങ്കിലുമൊരു താഴ്വരയിലെ വീടിനെയോ അല്ലാഹു ഉപേക്ഷിക്കുകയില്ല. അതിന്റെ യഥാർത്ഥ പ്രതാപം കൊണ്ടും, അതല്ലെങ്കിൽ വളരെ നിന്ദ്യമായി കൊണ്ടും. ഇസ്ലാമിന്റെ പ്രതാപം കൊണ്ട് ഉന്നതമാക്കുകയും, അവിശ്വാസത്തെ നിന്ദ്യത കൊണ്ട് കളങ്കപ്പെടുത്തുകയും ചെയ്യുന്നതാണ്' (അഹ്മദ് (١٠٣/٤)ഇബ്നു ബശ്റാൻ (الأماني– ١/٦٠)ത്വബ്റാനി (المعجم الكبير – ١/١٢٦/١) ഇബ്നു മൻദ (كتاب الإيمان – ١/١٠٢) ഹാഫിള് അബ്ദുൽ ഗനി അൽ മു ഖദ്ദസി തന്റെ (ذكر الإسلام– ١/١٦٦)ലും, എന്നിട്ട് പറയുകയുണ്ടായി: (حديث حسن صحيح) ഹാകിം (٤٣١–٤٣٠/٤) ലും,

ഒരു കാറ്റിനെ അയക്കുന്നതാണ്.ഹൃദയത്തിൽ അണു മണി തൂക്കം വിശ്വാസമുള്ളവർ മുഴുവനും അതുമുഖേന മരണപ്പെടുന്നതാണ്. അങ്ങിനെ നന്മയില്ലാത്ത വർ മാത്രം അവശേഷിക്കുകയും,അവരുടെ പ്രപിതാക്കളുടെ മതത്തിലേക്ക് അവർ മടങ്ങുകയും ചെയ്യുന്നതാണ്'.

3- പ്രവാചകൻ(ﷺ) പറയുകയുണ്ടായി:

( لَا تَقُومُ السَّاعَةُ حَتَّى تَلْحَقَ قَبَائِلُ مِنْ أُمَّتِي بِالْمُشْرِكِينَ وَحَتَّى تَعْبُدَ قَبَائِلُ مِنْ أُمَّتِي الْأَوْثَانَ )

(എന്റെ സമുദായത്തിൽ നിന്ന് ഒരു വിഭാഗം മുശ്രിക്കുകളുമായി കൂടി ചേരാതെയും, എന്റെ സമുദായ

---

എന്നിട്ട് പറഞ്ഞു: (صحيح على شرط الشيخين) ദഅബി അതിനോട് യോജിക്കുകയുണ്ടായി, ഈ ഹദീസ് മുസ്ലിമിന്റെ ശർത്ത് അനുസരിച്ച് മാത്രമാണ് വന്നത്. ഇദ്ദേഹത്തിന്റെയടുത്തും, ഇബ്നുമൻദയുടെ അടുത്തും മിഖ്ദാദ്ബ്നുൽ അസ്‌വദിന്റെ ഹദീസിൽ നിന്ന് ഒരു തെളിവ് കൂടിയുണ്ട്. ഇതും ഇമാം മുസ്ലിമിന്റെ ശർത്തനുസരിച്ചുള്ളതാണ്.

ഈ ഹദീസ് വിശുദ്ധ ആയത്തിന്റെ വിശദീകരണമാണ്. ആയതിനാൽ തന്നെ ഈ ഹദീസിന്റെ ആശയത്തിന്റെ വെളിച്ചത്തിൽ ആയത്തിനെ വിശദീകരിക്കൽ അനിവാര്യമാണ്. ആയത്തിലും ഹദീസിലും പറഞ്ഞ കാര്യങ്ങൾ അനുസരിച്ച് പ്രവാചകൻ(ﷺ)പറഞ്ഞിട്ടുണ്ട്: തീർച്ചയായും മുസ്ലീംകൾ റോമയും, ബാബയുടെ തലസ്ഥാന നഗരിയും ഖുസ്ത്വൻ ത്വീനിയയും വിജയിച്ചടക്കിയതിന് ശേഷം മുസ്ലീംകൾ വിജയിച്ചടക്കുമെന്നത്. ഒന്നാം വിജയം യാഥാർത്ഥ്യമായി, രണ്ടാം വിജയം യാഥാർത്ഥ്യമാവൽ അനിവാര്യമാണ്. (അൽപ കാലങ്ങൾ കൊണ്ട് ആ വാർത്ത അറിയുക തന്നെ ചെയ്യുന്നതാണ്)

തങ്ങളുടെ രക്ഷിതാവിലേക്ക് യഥാർത്ഥ രൂപത്തിൽ ഖേദിച്ച് മടങ്ങി കൊണ്ടും, വിശുദ്ധഖുർആനും പ്രവാചകചര്യയും സത്യസന്ധമായി പിൻപറ്റി ജീവിതത്തിൽ നടപ്പിലാക്കി കൊണ്ടും, നിഷിദ്ധമായ കാര്യങ്ങളിൽ നിന്ന് വിട്ട് നിന്നും, അല്ലാഹു ഇഷ്ടപ്പെടുന്ന കാര്യങ്ങൾ ചെയ്തും അതിന് വേണ്ടി മുസ്ലീംകൾ തയ്യാറാവേണ്ടതുണ്ട്. ഈ രൂപത്തിൽ മുസ്ലീംകൾ അതിന് വേണ്ടി സഞ്ചാരം തുടങ്ങിയാൽ അല്ലാഹു ഉദ്ദേശങ്ങളും, പ്രതീക്ഷകളും യാഥാർത്ഥ്യമാക്കുന്നതാണ്.

ത്തിൽ നിന്ന് ഒരു വിഭാഗം വിഗ്രഹങ്ങളെ ആരാധിക്കാത്തത് വരെയും അവസാന നാൾ സംഭവിക്കുന്നതല്ല) (അബൂദാവൂദ്)[85]

4- പ്രവാചകൻ(ﷺ) പറയുന്നു:

(لاَ تَقُومُ السَّاعَةُ حَتَّى لاَ يُقَالَ فِي الْأَرْضِ اللَّهُ اللَّهُ وفي رواية: لا إلٰه الا الله)

'അല്ലാഹു, അല്ലാഹു എന്ന് പറയുവാൻ പോലും ഒരാളും ഭൂമിയിൽ അവശേഷിക്കാതിരിക്കുന്നത് വരെ അവസാന നാൾ സംഭവിക്കുകയില്ല, വേറെ ഒരു റിപ്പോർട്ടിൽ ഉള്ളത്, അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലായെന്നാണ് ഉള്ളത്.'[86]

ഈ ഹദീസുകളെല്ലാം ഈ സമുദായത്തിൽ ശിർക്ക് സംഭവിക്കും എന്നതിനുള്ള വ്യക്തമായ തെളിവാണ്. കാര്യം ഇങ്ങനെയായത് കൊണ്ട് തന്നെ ഖബറിടങ്ങൾ പള്ളികളാക്കുക,പ്രവാചകൻ(ﷺ) തന്റെ സമുദായത്തെ താക്കീത് നൽകിയ നിഷിദ്ധ കാര്യങ്ങൾ പോലെയുള്ള ശിർക്കിലേക്ക് എത്തിക്കുന്ന മു

---

(85) رواه أبو داود(٢/٢٠٢)، والترمذي (٣/٢٢٧) وصححه، والحاكم (٤/٤٤٨و٤٤٩) والطيالسي (رقم ٩٩١)، وأحمد (٥/٢٨٤)، والحربي في ((الغريب)) (٥/١٦٧/١) من حديث ثوبان مرفوعا، وقال الحاكم: ( صحيح على شرط الشيخين) ووافقه الذهبي! وإنما هو على شرط مسلم فقط وقد أخرج أصل هذا الحديث في (صحيحه) (٨/١٧١) وله شاهد من حديث أبي هريرة عند الطيالسي (٢٥٠١)

(86) رواه مسلم (٢/٩١)، والترمذي (٣/٢٢٤)، وحسنه، والحاكم (٤/٤٩٤و٤٩٥)، وأحمد (٣/١٠٧و ٢٥٩و ٢٦٨)، وابن منده في (التوحيد) (١/٤٩) ويوسف بن عمر القواس في (حديثه (١/٦٨) والرواية الثانية له وهي رواية لأحمد والحاكم وقال : (صحيح على شرط مسلم) وهو كما قال. وله عنده شاهد من حجيث ابن مسعود وصححه على شرط الشيخين ووافقه الذهبي

ഴുവൻ മാർഗങ്ങളെയും, കാരണങ്ങളെയും വെടിയേണ്ടത് മുസ്ലീംകൾക്ക് നിർബ്ബന്ധമാകുന്നു.

ആധുനിക സംസ്കാരത്തിൽ ആരും വഞ്ചിതരാവരുത്, കാരണമത് വഴിപിഴച്ചവനെ സന്മാർഗത്തിലാക്കുകയില്ല. അല്ലാഹു ഉദ്ദേശിക്കുന്ന കാര്യമല്ലാതെ സത്യവിശ്വാസികൾക്ക് വിശ്വാസം വർദ്ധിപ്പിക്കുകയില്ല.തീർച്ചയായും റസൂലുല്ലാഹ്(ﷺ) കൊണ്ട് വന്നതിൽ മാത്രമെ സന്മാർഗവും, പ്രകാശവുമുള്ളൂ. ഉന്നതനായ അല്ലാഹു സത്യം പറഞ്ഞിരിക്കുന്നു:

(قَدْ جَاءَكُمْ مِنَ اللَّهِ نُورٌ وَكِتَابٌ مُبِينٌ(١٥)يَهْدِي بِهِ اللَّهُ مَنِ اتَّبَعَ رِضْوَانَهُ سُبُلَ السَّلَامِ وَيُخْرِجُهُمْ مِنَ الظُّلُمَاتِ إِلَى النُّورِ بِإِذْنِهِ وَيَهْدِيهِمْ إِلَى صِرَاطٍ مُسْتَقِيمٍ) (المائدة:١٥- ١٦)

'നിങ്ങൾക്കിതാ അല്ലാഹുവിങ്കൽ നിന്ന് ഒരു പ്രകാശവും വ്യക്തമായ ഒരു ഗ്രന്ഥവും വന്നിരിക്കുന്നു. അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു.തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽ നിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരുകയും,നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു'

**അധ്യായം: 6**

## ഖബറുകളിന്മേൽ പടുത്തുയർത്തപ്പെട്ട പള്ളികളിലുള്ള നമസ്കാരം കറാഹത്ത്

സംശയങ്ങൾക്കുള്ള മറുപടി നാം വിശദീകരിച്ച് കഴിഞ്ഞു, അതിൽ നിന്ന് ഖബറുകളിന്മേൽ പള്ളികളുണ്ടാക്കുന്നത് വിരോധിച്ചിരിക്കുന്നുവെന്ന വിധി അവസാനനാൾ വരെ നിലനിൽക്കുന്നതാണെന്ന് വായനക്കാർക്ക് മനസിലായിരിക്കും. എന്ത് കൊണ്ടാണ് ഖബറുകളിന്മേൽ പള്ളി നിർമ്മിക്കുന്നത് വിരോധിക്കപ്പെട്ടത് എന്നും നാം മനസിലാക്കുകയുണ്ടായി. അടുത്തതായി നാം വിശദീകരിക്കുവാൻ പോകുന്നത് ഇങ്ങനെ കെട്ടിയുയർത്തിയ പള്ളികളുള്ള നമസ്കാരത്തിന്റെ വിധിയെന്താണെന്നാണ്.

ഖബറുകളിന്മേൽ പള്ളിയുണ്ടാക്കുന്നത് വിരോധിക്കപ്പെട്ട കാര്യമാണെങ്കിൽ അതിലുള്ള നമസ്കാരവും വിരോധിക്കപ്പെടൽ അനിവാര്യമായി തീരുന്നതാണ് എന്ന് നാം മുകളിൽ വിശദീകരിക്കുകയുണ്ടായി. മാർഗം നിഷിദ്ധമാണെങ്കിൽ അതിലൂടെ ലഭിക്കുന്ന ലക്ഷ്യം അനിവാര്യമായും നിഷിദ്ധമായിരിക്കുന്നതാണ്.ആയതിനാൽ ഇങ്ങനെയുള്ള പള്ളികളിലെ നമസ്കാരം വിരോധിക്കപ്പെട്ടതാകുന്നു. ഈ വിഷയങ്ങളെ പോലെയുള്ള കാര്യങ്ങളിലുള്ള വിരോധം ആ കർമ്മം തന്നെ നിരർത്ഥകമായിരിക്കുമെന്നത് പണ്ഡിതന്മാർക്കിടയിൽ അറിയപ്പെട്ടതാണ്.[87] അതിലുള്ള നമസ്കാരം ബാത്വിലാവുമെന്ന് ഇമാം അഹ്മദും (ﷺ) മറ്റു പണ്ഡിതന്മാരും പറഞ്ഞിട്ടുണ്ട്, എന്നാൽ ഇത് അൽപം വിശദമാക്കേണ്ടതുണ്ടെന്നാണ് നമ്മുടെ അഭിപ്രായം. ഞാൻ പറയട്ടെ;

ഖബറുകളിൽ പടുത്തുയർത്തിയ പള്ളിയിൽ നമസ്കരിക്കണമെന്ന് ഉദ്ദേശിച്ച് കൊണ്ട് അവിടെ പോയി നമസ്കരിക്കുകയാണെങ്കിൽ ആ നമസ്കാരം നിഷ്ഫലമാണ്. മേൽ സൂചിപ്പിക്കപ്പെട്ട പള്ളികളി

---

(87) ഞാൻ പറഞ്ഞു: ഇക്കാരണത്താൽ അങ്ങിനെയുള്ള പള്ളിയിലെ നമസ്കാരം വിരോധിക്കപ്പെട്ടതാണ്. ആരാധനക്ക് പ്രത്യേകമാക്കി വിരോധിക്കപ്പെട്ട ഒരു കാര്യം ചെയ്യുകയാണെങ്കിൽ ആ ആരാധന ബാത്വിലാവുന്നതും, ആരാധനക്ക് പ്രത്യേകമാക്കപ്പെടാത്ത വിരോധിക്കപ്പെട്ട കാര്യം ചെയ്യുകയാണെങ്കിൽ ആ കാര്യം ബാത്വിലാവുകയില്ലായെന്നും വ്യക്തമായി പണ്ഡിതന്മാർ വേർതിരിക്കുവാൻ കാരണം ഇതു കൊണ്ടാണ്.

ഈ പ്രധാനപ്പെട്ട കാര്യത്തിൽ ആർക്കെങ്കിലും വിശദീകരണം ആവശ്യമുണ്ടെങ്കിൽ ഹാഫിളുൽ ഫഖീഹ് ഇബ്നു റജബ് അൽഹമ്പലിയുടെ (جامع العلوم والحكم - ص ٤٣)പരിശോധിക്കട്ടെ.

ൽ നമസ്കരിക്കുന്നവർ പ്രധാനമായും രണ്ട് രൂപത്തിലാണ് അവിടെ നമസ്കരിക്കാറുള്ളത്:

**ഒന്ന്:** ഖബറുണ്ടെന്ന കാരണത്താലും, അതിൽ നിന്ന് അനുഗ്രഹമെടുക്കണമെന്ന ഉദ്ദേശത്താലും അവിടെ പോയി നമസ്കരിക്കുക, സാധാരണക്കാരും, അല്ലാത്തവരുമായ അനവധി ആളുകൾ ഇപ്രകാരമാണ് ചെയ്യുന്നത്.

**രണ്ട്:** ഖബർ ഉദ്ദേശിക്കാതെയുള്ള അവിടുത്തെ നമസ്കാരം.

ഒന്നാമത്തെ അവസ്ഥയിലാണെങ്കിൽ അവിടെയുള്ള നമസ്കാരം നിഷിദ്ധമാണ്, മാത്രമല്ല അത് നിഷ്ഫലവുമാണ്. കാരണം ഖബറുകൾ പള്ളികളാക്കുന്നത് പ്രവാചകൻ(ﷺ) വിരോധിക്കുകയും, അങ്ങിനെ ചെയ്യുന്നവരെ ശപിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അവിടെ നമസ്കരിക്കുവാൻ ഉദ്ദേശിച്ചുള്ള നമസ്കാരവും നിഷിദ്ധമാണ്. നാം മുകളിൽ വിവരിച്ചത് പ്രകാരം ഈ നിരോധത്തിലൂടെ വരുന്നത് അത് നിഷ്ഫലമാക്കുന്നുവെന്നാണ്.

ഖബർ ഉദ്ദേശിക്കാതെ അങ്ങിനെയുള്ള പള്ളികളിലെ നമസ്കാരം കറാഹത്താകുന്നു.

എന്നാൽ രണ്ടാമത്തെ അവസ്ഥയിലുള്ള നമസ്കാരം നിഷ്ഫലമാണെന്ന് എനിക്ക് വ്യക്തമാവുന്നില്ല.മറിച്ച് തീർച്ചയായും അത് കറാഹത്താണ്. ഈ അവസ്ഥയിലുള്ള നമസ്കാരം നിഷ്ഫലമാണെന്നതിന് തെളിവ് അനിവാര്യമാണ്. നാം സ്ഥിരീകരിച്ച തെ

ളിവുകളെല്ലാം ഒന്നാമത്തെ അവസ്ഥയിലുള്ള നമസ്കാരത്തെ സംബന്ധിച്ചാണ്, ഈ തെളിവുകൾ രണ്ടാമത്തെ അവസ്ഥയിലേക്ക് കൊണ്ടുവരാൻ കഴിയാത്തതാണ്. ഖബറുകളിന്മേൽ പള്ളികളുണ്ടാക്കുന്നത് വിരോധിക്കപ്പെട്ടതാണെന്നത് സ്വഹീഹായി വന്നതിനാൽ ഒന്നാമത്തെ അവസ്ഥയിലുള്ള നമസ്കാരം നിഷിദ്ധമാണ്, അത് കൊണ്ട് തന്നെ ഖബറിടങ്ങളെ പള്ളികളാക്കുക എന്ന ഉദ്ദേശവും, അവിടെ നമസ്കരിക്കണമെന്ന ഉദ്ദേശത്തോടെയുള്ള നമസ്കാരവും നിഷ്ഫലമാവുന്നതാണ്. എന്നാൽ അവിടെ നമസ്കരിക്കണമെന്ന ഉദ്ദേശമില്ലാതെയുള്ള നമസ്കാരം നിഷ്ഫലമാണെന്ന അഭിപ്രായത്തിന് തെളിവായി അവലംബ യോഗ്യമായ വിരോധമതിൽ കാണാൻ കഴിയില്ല. അതുപോലെ ശരിയായ ഖിയാസ് നടത്തുവാനും കഴിയില്ല.

ഇതുകൊണ്ടാണ് അധിക പണ്ഡിതന്മാരും ഇങ്ങനെ ഉദ്ദേശമില്ലാതെയുള്ള നമസ്കാരം കറാഹത്താണ്, അത് നിഷ്ഫലാവുകയില്ലായെന്ന് പറയുവാനുള്ള കാരണവും ഇതായിരിക്കാം. അതുകൊണ്ട് തന്നെ വളരെ ആഴത്തിൽ പഠിക്കേണ്ട ഒരു വിഷയമാണിത്.നിഷ്ഫലമാകുമെന്ന അഭിപ്രായം രണ്ടിനും സാധ്യതയുള്ളതാണ്.ആരുടെയെങ്കിലും അടുത്ത് വ്യക്തമായ തെളിവുണ്ടെങ്കിൽ അവർ കൊണ്ടുവരട്ടെ, അവർക്ക് നന്ദിയും, പ്രതിഫലവും ലഭിക്കുന്നതാണ്.

ഖബറുകളിന്മേൽ പടുത്തുയർത്തപ്പെട്ട പള്ളിയിലുള്ള നമസ്കാരം കറാഹത്താണെന്ന് ഒരു ഗവേഷകന് പറയാം. ഇത് രണ്ട് കാരണത്താലാണ്:

**ഒന്ന്:** അവിടെയുള്ള നമസ്കാരം ജൂത ക്രൈസ്തവരോട് സാദൃശ്യപ്പെടലാണ്, കാരണം അവർ ഇപ്പോഴും ഖബറുകളിൽ പടുത്തുയർത്തപ്പെട്ട പള്ളികളിൽ ആരാധന ഉദ്ദേശിച്ച് പോകാറുണ്ട്.[88]

**രണ്ട്:** അവിടങ്ങളിലുള്ള നമസ്കാരം ഖബറിടത്തിൽ മറമാടപ്പെട്ട് കിടക്കുന്നവരെ ശരീഅത്തിന്റെ പരിധിവിട്ട് മഹത്വപ്പെടുത്തുന്നതിലേക്ക് വഴിനടത്തുന്നതാണ്, അത് കൊണ്ട് തന്നെ സൂഷ്മതയ്ക്ക് വേണ്ടി അതിനെ വിരോധിക്കുകയും, അതിലേക്ക് എത്തുന്ന മാർഗങ്ങളെ ഇല്ലായ്മ ചെയ്യുകയും ചെയ്തു.പ്രത്യേകിച്ച് ഖബറുകളിന്മേൽ പടുത്തുയർത്തപ്പെട്ട പള്ളികളിൽ ഇന്ന് കാണുന്ന കുഴപ്പങ്ങൾ ഇല്ലാതാക്കുവാനായി. ഇത് മുകളിൽ നാം ആവർത്തിച്ചാവർത്തിച്ച് ഉണർത്തിയിട്ടുണ്ട്. ഈ രണ്ട് കാരണങ്ങളും പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്. ഹനഫി പണ്ഡിതന്മാരിൽ പെട്ട ഇബ്നുൽ മലിക്(ﷺ) പറയുന്നു:

[88] (المختار) എന്ന മാഗസിനിൽ മേയ് 1958 ൽ (الفاتيكان المدينة القديمة المقدسة) എന്ന ഹെഡ്ഢിംഗിൽ ഞാൻ ഒരു ലേഖനം വായിക്കുകയുണ്ടായി, അതിൽ എഴുത്തുകാരനായ 'റോണാൾഡ് കാർലോസ് ബൈതി' പറയുന്നു: പത്രോസിന്റെ കനീസ ഈ പട്ടണത്തിലാകുന്നു. (പേജ്:40)ൽ പറയുന്നു:

(പത്രോസിന്റെ പരിശുദ്ധമാക്കപ്പെട്ട കനീസ ക്രൈസ്തവ ലോകത്തെ ഏറ്റവും വലിയ കനീസയാകുന്നു, പതിനേഴ് നൂറ്റാണ്ടായി ക്രൈസ്തവർക്ക് ആരാധന ചെയ്യുവാനുള്ള പ്രത്യേക സ്ഥലമായി അത് നിലനിൽക്കുന്നു. അത് പടുത്തുയർത്തിയിട്ടുള്ളത് ഈസാനബിയുടെ സഹായികളുടെയും, മത്സ്യത്തെ വേട്ടയാടുന്നവരുടെ പരിശുദ്ധമാക്കപ്പെട്ട ഖബറിടത്തിലാകുന്നു. അതിന്റെ താഴ്ഭാഗത്ത് പൗരാണികരുടെ ഒരുപാട് ഖബറുകളും, അതുപോലെ പൗരാണികരായ റോമക്കാരുടെ ഒരുപാട് അവശിഷ്ടങ്ങളുമുണ്ട്). പിന്നീട് അദ്ദേഹം പറയുന്നു: അവിടെ അവരുടെ ഉത്സവങ്ങളുടെ ദിവസങ്ങളിൽ ഏകദേശം ഒരു ലക്ഷത്തോളം ആളുകൾ ആരാധനക്കായ് ഒരുമിച്ച് കൂടാറുണ്ട്!

(തീർച്ചയായും അതിന്മേൽ പള്ളികളുണ്ടാക്കു ന്നത് വിരോധിക്കപ്പെട്ടതാണ്, കാരണം അതിലുള്ള നമസ്കാരം ജൂതന്മാരുടെ സുന്നത്തിനെ ചര്യയായി സ്വീകരിക്കലാകുന്നു).

ഇത് (المرقاة- ١/٤٧٠)ൽ ശൈഖ് അൽഖാരീ(ﷺ) ഉ ദ്ധരിക്കുകയും, അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ ഹനഫീ മദ്ഹബിലെ പിൽകാലക്കാരാ യ ചില പണ്ഡിതന്മാരും മറ്റുള്ളവരും പറഞ്ഞിട്ടുണ്ട്. അത് വഴിയെ വരുന്നതാണ്.

ശൈഖുൽ ഇസ്ലാം ഇബ്നുതീമിയ്യ:(ﷺ) തന്റെ (القائدة الجلية- ص ٢٢)യിൽ പറയുന്നു:

(ഒരു സ്ഥലത്തെ പള്ളിയാക്കുക എന്നത് കൊ ണ്ടുള്ള ഉദ്ദേശം അവിടെ അഞ്ച് നേരം നമസ്കരിക്കു കയെന്നാണ്, അതിനാണ് പള്ളിയുണ്ടാക്കുന്നത്, പ ള്ളിയായി സ്വീകരിച്ച സ്ഥലം കൊണ്ടുള്ള ഉദ്ദേശം അവിടെ അല്ലാഹുവിനെ മാത്രം ആരാധിക്കുക, അവ നോട് മാത്രം പ്രാർത്ഥിക്കുക, സൃഷ്ടികളോട് പ്രാർ ത്ഥിക്കാതിരിക്കുക എന്നതാണ്. അത് കൊണ്ടാണ് പ ള്ളികളിൽ നിന്ന് ഉദ്ദേശിക്കുന്നത് പോലെ അവിടങ്ങ ളിൽ നമസ്കരിക്കുക പോലെയുള്ളത് ഉദ്ദേശിച്ച് കൊണ്ട് ഖബറുകൾ പള്ളികളാക്കുന്നത് നബി(ﷺ) വിരോധിച്ചത്. അത് കൊണ്ട് തന്നെ ഖബറുകൾ പ ള്ളികളാക്കുന്നവൻ ഉദ്ദേശിക്കുന്നത് അവിടെ ആരാധ ന നിർവ്വഹിക്കുവാനാണ്, അതുപോലെ ആ ഖബറി ലുള്ളവനോട് പ്രാർത്ഥിക്കുവാനും, അതിനടുത്ത് നി ന്ന് പ്രാർത്ഥിക്കുവാനും ഉദ്ദേശിച്ച് കൊണ്ടാണ് പള്ളി

യാക്കുന്നത്. അതു കൊണ്ട് തന്നെ പ്രവാചകൻ(ﷺ) ഈ സ്ഥലം (ഖബർ) പള്ളികളാക്കുന്നതും, അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന ആരാധനാ കേന്ദ്രമാക്കുന്നതും വിരോധിച്ചിരിക്കുന്നു, കാരണം അത് അല്ലാഹുവിൽ ശിർക്ക് ചെയ്യുന്നതിലേക്കുള്ള വഴിയാകുന്നു.

ഒരു പ്രവർത്തനം കുഴപ്പത്തിലേക്ക് എത്തിക്കുകയും അതിൽ ഗുണപരമായ ഉപകാരവുമില്ലെങ്കിൽ ഫസാദിലേക്കെത്തുന്ന കാരണങ്ങളാൽ മൂന്ന് സമയങ്ങളിൽ നമസ്കാരം വിരോധിക്കപ്പെട്ടത് പോലെ ആ പ്രവർത്തനം വിരോധിക്കപ്പെടും. ശിർക്കിലേക്ക് എത്തിക്കുന്ന മുശ്രിക്കുകളോട് സാദൃശ്യപ്പെടലാണത്. മറ്റു സമയങ്ങളിൽ സുന്നത്തായ കാര്യങ്ങൾക്ക് സാധ്യതയും ഗുണവുമുള്ള പോലെ ആ സമയങ്ങളിൽ നമസ്കാരം ഉദ്ദേശിക്കൽ യാതൊരു ഗുണവുമില്ലാത്തതാണ്.

ഇത് കൊണ്ടാണ് കാരണങ്ങളുള്ളതിൽ[89] പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസം വന്നത്,അങ്ങിനെ പല പണ്ഡിതന്മാരും കാരണങ്ങളുള്ള നമസ്കാരങ്ങൾ അതിൽ നിർവ്വഹിക്കാം എന്ന് പറഞ്ഞത്. ഇതാണ് പണ്ഡിതന്മാർക്കിടയിലുള്ള അഭിപ്രായങ്ങളിൽ പ്രബലമായത്.കാരണം കുഴപ്പത്തിലേക്ക് എത്തിപ്പെടുമെന്നത് കൊണ്ട് വിരോധിച്ച കാര്യങ്ങൾ പ്രബലമായ ഉപകാരത്തിന് വേണ്ടി അനുവദിക്കപ്പെടുന്നതാണ്. അത് കൊണ്ട് കാരണങ്ങളുള്ള പ്ര

---

[89] ഞാൻ പറയുന്നു: വുളുവിന് ശേഷമുള്ള രണ്ട് റകഅത്ത്, പള്ളിയിൽ പ്രവേശിച്ചാലുള്ള രണ്ട് റകഅത്ത് തഹിയ്യത്ത് നമസ്കാരം പോലെയുള്ള കാരണങ്ങളുള്ള നമസ്കാരം.

വർത്തനങ്ങൾ ഈ സമയത്ത് ആവശ്യമാണ്, ആ സമയത്ത് അത് നിർവ്വഹിച്ചില്ലെങ്കിൽ അത് നഷ്ടപ്പെടുന്നതാണ്, അങ്ങിനെ ചെയ്യൽ മസ്ലഹത്താണ്, അത് കൊണ്ട് തന്നെ അതിലുള്ള മസ്ലഹത്തിന് വേണ്ടി അനുവദിക്കപ്പെടും. എന്നാൽ ഈ സമയത്തല്ലാതെ മറ്റു സമയങ്ങളിൽ അത് നിർവ്വഹിക്കുവാൻ കഴിയുമെങ്കിൽ, അതുപോലെ പ്രബലമായ മസ്ലഹത്ത് ഇല്ലാതിരിക്കുകയും ചെയ്താൽ അതിൽ കുഴപ്പമായിരിക്കും ഉണ്ടാവുക, അത് വിരോധിക്കൽ അനിവാര്യവമാണ്.

ശിർക്കിലേക്ക് എത്തിക്കുന്നതിനാൽ ഈ സമയങ്ങളിലുള്ള നമസ്കാരം വിരോധിച്ചിട്ടുണ്ടെങ്കിൽ അത് സൂര്യ ചന്ദ്ര നക്ഷത്രാധികളോട് പ്രാർത്ഥിക്കുകയും, സഹായം ചോദിക്കുകയും ചെയ്യുന്നവരെ പോലെ സൂര്യന് സുജൂദ് ചെയ്യുകയോ, അതിനോട് പ്രാർത്ഥിക്കുകയോ ചെയ്യാതിരിക്കുവാൻ വേണ്ടിയാണ്. നമസ്കാരത്തിലൂടെ നക്ഷത്രങ്ങളോട് പ്രാർത്ഥിക്കുന്നതിലേക്ക് എത്തിക്കുന്നത് നിഷിദ്ധമായതിനേക്കാൾ വലിയ നിഷിദ്ധമാണ് സൂര്യനോടോ, ചന്ദ്രനോടോ നേരിട്ട് പ്രാർത്ഥിക്കുന്നതും, അവക്ക് മുന്നിൽ സുജൂദ് ചെയ്യുന്നതും. അപ്രകാരം തന്നെ പ്രവാചകന്മാരുടെയും സ്വാലിഹീങ്ങളുടെയും ഖബറുകളെ പള്ളികളാ ക്കുന്നതും വിരോധിക്കപ്പെട്ടതാണ്. അതുപോലെ അവിടെ കിടക്കുന്നവരോട് പ്രാർത്ഥിക്കുന്നതിലേക്ക് വഴി നടത്തുന്നതിനാൽ തന്നെ അവയിൽ നമസ്കരിക്കുന്നതും നിരോധിക്കപ്പെട്ടതു തന്നെ. ഖബറുകളെ പള്ളികളാക്കുന്നതിനേക്കാൾ വലിയ നി

ഷിദ്ധമാണ് അവിടെ കിടക്കുന്നവരോട് പ്രാർത്ഥിക്കുന്നതും, അവയ്ക്ക് മുന്നിൽ സുജൂദ് ചെയ്യുന്നതും).

ഖബറുകളുള്ള പള്ളിയിൽ നമസ്കരിക്കുന്നത് കറാഹത്താണെന്നതിൽ പണ്ഡിതന്മാർക്കിടയിൽ ഇജ്മാഅ് ഉണ്ട്, അത് നാം മുകളിൽ വിശദീകരിക്കുകയും ചെയ്തിരിക്കുന്നു. അത് വീണ്ടും വിശദീകരിക്കുകയും ചെയ്യും.എന്നാൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുള്ളത് അവിടെയുള്ള നമസ്കാരം ബാത്വിലാകുമോ എന്നതിലാണ്. ഹമ്പലി മദ്ഹബിന്റെ അഭിപ്രായം ആ നമസ്കാരം ശരിയാവില്ലായെന്നാണ്. അത് തന്നെയാണ് മുഹക്കിഖായ ഇബ്നുൽ ഖയ്യിം(ﷺ) വളരെ ശക്തിയായി വാദിച്ചതും.അത് നാം മുകളിൽ ഉദ്ധരിച്ചിട്ടുണ്ട്.

(اقتضـاء الصراط المستقيم مخالفـة أصـحاب الجحـيم- ص ١٥٩)ൽ ശൈഖുൽ ഇസ്ലാം ഇബ്നു തീമിയ്യ:(ﷺ) പറയുന്നു:

പ്രവാചകന്മാരുടെയും,സ്വാലിഹീങ്ങളുടെയും, രാജാക്കന്മാരുടെയും ഖബറുകൾക്ക് മുകളിൽ പടുത്തുയർത്തിയിട്ടുള്ള പള്ളികൾ പൊളിച്ച് നീക്കുകയോ, അതല്ലെങ്കിൽ മറ്റു വല്ലതും ചെയ്യേണ്ടതാകുന്നു. ഈ കാര്യത്തിൽ അറിയപ്പെട്ട പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസം ഉള്ളതായി എനിക്കറിയില്ല. അതുപോലെ അതിൽ നമസ്കരിക്കൽ കറാഹത്താണെന്നതിൽ അവർക്കിടയിൽ എന്റെ അറിവിൽ പെട്ടിടത്തോളം അഭിപ്രായ വ്യത്യാസമില്ല. നമ്മുടെ മദ്ഹബിലെ പ്രബലമായ അഭിപ്രായമനുസരിച്ച് അത് ശരിയാകുകയില്ലായെന്നാണ് കാരണം അതിൽ വി

രോധവും, അതുപോലെ ശാപവും വന്നിട്ടുണ്ട്, അതുപോലെ ഹദീസുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ഒരു ഖബറിന് മുകളിലാണ് പള്ളിയുണ്ടാക്കിയതെങ്കിലും അവിടെ നമസ്കരിക്കാൻ പാടില്ല എന്ന ഈ പ്രശ്നത്തിൽ അഭിപ്രായ വ്യത്യാസമില്ല. മറിച്ച് പള്ളിയിൽ നിന്ന് വേറിട്ട് നിൽക്കുന്ന മഖ്ബറകളെ സംബന്ധിച്ചാണ് നമ്മുടെ ആളുകൾക്കിടയിൽ അഭിപ്രായ വ്യത്യാസമുള്ളത്. പള്ളിയിൽ നിന്ന് വേറിട്ട് നിൽക്കുന്ന ഖബറുകളുടെ പരിധി മൂന്ന് ഖബറുകളാണോ, അതല്ലെങ്കിൽ ഒരു ഖബറിന്റടുത്തുള്ള നമസ്കാരം തന്നെ വിരോധിച്ചിട്ടുണ്ടോ എന്ന കാര്യത്തിലാണ് നമ്മുടെ ആളുകൾക്കിടയിൽ രണ്ടഭിപ്രായമുണ്ട്)

ഞാൻ പറയുന്നു: രണ്ടാമത്തെ അഭിപ്രായമാണ് (الإختيـارات العلميـة - ص: ٢٥)ൽ അദ്ദേഹം പ്രബലമാക്കിയത്:

(ഇമാം അഹ്മദി(ﷺ)ന്റെ വാക്കുകളിലും, അദ്ദേഹത്തിന്റെ ആളുകൾക്കിടയിലും ഇതിൽ വ്യത്യാസമില്ല. മറിച്ച് അവരുടെ വാദങ്ങളിലും,അവർ പറഞ്ഞ കാരണങ്ങളിലും, അവർ പിടിച്ച തെളിവുകളിലും പ്രകടമാകുന്നത് ഏതെങ്കിലും ഒരു ഖബറിന്ന് മുമ്പിലുള്ള നമസ്കാരം നിഷിദ്ധമാണെന്നാണത്. ഇതാണ് ശരിയായ അഭിപ്രായവും. മഖ്ബറകളെല്ലാം തന്നെ മറമാപ്പെട്ടതാണ്, കാരണം ഖബറിന്റെ ബഹുവചനമാണ് മഖ്ബറ. നമ്മുടെ ആളുകൾ പറഞ്ഞു: മഖ്ബറയെന്ന നാമത്തിൽ ഉൾകൊള്ളുന്ന ഒരു ഖബറിന്ന

രികിലും നമസ്കരിക്കുവാൻ പാടില്ല. ഇത് കൊണ്ട് തന്നെ ഒറ്റപ്പെട്ട ഖബറിനും അതിനോടനുബന്ധിച്ചുള്ള സ്ഥലത്തിനുമുള്ള ഹുർമത്തിനാൽ ഈ വിരോധം അവയിലേക്കും എത്തുന്നതാണ്. അൽ ആമിദിയും മറ്റുള്ളവരും പറയുന്നു: ഖബറിനും ഖിബ്ലക്കുമിടയിൽ മതിലോ, മറ്റുവല്ല മറയോ ഉണ്ടെങ്കിലും ശരി ഖബറിലേക്ക് (ഖിബ്‌ലയുടെ ഭാഗത്ത് ഖബറുള്ള പള്ളികൾ) നമസ്കരിക്കുന്നത് അനുവദനീയമല്ല. ചിലയാളുകൾ പറയുന്നു: ഇത് ഇമാം അഹ്മദ്(ﷺ) വളരെ വ്യക്തമായി പറഞ്ഞിക്കുന്നു എന്ന്).

അബൂബക്കർ അൽഅഥ്റം(ﷺ) പറയുന്നു: അബൂ അബ്ദുല്ലാഹ് അതായത് അഹ്മദിനോട് മഖ്ബറയിൽ നമസ്കരിക്കുന്നതിനെ സംബന്ധിച്ച് ചോദിക്കുന്നതായി ഞാൻ കേട്ടു? മഖ്ബറയിൽ നമസ്കരിക്കുന്നത് അദ്ദേഹം വെറുത്തു. വീണ്ടും അദ്ദേഹത്തോട് ചോദിച്ചു: ഖബറുകൾക്കിടയിൽ പള്ളിയുണ്ട്, അങ്ങിനെയുള്ള പള്ളിയിലുള്ള നമസ്കാരം? അതും അദ്ദേഹം വെറുത്തു. വീണ്ടും ചോദിക്കപ്പെട്ടു: പള്ളിക്കും ഖബറിനിടയിലും മറയുണ്ടെങ്കിൽ അവിടെ നമസ്കരിക്കുവാൻ പാടുണ്ടോ? അവിടെ ഫർള് നമസ്കാരം നിർവ്വഹിക്കുന്നത് അദ്ദേഹം വെറുത്തു, അവിടെ വെച്ച് ജനാസ നമസ്കാരം നിർവ്വഹിക്കുവാൻ എനിക്ക് ഇളവ് നൽകുകയുണ്ടായി.

വീണ്ടും ഇമാം അഹ്മദ്(ﷺ) പറയുന്നു: (ഖബറുകൾക്കിടയിലുള്ള പള്ളിയിൽ ജനാസ നമസ്കാരമല്ലാത്ത ഒരു നമസ്കാരവും പാടില്ല, കാരണം ജനാ

സ നമസ്കാരത്തിലെ (ഖബറിടത്തിൽ പോയി മയ്യത്ത് നമസ്കരിക്കാം) സുന്നത്ത് ഇതാണ്)

ഹാഫിള് ഇബ്നു റജബ്(ؒ) (الفتح) ൽ പറയുന്നു:

(സ്വഹാബികളുടെ പ്രവർത്തനത്തിലേക്ക് സൂചന നൽകുന്നു, ഇബ്നു മുർദിർ പറഞ്ഞു: ഇബ്നു ഉമറിന്റെ മൗലയായ നാഫിഅ് പറയുന്നു: ബഖീഇന്റെ മധ്യത്തിൽ വെച്ചാണ് ഞങ്ങൾ ആയിശാ(ؓ)ക്കും, ഉമ്മു സലമ(ؓ)ക്കും വേണ്ടി മയ്യിത്ത് നമസ്കരിച്ചത്,ആ സമയം ഇമാം അബൂഹുറൈറ(ؓ)വായിരുന്നു. ഇബ്നു ഉമറും(ؓ) അവിടെ ഹാജറുണ്ടായിരുന്നു)[90]

(الكواكب الدراري) (١/٨١/٦٥و٢) നോക്കുക.

ഒന്നാമത്തെ രിവായത്തിൽ ഇമാം അഹ്മദ്(ؒ) ഫർള് മാത്രമെ പാടുള്ളൂവെന്ന് ചുരുക്കി പറഞ്ഞതിൽ നിന്ന് സുന്നത്തായ നമസ്കാരം പാടുണ്ടെന്ന് സൂചിപ്പിക്കുന്നില്ല, കാരണം സുന്നത്തായ നമസ്കാരം വീട്ടിൽ വെച്ച് നിർവ്വഹിക്കലാണ് ഏറ്റവും ഉത്തമമെന്ന് എല്ലാവർക്കും അറിയുന്ന കാര്യമായതിനാൽ തന്നെ ഫർളിന്റെ കൂടെ സുന്നത്തായതിനെ പറഞ്ഞില്ല. ഇതാണ് അദ്ദേഹത്തിന്റെ രണ്ടാമത്തെ രിവായത്ത് സൂചിപ്പിക്കുന്നത്.

---

[90] ഞാൻ പറയുന്നു: ഈ അഥർ അബ്ദുർറസാഖ് തന്റെ(المصنف - ١/٤٠٧/١٠٩٤) ൽ നാഫിഇൽ നിന്ന് സ്വഹീഹായ സനദോടെ ഉദ്ധരിച്ചിട്ടുണ്ട്

(മഖ്ബറകൾക്കിടയിലുള്ള പള്ളിയിൽ ജനാസ നമസ്കാരമല്ലാതെ മറ്റൊരു നമസ്കാരവുമില്ല). ഇതാണ് നാം വിശദീകരിച്ചതാണ്.

അതുപോലെ അനസി(ﷺ)ൽ നിന്ന് ഉദ്ധരിക്കപ്പെട്ടതും ഇതിനെ ശക്തിപ്പെടുത്തുന്നു:

(ഖബറുകൾക്കിടയിൽ പള്ളി നിർമ്മിക്കുന്നത് അദ്ദേഹം വെറുത്തിരുന്നു).

പള്ളിയുടെ ചുമരാലുള്ള മറ ഖബറിനെയും പള്ളിയേയും മറച്ചിട്ടുണ്ടെങ്കിലും ശരി അത് മതിയാവില്ല. അതുപോലെ ഖബറുകൾക്കിടയിൽ പള്ളി നിർമ്മിക്കുന്നത് നിരുപാധികം അനുവദനീയമല്ലായെന്നും ഇത് തെളിയിക്കുന്നു. ഇതാണ് പ്രബലമായ അഭിപ്രായം, കാരണം ശിർക്കിനെ തടയുവാൻ ഏറ്റവും നല്ലത് ഇതാണ്.

ശൈഖുൽ ഇസ്ലാം ഇബ്നുതീമിയ്യ:(ﷺ) പിന്നീട് (الإقتضاء) ൽ പറയുന്നു:

(ഇബ്രാഹിം നബി(ﷺ)യുടെ ഖബറിന് ചുറ്റും പടുത്തുയർത്തിയ കെട്ടിടം പൂർണമായിട്ടും അടയ്ക്കപ്പെട്ടതാണ്, നാലാം നൂറ്റാണ്ട് വരെ അതിലേക്ക് ആരും തന്നെ പ്രവേശിച്ചിട്ടില്ല. പിന്നീട് ചില സ്ത്രീകൾ സ്വപ്നം കാണുകയും അവർ രാജ്യം ഭരിച്ചിരുന്ന ഖലീഫമാരോട് വിളിച്ച് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആ കെട്ടിടത്തിന് ഒരു വഴിയുണ്ടാക്കിയെന്ന് പറയപ്പെട്ടിട്ടുണ്ട്!. അതു പോലെ ക്രൈസ്തവർ ആ രാജ്യം കീഴടക്കിയപ്പോൾ ആ കെട്ടിടത്തിന് വഴിയുണ്ടാ

ക്കിയെന്നും പറയപ്പെട്ടിട്ടുണ്ട്. ശേഷം വിജയിച്ചടക്കിയവർ അത് പള്ളിയാക്കുകയാണ് ചെയ്തത്. നമ്മുടെ ശൈഖുമാരിൽ ശ്രേഷ്ഠരായ പണ്ഡിതന്മാർ ആ കെട്ടിടത്തിൽ നമസ്കരിക്കാറില്ല, അതു പോലെ പ്രവാചകൻ(ﷺ)യുടെ കൽപന പിൻപറ്റിക്കൊണ്ട് അദ്ദേഹത്തെ ധിക്കരിക്കാതിരിക്കുവാൻ തങ്ങളുടെ അനുയായികളെ അതിൽ നമസ്കരിക്കുന്നതിനെ വിലക്കുകയും ചെയ്യാറുണ്ടായിരുന്നു.)

പൗരാണികരായ ആളുകൾക്ക് നേതൃത്വം നൽകിയിരുന്ന ശൈഖുമാർ ഈ രൂപത്തിലായിരുന്നു, എന്നാൽ നമ്മുടെ ശൈഖുമാർ ശരീഅത്തിലെ നിയമങ്ങളെ സംബന്ധിച്ച് അശ്രദ്ധയിലാണ്,അവരിൽ അധികപേരും ഇങ്ങനെയുള്ള പള്ളികളിൽ നമസ്കരിക്കുവാൻ ഉദ്ദേശിച്ച് കൊണ്ട് പോകാറുണ്ട്. അവരിൽ ചിലരോടൊപ്പം ഞാനും -സുന്നത്തിനെ സംബന്ധിച്ച് അറിയാതെ ഞാൻ ചെറുപ്പമായിരിക്കെ- ശൈഖ് ഇബ്നു അറബി(ﷺ)യുടെ ഖബറിലേക്ക് അവിടെ നമസ്കരിക്കുവാനായി പോകാറുണ്ടായിരുന്നു. ഇങ്ങനെയുള്ള കാര്യം നിഷിദ്ധമാണെന്ന് മനസിലാക്കിയതിന് ശേഷം എന്നെ കൊണ്ടുപോകാറുള്ള ശൈഖിനോട് ഒരുപാട് ചർച്ചകൾ നടത്തിയത് കൊണ്ട് അദ്ദേഹത്തിനും അല്ലാഹു ഹിദായത്ത് നൽകുകയുണ്ടായി. അങ്ങിനെ അവിടങ്ങളിലുള്ള നമസ്കാരം അദ്ദേഹം തടയുകയും ചെയ്തു. ഞാൻ കാരണത്താൽ സന്മാർഗത്തിലായതിനാൽ എന്നോടതിന് അദ്ദേഹം നന്ദി പറയാറുണ്ടായിരുന്നു. അല്ലാഹു അദ്ദേഹത്തിന് കാരു

ണ്യം നൽകുകയും, പൊറുത്ത് കൊടുക്കുകയും ചെയ്യുമാറാവട്ടെ.

സന്മാർഗത്തിലാക്കിയ അല്ലാഹുവിനാണ് സർവ്വ സ്തുതിയും, അല്ലാഹു സന്മാർഗത്തിലാക്കിയിരുന്നില്ലെങ്കിൽ ഞങ്ങൾ സന്മാർഗികളാവുകയില്ലായിരുന്നു.

ഖബറുകളിന്മേൽ പടുത്തുയർത്തപ്പെട്ട പള്ളികളിൽ ഖബറിലേക്ക് മുന്നിടാതെയുള്ള നമസ്കാരവും കറാഹത്താണ്.

ഖബറുകളിന്മേൽ പടുത്തുയർത്തപ്പെട്ട പള്ളികളിലുള്ള നമസ്കാരം ഏത് രൂപത്തിലായിരുന്നാലും കറാഹത്താണ്, അത് ഖബറിലേക്ക് മുന്നിടുകയോ, പിന്നിടുകയോ, ഇടതോ, വലതോ ആയിരുന്നാലും ശരി. അവിടങ്ങളിലെ ഏതവസ്ഥയിലുള്ള നമസ്കാരവും കറാഹത്താണ്. എന്നാൽ ഖബറിലേക്ക് നമസ്കരിക്കുകയാണെങ്കിൽ കറാഹത്തിന്റെ കാഠിന്യം വർദ്ധിക്കുന്നതാണ്. കാരണം ഈ അവസ്ഥയിൽ നമസ്കരിക്കുന്നവൻ രണ്ട് നിയമലംഘനങ്ങളാണ് നടത്തുന്നത്. **ഒന്ന്:** ആ പള്ളിയിലുള്ള നമസ്കാരം, **രണ്ടാമത്തേത്:** ഖബറിലേക്കുള്ള നമസ്കാരം, ഇത് പള്ളിയിലാണെങ്കിലും അല്ലാത്ത സ്ഥലങ്ങളിലാണെങ്കിലും ശരി പ്രവാചകൻ(ﷺ)യിൽ നിന്ന് വ്യക്തമായ പ്രമാണങ്ങൾ കൊണ്ട് നിരുപാധികം വിരോധിക്കപ്പെട്ട കാര്യമാകുന്നു.

## ഈ വിഷയത്തിൽ പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ:

ഇമാം ബുഖാരി(ﷺ) തന്റെ(الصحيح)ൽ ഈ ആശയത്തെ സൂചിപ്പിച്ച് കൊണ്ട് ഒരു അദ്ധ്യായം തന്നെ കൊടുക്കുന്നു:(ഖബറുകൾ പള്ളികളാക്കുന്നത് വിരോധിക്കുന്ന അദ്ധ്യായം.ഹസൻ ഇബ്നുഅൽഹുസൈൻ ഇബ്നു അലി മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ഖബറിന് മുകളിൽ ഒരു ഖുബ്ബയുണ്ടാക്കുകയുണ്ടായി പിന്നീട് അത് നീക്കം ചെയ്തു.അപ്പോൾ ഒരാൾ അട്ടഹസിക്കുന്നതായി അവർ കേട്ടു: അറിയുക, നിങ്ങൾ ക്വബറിൽ നിന്ന് ഉദ്ദേശിച്ചത് നിങ്ങൾക്ക് ലഭിച്ചുവോ? അപ്പോൾ വേറെ ഒരാൾ പറയുകയുണ്ടായി: ഇല്ല,അവർ നിരാശരായി, അങ്ങിനെ അവർ അതിൽ നിന്ന് (ഖുബ്ബയിൽ നിന്ന്) പിൻമാറുകയും ചെയ്തു). തുടർന്ന് മുകളിൽ കഴിഞ്ഞ് പോയിട്ടുള്ള ചില ഹദീസുകൾ അദ്ദേഹം ഉദ്ധരിക്കുന്നു. ശാഫിഈ മദ്ഹബുകാരനായ ഹാഫിള് ഇബ്നുഹജർ(ﷺ) ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: (ഈ അദ്ധ്യായത്തിൽ ഈ അഥർ ഉദ്ധരിക്കുവാനുള്ള കാരണം ടെന്റുകളിൽ താമസിക്കുന്നവർക്ക് അവിടെ നമസ്കരിക്കാതിരിക്കുവാൻ കഴിയില്ല, അപ്പോൾ ഖബറിനടുത്ത് പള്ളിയുണ്ടാക്കേണ്ടിവരും,ഒരു പക്ഷേ,ഖബർ ഖിബ്ലയുടെ ഭാഗ

ത്തായിരിക്കും, അപ്പോൾ കറാഹത്തിന്റെ കാഠിന്യം വർദ്ധിക്കുന്നതാണ്)[91]

(عمـدة القـارئ) (١٤٩/٤)ൽ ഹനഫിക്കാരനായ അൽ ഐനി(ﷺ) ഇതുപോലെ പറഞ്ഞിട്ടുണ്ട്.

അതുപോലെ (الكوكـب الدري على جـامع الترمـذي)യിൽ ശൈഖ് അൽ മുഹക്കിഖ് മുഹമ്മദ് യഹ്‌യാ അൽ കാൻദലവി അൽ ഹനഫി (ص ١٥٣)ൽ പറയുന്നു:

(അതിന്മേൽ പള്ളിയുണ്ടാക്കുകയെന്നത്, പ്രവാചകന്മാരുടെയും, നേതാക്കളുടെയും ഖബറിടങ്ങളെ പള്ളികളാക്കുന്ന ജൂതരോട് സാദൃശ്യപ്പെടലുണ്ട്, അതുപൊലെ വിഗ്രഹാരാധനയോട് സാമ്യതയുള്ള ശവത്തെ മഹത്വപ്പെടുത്തലുമുണ്ട്. ഖബർ ഖിബ്‌ലയുടെ ഭാഗത്താണെങ്കിൽ അതിന്റെ കറാഹത്ത് ഖബർ ഇടത് വശത്തോ, വലത് വശത്തോ ഉള്ളതിനേക്കാൾ കാഠിന്യമുള്ളതാണ്. നമസ്കരിക്കുന്നവന്റെ പിൻഭാഗത്താണെങ്കിൽ കറാഹത്ത് ലഘുവായതാണ്.എന്നിരുന്നാലും ഒരു അവസ്ഥയും കാറാഹത്തിൽ നിന്ന് ഒഴിവാകുകയില്ല).

(شرعة الإسـلام)എന്ന ഹനഫി കിതാബിൽ(ص ١٦٩)നമുക്ക് ഇങ്ങനെ കാണാവുന്നതാണ്:(ഖബറിന്മേൽ നമസ്കരിക്കുന്ന പള്ളിയുണ്ടാക്കുന്നത് കറാഹത്താണ്).

---

(91) ونقل الشيخ محمد بن مخيمر من علماء الأزهر في" القول المبين " ( ص ٨١ ) عن الحافظ ابن حجر أنه قال في " شرح الفتح " لحديث ذي الخلصة من " صحيح البخاري " في الكلام على الغزوات ما نصه: وفي الحديث النهي عن الصلاة في المساجد التي فيها قبور يفتتن الناس بها وأنه يجب إزالتها قلت : ولم أره في المكان المذكور من الفتح " فيحتمل أن يكون في موضع آخر منه . والله أعلم

നാം മുകളിൽ ഉദ്ധരിച്ച പണ്ഡിതന്മാരുടെ അഭിപ്രായത്തെ ബലപ്പെടുത്തുന്നതാണ് ഈ ഉദ്ധരണിയും, അതുപോലെ ഇമാം മുഹമ്മദ്(ﷺ)യിൽ നിന്നും ഇതു പോലെയുള്ള ഉദ്ധരണി നാം മുകളിൽ ഉദ്ധരിച്ചിട്ടുണ്ട്.

ഖബറിന്മേൽ പടുത്തുയർത്തിയ പള്ളിയിൽ നമസ്കരിക്കുന്നത് കറാഹത്താണെന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ ഉദ്ധരിച്ചതിൽ നിന്നും നമുക്ക് മനസിലാക്കുവാൻ കഴിയുന്നത്, അത് ഖബറിലേക്ക് നമസ്കരിച്ചാലും ഇല്ലെങ്കിലും ശരി. അത്കൊണ്ട് തന്നെ ഖബറിന്മേൽ പടുത്തുയർത്തിയ പള്ളിയിലെ നമസ്കാരവും, പള്ളിയില്ലാത്ത ഖബറിലേക്കുള്ള നമസ്കാരവും തമ്മിലുള്ള വ്യത്യാസം നാം ശരിക്കും മനസിലാക്കേണ്ടതുണ്ട്. പള്ളിയില്ലാത്ത ഒരു ഖബറിലേക്ക് നമസ്കരിക്കുമ്പോൾ ഖബറിലേക്ക് മുന്നിട്ടതോടെ അത് കറാഹത്തായി തീർന്നു. എന്നാൽ ചില പണ്ഡിതന്മാർ ഖബറിലേക്ക് മുന്നിടണമെന്ന നിബന്ധന വെച്ചിട്ടില്ല, മറിച്ച് ഖബറിടത്തിൽ നിരുപാധികം നമസ്കരിക്കുന്നത് തന്നെ കറാഹത്താക്കിയിരിക്കുന്നു. ഹമ്പലി മദ്ഹബിൽ നിന്ന് അൽപം മുമ്പ് ഇത് നാം ഉദ്ധരിച്ചിട്ടുണ്ട്. അതുപോലെ ഹനഫി കിതാബായ (حاشية الطحاوي) على (مراقي الفلاح) (ص ٢٠٨)യിലും നമുക്ക് കാണാം. ഇതാണ് പ്രവാചകൻ(ﷺ)യുടെ താഴെ വരുന്ന ഹദീസനുസരിച്ച് തിന്മകളെ തടയുകയെന്ന കാര്യത്തിന് കൂടുതൽ യോജിച്ചത്.

( ...അസ്പഷ്ടമായതിനെ ആരെങ്കിലും സൂക്ഷിക്കുകയാണെങ്കിൽ അവൻ അവന്റെ മതത്തെയും, അഭിമാനത്തെയും സംരക്ഷിച്ചിരിക്കുന്നു.ആരെങ്കിലും അസ്പഷ്ടമായതിൽ പെട്ട് പോകുകയാണെങ്കിൽ അവൻ ഹറാമിലാണ് പതിച്ചിരിക്കുന്നത്. അതിരുകൾക്കരികിലൂടെ മൃഗത്തെ മേയ്ക്കുന്ന ഒരു ഇടയനെ പോലെ, മറ്റുള്ളവരുടെ സ്ഥലത്തേക്ക് തന്റെ മൃഗങ്ങൾ മേയാൻ സാധ്യതയുള്ളത് പോലെ ... )[92]

---

[92] നുഅ്മാനുബ്നു ബഷീർ ഉദ്ധരിച്ച മുത്തഫഖുൻ അലൈഹി ആയ ഹദീസാണ് ഇത്.

## അധ്യായം: 7

# ഈ വിധി മസ്ജിദുന്നബവി ഒഴിച്ച് മററു മുഴുവൻ പള്ളികൾക്കും ബാധകമാണ്

പുതിയതോ, പഴയതോ, ചെറുതോ, വലുതോ ആയ മുഴുവൻ പള്ളികൾക്കും ഈ വിധി ബാധകമാണ്.കാരണം തെളിവുകൾ വ്യക്തമാക്കുന്നത് മുഴുവൻ[93] പള്ളികൾക്കും ഈ നിയമം ബാധകമാണ് എ

---

[93] (شرح الصدور في تحريم رفع القبور) എന്ന ഗ്രന്ഥത്തിൽ ശൗകാനി 'പ്രവാചകൻ(ﷺ) ഖബറുകളെ വെള്ള പൂശുന്നതും, അതിന്മേൽ കെട്ടിടമുണ്ടാക്കുന്നതും പ്രവാചകൻ വിലക്കിയിരിക്കുന്നു' എന്ന മുകളിൽ നാം പറഞ്ഞ ജാബിർ(ﷺ)വിന്റെ ഹദീസ് ഉദ്ധരിച്ചതിന് ശേഷം പേജ്: 70 (المجموعة المنيرة)യിൽ നിന്ന് പറയുന്നു:

(ഖബറുകളിന്മേൽ കെട്ടിടമുണ്ടാക്കുന്നത് വിരോധിക്കപ്പെട്ടതാണെന്ന് ഇത് വ്യക്തമാക്കുന്നു, അതുപോലെതന്നെ അധിക ജനങ്ങളും ചെയ്യുന്നത് പോലെ ഖബറിന് ചുറ്റും കെട്ടിടമുണ്ടാക്കുന്നതും,ഖബറുകൾ ഒരു ചാണിലധികം കെട്ടി ഉയർത്തുന്നതും ഈ ഗണത്തിൽ പെടുന്നതാണ്. കാരണം ഖബറിന് മുകളിൽ മാത്രം കെട്ടിടമോ, പള്ളിയുണ്ടാക്കാനോ സാധ്യമല്ലല്ലോ, അതുകൊണ്ട് തന്നെ ഖബറിന് ചുറ്റും, അതിന്റെ അടുത്ത സ്ഥലങ്ങളും കൂട്ടിയാണല്ലോ കെട്ടിടമോ, പള്ളിയോ ഉണ്ടാക്കുക അതും ഈ വിധിയിൽ തന്നെ വരുന്നതാണ്. ഇത് തന്നെയാണ് ഖബറിന് ചുറ്റും, അതല്ലെങ്കിൽ ഖബറിന്റെ ഒരുഭാഗത്ത് കെട്ടിടമുണ്ടാക്കുന്നതും. ഇന്ന് കാണുന്ന കുബ്ബകളും, ജാറങ്ങളുമെല്ലാം തന്നെ അതിന്റെ മധ്യത്തിലോ, ഏതെങ്കിലും ഭാഗങ്ങളിലോ ആണ് ഖബർ സ്ഥിതി ചെയ്യുന്നത്. ഇതും ഖബറിന് മുകളിൽ പള്ളിയോ, കെട്ടിടമോ നിർമ്മിക്കുന്നതിന്റെ വരുതിയിൽ വരുന്നതാണെന്ന കാര്യം എല്ലാവർക്കും അറിയുന്നതാണ്. ഉദാഹരണമായി ഒരു ഭരണാധികാരി തന്റെ പട്ടണത്തിലോ,ഗ്രാമത്തിലോ ഒരു മതിലുണ്ടാക്കി എന്ന് പറയുമ്പോഴും, ഒരാൾ ഇന്ന സ്ഥലത്ത് ഒരു പള്ളിയുണ്ടാക്കിയെന്ന് പറയുമ്പോഴും ഉദ്ദേശിക്കപ്പെടുന്നത് ഉണ്ടാക്കപ്പെട്ട കെട്ടിടമോ, പള്ളിയോ ആ പട്ടണത്തിന്റെയോ സ്ഥലത്തിന്റെയോ ഏതെങ്കിലും ഒരു ഭാഗത്താണെന്നാണ്. അതല്ലാതെ ആ സ്ഥലത്തെ മുഴുവനും അത് വലയം ചെയ്യുന്നില്ല, അതുപോലെ ഉണ്ടാക്കപ്പെട്ട കെട്ടിടം ചെറിയതോ, വലിയതോ, കുടുസായ സ്ഥലത്തോ ആണെങ്കിലും ശരി ആ പട്ടണത്തിന്റെ മധ്യത്തിലോ, അതിനോടടുത്തോ, അതല്ലെങ്കിൽ വലിയ പട്ടണത്തിലോ, വലിയ ഗ്രാമത്തിലോ

ന്നാണ്, ഇതിൽ നിന്ന് മുഹമ്മദ് നബി(ﷺ)യുടെ ഖബർ സ്ഥിതി ചെയ്യുന്ന മസ്ജിദുന്നബവി മാത്രമെ ഒഴിവാകുകയുള്ളൂ. കാരണം മറ്റു പള്ളികൾക്ക് ഇല്ലാത്ത ഒരുപാട് ശ്രേഷ്ഠത ഈ പള്ളിക്കുണ്ട്.[94] അതിൽ പെട്ട

---

വിശാലമായ സ്ഥലത്തോ ആണെങ്കിൽ അവയുടെ ഏതെങ്കിലും ഭാഗത്തായിരിക്കും ആ കെട്ടിടം സ്ഥിതി ചെയ്യുന്നത്. അറബി ഭാഷയിൽ ഇങ്ങനെ പറയാറില്ലാ,അത് വിരോധിക്കപ്പെട്ടതാണെന്ന് പറയുന്നവർക്ക് അറബി ഭാഷ അറിയില്ല,അവർക്കത് മനസിലാവുകയുമില്ല, അവരുടെ ഭാഷയാണെങ്കിൽ പോലും അത് എങ്ങിനെയാണ് ഉപയോഗിക്കുക എന്നും അവർക്ക് അറിയില്ല.)

(94) ഈ സാഹചര്യത്തിൽ ഞാൻ പറയട്ടെ; (أخبار الدول ٤١/١)എന്ന കിതാബിന്റെ ഹശിയയിൽ അല്ലാമാ ഇബ്നു ആബിദീൻ സുഫ്യാനു ഥൗരി(ﷺ)യിൽ നിന്ന് പറഞ്ഞ (ദിമശ്ഖിലെ ഒരു നമസ്കാരം മുപ്പതിനായിരം നമസ്കാരമാണ്)! എന്നത് എത്ര അൽഭുതകരമായ തന്നിഷ്ടം പറയലും, വഴിപിഴപ്പിക്കുന്ന ഊഹവുമാണ്.

ഞാൻ പറയുന്നു: ഇത് നിരർത്ഥകമാണ്,പ്രവാചകൻ(ﷺ)യിൽ നിന്ന് വന്നുവെന്നതിന് യാതൊരു അടിസ്ഥാനവുമില്ലെന്ന് മാത്രമല്ല,സുഫ്യാൻ ഥൗരിയിൽ നിന്ന് പോലും ഇങ്ങനെ വന്നിട്ടില്ല. (فضائل الشام ودمشق - ص ٣٠-٣٧) എന്ന കിതാബിൽ അബുൽ ഹസൻ അററുബൈഹി റിപ്പോർട്ട് ചെയ്തതാണ് ഇത്. അതുപോലെ ഇബ്നു അസാകിർ തന്റെ (تاريخ دمشق -١٢/٢) അഹ്മദ്ബ്നു അനസ്ബ്നു മാലികിൽ നിന്ന് അദ്ദേഹത്തിന് ഹബീബ് അൽമുഅദ്ദിൻ, അദ്ദേഹത്തിനോട് അബൂസിയാദ് അശ്ശഹ്ബാനി, അബൂ ഉമയ്യ അശ്ശഹ്ബാനി അവർ രണ്ട് പേരും പറഞ്ഞു: (ഞങ്ങൾ മക്കയിലായിരുന്നു, അപ്പോഴതാ കഅബയുടെ തണലിൽ ഒരാൾ, ആ വ്യക്തി സുഫ്യാനു ഥൂരിയായിരുന്നു, ഒരാൾ അദ്ദേഹത്തോട് ചോദിക്കുക യുണ്ടായി: അല്ലയോ അബൂഅബ്ദില്ലാഹ് ഈ നാട്ടിലുള്ള നമസ്കാരത്തെ സംബന്ധിച്ച് താങ്കൾ എന്ത് പറയുന്നു? അദ്ദേഹം പറഞ്ഞു: ഒരു ലക്ഷം നമസ്കാരമാണ്, അപ്പോൾ റസൂൽ(ﷺ)യുടെ പള്ളിയിലോ? പറഞ്ഞു: അൻപതിനായിരമാണ്, ചോദിക്കപ്പെട്ടു: ബൈതുൽ മുഖദ്ദസിലോ? പറ ഞ്ഞു: നാൽപതിനായിരം നമസ്കാരമാണ്, ചോദിച്ചു: ദിമശ്ഖിലെ പള്ളിയിലോ? പറഞ്ഞു: മുപ്പതിനായിരമാണ്.)

ഞാൻ പറയുന്നു: ഈ സനദ് ദുർബ്ബലമാണ്, അജ്ഞാതവുമാണ്. ഇവിടെ അൽബാനി(ﷺ) വിശദമായി ഹദീസിന്റെ നിദാന ശാസ്ത്രത്തിന്റെയടിസ്ഥാനത്തിൽ ഒരു പാട് കാര്യങ്ങൾ വിശദമാക്കുന്നുണ്ട്. അത് അറബിയിൽ തന്നെ കൊടുക്കുന്നു:

قلت : وهذا إسناد ضعيف مجهول أبو زياد الشبعاني الظاهر أنه خيار بن سلمة أبو زياد الشامي وقرينه أبو أمية الشعباني فهو يحمد بضم التحتانية وسكون المهملة وكسر الميم وهما مقبولان كما في " التقريب " لكن الرواي

താണ് പ്രവാചകൻ(ﷺ) പറയുന്നു:'ഈ പള്ളി (മസ്ജിദുന്നബവി)യിലുള്ള ഒരു നമസ്കാരം മസ്ജിദുൽ ഹറാം ഒഴിച്ച് മറ്റു പള്ളികളേക്കാൾ ആയിരം ഇരട്ടി പ്രതിഫലമുള്ളതാകുന്നു,(അതാണ് ശ്രേഷ്ഠതയുള്ളത്))[95]

അതുപോലെ പ്രവാചകൻ(ﷺ) പറയുന്നു: (എന്റെ വീടിന്റെയും[96] മിമ്പറിന്റെയും ഇടയിലുള്ള സ്ഥലം സ്വർഗ തോപ്പിലെ ഒരു തോട്ടമാകുന്നു)[97]

---

عنهما حبيب المؤذن مجهول أورده ابن عساكر في " تاريخه " ولم يزد في ترجمته على قوله فيه " كان يؤذن في مسجد سوق الأحد " والرواي عنه أحمد بن أنس لم أجد له ترجمة

ومما يبطل هذا الأثر عن سفيان هو أحد رواة حديث أبي هريرة الآتي أن الصلاة في مسجده صلى الله عليه وسلم بألف صلاة فيبعد أن يقول بخلاف ما صح عنده عنه صلى الله عليه وسلم ومما يبطله أيضا أن أكثر ما صح عنه صلى الله عليه وسلم في فضل الصلاة في بيت المقدس أنها بألف صلاة رواه ابن ماجة ( ١ / ٤٢٩ ٤٣٠ ) وأحمد ( ٤٦٣/٦) بسند جيد وهذا الأثر يقول : أنها بأربعين ألف صلاة

ثم بدا لي أنه غير جيد السند فيه علة تقدح في صحته وإن كان لي سلف في تصحيحه وقد بينتها في " صعيف أبي داود " " باب السرج في المساجد " . نعم قد صح أن الصلاة في بيت المقدس على الربع من الصلاة في المسجد النبوي رواه البيهقي فيه يبطل أثر الثوري من باب أولى كما لا يخفى.

(95) അബൂഹുറൈറ(ﷺ)വിൽ നിന്ന് ബുഖാരിയും മുസ്ലിമും മറ്റുള്ളവരും ഉദ്ധരിച്ചത്. മുസ്ലിമും അഹ്മദും ഇബ്നു ഉമറി(ﷺ)ൽ നിന്ന് അൽപം വർദ്ധനവോടെ ഉദ്ധരിച്ചത്. ഇതിൽ നിരവധി സ്വഹാബികളിൽ നിന്ന് ഒരുപാട് സനദിലൂടെയുള്ള റിപ്പോർട്ടും, ഒരുപാട് شواهد ഉം ഉണ്ട്, ഇത് الثمر) (المستطاب في فقه السنة والكتاب എന്ന എന്റെ ഗ്രന്ഥത്തിൽ ഞാൻ വ്യക്തമാക്കിയിട്ടുണ്ട്.

(96) (بيتي) –'എന്റെ വീട്' എന്ന പദമാണ് സ്വഹീഹായി വന്നത്, എന്നാൽ ജനങ്ങൾക്കിടയിൽ പ്രശസ്തിയാർജിച്ചത് (قبري) 'എന്റെ ഖബർ'എന്ന പദമാണ്.എന്നാൽ അൽ അസ്ഖലാനി, ഇബ്നുതീമിയ്യ: ഖുർത്വുബി പോലെയുള്ളവർ ദൃഢമായി പറഞ്ഞത് പ്രകാരം അത് ചില റിപ്പോർട്ടർമാർക്ക് വന്ന തെറ്റാകുന്നു. അത്കൊണ്ട് തന്നെ സ്വഹീഹായ ഗ്രന്ഥങ്ങളിൽ ഇതുപോലെ ഒന്നും തന്നെ ഉദ്ധരിക്കപ്പെട്ടിട്ടില്ല.ചില റിപ്പോർട്ടുകളിൽ വന്നതിനാൽ അത് സ്വഹീഹാവുകയില്ല. കാരണമത് ആശയമനുസരിച്ച് റിപ്പോർട്ട് ചെയ്യലാണ്. ശൈഖുൽ ഇസ്ലാം ഇബ്നു തീമിയ്യ:

വേറെയും ഒരുപാട് ശ്രേഷ്ടതകൾ ഉണ്ട്.ഈ പള്ളിയിൽ നമസ്കരിക്കുന്നത് കറാഹത്താണെന്ന് നാം പറയുകയാണെങ്കിൽ ഈ പള്ളിയെ മറ്റു പള്ളികളെ പോലെയാക്കലും, ഈ ശ്രേഷ്ടതകളെല്ലാം തന്നെ ഇല്ലായ്മ ചെയ്യലുമാണ്. ഇത് അനുവദനീയമല്ലായെന്ന് ഒറ്റനോട്ടത്തിൽ തന്നെ വ്യക്തമാവുന്നതാണ്.

മുകളിൽ നാം ഉദ്ധരിച്ച ഇബ്നു തീമിയ്യ:(ﷺ)യുടെ വാക്കുകളിൽ നിന്നാണ് നമുക്ക് ഇത് മനസിലായത്. അദ്ദേഹം നമസ്കരിക്കുവാൻ പാടില്ലാത്ത സമയങ്ങളിൽ കാരണങ്ങൾ ഉണ്ടെങ്കിൽ നമസ്കരിക്കാം എന്നത് വിശദീകരിക്കുന്ന വേളയിൽ പറയുകയുണ്ടായി, ഈ സമയങ്ങളിൽ നമസ്കാരം അനുവദനീയമാവും, കാരണം ആ സമയത്ത് കാരണമുള്ള നമസ്

---

തന്റെ(ص ٧٤) (القاعدة الجليلة)ൽ ഹദീസ് ഉദ്ധരിച്ചതിന് ശേഷം പറയുന്നു: 'ഇതാണ് സ്വഹീഹിൽ സ്ഥിരപ്പെട്ട് വന്നിട്ടുള്ളത്. എന്നാൽ ചിലർ ആശയത്തിനനുസരിച്ച് ഉദ്ധരിച്ച് കൊണ്ട് 'എന്റെ ഖബർ' എന്ന് പറഞ്ഞിട്ടുണ്ട്.എന്നാൽ ഇത് പറയുന്ന സന്ദർഭത്തിൽ പ്രവാചകൻ(ﷺ)യുടെ ഖബർ ഉണ്ടായിരുന്നില്ല. അത്കൊണ്ട് തന്നെ റസൂലുല്ലായെ എവിടെ മറമാടണമെന്ന തർക്കം വന്നപ്പോൾ ഒരു സ്വഹാബിയും തന്നെ ഇത് തെളിവായി പിടിച്ചില്ല. ഈ കാര്യം അവർക്ക് അറിയാമായിരുന്നെങ്കിൽ തർക്കവേളയിൽ ഇത് ഒരു പ്രമാണമായി ഉദ്ധരിക്കുമായിരുന്നു. എന്നാൽ പ്രവാചക(ﷺ)നെ മറമാടിയത് തിരുമേനി(ﷺ) മരണമടഞ്ഞ ആയിശാ(ﷺ)യുടെ റൂമിലാകുന്നു بأبي هو وأمي صلوات الله وسلامه عليه

ശ്രദ്ധിക്കുക: എന്നാൽ ചില പണ്ഡിതന്മാരുടെ ഊഹം നവവി(ﷺ) തന്റെ (المجموع) ൽ (قبري) എന്ന പദത്തോടെ ബുഖാരിയുടെയും മുസ്ലിമിന്റെയും പേരിൽ ചേർത്തി പറഞ്ഞിട്ടുണ്ട്. എന്നാൽ ഇത് അവരുടെ അടുത്ത് യാതൊരു അടിസ്ഥാനവുമില്ല. അത്കൊണ്ട് നല്ലപോലെ ശ്രദ്ധിക്കുക.

(97) അബ്ദുല്ലാഹ് ഇബ്നു സൈദ് അൽമാസിനിയിൽ നിന്ന് ബുഖാരിയും മുസ്ലിമും മറ്റുള്ളവരും ഉദ്ധരിച്ച ഹദീസ്. സുയൂത്വി പറഞ്ഞത് പോലെ ഇത് മുതവാതിറായ ഹദീസാണ്. ഞാൻ തന്നെ ഈ ഹദീസിന് പ്രവാചകൻ(ﷺ)യിൽ നിന്ന് ഏഴ് സനദുകൾ ഉദ്ധരിച്ചിട്ടുണ്ട്.

കാരത്തെ തടയുന്നത് പ്രതിഫലം പാഴാക്കലാണ്, കാരണം ആ സമയം കഴിഞ്ഞാൽ ആ ശ്രേഷ്ഠതയും പ്രതിഫലവും കരഗതമാക്കുവാൻ കഴിയില്ല. ഇതു പോലെ തന്നെയാണ് പ്രവാചകൻ(ﷺ)യുടെ പള്ളിയിലുള്ള നമസ്കാരം എന്ന് പറയാവുന്നതാണ്. ഇബ്ന തീമിയ്യ:(رحمه الله) വ്യക്തമായി തന്നെ ഇങ്ങനെ പറഞ്ഞത് എനിക്ക് കാണുവാൻ സാധിക്കുകയുണ്ടായി. അദ്ദേഹം തന്റെ ഗ്രന്ഥമായ (الجـواب البـاهر في زور المقـابر) (٢٢/١-٢) ൽ[98] പറഞ്ഞിട്ടുണ്ട്.

(ഖബറിന്മേൽ പടുത്തുയർത്തപ്പെട്ട പള്ളികളിലുള്ള നമസ്കാരം നിരുപാധികം വിരോധിക്കപ്പെട്ടതാകുന്നു, മസ്ജിദുന്നബവി ഇതിൽ നിന്ന് ഒഴിവാണ്. കാരണം അതിലുള്ള നമസ്കാരം ആയിരം പ്രതിഫലമുള്ള നമസ്കാരമാണ്, അത് തഖ്‌വയുടെ അടിത്തറയിൽ പടുത്തുയർത്തപ്പെട്ട പള്ളിയുമാണ്, മസ്ജിദുന്നബവിയുടെ പവിത്രത പ്രവാചക(ﷺ)ന്റെയും, സ്വഹാബാക്കളുടെയും ജീവിത കാലത്ത് തന്നെയുള്ളതാണ്, അതുപോലെ പ്രവാചക(ﷺ)ന്റെ റൂം അതിലേക്ക് കൂട്ടി ചേർക്കുന്നതിന്നും മുമ്പുള്ളതാണ്. സ്വഹാ

[98] ളവാഹിരിയ്യാ ലൈബ്രറിയിൽ ഇത് കൈയ്യഴുത്ത് പ്രതിയാണ്. ഈ വിഷയത്തിൽ ഈ കിതാബ് വളരെ മൂല്യമുള്ളതാണ്.

ആഗ്രഹം നിറവേറി, ഈ കിതാബ് ഖാഹിറയിലെ മക്തബ സലഫിയ്യ: പ്രസിദ്ധീകരിച്ചിട്ടുണ്ട്.ഇതിന്റെ പ്രസിദ്ധീകരണത്തിന് നേതൃത്വം നൽകിയിരിക്കുന്നത് രണ്ട് മഹാന്മാരായ പണ്ഡിതന്മാരാണ്.ഹിജാസിലെ നന്മ കൽപിക്കുകയും, തിന്മ വിരോധിക്കുകയും ചെയ്യുന്ന ബോഡിന്റെ ചെയർമാനായ ശൈഖ് അബ്ദുൽ മലിക് ബ്നു ഇബ്രാഹീമും (അല്ലാഹു അദ്ദേഹത്തിന്റെ ആയുസ്സിൽ അനുഗ്രഹം ചൊരിഞ്ഞിരിക്കുന്നു), ശൈഖ് മുഹമ്മദ് നസ്വീഫ്(رحمه الله) എന്നിവരാകുന്നു.

ബാക്കളുടെ കാലഘട്ടം കഴിഞ്ഞതിന് ശേഷമാണ് റൂം പള്ളിയിലേക്ക് കൂട്ടി ചേർക്കപ്പെട്ടത്).

പിന്നീട് (٢/٦٩ -١/٦٨)ൽ പറയുന്നു:(റൂമുകൾ കൂട്ടി ചേർക്കുന്നതിന് മുമ്പ്തന്നെ പള്ളി ശ്രേഷ്ഠതയുള്ളതായിരുന്നു, നബി(ﷺ) തനിക്കും, മുഅ്മിനീങ്ങൾക്കും വേണ്ടി നിർമ്മിക്കപ്പെട്ടതാണെന്നതാണ് അതിന്റെ ശ്രേഷ്ഠത,അദ്ദേഹമതിൽ നമസ്കരിച്ചിട്ടുണ്ട്, അവസാന നാൾ വരെ മുഅ്മിനീങ്ങൾ അതിൽ നമസ്കരിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. അദ്ദേഹം നിർമ്മിച്ചുവെന്നത് തന്നെ അതിന്റെ പ്രത്യേകതയാകുന്നു, പ്രവാചകൻ(ﷺ) പറയുന്നു: (ഈ പള്ളി (മസ്ജിദുന്നബവി)യിലുള്ള ഒരു നമസ്കാരം മസ്ജിദുൽ ഹറാം ഒഴിച്ച് മറ്റു പള്ളികളേക്കാൾ ആയിരം ഇരട്ടി പ്രതിഫലമുള്ളതാകുന്നു)[99]

പ്രവാചകൻ(ﷺ) പറയുകയുണ്ടായി:

(لاَ تُشَدُّ الرِّحَالُ إِلاَّ إِلَى ثَلاَثَةِ مَسَاجِدَ مَسْجِدِ الْحَرَامِ وَمَسْجِدِ الْأَقْصَى وَمَسْجِدِي)

(എന്റെ പള്ളി, മസ്ജിദുൽ അഖ്സാ, മസ്ജിദുൽ ഹറാം തുടങ്ങിയ മൂന്ന് പള്ളികളിലേക്കല്ലാതെ പുണ്യമാഗ്രഹിച്ച് കൊണ്ട് യാത്ര ചെയ്യുവാൻ പാടില്ല)

റൂമുകൾ പള്ളിയിലേക്ക് കൂട്ടിചേർക്കുന്നതിന് മുമ്പ് തന്റെ ഈ ശ്രേഷ്ഠതകളെല്ലാം ഉണ്ട്. റൂമുകൾ പള്ളിയിലേക്ക് കൂട്ടിചേർത്തപ്പോൾ മുമ്പുണ്ടായിരു

[99] മുത്തഫഖുൻ അലൈഹി, അബൂഹുറൈറ(റ) ഉദ്ധരിച്ച ഹദീസ്. (الإرواء) (٩٧١) ൽ ഞാനിത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ന്നതിനേക്കാൾ ശ്രേഷ്ഠത പള്ളിക്ക് കൂടിയിരിക്കുകയാണെന്ന് വിചാരിക്കൽ അനുവദനീയമല്ല. അവർ റൂമുകളെ പള്ളിയിലേക്ക് കൂട്ടിചേർക്കുവാൻ ഉദ്ദേശിച്ചിരുന്നില്ല, മറിച്ച് പ്രവാചകൻ(ﷺ)യുടെ ഭാര്യമാരുടെ റൂമുകൾ കൂട്ടിചേർക്കുന്നതിലൂടെ പള്ളി വികസിപ്പിക്കുകയെന്നതാണ് ഉദ്ദേശിച്ചിരുന്നത്. അതിനെ വെറുത്തിരുന്ന ചില സലഫുകളിൽ പെട്ടവരുടെ കറാഹത്തോടെ നിർബ്ബന്ധിതാവസ്ഥയിലാണ് റൂമുകൾ കൂട്ടിചേർക്കപ്പെട്ടത്).

വീണ്ടും (٢-١/٥٥)ൽ പറയുന്നു:

(പ്രവാചക(ﷺ)ന്റെ ഖബർ വരുന്നതിന് മുമ്പ് റസൂലുള്ളായും, മുഹാജിറുകളും അൻസാറുകളും നമസ്കരിച്ച് കൊണ്ടിരുന്ന സന്ദർഭത്തിൽ യാതൊരു ശ്രേഷ്ഠതയും ഇല്ലായെന്നും, വലീദ്ബ്നു അബ്ദുൽ മലിക് റൂമുകൾ പള്ളിയിലേക്ക് കൂട്ടിചേർത്തപ്പോഴാണ് ശ്രേഷ്ടതയുണ്ടായതെന്ന് പടുജാഹിലോ, അവിശ്വാസിയോ അല്ലാതെ വിശ്വസിക്കുകയില്ല. അങ്ങിനെയുള്ളവൻ അല്ലാഹു പ്രവാചക(ﷺ)നിലൂടെ നമുക്ക് എത്തിച്ച് തന്ന ശരീഅത്തിനെ കളവാക്കിയവനാണ്, അവൻ ഇസ്ലാമികമായി വധിക്കപ്പെടേണ്ടതാണ്.റസൂലുല്ലായുടെ ജീവിത കാലത്ത് സ്വഹാബികൾ ആ പള്ളിയിൽ ആരാധന നടത്തിയത് പോലെ അതിന് ശേഷവും സ്വഹാബികൾ പ്രവാചകൻ(ﷺ)യുടെ പള്ളിയിൽ ആരാധന നടത്തിയിരുന്നു. തന്റെ ജീവിതത്തിൽ തനിക്ക് ലഭിച്ച ശരീഅത്തല്ലാത്ത ഒരു ശരീഅത്തും തിരുമേനി(ﷺ) സ്വഹാബികൾക്ക് പറഞ്ഞ് കൊടുത്തിട്ടില്ല. മാത്രമല്ല, തന്റെ ഖബറിനെ ഒരു ഉൽസവ

കേന്ദ്രമാക്കുന്നതിനെ അവരോട് വിരോധിക്കുക കൂടി ചെയ്തിട്ടുണ്ട്. അതു പോലെ മറ്റു ഖബറുകളിൽ പടുത്തുയർത്തപ്പെട്ട പള്ളികളിൽ അല്ലാഹുവിന് വേണ്ടി നമസ്കരിക്കുന്നതും വിലക്കുകയുണ്ടായി. അങ്ങിനെ ചെയ്തത് ശിർക്കിലേക്ക് തന്റെ സമൂഹം വന്നെത്തുവാൻ പാടില്ലായെന്ന ആഗ്രഹം കൊണ്ടായിരുന്നു. അല്ലാഹു പ്രവാചക(ﷺ)നെയും, കുടുംബത്തെയും അനുഗ്രഹിക്കുകയും, രക്ഷിക്കുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിന് ഉന്നതമായ പ്രതിഫലം പരിപൂർണമായി തന്നെ നൽകുകയുണ്ടായി. പ്രവാചകൻ (ﷺ) തന്നിൽ ഏൽപിച്ച രിസാലത്ത് പരിപൂർണമായി ജനങ്ങൾക്ക് എത്തിക്കുകയും, അമാനത്ത് പൂർത്തിയാക്കുകയും, തന്റെ സമൂഹത്തെ ഉപദേശിക്കുകയും, അല്ലാഹുവിന്റെ മാർഗത്തിൽ യഥാർത്ഥ ധർമ്മസമരം നടത്തുകയും, തന്റെ രക്ഷിതാവിങ്കലേക്ക് മടങ്ങുന്നത് വരെ അല്ലാഹുവിനെ ആരാധിക്കുകയും ചെയ്തിരിക്കുന്നു).

ഈ വിഷയത്തിൽ വിവരിക്കുവാനായി അല്ലാഹു തൗഫീഖ് നൽകിയ കാര്യങ്ങളാണ് നാം ഇതുവരെ പറഞ്ഞത്. അല്ലാഹുവിന്റെ അനുഗ്രഹത്താലാണ് സൽകർമ്മങ്ങൾ പൂർത്തിയാവുന്നതും, നല്ല കാര്യങ്ങൾ നിത്യമാവുന്നതും,അവന് സ്തുതികളഖിലവും.

وسبحانك اللّٰهُمَّ وبحمدك أشهد أن لا إلٰه إلا أنت أستغفرك وأتوب إليك و صلى الله عليه وسلم على نبينا محمد النبي الأمي وعلى آله وصحبه وسلم وآخر دعوانا أن الحمد لله رب العالمين

# അവലംബ കൃതികൾ:

## مصادر الكتاب


١- القرآن الكريم

٢- محمد بن جرير الطبري (٢٢٤-٣١٠) ( جامعا لبيان في تفسير القرآن) مطبعة دار المعارف.

٣- ابن الجوزي (٥١٠-٥٩٧) (زاد الميسر)

٤- الفخر الرازي محمد بن عمر (٥٤٤-٦٠٦) :(مفاتيح الغيب) طبع الكتبة الخيرية سنة ١٣٠٨ه

٥- القرطبي محمد بن أحمد الأنصاري (٠٠٠ -٦٧١): (الجامع لأحكام القرآن) مطبعة دار الكتب المصرية سنة ١٣٦٩ ه

٦- ابن كثير إسماعيل بن كثير (٧٠١- ٧٧٤): (تفسير القرآن العظيم) طبع مصطفي محمد سنة ١٣٥٦ ه

٧- السيوطي عبد الرحمن بن كمال الدين (٨٤٩-٩٩١) : (الدر المنثور) المطبعة الميمنية) سنة: ١٣١٤ه

٨- الآلوسي محمود بن عبد الله شهاب الدين (١٢١٧-١٢٧٠): (روح المعاني)

٩- إبراهيم بن طهمان (٠٠٠-١٦٨): (مشيخته) مخطوط.

١٠- مالك بن أنس (٩٣-١٧٩): (الموطأ) طبع دار إحياء الكتب العربية سنة: ١٣٤٢ه

١١- عبد الله بن مبارك (١١٨- ١٨١): (الزهد) مخطوط ثم طبع.

١٢- الطيالسي سليمان بن داود (١٢٤-٢٠٤): (المسند بترتيب الشيخ أحمد البنا) المطبعة المنيرية سنة ١٣٧٢هـ

١٣- محمد بن الحسن الشيباني (١٣١-١٨٩): (الآثار) طبع الهند

١٤- عبد الرزاق بن همام (١٢٦- ٢١١): (المصنف)

١٥- الحميدي عبد الله بن الزبير (٠٠٠-٢١٩) (المسند) طبع الهند.

١٦- ابن أبي الشيبة عبد الله بن محمد (٠٠٠-٢٣٥): مخطوط إلا الجزء الرابع فهو مطبوع في الهند.

١٧- القاسم بن سلام (١٥٠- ٢٢٤): (الأموال) طبع مصر.

١٨- أحمد بن حنبل (١٦٤-٢٤١): (المسند) المطبعة الميمنية سنة ١٣١٣ وتصوير بيروت، ومطبعة المعارف سنة ١٣٦٥هـ.

١٩- إسماعيل بن اسحاق القاضي (١٧٩-٢٨٢): (فضل الصلاة على النبي صلى الله عليه وسلم) مخطوط ثم طبع بتحقيق وتخريج المؤلف.

٢٠- الدارمي عبد الله بن عبد الرحمن (١٨١-٢٥٥): (السنن) مطبعة الإعتدال بدمشق سنة ١٣٤٩هـ

٢١- البخاري محمد بن إسماعيل (١٩٤-٢٥٦): (الجامع الصحيح) مع شرحه (فتح الباري) المطبعة البهية بمصر سنة ١٣٤٨هـ.

٢٢- البخاري محمد بن إسماعيل (التاريخ الصغير) ط هند.

٢٣- أبو داود سليمان بن الأشعث (٢٠٢- ٢٧٥) :(السنن) طبع المطبعة التازية سنة ١٣٤٨هـ

٢٤- مسلم بن الحجاج (٢٠٤-٢٦١): (الصحيح) طبع محمد علي صبيح.

٢٥- ابن ماجه محمد بن يزيد (٢٠٩-٢٧٣): (السنن) المطبعة التازية سنة ١٣٤٩هـ

٢٦- الترمذي محمد بن عيسى (٢٠٩-٢٧٩): (السنن مع شرحه (تحفة الأحودي) طبع الهند سنة ١٣٥٢)

٢٧- السراج محمد بن إسحاق (٢١٦-٣١٣): (المسند) مخطوط.

٢٨- ابن خزيمة محمد بن اسحاق (٢٢٣-٣١١): حديث علي بن حجر) مخطوط.

٢٩- النسائي أحمد بن شعيب (٢٢٥-٣٠٣) (السنن الصغرى) المطبعة الميمنية بمصر سنة ١٣١٢هـ

٣٠- المفضل بن محمد الجندي (٠٠٠- ٣٠٨): (_فضائل المدينة) مخطوط.

٣١- أبو يعلى الموصلي (٠٠٠-٣٠٧) : (المسند) مخطوط.

٣٢- أبو عوانة يعقوب بن اسحاق (٠٠٠-٣١٦): (الصحيح) طبع دائرة المعارف بحيدرآباد الدكن سنة ١٣٦٢هـ

٣٣- البغوي أبو القاسم (٢١٤-٣١٧) (من حديث هدبة بن خالد) مخطوط.

٣٤- الطحاوي أحمد بن محمد (٢٣٩-٣٢١): (شرح المعاني الآثار.مطبعة المصطفاني في الهند سنة ١٣٠٠.

٣٥- الطحاوي أحمد بن محمد (٢٣٩-٣٢١): (مشكل الآثار) طبع دائرة المعارف في الهند سنة ١٣٣٣هـ

٣٦- الطبراني سليمان بن أحمد (٢٦٠-٣٦٠): (المعجم الكبير) مخطوط.

٣٧- الطبراني سليمان بن أحمد (٢٦٠-٣٦٠): (المعجم الأوسط) مضموما على (المعجم الصغير) بترتيب الهيثمي مخطوط.

٣٨- الطبراني سليمان بن أحمد (٢٦٠-٣٦٠): (المعجم الصغير) مطبعة الأنصاري.

٣٩- ابن حبان (٠٠٠-٣٥٤): (الصحيح- موارد الظمآن) طبع مصر.

٤٠- الربعي محمد بن عبد الله (٠٠٠- ٣٧٩) (وصايا العلماء عند حضور الموت) مخطوط.

٤١- يوسف بن عمر القواس (٣٠٠-٣٨٦) (حديثه) مخطوط.

٤٢- المخلص محمد بن عبد الرحمن أبو طاهر (٣٠٥-٣٩٣): (المخلصيات) مخطوط.

٤٣- ابن منده محمد بن اسحاق (٣١٦-٣٩٥) (كتاب الإيمان) مخطوط.

٤٤- ابن منده محمد بن اسحاق (٣١٦-٣٩٥) (التوحيد ومعرفة صفات الله تعالى) مخطوط.

٤٥- أبو محمد بن شيبان العدل (؟-؟) (الفوائد) مخطوط.

٤٦- الحاكم محمد بن عبد الله (٣٢١-٤٠٥) (المستدرك) طبع دائرة المعارف في الهند سنة ١٣٤٠هـ

٤٧- أبو الحسن القزويني: على بن عمر ٣٦٠-٤٤٢) (الآمالي) مخطوط.

٤٨- أبو الحسن الربعي علي بن محمد (٠٠٠-٤٤٤): (فضائل الشام ودمشق) مطبعة الترقي سنة ١٩٥٠-، وفي آخره ملاحق أحدها في تخريج أحاديثه بقلمي ثم طبع مفردا.

٤٩- البيهقي أحمد بن الحسين (٣٨٤-٤٥٨): (السنن الكبرى) طبع دائرة المعارف في الهند ١٣٥٢هـ

٥٠- محمد بن أحمد بن إبراهيم أبو عبد الله الرازي (كان في أواسط القرن الخامس) (مشيخته) مخطوط.

٥١- البغوي الحسين بن مسعود (٠٠٠-٥١٦): (شرح السنة)

٥٢- عبد الغني بن عبد الواحد المقدسي ٥٤١- ٦٠٠): (ذكر الإسلام) مخطوط.

٥٣- الضياء المقدسي محمد بن عبد الواحد (٥٦٩- ٦٤٣): (الأحاديث المختارة) مخطوط.

٥٤- المنذري عبد العظيم بن عبد القوي (٥٨١-٦٥٦): (الترغيب والترهيب) المطبعة المنيرية بمصر.

٥٥- النووي يحي بن شرف (٦٣١-٦٧٦): (شرح صحيح المسلم) نشر بمصر.

٥٦- ابن رجب الحنبلي عبد الرحمن بن أحمد (٧٠٦-٧٩٥): (فتح الباري في شرح البخاري) مخطوط.

٥٧- علي بن حسين بن عروة الحنبلي (٧٥٨-٨٣٧) (الكواكب الدراري في ترتيب مسند الإمام أحمد على أبواب البخاري) مخطوط.

٥٨- ابن حجر أحمد بن علي العسقلاني (٧٧٣-٨٥٢): (فتح الباري في شرح البخاري) المطبعة البهية.

٥٩- السيوطي عبد الرحمن بن كمال الدين (٨٣٩-٩١١) (الجامع الصغير) وعليه شرح المنوي، طبع مصطفى محمد سنة ١٣٥٦هـ(الجامع الكبير) مخطوط.

٦٠- السيوطي عبد الرحمن بن كمال الدين (٨٣٩-٩١١) (تنوير الحوالك شرح موطأ مالك) طبع الحلبي سنة ١٣٤٣هـ

٦١- علي القارئ بن سلطان (٠٠٠-١٠١٤): (مرقاة المفاتيح شرح مشكاة المصابيح) المطبعة الميمنية سنة ١٣٠٩هـ.

٦٢- المناوي عبد الرؤوف بن تاج العارفين (٩٥٢-١٠٣١): (فيض القدير شرح الجامع الصغير) طبع مصطفى محمد.

٦٣- الصنعاني محمد بن إسماعيل الأمير (١١٧٢-١٢٥٠): (سبل السلام شرح بلوغ المرام) طبع صبيح.

٦٤- الشوكاني محمج بن علي (١١٧٢-١٢٥٠): (نيل الأوطار شرح منتقى الأخبار) طبع مصطفي البابي الحلبي سنة ١٣٤٧هـ.

٦٥- محمد يحي الكاندهلوي (معاصر) (الكواكب الدري على جامع الترمذي) طبع الهند.

٦٦- المؤلف (الأحاديث الضعيفة والموضوعة وأثرها السيئ في الأمة) المجلد الأول. و(الأحاديث الصحيحة) المجلد الأول والثاني)

٦٧- (الروض النضير في ترتيب معجم الطبراني الصغير) لم يطبع.

٦٨- (حجة الوداع) لم ينجز.

٦٩- (صحيح الجامع الصغير وزيادته) المجلد الأول والثاني.

٧٠- (ضعيف الجامع الصغير وزيادته) المجلد الأول والثاني.

٧١- (ضعيف سنن ابي داود) يسر الله إتمامه.

٧٢- (صحيح سنن ابي داود) يسر الله إتمامه.

٧٣- (إرواء الغليل في تخريج أحاديث منار السبيل).

٧٤- صلاة التراويح. طبع الترقي بدمشق.

٧٥- (تخريج المشكاة).

٧٦- الشافعي محمد بن إدريس (١٥٠- ٢٠٤). (الرسالة) بتحقيق أحمد محمد شاكر.

٧٧- الشافعي محمد بن إدريس (١٥٠- ٢٠٤). (جماع العلم) بتحقيق أحمد محمد شاكر.

٧٨- ابن حزم علي بن أحمد (٣٨٤-٤٥٦): (الإحكام في أصول الأحكام) مطبعة السعادة سنة ١٣٤٥هـ.

٧٩- أحمد محمد شاكر (٠٠٠- ١٣٧٧) (الباحث الحثيث شرح اختصار علوم الحديث) الطبعة الثانية.

٨٠- الشافعي محمد بن إدريس (١٥٠- ٢٠٤): (الأم) المطبعة الأميرية ببولاق سنة ١٣٢١هـ (مجتهد)

٨١- الشيرازي إبراهيم بن علي بن إسحاق (٢٩٣-٤٧٦): (المهذب) بشرحه المجموع ويأتي. (شافعي)

٨٢- محمد بن ابي بكر: إمام زاده (٠٠٠-٥٧٣): (شرعة الإسلام) مع شرحه طبع استامبول سنة ١٣٢٦. (حنفي)

٨٣- النووي يحي بن شرف (٦٣١-٦٧٦) (المجموع شرح المهذب) طبع منير آغا االدمشقي (شافعي).

٨٤- النووي يحي بن شرف (٦٣١-٦٧٦) (مناشك الحج) مخطوط (شافعي)

٨٥- ابن تيمية أحمد بن عبد الحليم (٦٦١-٧٢٨): (الفتاوى) مطبعة الكردي (مستقل).

٨٦- ابن تيمية أحمد بن عبد الحليم (٦٦١-٧٢٨): ( الإختيارات العلمية) مطبوع مع (الفتاوى) له (مستقل).

٨٧- ابن تيمية أحمد بن عبد الحليم (٦٦١-٧٢٨): (القاعدة الجليلة في التوسل والوسيلة)

٨٨- ابن تيمية أحمد بن عبد الحليم (٦٦١-٧٢٨): (الجواب الباهر في زور المقابر) مخطوط ومطبوع.

٨٩- ابن القيم محمد بن أبي بكر (٦٩١-٧٥١) (إعلام الموقعين عن رب العالمين) مطبعة الكردي (مستقل)

٩٠- منصور بن يونس بن إدريس البهوتي (١٠٠٠-١٠٥١): (شرح منتهى الإدارات) مطبعة الأنصار السنة. (حنبلي).

٩١- ابن عابدين محمد أمين (١١٥١-١٢٠٣): (الحاشية على الدر المختار) طبع اسطانبول (حنفي)

٩٢- أحمد الطحطاوي (٠٠٠-١٢٣١): (الحاشية على مراقي الفلاح). (مطبوع.

٩٣- الشوكاني محمد بن علي (١١٧٢-١٢٥٠) (شرح الصدور في تحريم رفع القبور) من (المجموعة المنيرية) طبع منير الدمشقيز (مستقل)

٩٤- سليمان بن عبد الله بن محمد بن عبد الوهاب (؟-؟): (حاشيته على المقنع) المطبعة السلفية بالقاهرة.

٩٥- المؤلف (الثمر المستطاب في فقه السنة والكتاب ) (لم يتم)

٩٦- (تمام المنة في التعليق على فقه السنة للسيد السابق).

٩٧- (أحكام الجنائز وبدعها).

٩٨- الحربي إبراهيم بن إسحاق (١٩٨-٢٨٥) (غريب الحديث) مخطوط.

٩٩- ابن الأثير المبارك بن محمد ٥٤٤-٦٠٦): (النهاية في غلريب الحديث والأثر) المطبعة العثمانية سنة ١٣١١ بمصر.

١٠٠- ابن منظور محمد بن مكرم (٦٣٠-٧١١): (لسان العرب) طبع دار صادر ببيروت سنة ١٩٥٥م

١٠١- ابن هشام عبد الملك (٠٠٠-٢٣٠) (مختصرة السيرة) مطبوع.

١٠٢- الأزرقي محمد بن عبد الله (٠٠٠-٢٢٣): (أخبار مكة) طبع أوربا.

١٠٣-ابن سعد محمد (١٦٨- ٢٣٠) (الطبقات الكبرى) طبع بيروت.

١٠٤- مسلك بن حجاج (٢٠٤- ٢٦١): (الكنى) مخطوط.

١٠٥-أبو زرعة عبد الرحمن بن عمرو (٠٠٠-٢٨١): (التاريخ) مصور.

١٠٦-ابن جرير محمد الطبري (٢٢٤-٣١٠): (التاريخ) مطبعة الإستقامة سنة ١٢٥٧.

١٠٧-الدولابي محمد بن أحمد (٢٢٤-٣١٠): (الكنى والأسماء) طبع الهند.

١٠٨-ابن أبي حاتم عبد الرحمن بن محمد (٢٤٠-٣٢٧) (الجرح والتعديل) طبع دائرة المعارف في الهند.

١٠٩-ابن حبان محمد (٠٠٠- ٣٥٤) (كتاب الثقات) مخطوط.

١١٠- السهمي حمزة بن يوسف (٠٠٠-٣٢٧) (تاريخ جرجان) الهند.

١١١- أبو نعيم أحمد بن عبد الله (٣٣٧-٤٣٠) : (أخبار أصبهان) طبع أوربا.

١١٢- أبو نعيم أحمد بن عبد الله (٣٣٧-٤٣٠): (حلية الأولياء وطبقات الأصفياء) مطبعة السعادة بمصر سنة ١٣٤٩.

١١٣-ابن عبد البر يوسف بن عبد الله (٣٦٨-٤٦٣): (الأستيعاب) مطبوع.

١١٤-الطوسي محمد بن الحسن بن علي (٣٨٥-٤٦٠): (الفهرست في رجال الشيعة) طبع النجف سنة:١٣٥٦.

١١٥-الخطيب البغدادي أحمد بن علي (٢٩٢-٤٦٣): (تاريخ بغداد) مطبعة السعادة سنة ١٣٤٩.

١١٦-ابن عساكر علي بن الحسن (٤٩٩٠-٥٧١): ٠تاريخ دمشق) مخطوط وطبع من جزآن بدمشق.

١١٧-الذهبي محمد بن أحمد (٦٧٣- ٧٤٨): (تذكرة الحفاظ) طبع دائرة المعارف في الهند.

١١٨- ابن كثير إسماعيل بن عمر (٧٠١-٧٧٤ ): (البداية والنهاية).

١١٩-ابن القيم محمد بن أبي بكر (٦٩١- ٧٥١): (زاد المعاد في هدي خير العباد) طبع محمد بن عليصبيح سنة ١٣٥٣.

١٢٠- ابن حجر أحمد بن علي العسقلاني (٧٧٣-٨٥٢): (الإصابة في تمييز أصحاب الصحابة) طبع مصطفى محمد سنة ١٣٥٨.

١٢١- ابن حجر أحمد بن علي العسقلاني (٧٧٣-٨٥٢): (تعجيل المنفعة بزوائد رجال الأربعة) طبع دائرة المعارف في الهند.١٣١٤.

١٢٢- ابن حجر أحمد بن علي العسقلاني (٧٧٣-٨٥٢): (تقريب التهذيب) طبع دهلي سنة ١٣٢٠هـ.

١٢٣-ابن حجر أحمد بن علي العسقلاني (٧٧٣-٨٥٢): (تهذيب التهذيب) طبع دائرة المعارف في الهند.

١٢٤-السمهودي علي بن عبد الله الحسني (٠٠٠- ٩٩١): (وفاء الوفا بأخبار دار المصطفى) مطبوع.

١٢٥-رفيق بك العظيم (١٢٧٢- ١٣٤٣): (أشهر مشاهير عظماء الإسلام) مطبوع.

١٢٦- ابن القيم محمد بن أبي بكر (٦٩١- ٧٥١): (إغاثة اللهفان من مكايد الشيطان) طبع أنصار السنة بمصر.

١٢٧- الهيتمي أحمد بن حجر (٩٠٩- ٩٧٤): (الزواجر في النهي عن اقتراف الكبائر) طبع المطبعة الأزهرية سنة ١٢٣٥هـ.

١٢٨- المؤلف (آداب الزفاف في النة المطهرة) الطبعة الثانية. سنة ١٣٧٦هـ.

١٢٩-ابن تيمية أحمد بن عبد الحليم (٦٦١-٧٢٨):: (منهاج السنة) طبع بولاق بمصر.

١٣٠- محمد بن عبد الهادي (٧٠٤-٧٤٤): (الصارم المنكي في الرد على السبكي) مطبوع.

١٣١- عبد الله بن حبشي (معاصر): (التعقب الحثيث على من طعن فيما صح من الحديث) طبع الترقي سنة: ١٣٧٥هـ

١٣٢-المؤلف: (الرد على التعقب الحثيث) (طبع الترقي سنة ١٣٧٧هـ.

١٣٣- محمد زاهد الكوثري (٠٠٠-١٣٧١): (مقالاته) مطبوع.

١٣٤- محمد سلطان المعصومي (معاصر): (المشاهدات المعصومية عند قبر خير البرية.

١٣٥- محمد بن محمد مخيمر (معاصر) (القول المبين) مطبوع.

١٣٦- محمد بن عبد العظيم الزرقتوي (معاصر): (أبحاث في تاريخ الملل والنحل) مطبوع.

١٣٧- محمد الغزالي (معاصر): (ليس من الإسلام) نشرته دار الكتاب العربي.

١٣٨- عبد الرحمن الوكيل (معاصر): (دعوة الحق) طبع مطبعة أنصار السنة بمصر.

١٣٩- أحمد الإسكندراني ومصطفى عناني (معاصر): (الوسيط في الأدب العربي) المطبوع.

١٤٠- مجلة الأزهر.

١٤١- مجلة المجمع العلمي العربي بدمشق.

١٤٢- مجلة المجمع العلمي العربي بمصر.

١٤٣- مجلة المختار.

## كتب مضللة

١٤٤- محسن الأمين العاملي الشيعي (١٢٨٢-١٣٧٢): (كشف الإرتياب عن اتباع عبد الوهاب) مطبوع.

١٤٥- أحمد الصديق الغماري (معاصر): (إحياء المقبور من أدلة بناء المساجد والقباب على القبور)! مطبوع.

١٤٦- محمود أبو رية (معاصر): (أضواء على السنة المحمدية)! مطبوع.

*************